LIBRARY ARCHIVES Kerala Legislative Assembly

V. ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006		
		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)
XXII	നഗരവികസനം	500,34,61,000	300,00,000	503,34,61,000
XXXV	പഞ്ചായത്ത്	1800,22,22,000	-	1800,22,22,000
XXXVI	സാമൂഹ്യവികസനം	220,73,85,000	-	220,73,85,000

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടിക്ക് വേണ്ടി, വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച നയരേഖയും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)* : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച നയരേഖയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

ശ്രീ. രാജു എബ്രഹാം: സർ,

1. നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 503,34,61,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരസഭകൾക്ക് വായ്പ ലഭ്യമാക്കുന്നതിന് എ.ഡി.ബി. മുന്നോട്ടുവച്ച കർശന വ്യവസ്ഥകൾ സർക്കാർ മറച്ച് വച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ,

2. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ,

3. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ,

4. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ,

5. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ,

6. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ,

7. നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ,

8. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ : സർ,

9. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ,

10. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ,

11. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ,

12. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ,

13. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ,

14. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ,

15. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

GPM. 2/255/2012—29

ശ്രീ. എം. കുമാരൻ: സർ,

16. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ,

17. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ,

18. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ: സർ,

19. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ,

20. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 503,34,61,000 ക. യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXV–പഞ്ചായത്ത്

ശ്രീ. കെ. പി. മോഹനൻ: സർ,

1. പഞ്ചായത്ത് എന്ന XXXV –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

   (പഞ്ചായത്ത് രാജ് നടപ്പാക്കുന്നതിൽ കേരളം പിന്നോട്ട് പോകുന്നതായി പറയപ്പെടുന്ന നയം ചർച്ചചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ,

2. പഞ്ചായത്ത് എന്ന XXXV –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

   (സർക്കാർ ഫണ്ട് കൃത്യമായി ലഭിക്കാത്തതുമൂലം സംസ്ഥാനത്തെ ഏകദേശം പകുതിയോളം പഞ്ചായത്തുകളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലൂഎന്ന് പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ,

3. പഞ്ചായത്ത് എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

   (പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം യഥാസമയം എത്തിച്ചുകൊടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ,

4. പഞ്ചായത്ത് എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

   ('കുടുംബശ്രീ' പദ്ധതി കൂടുതൽ ആകർഷകമാക്കാനും വ്യാപകമാകാനും ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ,

5. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് ബിൽ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെയും ട്രഷറി നിയന്ത്രണത്തിന്റെയും ഫലമായും പദ്ധതി രേഖ മാർച്ചിൽത്തന്നെ തയ്യാറാക്കണമെന്ന നിർബന്ധംമൂലവും 2005 മാർച്ച് 31-ന് തന്നാണ്ടിലെ 40%-ത്തോളം തുക ലാപ്സാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ,

6. പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(2004-05 സസാമ്പത്തിക വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഫണ്ട് തിരിച്ച് പിടിച്ചും വെട്ടിക്കുറച്ചും ബിൽ സമ്പ്രദായം നടപ്പാക്കിയും തടസ്സപ്പെടുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ,

7. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു,

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഈ വർഷത്തെ രണ്ട് ഗഡു പദ്ധതി വിഹിതവും നൽകാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ,

8. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജനങ്ങളുടെ പൊതുവായ താല്പര്യങ്ങൾക്ക് വിരുദ്ധമായി തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ നടപടികൾ സ്റ്റേ ചെയ്തുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ,

9. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ,

10. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നീട്ടികൊണ്ടുപോകാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി മമ്മത്കോയ: സർ,

11. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ,

12. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരസഭകളുമായി കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ പുനഃസ്ഥാപിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ,

13. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ബിൽ സമ്പ്രദായം കൊണ്ടുവന്ന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം പ്രതിസന്ധിയിലാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ,

14. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി പഞ്ചായത്തുകളുടെ വാർഡ് അതിർത്തി നിർണയത്തിനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ,

15. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനഃസംഘടനാ കമ്മീഷൻ രൂപീകരിച്ചതിൽ രാഷ്ട്രീയ ലക്ഷ്യമുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ,

16. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകളെ തകർക്കുന്നതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ,

17. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്ഥാപനങ്ങളുടെ അധികാരങ്ങൾ വെട്ടിക്കുറച്ചതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ,

18. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരം തിരിച്ചുപിടിക്കാനുള്ളതായി പറയപ്പെടുന്ന ശ്രമം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ അസീസ്: സർ,

19. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

20. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1800,22,22,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVI – സാമൂഹ്യവികസനം

ശ്രീ. കെ. പി. മോഹനൻ: സർ,

1. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

('അന്ത്യോദയ അന്നയോജന' പദ്ധതി പ്രകാരം ലഭിക്കേണ്ട സഹായം സംസ്ഥാനത്തിന്റെ അനാസ്ഥമൂലം നഷ്ടപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ,

2. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ,

3. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ,

4. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ,

5. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ,

6. സാമൂഹ്യവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ,

7. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ,

8. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ,

9. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ,

10. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ,

11. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

GPM. 2/255/2012—30

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ,

12. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ,

13. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ,

14. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ,

15. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ,

16. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

17. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ്

LIBRARY ARCHIVES Kerala Legislative Assembly

ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ,

18. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ,

19. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ,

20. സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 220,73,85,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

മി. സ്പീക്കർ: ഇന്ന് ചോദ്യോത്തര സമയമെല്ലാം കഴിഞ്ഞ് കൃത്യസമയത്ത് തന്നെ ഡിസ്ക്കഷൻ തുടങ്ങിയിരിക്കുകയാണ്. മെമ്പേഴ്സ് എല്ലാവരും സഹകരിച്ച് കൃത്യസമയത്തു തന്നെ നമുക്ക് തീർക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സാമൂഹ്യമാറ്റത്തിന് വലിയൊരു ചാലക ശക്തിയായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയായിരുന്നു നമ്മുടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ആ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി മാറ്റുകയാണ് ഈ ഗവണ്മെന്റ് ചെയ്തത്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത് 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു. ജില്ലാ കൗൺസിലിന്റെ കരട് നയപ്രഖ്യാപനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ആ ഗവൺമെന്റ് നല്ലൊരു നയപ്രഖ്യാപനം നടത്തി എന്ന കാരണം കൊണ്ട് 20 ദിവസം കഴിയുമ്പോൾ ഗവൺമെന്റിനെ പിരിച്ചുവിട്ടു.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ – ശ്രീ. എം. എം. ഹസ്സൻ]

ഗ്രാമസ്വരാജ് പ്രഖ്യാപിച്ചത് കോൺഗ്രസ്സാണ്. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുദ്രാവാക്യങ്ങളിലൊന്നായിരുന്നു ഗ്രാമസ്വരാജ്. എന്നൊക്കെ കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ടുണ്ടോ അന്നൊക്കെ വികേന്ദ്രീകരണത്തിന് പരിശ്രമിച്ചിട്ടുണ്ട്. 1987-ൽ ജില്ലാ കൗൺസിൽ നിയമം പാസാക്കി. 1991-ൽ ആ നിയമം പ്രാവർത്തികമാക്കി കൗൺസിലുകളെ അധികാരത്തിൽ കൊണ്ടുവന്നു. എൽ.ഡി.എഫ്. സർക്കാർ ജില്ലാ കൗൺസിലിൽ 17 വകുപ്പും 41 സബ്ജക്ടുകളും കൈമാറി. ജില്ലാതലത്തിൽ ഈ സർക്കാർ സംവിധാനത്തെ രൂപപ്പെടുത്തിയെടുത്തു. 340 കോടി രൂപ 14 ജില്ലാ കൗൺസിലുകൾക്ക് മാറ്റിവച്ചു. 1991-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവണ്മെന്റ് ജില്ലാ കൗൺസിലുകളിൽ നിന്ന് അധികാരവും ഫണ്ടും തിരിച്ചുപിടിച്ചു. ഒടുവിൽ ജില്ലാ കൗൺസിലുകൾ തന്നെ പിരിച്ചു വിട്ടു. ബാബറി മസ്ജിദിന് ശേഷം പാർലമെന്റ് ഐകകണ്ഠ്യേന 73, 74 വകുപ്പുകൾ ഭേദഗതി ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ നിയമം പാസാക്കാൻ അവസരം ലഭിച്ചു. 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ലോക്കൽ സെൽഫ് ഗവൺമെന്റായി പ്രഖ്യാപിച്ചു. ഇൻഡ്യയിൽ ആദ്യമായി ലോക്കൽ സെൽഫ് ഗവൺമെന്റുകൾ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 40 ശതമാനം തുക അവയ്ക്കായി നീക്കി വച്ചു. പല രാജ്യങ്ങൾക്കും ഇതിന്റെ ഭാഗമായി കേരള സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നേരിട്ട് കാണാനും മനസ്സിലാക്കാനും അവരുടെ രാജ്യങ്ങളിൽ അത് നടപ്പിലാക്കുന്നതിനുംവേണ്ടി ഈ സംസ്ഥാനത്തിലേക്ക് വന്നു. ജനകീയാസൂത്രണത്തിലെ പുതിയ കാഴ്ചപ്പാടാണ് രൂപപ്പെട്ട് വന്നത്. വികസന പ്രവർത്തനം രാഷ്ട്രീയത്തിനതീതമായിരിക്കണമെന്ന് തെളിയിക്കുകയും ചെയ്തു. അങ്ങനെ വികസന രംഗത്ത് പുതിയ കാഴ്ചപ്പാടും ഉൽപ്പാദനരംഗത്ത് വർദ്ധനവുമുണ്ടായി. ശുദ്ധജലം, റോഡ്, വൈദ്യുതി, ഗൃഹനിർമ്മാണം, ശുചിത്വപരിപാലനം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ വമ്പിച്ച നേട്ടങ്ങൾ സംസ്ഥാനത്തുണ്ടായി. യു.ഡി.എഫ്. ഗവണ്മെന്റിന്റെ വരവോടുകൂടി ഈ പദ്ധതിയുടെ പേര് മാറ്റി. ഈ പദ്ധതി പ്രയോജന രഹിതമാക്കി മാറ്റാനാണ് അവർ ശ്രമിച്ചത്. ഈ വർഷത്തെ പ്ലാൻ പരിശോധിച്ചാൽ നമുക്കത് വ്യക്തമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽനിന്ന് 136 കോടി രൂപ വെട്ടിക്കുറയ്ക്കുകയും ചെയ്തു. പല കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും നിർബന്ധമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ഏറ്റെടുപ്പിക്കുകയാണ് ചെയ്തത്. പദ്ധതി നിർവ്വഹണത്തിന് ഫണ്ട് നൽകിയില്ല. ഫണ്ട് ചെലവഴിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിന് ജീവനക്കാരെ കൊടുക്കാതിരിക്കുകയും, ഫണ്ട് ചെലവഴിച്ചില്ലായെങ്കിൽ തിരിച്ചുപിടിക്കുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്. നമ്മുടെ നാട്ടിൽ ഒരു പഴമൊഴിയുണ്ട്. ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം എന്നു പറയുന്നതു പോലെയാണ് ഇന്ന് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് പുലർത്തി വരുന്ന സമീപനം. അവയുടെ ഫണ്ട് വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുക്കാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നിർബന്ധിക്കുകയും 35% ഫണ്ട് നൽകാൻ അവർക്കൊക്കെ അനുമതിയും വേണ്ടിവന്നു. ഇതിന്റെ ഭാഗമായി വികസന രംഗത്ത് മുരടിപ്പുവന്നു. സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച് 100 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ ശുപാർശ ചെയ്തിട്ട് ഇതുവരെ ഫണ്ട് നൽകിയിട്ടില്ല. മാത്രമല്ല വേണ്ടത്ര പരിശീലനം നൽകാതെ ബില്ല് സമ്പ്രദായം കൊണ്ടുവന്നു. ആ ബില്ല് സമ്പ്രദായം ഇവിടെ അടിച്ചേൽപിക്കുകയും ചെയ്തു. ഫലമോ പല പദ്ധതികളും ഇന്ന് നടപ്പിലാക്കാൻ കഴിയുന്നില്ല. പദ്ധതികളുടെ ഫണ്ട് നഷ്ടപ്പെടുന്നതിലൂടെ പഞ്ചായത്ത് സംവിധാനംതന്നെ ബുദ്ധിമുട്ടിലാണ്. ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നില്ല. ഒറ്റ ജന പ്രതിനിധിയും ഇന്ന് ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ ധൈര്യപ്പെട്ട് ഗ്രാമസഭകളിലേക്ക് പോകുന്നില്ല. ഗ്രാമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു. സെൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് 1300 ജീവനക്കാരെ പുനർവിന്യാസം വഴി മുകൾതട്ടിൽ നിന്ന് താഴേയ്ക്ക് വിടാനുള്ള തീരുമാനം നടപ്പിലാക്കാതിരിക്കാനുള്ള പരിശ്രമമാണ് ഗവണ്മെന്റ് നടത്തുന്നത്. പദ്ധതികൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നില്ല. കൊടുത്ത പണം ഒരാഴ്ചകൊണ്ട് ചെലവഴിക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. മെയിന്റനൻസ് ഗ്രാന്റിനത്തിൽ കൊടുത്ത പണം ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് മൂന്നു മാസത്തെ സമയം അനുവദിക്കണം. അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് ഇതുവരെയും റിലീസ് ചെയ്തിട്ടില്ല. പഞ്ചായത്തുകൾക്കൊക്കെ അതിന്റെ വർക്ക് ടെന്റർ ചെയ്തിട്ടുണ്ട്. പക്ഷെ ഒറ്റ വർക്കും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മാർച്ച് മാസത്തിനകം പണം ചെലവഴിച്ചില്ലെങ്കിൽ അത് തിരിച്ചു പിടിക്കുമെന്നാണ് ഗവൺമെന്റ് പറയുന്നത്. മെയിന്റനൻസ് ഗ്രാന്റിന്റെ തുക അനുവദിക്കുകയും അത് ചെലവഴിക്കുന്നതിനു വേണ്ടി ഏറ്റവും ചുരുങ്ങിയത് മൂന്ന് മാസത്തെ സമയമെങ്കിലും അനുവദിച്ചുകൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി സെപ്റ്റംബറിൽ തീരുകയാണ്. വരുന്ന ഒക്ടോബർ മാസം 2-ാം തീയതി പുതിയ ഭരണ സമിതി അധികാരത്തിൽ വരണം. തെരഞ്ഞെടുപ്പ് നടത്താൻ എന്തെങ്കിലും നീക്കം ആരംഭിച്ചിട്ടുണ്ടോ? തെരഞ്ഞെടുപ്പിനുള്ള നീക്കം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നു മാത്രമല്ല വാർഡ് വിഭജനം കഴിഞ്ഞ്, വോട്ടർ പട്ടിക പ്രസിദ്ധീകരിക്കാനുള്ള സമയമായി. വാർഡ്

LIBRARY ARCHIVES Kerala Legislative Assembly

വിഭജനത്തിന്റെ ചിത്രം ഇതുവരെ രൂപപ്പെടുത്തിയെടുത്തിട്ടില്ല. ജനാധിപത്യ സംവിധാനത്തിന് സുതാര്യത ആവശ്യമാണ്. സുതാര്യതയില്ലാത്ത വാർഡ് വിഭജനത്തിന് ഇപ്പോൾ കമ്മീഷൻ നിശ്ചയിക്കുകയാണ്. യാതൊരു മാനദണ്ഡവുമില്ലാതെ അതിർത്തി നിശ്ചയിക്കാതെ സ്ഥലങ്ങളോ ആവാസ കേന്ദ്രങ്ങളോ പരിഗണിക്കാതെ വാർഡുകളും പഞ്ചായത്തുകളും വെട്ടിമുറിച്ച് എങ്ങനെയെങ്കിലും ജയിക്കാൻ കഴിയുമോയെന്നാണ് ഇപ്പോൾ ആലോചിക്കുന്നത്. ഈ ഗവൺമെന്റും അതിനെ പ്രതിനിധാനം ചെയ്യുന്ന പാർട്ടികളും എങ്ങനെ വാർഡുകൾ വെട്ടിമുറിച്ചാലും കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട് കേരളത്തിലെ ഒരു വാർഡിൽ പോലും ഇനി യു.ഡി.എഫ്. അധികാരത്തിൽ വന്നുകൂടെന്ന്. അതിന്റെ തെളിവാണ് കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്. അതുകൊണ്ട് തെരഞ്ഞെടുപ്പ് നടത്താതിരിക്കാനാണ് ഇപ്പോൾ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ചരിത്രം ഇതാണ്. ജനങ്ങളെ ഭയന്ന് തെരഞ്ഞെടുപ്പ് നടത്താതെ 17 കൊല്ലം ഭരണം ഏൽപിച്ച ചരിത്രമാണ് ഈ ഗവൺമെന്റിനുള്ളത്. ഇപ്പോൾ ഇലക്ഷൻ കമ്മീഷന് ഒരു പുതിയ നിർദ്ദേശം വന്നിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ടു തെരഞ്ഞെടുക്കാമെന്നതാണ്. ഇത് തലതിരിഞ്ഞ ജനാധിപത്യമാണ്. ഇലക്ഷൻ കമ്മിഷന്റെ പുതിയ നിർദ്ദേശം നടപ്പിലാക്കാനാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരളത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയെ ഇവിടെ തെരഞ്ഞെടുക്കുന്നത് ഭൂരിപക്ഷമുള്ള പാർട്ടിയുടെ എം.എൽ.എ. മാരാണ്. പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത് ഭൂരിപക്ഷമുള്ള പാർട്ടിയുടെ എം.പി. മാരാണ്. ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് എം.എൽ.എ. മാരും എം.പി. മാരും കൂടിയാണ്. അങ്ങനെയുള്ള ഈ രാജ്യത്ത് പഞ്ചായത്ത് പ്രസിഡന്റുമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നത് വഴി ഒരു തലതിരിഞ്ഞ ജനാധിപത്യ സംവിധാനമാണ് ഇവിടെ കൊണ്ടുവരുന്നത്. ഇത് ഭരണ രംഗത്ത് വല്ലാത്ത രൂപത്തിൽ അരാജകത്വം സൃഷ്ടിക്കും. മറ്റൊരു കാര്യം പറയാനുള്ളത് ഗ്രാമ വികസന വകുപ്പ് ഇന്ന് വല്ലാത്ത സ്ഥിതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു പത്ര കട്ടിംഗിൽ പറയുന്നത് ജോലിക്ക് ഭക്ഷണം, പദ്ധതി അരങ്ങേറുന്നത് തട്ടിപ്പും വെട്ടിപ്പും എന്നാണ്. ഇത് പത്രത്തിൽ വന്ന വാർത്തയാണ്. എസ്.ജി.ആർ.വൈ. പദ്ധതി തട്ടിപ്പിന്റെ രൂപത്തിലാണ്. ബ്ളോക്ക് പഞ്ചായത്തിന് പദ്ധതി ഏറ്റെടുക്കാൻ കഴിയുന്നില്ല. മെയിന്റനൻസ് ഗ്രാന്റില്ലാത്തതുകൊണ്ട് കോടിക്കണക്കിന് രൂപ നഷ്ടപ്പെടുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടിൽ 737 കോടി രൂപയാണ് ഇവിടെ ചെലവഴിച്ചത്. 139 കോടി രൂപ മാച്ചിംഗ് ഗ്രാന്റ് ഇല്ലാത്തതിന്റെ ഭാഗമായി ഇവിടെ നഷ്ടപ്പെട്ടു. ഇക്കാര്യം കേന്ദ്രമന്ത്രി രഘുവംശ പ്രസാദ് സിംഗ് തന്നെ പാർലമെന്റിൽ വെളിപ്പെടുത്തി. അതുപോലെ പി.എം.ജി.ആർ.വൈ.-യിൽ അനുവദിച്ച കോടിക്കണക്കിന് രൂപയിൽ ഒരു നയാപൈസപോലും ചെലവഴിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല. ഏജൻസികളുടെ താൽപര്യമനുസരിച്ച് പോകുകയാണ്. യാതൊരു വികസന കാഴ്ചപ്പാടും ഇവർക്കില്ല. ഇതിന്റെ ഭാഗമായി ഒരു പൈസപോലും ചെലവഴിക്കാൻ കഴിയുന്നില്ല. മറ്റൊരു കാര്യംകൂടി, നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന ഹിന്ദു വിവാഹം ഏതെങ്കിലും കാരണവശാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് രജിസ്റ്റർ ചെയ്യാൻ പുനർഅധികാരം കൊടുക്കേണ്ടത് പഞ്ചായത്ത് ഡയറക്ടർക്കാണ്. കേരളത്തിന്റെ 14 ജില്ലകളിൽനിന്നും രജിസ്റ്റർ ചെയ്യാനുള്ള അംഗീകാരം തേടി തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ വരികയാണ്. വിദേശത്ത് പോകാൻ മാര്യേജ് സർട്ടിഫിക്കറ്റ് വേണം. ജോലി സംബന്ധമായ കാര്യങ്ങൾക്കെല്ലാം മാര്യേജ് സർട്ടിഫിക്കറ്റ് അടിസ്ഥാന രേഖയായിട്ട് വരികയാണ്. അതുകൊണ്ട് എല്ലാ കാര്യങ്ങളും ഇവിടെ വരുന്നതാണെങ്കിലും ഇവിടെ വന്നാൽ അത് തിരിച്ച് വീണ്ടും പോകുകയാണ്. ആളുകൾക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയാണ്. അധികാരം വികേന്ദ്രീകരിക്കുന്ന സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. അതുകൊണ്ട് മാര്യേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഡയറക്ടറിൽ നിന്ന് മാറ്റി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അതിനുള്ള അധികാരം കൊടുത്ത് ആളുകളെ സഹായിക്കാനുള്ള നടപടിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരുക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. സുജനപാൽ: സർ, നഗര വികസനം, പഞ്ചായത്ത്, സാമൂഹ്യ വികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അധികാര വികേന്ദ്രീകരണം ഈ ഗവണ്മെന്റ് അട്ടിമറിച്ചരൂപത്തിലാണ് ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. വി. കെ. ചന്ദ്രൻ പ്രസംഗിച്ചത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അധികാര വികേന്ദ്രീകരണത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട്, ജനകീയാസൂത്രണ പദ്ധതിയിൽ സംഭവിച്ച പാളിച്ചകളെയാകെ മാറ്റിമറിച്ചുകൊണ്ട് കേരള വികസന പദ്ധതി നടപ്പാക്കിയപ്പോൾ വാസ്തവത്തിൽ ജനങ്ങൾക്ക് ആശ്വാസമാണുണ്ടായത്. ജനകീയാസൂത്രണത്തിൽ ജനങ്ങൾക്ക് വാസ്തവത്തിൽ പങ്കുണ്ടായിരുന്നോ? ഈ പദ്ധതിയിൽ പങ്കുണ്ടായിരുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാത്രമായിരുന്നല്ലോ? അതായിരുന്നല്ലോ പ്രധാനപ്പെട്ട ആക്ഷേപം. അതിന്റെ പേരിൽ ഇപ്പോഴും പാർട്ടിക്കകത്ത് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആ സമയത്ത് അതിനകത്ത് മാർക്സിസ്റ്റ് പാർട്ടിക്കകത്തുള്ള താത്വിക പ്രശ്നങ്ങളുടെ അടിത്തറ തന്നെ ജനകീയാസൂത്രണത്തിൽ നിന്ന് രൂപം കൊണ്ടതാണെന്ന് പറയാം. അതുകൊണ്ട് കേരള വികസനപദ്ധതി നടപ്പാക്കിയ സമയത്താണ് ജനകീയപങ്കാളിത്തം ഉണ്ടായത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ജനകീയാസൂത്രണപദ്ധതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഗുണപരമായിട്ടുള്ള മാറ്റങ്ങളായിരുന്നില്ലേ? രാഷ്ട്രീയ ഇടപെടലുകളില്ലാതെ പഞ്ചായത്തുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികൾക്കുമൊക്കെ സ്വതന്ത്രമായി ഇത്തരം പദ്ധതികൾ നടപ്പാക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുകയല്ലേ ചെയ്തത്. മാത്രവുമല്ല, ഇവിടെ പല പ്രതിപക്ഷാംഗങ്ങളും സംസാരിച്ച സമയത്ത് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും എല്ലാം നൽകിയിട്ടുള്ള ഗ്രാന്റ് ഇടതുപക്ഷമുന്നണി ഭരിച്ചിരുന്ന സമയത്തേക്കാൾ വർദ്ധിക്കുകയാണുണ്ടായതെന്ന്. ജനകീയാസൂത്രണത്തിന്റെ പോരായ്മകൾ രാഷ്ട്രീയവൽക്കരണത്തിൽ പൂർണ്ണമായി മാറ്റി എടുത്തുകൊണ്ട് ജനകീയമാക്കുകയാണ് കേരള വികസന പദ്ധതിയിലൂടെ നമുക്ക് ചെയ്യാൻ സാധിച്ചത്. നഗരവികസനത്തെ സംബന്ധിച്ചിടത്തോളം രാവിലെ നടന്ന സബ്മിഷനിലൂടെ ഞാൻ പറഞ്ഞത് കോഴിക്കോട് നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ്. കേരളത്തിൽ ആകമാനം തന്നെയുള്ള പ്രശ്നമാണിത്. നഗരവികസനത്തെ സംബന്ധിച്ചിടത്തോളം വികലമായ കാഴ്ചപ്പാടാണ് ഇപ്പോഴും വച്ചുപുലർത്തുന്നത്. ഇക്കണോമിക്ക് റിവ്യൂവിൽ മാലിന്യ സംസ്ക്കരണത്തിന്റെ പോരായ്മകളെക്കുറിച്ച് ചൂണ്ടി കാണിക്കുന്നു. എത്ര വർഷങ്ങളായി നമ്മൾ അർബൻ ഡവലപ്മെന്റിനുവേണ്ടി കോടിക്കണക്കിന് രൂപ നീക്കി വയ്ക്കുന്നുണ്ട്. പക്ഷെ നഗരത്തിന്റെ അടിസ്ഥാനപരമായ പ്രശ്നമേതാണോ അതിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ട് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് മാലിന്യ സംസ്ക്കരണത്തിന്റെ പ്രശ്നങ്ങൾ. Sewage Treatment Plant ഇല്ലാത്തതിന്റെ അഭാവം ഉണ്ടെന്നാണ് ഇക്കണോമിക്ക് റിവ്യൂവിൽ ചൂണ്ടി കാണിക്കുന്നത്. ഒരു വാചകം വായിക്കാം. Sewage treatment is essential to check environmental decay as well as to improve the living condition. It is noted that the existing capacity of sewage treatment system in all the Corporations in the State is inadequate and about 90% of the population does not have access to regular municipal sewage. The increase in population in certain pockets in the city is also a major indicator of lack of sewage treatment. 90% ജനങ്ങൾക്കും ഇതിന്റെ സൗകര്യം ലഭിക്കുന്നില്ല എന്നു പറഞ്ഞാൽ കേരളം ആകമാനം തന്നെ മലിനമായ ഒരവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാടാണെന്നാണ് ഞങ്ങൾ വിശേഷിപ്പിക്കുന്നത്. ഈ രൂപത്തിൽ മാലിന്യം വർദ്ധിച്ചുവരികയാണെങ്കിൽ ദൈവത്തിന്റെ നാട് ചെകുത്താന്റെ നാടായി മാറാനാണ് സാധ്യത. അതുകൊണ്ട് നഗരവികസനത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകണം. കേരളത്തിന്റെ നഗരത്തിലെ ജനസംഖ്യാ വർദ്ധനവിനെ സംബന്ധിച്ചിടത്തോളം ഇക്കണോമിക്ക് റിവ്യൂവിൽ ചൂണ്ടികാണിക്കുന്നുണ്ട്. 2001-ലെ സെൻസസ്സ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യയുടെ 25.96% ജനങ്ങൾ അധിവസിക്കുന്നത് നഗരങ്ങളിലാണ്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

62.75% കോർപ്പറേഷനുകളിലാണ്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകളിലാണ് കൂടുതൽ ജനസാന്ദ്രതയുള്ള നഗരങ്ങൾ. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതും ഇതിന് മുൻപ് നടന്ന പല ധനാഭ്യർത്ഥനകളിലും ഞാൻ ഇത് സംബന്ധിച്ചു പറഞ്ഞ ഒരു കാര്യവും അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണമെന്നതാണ്. ഇപ്പോഴത്തെ അവസ്ഥയെന്നു പറഞ്ഞാൽ town planning system കേരളത്തിൽ ഇന്നില്ല. കേരളത്തിൽ detailed town planning-ന്റെ കാലാവധി കഴിഞ്ഞിട്ട് വർഷങ്ങളായി. അതുകൊണ്ടുതന്നെ ഈ പ്ലാനുകൾ പാസ്സാക്കിയെടുക്കുന്ന സമയത്തുണ്ടാകുന്ന ഒരുപാട് വൈകല്യങ്ങളുണ്ട്. പല നഗരങ്ങളിലും കോഴിക്കോട് നഗരത്തെ സംബന്ധിച്ച് എനിക്കു നേരിട്ടറിയാവുന്ന കാര്യമാണ്. 8 സെന്റ് സ്ഥലത്ത്, 8 നിലയുള്ള, 4 നിലയുള്ള 12 ഫ്ളാറ്റുകൾ നിർമ്മിച്ചതിനെ സംബന്ധിച്ച് ഞാൻ പലപ്പോഴും പരാതി നൽകിയിട്ടുണ്ട്. പക്ഷെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇത് വാസ്തവത്തിൽ building rules-നെ ഒക്കെ മറികടന്നുകൊണ്ടുള്ള നടപടിയാണ്. ഇതൊക്കെ നഗരവികസനത്തെ ബാധിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തെപോലുള്ള നഗരങ്ങളിൽ ട്രാഫിക്ക് ജാം വർദ്ധിച്ചുവരികയാണ്. അപ്പോൾ അതിനനുസരിച്ച് റോഡുകൾ വീതി കൂട്ടണം. ഒരു ഭാഗത്ത് പ്ലാൻ പാസ്സാക്കിയെടുക്കുകയും വേറൊരു ഭാഗത്ത് റോഡുകൾ വീതി കൂട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ വളരെയേറെ ദൗർഭാഗ്യകരമാണ്. അതുകൊണ്ട് town planning-നെ സംബന്ധിച്ചിടത്തോളം ഒരു സംവിധാനം ഉണ്ടാക്കണം. അതുപോലെ തന്നെ Development Authority-കൾക്ക് പ്രാധാന്യം നൽകണം. നഗരവികസനത്തെ സംബന്ധിച്ചിടത്തോളം കോർപ്പറേഷനുകൾക്കും, പഞ്ചായത്തുകൾക്കും ഒരുപാട് അധികാരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽപോലും വികസനത്തെ സംബന്ധിച്ചിടത്തോളം ഒരു ശാസ്ത്രീയ സമീപനം ഉൾക്കൊണ്ട് കൊണ്ട് നടപ്പിലാക്കാനുള്ള സംവിധാനമാണ് പല അതോറിറ്റികളിലും ഉള്ളത്. അതുകൊണ്ട് ആവശ്യമായ ഫണ്ട്, Calicut Development Authority ഉൾപ്പെടെയുള്ള അതോറിറ്റികൾക്ക് നൽകണം. Development Authority-കൾ ഈ നഗര വികസന കാര്യങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ അത് ഇന്ന് ചെയ്യാൻ സാധിക്കുന്നില്ല. കാരണം അതിനാവശ്യമായ ഫണ്ടില്ല. അതുകൊണ്ട് ഇത് സംബന്ധിച്ച് പുതിയ സംവിധാനം ഉണ്ടാക്കണം. ഇന്ന് രാവിലെ മുഖ്യമന്ത്രി പറഞ്ഞത് ഒരു നല്ല നിർദ്ദേശമാണ്. ഗവണ്മെന്റ് തന്നെ നേരിട്ട് കോഴിക്കോട്, കൊച്ചി നഗരവികസനകാര്യങ്ങളിൽ തലസ്ഥാന നഗരിയിലുണ്ടാക്കിയ പോലുള്ള സംവിധാനമുണ്ടാക്കണം. അപ്പോൾ detailed town planning-ന്റെ അവശ്യകതയെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഒരു വിദൂരകാഴ്ചപ്പാടോടുകൂടി ഒരു detailed town planning ഉണ്ടാക്കേണ്ടതിന്റെ അനിവാര്യത വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഗവൺമെന്റതിനാവശ്യമായ നടപടികൾ സ്വീകരക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒരു കാര്യം കോഴിക്കോട് നഗരത്തിലുള്ള മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച പ്രശ്നങ്ങൾ വളരെ ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ്. ഇന്നവിടെ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. കെ. സി. മമ്മത് കോയയുടെ നിയോജകമണ്ഡലമായ ബേപ്പൂർ നിയോജകമണ്ഡലത്തിൽ നഗരത്തിന്റെ തൊട്ടടുത്ത പഞ്ചായത്തിലാണ് ഈ മാലിന്യസംസ്ക്കരണം നടത്തുന്നത്. പക്ഷെ അവിടെ മാലിന്യം കൊണ്ടുപോകുമ്പോൾ ജനങ്ങൾ വഴി തടസ്സപ്പെടുത്തുന്നു. ശാസ്ത്രീയ സംവിധാനമില്ലാത്തതുകൊണ്ടുള്ള ഒരു വൈകല്യമാണ്. അതുകൊണ്ട് ശാസ്ത്രീയ സംവിധാനമുണ്ടാക്കണം. ഇത്രയും വർഷങ്ങളായി നമ്മൾ ശ്രമിച്ചിട്ടുള്ള Sewage Plant നടപ്പാക്കുന്ന കാര്യത്തിൽ വളരെ അലംഭാവം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഇനിയെങ്കിലും അത് കാലതാമസം ഒഴിവാക്കി നടപ്പാക്കണമെന്നാണ് എനിക്ക് ചൂണ്ടികാണിക്കാനുള്ളത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കുടുംബശ്രീ പ്രോജക്ടുകൾ, ക്ളീൻ കേരള പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് കുടുബശ്രീ നടത്തിവരുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണ്. അതുപോലെ കുടുംബശ്രീ പോലെ തന്നെ പ്രവർത്തിക്കുന്ന സ്വയംഭരണ പ്രസ്ഥാനങ്ങൾ, NGOs- ന്റെ ആഭിമുഖ്യത്തിൽ Non Governmental Organisations -ഉം കുടുംബശ്രീ പോലുള്ള self help group-കളും നടത്തുന്നുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു സാമ്പത്തികമായ സപ്പോർട്ടും നൽകുന്നില്ല. സഹകരണ മേഖലയിൽ നിന്നുള്ള ബാങ്കുകൾ സഹായിക്കുന്നുണ്ട്. കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം ചില പരിമിതികൾ ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. പക്ഷേ കുടുംബശ്രീ പോലെ സജീവമായി പ്രവർത്തിക്കുന്ന self help group-കൾക്കും NGO's നടത്തിവരുന്ന self help group-കൾക്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണം. ഇന്ന് ദേശീയ തലത്തിൽ കേന്ദ്ര ഗവൺമെന്റ് ഈ മേഖലയിൽ നടപ്പാക്കിവരുന്ന self help group കൾക്കുവേണ്ടി ഒട്ടനവധി സഹായങ്ങൾ നൽകുന്നുണ്ട്. കേരള ഗവൺമെന്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ 2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ വർഷം Micro finance year ആയി, കുടുംബശ്രീ പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, NGO's നെ സഹായിക്കാൻ ആവശ്യമായ സപ്പോർട്ട് നൽകുന്നതിനും, ഗവൺമെന്റ് ഭാഗത്തുനിന്ന് ഗ്രാന്റ് നൽകിയില്ലെങ്കിലും ചുരുങ്ങിയത് സഹകരണ മേഖലയിൽ നിന്നെങ്കിലും സഹകരണ ബാങ്കുകൾ എങ്കിലും ഇതുപോലുള്ള self help group കളെ സഹായിക്കാൻ മുന്നോട്ടുവരണം. അതു വളരെ ആവശ്യമാണ്. അത് ഒറീസാ, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നപ്പോൾ ഞാൻ തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി ഇടുക്കി ജില്ലയിൽ മാത്രമാണ് ഇത്തരം സഹകരണ സംഘങ്ങൾ NGO's നെ സഹായിക്കാൻ ഉണ്ടാക്കിയിട്ടുള്ളത്. അത് വ്യാപകമാക്കി മാറ്റുകയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ നിലനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള ഒട്ടനവധി പദ്ധതികൾക്ക് ഇത്തരം സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ബംഗ്ലാദേശ് പോലുള്ള മൂന്നാം ലോക രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപാടു പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. Micro Financing Institution-നുകളാണ് ബംഗ്ലാദേശിൽ സാമ്പത്തിക മേഖലയിൽ വമ്പിച്ച മാറ്റം ഉണ്ടാക്കിയത്. കേരളത്തെ പോലുള്ള വിദ്യാസമ്പന്നമായ സംസ്ഥാനത്ത് Micro Financing Institution-നുകളും self help group കളും സ്വയംഭരണ മേഖലയിൽ NGO's നടത്തിവരുന്ന Micro Financing Institution-നുകളെ സഹായിക്കാൻവേണ്ടിയുള്ള പദ്ധതി കേരളത്തിൽ ഇടുക്കി ജില്ലയിൽ മാത്രമാണ് നടപ്പാക്കിവരുന്നത്. അത് കേരളം മുഴുവൻ നടപ്പാക്കിയാൽ തീർച്ചയായിട്ടും പതിനായിരക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കൂടിയുള്ള അവസരം ഉണ്ടാകും. സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലുള്ള അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് അഞ്ഞൂറ് അംഗനവാടികളെ തെരഞ്ഞെടുത്തു. അത് വളരെ അപര്യാപ്തമാണ്. ഇന്ന് പതിനായിരക്കണക്കിന് അംഗനവാടികൾ ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 576 അംഗനവാടികൾ ഉണ്ട്. അതിനകത്ത് അഞ്ഞൂറ് അംഗനവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്ക്കരിച്ചത്. അതുകൊണ്ട് അംഗനവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സ്ഥലം നൽകുന്നുന്നതിനും അതുപോലെ തന്നെ കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ സമഗ്ര പദ്ധതികൂടി ആവിഷ്ക്കരിക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് നഗര വികസനം, പഞ്ചായത്ത്, സാമൂഹ്യ വികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ-ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

ശ്രീ. എം. കുമാരൻ : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇൻഡ്യയുടെ ജീവൻ ഗ്രാമങ്ങളിലാണ്, ഗ്രാമങ്ങളുടെ നട്ടെല്ല് കർഷകരിലാണെന്നു പ്രവചിച്ച മഹാത്മാഗാന്ധിയുടെ പിൻമുറക്കാരെന്ന് സ്വയം അവകാശപ്പെടുന്നവർ ആ സത്യം കേരളത്തെ സംബന്ധിച്ച് മറന്നുപോകുന്നു. അങ്ങനെ മഹത് വ്യക്തികളെപ്പോലും വിസ്മരിക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യ

11.00 A.M.]

സ്വാതന്ത്ര്യം പ്രാപിച്ചിട്ട് അൻപത്തേഴു വർഷം കഴിഞ്ഞു, കേരളത്തിലെ വടക്കൻ പഞ്ചായത്തുകളിലും ആ പഞ്ചായത്തുകളിലെ ഗ്രാമങ്ങളിലും ഇന്നും വികസനം എത്താത്ത പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, പാർപ്പിടം, ആരോഗ്യരക്ഷ, ഭക്ഷ്യ സുരക്ഷിതത്വം, തൊഴിൽ എന്നീ മേഖലകളിൽ എല്ലാം ഈ ഗ്രാമങ്ങൾ ഏറെ പിന്നിലാണ്. ലോകത്തിന് തന്നെ മാതൃകയായ അധികാര വികേന്ദ്രീകരണവും ജനപങ്കാളിത്ത വികസനവും കേരളത്തിൽ നടപ്പിലാക്കിയിട്ട് ഇപ്പോൾ പത്തുവർഷത്തോളമായി. ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ അധികാര വികേന്ദ്രീകരണത്തെയും ജനകീയാസൂത്രണത്തെയും പങ്കാളിത്ത വികസനത്തെയും അട്ടിമറിക്കുന്ന പ്രവർത്തനങ്ങളാണ് ഈ യു.ഡി.എഫ്. സർക്കാർ ചെയ്തു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ നാലു വർഷങ്ങളായി ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കുന്നത്. ജനവിരുദ്ധ സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. അങ്ങനെ പറയേണ്ടിവന്നത് ഈ കേരളത്തിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും ഇടതുപക്ഷ ഭരണത്തിൻ കീഴിലാണ്. അതുകൊണ്ടു തന്നെയാണ് ത്രിതല പഞ്ചായത്തുകളെയും എല്ലാ പഞ്ചായത്തുകളെയും നോക്കുകുത്തികളാക്കി ഭരണം നടത്താൻ വേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുന്നത് എന്ന് മുൻപേ പ്രസംഗിച്ച ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞിട്ടുണ്ട്. രണ്ടുമൂന്നു ദിവസങ്ങളായി ഏകദേശം എല്ലാ പത്രങ്ങളും പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട സംഗതിയാണ് ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച ഫണ്ടുകൾ പിൻവലിക്കുന്ന നടപടിയുമായി മുന്നോട്ടുപോകുന്നുവെന്നത്. അത്തരം ഫണ്ടുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത് പഞ്ചായത്ത് ഭരണം നടത്താൻ ഗവൺമെന്റ് തയ്യാറാവുന്നില്ലെങ്കിൽ ഈ സംസ്ഥാനത്തെ മൊത്തം ജനതയും പ്രതിഷേധവുമായി വരും. കേരളത്തിലെ യു.ഡി.എഫ്. സർക്കാരിനെ മാത്രമാണ് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെക്കൂടി എടുത്തുപറയുന്നു. കാരണം നിക്കിവയ്ക്കുന്ന ഫണ്ട് ഈ പഞ്ചായത്തുകൾക്ക് കൈമാറുന്നില്ല എന്നു പറയുന്ന സമയത്ത്, ധനകാര്യവകുപ്പുമന്ത്രിയാണ് അതിന് തടസ്സം നിൽക്കുന്നതെന്ന് പറയുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുമുൻപ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഫണ്ട് നീട്ടികൊടുക്കണമെന്ന് പറഞ്ഞു. അതായത് പഞ്ചായത്തുകൾക്ക് അതാതുകാലത്ത് അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ 25 ശതമാനം ഫണ്ട് അടുത്ത വർഷത്തേയ്ക്ക് നീക്കിവച്ച് വിനിയോഗിക്കാമെന്ന് ആ നിയമത്തിൽ പറയപ്പെടുന്നു. ഇതുകൊടുക്കാൻ ധനകാര്യവകുപ്പുമന്ത്രി തയ്യാറാവുന്നില്ല എന്നു പറഞ്ഞാൽ ദൈവം പ്രസാദിച്ചിട്ടും പൂജാരി കനിയുന്നില്ല എന്ന അവസ്ഥയാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിനെ മൊത്തത്തിൽ പറയുന്നുണ്ടെങ്കിലും ധനകാര്യവകുപ്പുമന്ത്രിയെ ത്രിതല പഞ്ചായത്തിലെ എല്ലാ മെമ്പർമാരും കൂടി കുറ്റം പറയുന്നു. അതൊക്കെ യു.ഡി.എഫ്. സർക്കാരിന്റെ ത്രിതല പഞ്ചായത്തുകൾക്കെതിരെയുള്ള ഭരണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പോരായ്മകളാണ്. അതുപോലെ തന്നെ പുനർവിന്യാസം ഗവൺമെന്റ് കൊണ്ടുവന്ന നടപടിയാണ്. ആ പുനർവിന്യാസത്തിന്റെ അടിസ്ഥാനത്തിൽ മേജർ വകുപ്പുകളിൽ നിന്ന് ത്രിതല പഞ്ചായത്തുകളിലേക്ക് ഉദ്യോഗസ്ഥൻമാരെ പുനർവിന്യാസം നടത്തുന്നു എന്നു പറഞ്ഞു. ഇങ്ങനെ ചെയ്യാൻ പറഞ്ഞ ഗവൺമെന്റ് ത്രിതല പഞ്ചായത്തുകളിലെ ഓരോ പഞ്ചായത്തിലും അവർക്കാവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാത്ത അവസ്ഥയാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. അതുപോലെതന്നെ ഉത്പാദനമേഖലയിൽ കാര്യമായ വികസനപ്രവർത്തനം നടത്തുന്നതിൽ ഈ പഞ്ചായത്തുകൾക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ആവശ്യമായ ഉദ്യോഗസ്ഥരെ കിട്ടാത്തുകൊണ്ടാണ്. അതുപോലെ തന്നെ സാമ്പത്തിക സഹായവും അതോടൊപ്പം സാങ്കേതികമായ, ഭരണപരമായ പഞ്ചായത്ത് ഭരണ സമിതികളുടെ മികവു വർദ്ധിപ്പിക്കാൻ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ഈ ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കാനും ഗവൺമെന്റ് തയ്യാറാവണം. ആസൂത്രണ ബോർഡ് ഈയിടെ ഇറക്കിയ അവലോകന കുറിപ്പിൽ നമുക്ക് അതിന് ഒരു ക്ഷാമവുമില്ല എന്നു പറയുന്നു. ഓരോ വർഷം കഴിയുംതോറും ആവശ്യത്തിന് പുതിയ പുതിയ നിർദ്ദേശങ്ങൾ. ഈ സാമ്പത്തിക സർവ്വേയും അതുപോലെ വിദഗ്ദ്ധരും ധാരാളം നിർദ്ദേശങ്ങൾ നമ്മുടെ ഗവൺമെന്റിന് നൽകും. ആ നിർദേശങ്ങളൊക്കെ അതാതു സമയത്തെ ഗവൺമെന്റുകൾ, ഭരണം മാറിമാറി വരുന്ന യു.ഡി.എഫ്. ഗവൺമെന്റുകൾ അതാതുസമയത്ത് അത് മറച്ചുവയ്ക്കുന്നു. അതല്ലെങ്കിൽ അതു നിറവേറ്റാൻ സാധിക്കാത്ത സ്ഥിതിയാണ്. 2004 ലെ ആസൂത്രണബോർഡ് നടത്തിയ സാമ്പത്തിക സർവേ കുറിപ്പിൽ ജില്ലാപഞ്ചായത്തുകൾക്കും ബ്ളോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഉത്പാദനമേഖലയിൽ കാര്യമായ നേട്ടം കൈവരിക്കാൻ കഴിയുന്നില്ല എന്ന് എടുത്തുപറയുന്നുണ്ട്. അതുപോലെതന്നെ അത്തരം പഞ്ചായത്തുകളുടെ സാമ്പത്തിക സഹായവും പ്രവർത്തന സ്വാതന്ത്ര്യവും തിരിച്ചുപിടിച്ചതിന്റെ ഫലമായിട്ടാണെന്നും പറയുന്നു. സാമ്പത്തിക സഹായവും പ്രവർത്തന സ്വാതന്ത്ര്യവും തിരിച്ചുപിടിക്കാൻ പാടില്ല എന്നു പറയുന്നുണ്ട്. ഈ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് ത്രിതല പഞ്ചായത്തുകൾ. അതുകൊണ്ട് അവർക്കുള്ള അധികാരങ്ങൾ വിനിയോഗിക്കാൻ അവകാശങ്ങൾ കൊടുത്തിട്ടുണ്ട്. ആ അവകാശങ്ങൾ പരിപൂർണ്ണമായി വിനിയോഗിക്കാൻ പഞ്ചായത്തുകളെ അനുവദിക്കണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വിഘാതം വരുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ സാമ്പത്തിക അവലോകന റിപ്പോർട്ട് എടുത്തു പറയുന്നുണ്ട്. 1900 കോടി രൂപ അതിൽ നിന്ന് 1200 കോടി രൂപ വെട്ടികുറച്ചിരിക്കുന്നു എന്നുപറഞ്ഞാൽ ഓരോ വർഷം കഴിയുന്തോറും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നീക്കിവച്ച ഫണ്ട് ഗവൺമെന്റ് പിടിച്ചെടുക്കുന്നു. അങ്ങനെ 1200 കോടി രൂപ പിടിച്ചെടുത്തു എന്നുമാത്രമല്ല അതിൽ 25 ശതമാനം ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത വർഷം വിനിയോഗിക്കാം എന്നു പറയുന്നുണ്ട്. ഏകദേശം രണ്ടുമൂന്നു ദിവസം കഴിയുമ്പോൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാനകാലമാവുകയാണ്. ഈ മൂന്നു ദിവസത്തിനുള്ളിൽ, ഇന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്തു പ്രശ്നങ്ങളുണ്ടെങ്കിലും 25% എങ്കിലും ത്രിതല പഞ്ചായത്തുകൾക്ക് വിനിയോഗിക്കാൻ ആവശ്യമായ നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ പഞ്ചായത്ത് ഈയിടെ ഇറക്കിയ ബിൽ ഏറ്റവും സ്വാഗതാർഹമാണ്. എന്നാൽ സ്വാഗതാർഹമാണെന്ന് പ്രതിപക്ഷത്തുനിന്നുമുള്ള ഒരു എം. എൽ. എ. പറയുമ്പോൾ അതിലെ പ്രധാനപ്പെട്ട പോരായ്മകൾ പരിഹരിക്കണം. പ്രസ്തുത സംവിധാനം സുതാര്യവും ലളിതവും, ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തതുമായ വിധത്തിൽ തീർക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ, ഭരണനൈപുണ്യത്തോടുകൂടി പ്രവർത്തിക്കാൻ ആവശ്യമായ അനുവാദം നൽകുകയും വേണം. പ്രധാനമായി പറയാനുള്ളത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏഷ്യൻ വികസന ബാങ്കിൽനിന്നും ഭരണനവീകരണ പദ്ധതിക്കുവേണ്ടി എടുത്ത പണത്തിന്റെ വിനിയോഗമാണ്. ബഹുമാനപ്പെട്ട ബിനോയ് വിശ്വം എം. എൽ. എ. ക്ക് 2005 മാർച്ചുമാസം 14-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത 2465-ാം നമ്പർ ചോദ്യത്തിന് ഈ സഭയിൽ രേഖാമൂലം മറുപടി കൊടുത്തു. 2002 മുതൽ 2005 ജനുവരി 31 വരെ ഭരണ നവീകരണത്തിനായി 375 കോടി രൂപ ഏഷ്യൻ വികസന ബാങ്കിൽ നിന്നും കടമെടുത്തുവെന്നാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ കടമെടുത്ത ഫണ്ടുകൾ പ്രത്യേക ഏജൻസിയുടെ പേരിലും അതുപോലെതന്നെ ഇതിലെ ബന്ധപ്പെട്ട ചർച്ചകളെ സഹായിക്കാൻ വേണ്ടിയുമാണെന്ന് അതിൽ പറയുന്നു. അങ്ങനെ പറയാനുള്ള കാരണം ഈ 375 കോടി രൂപ ഏഷ്യൻ വികസന ബാങ്കിൽ നിന്നും കടമെടുത്തപ്പോൾത്തന്നെ 12 കോടി 17 ലക്ഷം രൂപ വ്യാജ കൺസൾട്ടൻസിക്ക് വീതിച്ചുകൊടുക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ അതിൽ എന്തോ അഴിമതിയുടെ ദുർമുഖമുണ്ടെന്ന് ആ രേഖകൾ വായിക്കുമ്പോൾ തന്നെ തോന്നുന്നു. അതൊക്കെ ഈ ഗവൺമെന്റിന്റെ സാമ്പത്തിക ദുർവിനിയോഗത്തിന്റെ ഫലമാണ്. അത് ഈ ഗവൺമെന്റിന് ത്രിതല പഞ്ചായത്തുകൾക്കുള്ള തിരിച്ചടിയാണ്. അതുപോലെതന്നെ ഈ സെപ്റ്റംബർ മാസം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്നുപറയുന്നു. പഞ്ചായത്ത്‌രാജ് നിയമഭേദഗതി ബിൽ സംബന്ധിച്ച് കൃത്യമായ ചട്ടങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിലാണ് ആ തെരഞ്ഞെടുപ്പ് നടത്തേണ്ടത്. എന്നാൽ ഈ കാലമത്രയും പ്രധാനമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാർഡുവിഭജനം പൂർത്തികരിച്ചിട്ടില്ല. വാർഡ് വിഭജനം പൂർത്തീകരിച്ചാൽ മാത്രമേ ആ സമയത്ത് തെരഞ്ഞെടുപ്പ് നടത്താൻ പറ്റുകയുള്ളൂ. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തെരഞ്ഞെടുപ്പാണ് ത്രിതല പഞ്ചായത്തുകളുടേത് അതുകൊണ്ട് ഇത്രയും കാലമായി ഈ വാർഡുവിഭജനം നടത്താനോ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാനോ തയ്യാറാകാത്ത ഈ ത്രിതല പഞ്ചായത്തുകളിൽ അടുത്ത കാലത്ത് തെരഞ്ഞെടുപ്പ് നടത്തില്ല എന്ന ഭീഷണിയോടുകൂടിത്തന്നെയാണ് നിൽക്കുന്നതെന്നുള്ളത് വ്യക്തമാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് ത്രിതല പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്താൻ വാർഡ് വിഭജനം നടത്തുകയും അതിനുള്ള മറ്റു സൗകര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്നും സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി : സർ, നഗരവികസനം, പഞ്ചായത്ത്, സാമൂഹ്യ വികസനം എന്നീ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ ഞാൻ അനുകൂലിക്കുന്നു. വിമർശനങ്ങളുണ്ട്, പരാതികളുണ്ട്. എന്തുകൊണ്ടാണ് ഇത്രയും വിമർശനങ്ങളും പരാതികളും? ചരിത്രത്തിലാദ്യമായി എന്തോ കുറെ കാര്യങ്ങൾ നടക്കുന്നു എന്നതുകൊണ്ടാണ് ഇത്തരം വിമർശനങ്ങളുണ്ടാകുന്നത്. വികസനത്തിന്റെ വേലിയേറ്റമാണ് ഈ സംസ്ഥാനത്ത്. ഒട്ടേറെ വികസന പദ്ധതികൾ ഇവിടെ ആവിഷ്ക്കരിച്ചു, യാഥാർത്ഥ്യമാക്കി, മുക്തകണ്ഠം പ്രശംസ എല്ലാ ഭാഗത്തുനിന്നും ലഭ്യമാകുന്നു. അതുകൊണ്ടുതന്നെ വിമർശനങ്ങളുണ്ടാകുന്നു. എന്തുകൊണ്ടാണിത്? രാഷ്ട്രീയത്തിനതീതമായിട്ടുള്ള ഒരു കാഴ്ചപ്പാട് ഈ രംഗത്ത് കൊണ്ടുവന്നതാണ് ഏറ്റവും അഭിമാനകരമായി എനിക്ക് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിനുള്ള

11.00 A.M.] ഒരു സാഹചര്യ മൊരുക്കിയിട്ടുള്ളത്. ആവശ്യത്തിന് ഫണ്ട് നൽകാനും സ്വാതന്ത്ര്യം നൽകാനും ഗവൺമെന്റ് തയ്യാറായതാണ് ഇത്തരമൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ രാഷ്ട്രീയത്തിനതീതമായിട്ടുള്ള ഒരു സമീപനം ഗവൺമെന്റ് തുടരണമെന്നാണ് എനിക്ക് ഊന്നിപ്പറയാനുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്തെക്കുറിച്ച് ഞാൻ ദീർഘമായി പറയേണ്ട കാര്യമില്ല. ഇതിലെ ശില്പികൾ തന്നെ ഇത് തള്ളിപ്പറഞ്ഞതാണ്. ഡോ. തോമസ് ഐസക്, ശ്രീ. ഗുലാത്തി, ശ്രീ. ഇക്ബാൽ എന്നിവരുൾപ്പെടെയുള്ള ആളുകൾ അതിന്റെ ദോഷഫലങ്ങൾ ചൂണ്ടിക്കാണിക്കുകയും ഇത് രാഷ്ട്രീയപ്രേരിതമായി, ബിനാമി ഇടപാടായി ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ചെയ്തപ്പോൾ പിന്നെ ഞങ്ങളെന്തിനാണ് അതിനെ വിമർശിക്കാൻ പോകുന്നത്? അതുകൊണ്ട് അത്തരം തെറ്റുകൾ തിരുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അഴിമതി കൊടികുത്തിവാണ ഒരു കാലഘട്ടമായിരുന്നു അത്. ഭരണസമിതിക്കു

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികളായിരുന്നു ഈ രാജ്യത്തെ അരങ്ങ് തകർത്തിരുന്നത്. പാർട്ടി ഇടപാടുകളായി മാറുകയായിരുന്നു അതൊക്കെ. അതുകൊണ്ടാണ് ഇനി ആ മാറ്റം ഉൾക്കൊള്ളാനും അതുപോലെ അത് അംഗീകരിക്കാനും തയ്യാറാകാത്ത അപ്പുറത്തുള്ള ആളുകൾ വിമർശനങ്ങൾ ചൊരിയുന്നതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരള വികസന പദ്ധതിയിൽ അത്ഭുതകരമായ നേട്ടങ്ങളാണ് ഈ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാർ ആക്കുക, അത് ഗ്രാമീണ ജനതയ്ക്ക് പ്രിയങ്കരമാക്കുക, ഇതാണ് ഈ ഗവൺമെന്റിന്റെ ഉദാത്തമായിട്ടുള്ള ലക്ഷ്യം. പദ്ധതി രൂപവത്ക്കരണം പുനഃസ്ഥാപിതമായിരിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനം. പലപ്പോഴും ഈ രംഗത്ത് കാലതാമസമുണ്ടാകുന്നു. പക്ഷേ അതുകൊണ്ട് ഈ രംഗത്തെ പ്രവർത്തനങ്ങൾ കുറ്റമറ്റതാകുന്നു എന്നതാണ് സത്യം. അതുപോലെ തന്നെ ഇന്ത്യക്കാകമാനം മാതൃകയായിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുപോലെ മാലിന്യ നിർമ്മാർജ്ജന രംഗത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ദിശാബോധത്തോടുകൂടി ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ഇതൊക്കെയാണെങ്കിലും എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. എ. സുജനപാൽ കോഴിക്കോട് പട്ടണത്തിലെ പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന് അടിയന്തിരമായ പരിഹാരമുണ്ടാകണം. നഗര വികസനത്തെ സംബന്ധിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടില്ലാത്തതിന്റെ പേരിൽ കോഴിക്കോട് പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള എരഞ്ഞിപ്പാലം പോലുള്ള പ്രദേശങ്ങളിൽ വാഹനങ്ങൾ മണിക്കൂറുകൾ കാത്തുക്കിടക്കേണ്ട ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട് എന്നുള്ളത് സാന്ദർഭികമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം വിട്ടുവീഴ്ചയില്ലാത്ത പരമമായ ലക്ഷ്യമായി ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇന്ന് അത് പടർന്നുപന്തലിച്ച് ദുരിതവും പ്രയാസവും പേറുന്നവർക്ക് തണലായി മാറുകയാണ്. കാർഷിക മേഖലയിലായാലും ചെറുകിട മേഖലയിലായാലും ഉല്പാദന വർദ്ധനവിന്റെ കാര്യത്തിലായാലും ഈ കാര്യങ്ങളിലൊക്കെ ഗുണകരമായ മാറ്റമുണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. നമ്മുടെ സമൂഹത്തിലെ ദരിദ്രരായിട്ടുള്ള സഹോദരിമാർക്ക് ഇത്രയേറെ പരിഗണന നൽകിയിട്ടുള്ള, ദിശാബോധം നൽകിയിട്ടുള്ള ഒരു ഗവൺമെന്റ് ചരിത്രത്തിലുണ്ടായിട്ടുണ്ടോ? സംസ്ഥാനത്തെ 'കുടുംബശ്രീ' പദ്ധതി ഇന്ന് രാജ്യവ്യാപകമായ പ്രശംസ പിടിച്ചുപറ്റുകയാണ്. ദാരിദ്ര്യനിർമ്മാർജ്ജന സെൽ എന്നുപറഞ്ഞുകൊണ്ടുള്ള മിഷൻ ഇന്ത്യയ്ക്കാകെ മാതൃകയായിരിക്കുകയാണ്. ദേശീയ പ്ലാനിംഗ് കമ്മിഷന്റെ വൈസ് ചെയർമാൻപോലും ഈ രംഗത്തെ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ള ചരിത്രം നമ്മൾ വായിച്ചിട്ടുള്ള കാര്യങ്ങളാണ്. ദൈനംദിന ചെലവുചുരുക്കി, സമ്പാദ്യശീലം വളർത്തി, ഒരു ലഘുസമ്പാദ്യ മൂലധന നിക്ഷേപമുണ്ടാക്കി മാറ്റി അയൽക്കൂട്ടങ്ങളിലൂടെ ലഘു സംരംഭങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ചുകൊണ്ട് ഈ ഗവൺമെന്റ് വളരെ വ്യക്തമായിട്ടുള്ള ഒരു കുടുംബ ഭദ്രത, അതുപോലെതന്നെ സ്വന്തം കാലിൽ നിൽക്കാനുള്ള കരുത്ത് ഈ ഗവൺമെന്റ് നൽകുകയാണ്. അതുപോലെ തെരുവിൽ മുദ്രാവാക്യം വിളിച്ച് പട്ടിണികിടന്ന് നരകയാതന അനുഭവിച്ച സഹോദരിമാരിൽ പട്ടിണിയിലൂടെ രാഷ്ട്രീയം വളർത്താൻ ശ്രമിച്ചിട്ടുള്ള വിഭാഗത്തിന് ശക്തമായ തിരിച്ചടി നൽകിക്കൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനം സംസ്ഥാനത്ത് ഇന്ന് നടക്കുന്നത് എന്ന് ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കുടുംബശ്രീയിലൂടെ ഏതാണ്ട് 460 കോടി രൂപയോളം സ്വരൂപിക്കാനും 951 കോടിയോളം രൂപ വായ്പയായി അനുവദിക്കാനും കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ലക്ഷ്യബോധമുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. പാരമ്പര്യമായിട്ടുള്ള രാഷ്ട്രീയ വരട്ടു തത്വശാസ്ത്രത്തിനെതിരായി ഈ രാജ്യത്തെ കുടുംബിനികൾക്ക് സ്വന്തം കാലിൽ നിൽക്കാനും അവർക്ക് സ്വയം സംരംഭകരായി ഒട്ടേറെ പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധിച്ചത് ഗവൺമെന്റിന്റെ നേട്ടമാണ്. ഒന്നരലക്ഷം അയൽക്കൂട്ടമാണ്, ലക്ഷക്കണക്കിന് ആളുകളുടെ കൂട്ടായ്മയാണ് അതുകൊണ്ട് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത്. ആ കാര്യത്തിൽ അപ്പുറത്തുള്ള ആളുകൾക്കുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കാൻ നമുക്ക് സാധിക്കും. ഈ രാജ്യത്ത് വമ്പിച്ച തോതിലുള്ള കൂട്ടായ്മ, പാവപ്പെട്ട സഹോദരിമാരെ കൈപിടിച്ച് കരകയറ്റാനുള്ള പ്രവർത്തനം ഈ രംഗത്ത് നടന്നുവരികയാണ്. അതുപോലെതന്നെ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സ്വാശ്രയ പദ്ധതി കൊണ്ടുവന്നത് കേരള ഗവൺമെന്റാണ്. 20,000-ത്തോളം കുടുംബങ്ങൾക്കാണ് ഇതിന്റെ ആശ്വാസം കിട്ടുന്നത്. കയറിക്കിടക്കാൻ ഒരു കൊച്ചു കൂരപോലുമില്ലാത്ത പട്ടിണിപ്പാവങ്ങൾ, ദാരിദ്ര്യത്തിൽ മുച്ചൂടും മുങ്ങിത്താണവർ, ആശ്രയമില്ലാത്തവർ, അവർക്ക് കഴിഞ്ഞകാലത്ത് മുദ്രാവാക്യം മാത്രമായിരുന്നു. ഇന്ന് അതല്ല സ്ഥിതി, 20,000-ത്തോളം കുടുംബങ്ങളിൽ അതിന്റെ ആശ്വാസം നൽകി 328 പഞ്ചായത്തുകൾ ഇത് യാഥാർത്ഥ്യമാക്കി. 2006-ൽ 350 പഞ്ചായത്തുകളിൽക്കൂടി ഇത് നടപ്പാക്കുമെന്നുള്ള അസന്നിഗ്ദ്ധമായ പ്രഖ്യാപനം, ഈ സാമ്പത്തിക ദുരിതങ്ങൾക്കിടയിലും പ്രയാസവും ദുരിതവും പേറുന്നവരോടുള്ള പ്രതിബദ്ധത പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങളെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ അയൽക്കൂട്ടങ്ങളിൽ, അയൽക്കൂട്ടങ്ങളിലെ പാവപ്പെട്ടവർക്ക് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുകവഴി തീർച്ചയായും ഈ ഗവൺമെന്റ് മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടായ ഈ കൊച്ചു കേരളത്തിൽ അസൂയാവഹമായ, സ്വാഗതാർഹമായ മാറ്റമാണ്. വനിതകളുടെ, അഭ്യസ്ഥവിദ്യരായ പെൺകുട്ടികളുടെ ജീവിതത്തെ അഗാധമായി സ്പർശിക്കുന്ന തരത്തിലുള്ള, പ്രതീക്ഷകൾ ഉണർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് നടന്നുവരുന്നത്. ശുചിത്വ പരിപാലനം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ രംഗങ്ങളിൽ മെച്ചപ്പെട്ട സേവനം കരസ്ഥമാക്കാൻ നമ്മുടെ ക്ളീൻ കേരളാ പദ്ധതിക്ക് കഴിഞ്ഞു എന്നത് സന്തോഷകരമാണ്. മാലിന്യ കൂമ്പാരത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും കേരളത്തെ രക്ഷിച്ചതാണ് ക്ളീൻ കേരളാ പദ്ധതിയിൽ നമുക്ക് അഭിമാനിക്കാവുന്ന നേട്ടം എന്നു പറയുന്നത്. തൊഴിലും വരുമാന മാർഗ്ഗങ്ങളുമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ മാറ്റുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സാധിച്ചു എന്നുള്ളത് സന്തോഷകരമാണ്. ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങളും സാങ്കേതിക സംവിധാനങ്ങളും ഉപയോഗപ്പെടുത്തുന്നതിന് ക്ളീൻ കേരളാ പദ്ധതി സഹായകമായി. അധികാര വികേന്ദ്രീകരണത്തോടൊപ്പം, ത്രിതല പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ നിർമ്മാർജ്ജനം ഗൗരവമുള്ള ഒരു വിഷയമായി കാണാൻ ഈ ഗവൺമെന്റ് തയ്യാറായി. ഇതിനുവേണ്ടി വളരെയേറെ ചെലവു കുറഞ്ഞ, ഒട്ടേറെ പദ്ധതികൾ നമ്മുടെ പരിഃസ്ഥിതി കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽപ്പോയി പഠനം നടത്തി, അത്തരം പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നഗരസഭകൾക്കും പഞ്ചായത്തുകൾക്കും കൂടുതൽ സാങ്കേതിക അറിവും ഫണ്ടും നൽകി അവരെ കൂടുതൽ പ്രാപ്തരാക്കണം. ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകാൻ കൂടുതൽ താല്പര്യം കാണിക്കണം. വ്യക്തിത്വ ശുചിത്വത്തിന് പ്രാധാന്യം നൽകുന്ന കേരളത്തിലെ ജനങ്ങൾക്ക്, സാമൂഹ്യ ശുചിത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുവാൻ വേണ്ടിയുള്ള ക്ളാസ്സുകളും ബോധവൽക്കരണ പരിപാടികളും നടത്തണം. മാലിന്യ മോചിത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ത്രിതല പഞ്ചായത്ത് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സേവന മേഖല ജനകീയവും സുതാര്യവും ആക്കുന്നതിനുവേണ്ടിയുള്ള കമ്പ്യൂട്ടർ ബോധവൽക്കരണം അടിയന്തിരമായി പ്രാവർത്തികമാക്കണം Information Kerala Mission (IKM) - ന്റെ പ്രവർത്തനങ്ങൾ കൂടുതൽ സമയബന്ധിതമായി പൂർത്തീകരിക്കണം. നികുതി പിരിവ് 100 ശതമാനവും പൂർത്തീകരിച്ച പഞ്ചായത്തുകൾക്ക് ആവശ്യമായിട്ടുള്ള പ്രോൽസാഹനവും പ്രചോദനവും നൽകണം. അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും പെർഫോമൻസ് ആഡിറ്റിനെ സംബന്ധിച്ചും എനിക്ക് ഒരു കാര്യം പറയാനുള്ളത് അത് കൂടുതൽ കാര്യക്ഷമവും സജീവവുമാക്കി മാറ്റാൻ എല്ലാ മേഖലകളിലും സാധിക്കണം. ഫണ്ട് കൂടുതലായി, പ്രവർത്തനങ്ങൾ കൂടുതലായി. അതുകൊണ്ടുതന്നെ ആഡിറ്റിംഗും കൂടുതൽ ഫലപ്രദമായി സജീവമാക്കി മാറ്റാൻ നമുക്ക് സാധിക്കണം.. 9-ാം പഞ്ചവൽസര പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കുറവെന്നു പറയുന്നത് അധികാരമില്ലായ്മയാണ്. അതുകൊണ്ടുതന്നെ ജനപ്രതിനിധികളെ അംഗീകരിക്കുന്നതിന് പലപ്പോഴും നമ്മുടെ ഉദ്യോഗസ്ഥന്മാർ വൈമുഖ്യം കാണിക്കുന്നു എന്നുള്ളത് വേദനാജനകമായ ഒരു കാര്യമാണ്. അതുകൊണ്ട് ക്വാളിറ്റി ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി അടിയന്തിരമായി, സമയബന്ധിതമായി, നിരന്തരമായി യോഗങ്ങൾ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുവാൻ ലിങ്ക് റോഡുകളുടെ പ്രവർത്തനം സജീവമാക്കണം. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് എന്തൊക്കെ സംവിധാനങ്ങൾ ലഭ്യമാക്കുന്നു എന്നും അപേക്ഷ കിട്ടി ഇത്ര കാലയളവിനുള്ളിൽ അവ പൂർത്തീകരിക്കുന്നു എന്നും പരിശോധിക്കണം. വോട്ടവകാശ രേഖ, 988-ഓളം പഞ്ചായത്തുകളിൽ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇനിയും ചില പഞ്ചായത്തുകൾകൂടി ബാക്കിയുണ്ട്. അതുകൂടി പൂർത്തീകരിക്കണം. പഞ്ചായത്തുകൾക്ക് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാനുള്ള സമയ പരിധി മാർച്ച് 31 എന്നത് മൂന്നു മാസം കൂടി നീട്ടിക്കൊടുക്കണം. യഥാസമയത്ത് ഫണ്ട് ലഭ്യമാകാത്തതുകൊണ്ടാണ് സമയം നീണ്ടുപോയത്. അതിൽ പഞ്ചായത്തുകൾക്ക് ഉത്തരവാദിത്വമില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചൂണ്ടാണി വിരലിൽ ഇത്തരം പഞ്ചായത്തുകളെ നിർത്തി പ്രയാസപ്പെടുത്തരുത്. അവർക്ക് ആവശ്യമായ് ഫണ്ട് നൽകാൻ വൈമുഖ്യം കാണിക്കരുത്. ഇക്കാര്യത്തിൽ അങ്ങ് ദയവായി പഞ്ചായത്തുകളുടെ, ജനങ്ങളുടെ വികാരം മാനിക്കണം. ഈ കാര്യത്തിൽ ഒരു രാഷ്ട്രീയവും ഈ സഭയിൽ ഇല്ല എന്നു കൂടി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾ ട്രഷറികളിൽനിന്നും ബിൽ തിരിച്ചയച്ചു കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിൽ അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ തുക കൊടുക്കാൻ പാടില്ലെന്ന് ട്രഷറി ഓഫീസർക്ക് നിർദ്ദേശം കൊടുത്തതിനെത്തുടർന്ന് ബില്ലുകൾ ഇന്ന് പോയതുൾപ്പെടെ തിരിച്ചു പോയിക്കൊണ്ടിരിക്കുകയാണ് എന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. സി. മോയിൻകുട്ടി : ഒരു പഞ്ചായത്ത് പ്രസിഡന്റായിരുന്ന എനിക്ക് തീർച്ചയായും അക്കാര്യങ്ങൾ അറിയാം. ആ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം കനിയണം. അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം ഇതിന്റെ ഉദാത്തമായ ലക്ഷ്യങ്ങൾ അങ്ങ് ഉൾക്കൊള്ളണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായിട്ടുള്ള പ്രവർത്തനം, സഹകരണം ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വലിയ പഞ്ചായത്തുകളെ മാനദണ്ഡം നോക്കി വിഭജിക്കാനാകുമെങ്കിൽ അത് സമയബന്ധിതമായി വിഭജിക്കണം. അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ശ്രീ. കെ. എ. ചന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുകതന്നെ വേണം എന്നു കൂടി ഈ സന്ദർഭത്തിൽ ഞാൻ നിർദ്ദേശിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘകാല ആവശ്യമായ മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഈ വർഷം മുതൽ അനുവദിച്ച് പഞ്ചായത്തുകൾക്ക് ഏറെ ആശ്വാസകരമാണ്. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത പഞ്ചായത്തുകൾക്ക് ഇത് തീർച്ചയായും ആശ്വാസകരമായിട്ടുള്ള കാര്യമാണ്. പഞ്ചായത്ത്‌രാജ് ആക്ട് നിയമം നിലവിൽ വന്നതോടുകൂടി ഗ്രാമസഭകൾ ചേരുന്നത് ഒരു ചടങ്ങായി ചുരുങ്ങുകയാണ്. അത് ഗൗരവമായി കാണണം. ഗ്രാമസഭകൾ സമയബന്ധിതമായി നടക്കണം. ഗ്രാമസഭകൾ കൃത്യസമയത്ത് ചേരാത്ത ഉത്തരവാദപ്പെട്ട പഞ്ചായത്തുകൾക്ക് എതിരെ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, പഞ്ചായത്ത് രാജ് സംവിധാനത്തെ അട്ടിമറിച്ച് അധികാര വികേന്ദ്രീകരണം എന്ന ഗാന്ധിജിയുടെയും ജയപ്രകാശ് നാരായണന്റേയും സ്വപ്നം സാക്ഷാത്ക്കരിച്ച സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. പക്ഷേ ഇന്ന് അതിന്റെ സ്ഥിതിയെന്താണ്? അധികാരം കേന്ദ്രീകരിക്കാനുള്ള ഗൂഢമായ നീക്കം വീണ്ടും നടക്കുന്നു എന്നു സംശയിക്കുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുപോലും നിശ്ചിത സമയത്ത് നടത്താൻ ഈ സർക്കാരിനു കഴിവില്ല എന്നാണ് കാണുന്നത്. എന്താണ് ഇവിടെ നടക്കുന്നത്? നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണ പദ്ധതിയിലൂടെ വളരെ നന്നായി നടപ്പിലാക്കിയ ഇടതുമുന്നണി ഗവൺമെന്റ് മാതൃകാപരമായി ഈ സംസ്ഥാനത്ത് ഗുണം ചെയ്തു കൊടുത്തു. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? നമ്മുടെ പഞ്ചായത്തിൽ പുതിയ സമ്പ്രദായ പ്രകാരം ബിൽ സിസ്റ്റം വന്നു. അപാകതകളൊക്കെ ഒരുപാടുണ്ട്. പക്ഷേ ബിൽ സമ്പ്രദായം വന്നപ്പോൾ അത് നടപ്പിലാക്കാനുള്ള സൗകര്യങ്ങളും സമയങ്ങളും മറ്റും പഠിച്ചു വന്നപ്പോഴേയ്ക്കും ജനുവരി മാസമായി. ഇപ്പോൾ ഫണ്ട് അനുവദിച്ചു. മെയിന്റനൻസ് ഗ്രാന്റും ഫണ്ടുകളുമൊക്കെത്തന്നെ മാർച്ച് 31-നുള്ളിൽ തീർക്കണമെന്ന് പറയുകയാണ്. തീർത്തില്ലെങ്കിൽ പഞ്ചായത്തുകളുടെ കോടിക്കണക്കിനു രൂപ തിരിച്ചുപിടിക്കുമെന്ന് പറയുന്നു. എങ്ങനെയാണ് മാർച്ച് 31-നകം കൊടുക്കാൻ സാധിക്കുക. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ കർശനമായ നിലപാട് ഇവിടെ എടുക്കുകയാണ്. ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അനീതികരമായ നിയമങ്ങൾ അനുസരിക്കപ്പെടണമെന്ന അന്ധവിശ്വാസം നിലനിൽക്കുന്നിടത്തോളം അടിമത്തം നിലനിൽക്കും എന്ന്. അതിന് ഇവിടെ വളരെ പ്രസക്തിയുണ്ട്. അടിമത്തത്തിലേക്ക് നയിക്കുന്ന നിയമങ്ങൾ ഗവൺമെന്റ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഇരുണ്ടകാല

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിൽ ഗാന്ധിജിയുടെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഈ സംസ്ഥാനത്തെ അടിമത്തത്തിലേക്ക് നയിക്കുകയാണ്. മുസ്ലീം ലീഗിന്റെ ആളുകൾ പറഞ്ഞിട്ടുപോലും, മന്ത്രിമാർ പറഞ്ഞിട്ടുപോലും ധനകാര്യ വകുപ്പുമന്ത്രി കേൾക്കുന്നില്ല എന്നു പറയുമ്പോൾ മുസ്ലീം ലീഗിന്റെ ഇതുവരെ ഉണ്ടായിരുന്ന ഗൗരവം എവിടെ പോയി?

ശ്രീ. സാജുപോൾ : ഇവിടെ ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനെ സംബന്ധിച്ചെല്ലാം പറഞ്ഞു. ബഹുമാന്യനായ സി. മോയിൻകുട്ടി ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തകർക്കുന്നതിനെതിരെ പ്രതികരിക്കുകയാണ്. ഇവിടെ ഇത്തരം ജനദ്രോഹ നടപടികളെല്ലാം ചെയ്യുമ്പോഴും, വീണ്ടും വരാൻ പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പിൽ നമ്മുടെ വയലാർ രവിമാരെ അയച്ച് ആർ.എസ്.എസ്.-ന്റെ ഗാന്ധിഘാതകരുടെ വോട്ട് നേടാനും, ഉമ്മൻചാണ്ടിമാർ പോയി പി.ഡി.പി. നേതാവ് മഅദനിയെപ്പോലെയുള്ളവരെ സ്വാധീനിക്കാനും കഴിയുമെന്നുള്ള മൂഢ വിശ്വാസത്തിലാണ് അപ്പുറത്തിരിക്കുന്നവർ എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. പി. മോഹനൻ : വിശ്വാസം മാത്രമല്ല അവർ അധികാരത്തിൽ കയറാൻവേണ്ടി അതും ചെയ്യും അതിനപ്പുറവും ചെയ്യും. നമ്മുടെ ഫണ്ട് വിനിയോഗിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. പദ്ധതി വിഹിതം ഏതൊക്കെ മേഖലകളിൽ ചെലവു ചെയ്യണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കാനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്ക് വിടണമെന്ന് ഡോ. ബാലൻ, കിലാ ഡയറക്ടർ ഒരു സെമിനാറിൽവച്ചു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കണ്ണൂരിൽ വന്നപ്പോഴും പറഞ്ഞു. നമ്മളെ സംബന്ധിച്ചിടത്തോളം ഇതു ഗുണകരമായ ഒരു കാര്യമാണ്. ഏതൊക്കെ മേഖലകൾ വേണമെന്നത് സംബന്ധിച്ച് അതാതു ഗ്രാമപഞ്ചായത്തുകൾക്കു മാത്രമേ പറയാൻ കഴിയൂ. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ മേഖലകളിലേക്ക് ചെലവഴിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. എങ്കിലേ ഗ്രാമസ്വരാജ് അല്ലെങ്കിൽ പഞ്ചായത്ത്‌രാജ് നടപ്പിലാക്കാൻ സാധിക്കൂ. നമ്മുടെ പ്രധാനപ്പെട്ട ലക്ഷ്യമായിട്ടു മാറൂ. പദ്ധതിവിഹിതം എങ്ങനെ ചെലവഴിക്കണമെന്നുള്ള കാര്യങ്ങളെക്കുറിച്ച് മന്ത്രിമാരെ വേണ്ടതുപോലെ ധരിപ്പിച്ചിട്ടുണ്ട്. എന്നിട്ടുപോലും പദ്ധതി വിഹിതം അതാതു രീതിയിൽ ചെലവഴിക്കാൻ സാധിക്കുന്നില്ല. എന്തൊക്കെയോ ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതില്ലാതാക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ക്ളീൻ കേരളയെക്കുറിച്ച് ഇവിടെ വളരെ വിശദമായി പറഞ്ഞു. എന്താണ് ക്ളീൻ കേരള? ക്ളീൻ കേരള

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞുകൊണ്ട്, പദ്ധതികൾ അല്ലാതെ ഒന്നും നടക്കുന്നില്ല. പല പഞ്ചായത്തുകൾക്കും അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നില്ല. ഇവിടെ നടക്കുന്നത് ക്ളീൻ കോൺഗ്രസ്സാണ്. ക്ളീൻ കോൺഗ്രസ്സിനുവേണ്ടിയുള്ള നെട്ടോട്ടമാണ് ഇവിടെ നടക്കുന്നത്. അതുപോലെതന്നെയാണ് ക്ലീൻ യു. ഡി. എഫ്. ആ സ്ഥിതിയിൽ ക്ളീൻ കേരളയെക്കുറിച്ച് ചിന്തിച്ചുകൊണ്ട്, ക്ളീൻ കേരളയ്ക്കുവേണ്ടി പദ്ധതികൾ ചെലവ് ചെയ്യാൻ സാദ്ധ്യമല്ല. കോൺഗ്രസ്സിനെ നന്നാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുമ്പോൾ, കോൺഗ്രസ്സിലെ ഗ്രൂപ്പുവഴക്കുകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ, ക്ളീൻ കേരളയെക്കുറിച്ചു ചിന്തിക്കാൻ സാദ്ധ്യമല്ല. നമുക്ക് ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസുണ്ട്. ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസ് മുഖേന നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. എം. എൽ. എ. ഫണ്ട് വിനിയോഗിക്കുന്നത് ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസ് മുഖേനയാണ്. അതൊന്നും കൃത്യമായി നടക്കുന്നില്ല. പലപ്പോഴും എസ്റ്റിമേറ്റ് എടുക്കുന്നതിനും എ. എസ്. കൊടുക്കുന്നതിനും ഒരുപാട് കാലതാമസം ഉണ്ടാകുന്നുണ്ട്. ഒന്നും കൃത്യമായി നടക്കുന്നില്ല. അതുപോലെ തന്നെ നാച്വറൽ കലാമിറ്റി ഫണ്ട് ഉപയോഗിച്ച് റോഡുകൾ നന്നാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോൾ, ഇവിടെ നിന്നും കളക്ടർക്ക് എഴുതി, കളക്ടർ അത് ഡി. ആർ. ഡി. എ. ക്കു കൊടുത്തു, ഡി. ആർ. ഡി. എ. നേരിട്ട് ബ്ളോക്കിലേക്ക് കൊടുത്ത് ബ്ളോക്കിൽനിന്നും എസ്റ്റിമേറ്റ് എടുത്ത് അതിന്റെ കാര്യങ്ങളൊക്കെ കഴിഞ്ഞ് തിരിച്ചു വരുമ്പോഴേയ്ക്കും അടുത്ത വർഷമാകുന്ന സ്ഥിതിയുണ്ടാകുന്നുണ്ട്. ചിലപ്പോൾ രണ്ട് വർഷം വരെയാകുന്ന സ്ഥിതിയും ഉണ്ടാകുന്നുണ്ട്. അത്തരം കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ ഇതൊന്നും കൃത്യ സമയത്ത് ചെയ്യുന്നില്ല. സംസ്ഥാന സർക്കാർ കൊടുക്കേണ്ട വിഹിതം കൃത്യമായി അടച്ചുതീർക്കാൻ കഴിയാത്തതിനാൽ ഒരുപാട് കേന്ദ്ര സർക്കാർ സഹായങ്ങൾ ലാപ്സായിപ്പോകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് തരുന്ന ഫണ്ട് പല പദ്ധതികളിലും വിനിയോഗിക്കാൻ കഴിയുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രധാനമന്ത്രി ഗ്രാമ സടക് യോജന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ റോഡുകൾ ഇന്നവർഷം ഇന്ന ദിവസം ചെയ്തുതീർക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അത് ഇതുവരെ തുടങ്ങിയിട്ടില്ല. 2003–04 വർഷത്തിൽ തുടങ്ങേണ്ടിയിരുന്ന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഇതൊക്കെ കൃത്യസമയത്ത് തുടങ്ങാനുള്ള നടപടിയുണ്ടാകണം. ഗ്രാമീണ മേഖലയെ നന്നാക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ നടപ്പാക്കുന്നത്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും നടപ്പാക്കുന്നില്ല. അതുപോലെതന്നെ ഗ്രാമീണ മേഖലയിലെ പാലങ്ങൾ പഞ്ചായത്തുതലത്തിൽ തന്നെ ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. പഞ്ചായത്ത് തലത്തിൽ ഫണ്ട് വിനിയോഗിക്കാനുള്ള സൗകര്യമുണ്ടാക്കണം. അങ്ങനെ ചെയ്താൽ മാത്രമേ പഞ്ചായത്തിലെ ഗ്രാമപ്രദേശങ്ങളെ പരിപോഷിപ്പിക്കുവാനും ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്യാനും സാധിക്കുകയുള്ളൂ. അതിന് നമ്മൾ മുമ്പോട്ട് വരേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ചില വ്യവസായങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നതിൽ പഞ്ചായത്ത് എതിർക്കാറുണ്ട്. കാരണം ഒരുപാട് പരാതികളും പൊല്യൂഷനെ ബാധിക്കുമെന്നുള്ളതുകൊണ്ടും പഞ്ചായത്ത് എതിർക്കാറുണ്ട്. അങ്ങനെ എതിർക്കുന്നതിനെത്തന്നെ ഗ്രീൻ ചാനലിലൂടെ വീണ്ടും അന്വേഷണത്തിന് വരും. വീണ്ടും പഞ്ചായത്ത് എതിർത്തുകഴിഞ്ഞാൽ ഏകജാലക സംവിധാനത്തിലൂടെ വരും. അങ്ങനെ വരുന്നത് ഗ്രാമപ്രദേശങ്ങളിൽ പൊല്യൂഷന് ദോഷകരമായ ഫലങ്ങളുണ്ടാക്കും. അങ്ങനെ അനുവാദം കൊടുക്കാൻ പാടില്ല. പഞ്ചായത്ത് എതിർക്കുന്നതിനെ അന്തിമമായി എടുക്കണം അതിന് ഗ്രീൻ ചാനലിലൂടെ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു രീതിയുണ്ട്. കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള ഒരു സംഭവമുണ്ടായിട്ടുണ്ട്. ഒരു സ്റ്റീൽ വ്യവസായം തുടങ്ങുന്ന സ്ഥലത്തിന്റെ ഒരു മീറ്റർ അകലത്തിൽ ഒരു കിണറുണ്ടായിട്ടുപോലും പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന് അനുവാദം കൊടുത്തിരിക്കുകയാണ്. അതുപോലെതന്നെ ഡി.ആർ.ഡി.എ.-യുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകളുണ്ട്. അതൊക്കെ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതൊക്കെ പരിശോധിക്കണം. ജനങ്ങൾക്ക് ഗുണപരമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കാത്ത ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഈ മൂന്നു വിഷയവുംകൂടി ഈ ചെറിയ പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കാര്യമായി പഞ്ചായത്തിനെപ്പറ്റിയും അൽപ്പാൽപ്പം നഗരത്തെപ്പറ്റിയും ഒന്നുമില്ലാതെ സാമൂഹ്യ വ്യവസ്ഥിതിയെപ്പറ്റിയും പറയാൻ കഴിയുകയുള്ളൂ. നമ്മുടെ ഗ്രാമപഞ്ചായത്ത് വളരെ മാതൃകാപരമാണെന്ന് വളരെ പണ്ടുമുതലേ പറഞ്ഞുകേട്ടിട്ടുണ്ട്. ആസൂത്രണം വരുന്നതിനുമുൻപ് പഞ്ചായത്തുകളിൽ നാട്ടുകാരായ കുറേ ആൾക്കാരുടെ പ്രവർത്തനഫലമായി കുറേ കാര്യങ്ങളൊക്കെ ചെയ്യുമായിരുന്നു. ഇന്നിപ്പോൾ ആസൂത്രണം വന്നപ്പോൾ ഒരു വാർഡിലെ മെമ്പർക്ക് കിട്ടുന്ന 35,000-40,000 രൂപകൊണ്ട് സർവ്വവും നടത്തണം. റോഡും വെട്ടണം, ചായയും കുടിക്കണം, എല്ലാം കൊടുക്കണം. പക്ഷേ ഒന്നും നടക്കുന്നില്ല. ഇപ്പോൾ പഞ്ചായത്ത് മെമ്പർമാരുടെ പ്രധാനപ്പെട്ട ജോലി എം. എൽ. എ. മാരോ എം. പി.മാരോ അതുവഴി പോകുന്നുണ്ടോയെന്ന് നോക്കിനിൽക്കുകയാണ്. കാര്യം എന്താണ്? നമുക്കൊരു

LIBRARY ARCHIVES Kerala Legislative Assembly

റോഡു വേണമെന്ന് പറയാൻ. 35,000 രൂപയ്ക്ക് ഒരു വാർഡിലെ റോഡ് വെട്ടണം. ഞാൻ 23 വർഷക്കാലം പഞ്ചായത്ത് മെമ്പറായിരുന്നു. അന്ന് ഈ ആസൂത്രണമൊന്നും ഇല്ലായിരുന്നു. അന്ന് നാട്ടിൽ റോഡ് വെട്ടുന്നത് പഞ്ചായത്തായിരുന്നു. അന്നൊക്കെ നാട്ടുകാർക്ക് ഇതിൽ പങ്കുകൊള്ളാൻ താൽപര്യമായിരുന്നു. ഒരു പണവുമില്ലാതെ സർക്കാരിന്റെ തുച്ഛമായ ലോൺ കൊണ്ട് നാട്ടിൽ റോഡ് വെട്ടാനും അത്യാവശ്യമുള്ള കാര്യങ്ങളൊക്കെ ചെയ്യാനും കഴിഞ്ഞിരുന്നു. ഞങ്ങളുടെയൊക്കെ നാട്ടിൽ അങ്ങനെയൊക്കെയാണ് ചെറിയ ചെറിയ പട്ടണങ്ങൾ വളർന്നു വന്നത്. ഇന്ന് സർക്കാരിന്റെ ഔദാര്യം വാങ്ങി ഒരു പട്ടണമുണ്ടാക്കാൻ സാധിക്കുമെന്ന് ഈ ജന്മത്ത് വിചാരിക്കേണ്ട. അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരിക്കുന്നവരായാലും അനുഭവം അതാണ്. ഗ്രാമവികസനമെന്ന് പറയുന്നത് ജനങ്ങളുടെ ഹൃദയത്തിൽനിന്ന് വരേണ്ടതാണ്. ജനങ്ങളുടെ ആവശ്യം അവർ മുന്നിട്ട് നിൽക്കണമെന്നുള്ളതാണ്. ഇപ്പോൾ സർക്കാർ ഏറ്റെടുത്തെന്ന് പറഞ്ഞ് സർക്കാർ നോക്കുന്നുയെന്നു പറഞ്ഞ് ജനങ്ങൾ പിന്നോക്കംമാറി നാടൊക്കെ പിന്നോക്കമായി. പഞ്ചായത്തിന്റെ ഭരണം ജനകീയ ഭരണമാക്കി മാറ്റിയിട്ടുണ്ടെന്നാണ് പറയുന്നത്. എന്തോ അനുഭവം അങ്ങനെ പറയുന്നില്ല. അനുഭവമാക്കണമെങ്കിൽ അത് ജനകീയഭരണമാക്കണം. ജനകീയഭരണമല്ലെന്ന് ഞാൻ പറയുന്നില്ല. അനുഭവം നേരേ മറിച്ചാണ്. ഒരൊറ്റ ഉദാഹരണം മാത്രം പറയുകയാണ്. ജില്ലാ പഞ്ചായത്തിൽ ഒരു തെരഞ്ഞെടുപ്പുണ്ടായിരുന്നു. 14 കിലോമീറ്റർ നീളത്തിലാണ് ഒരു വാർഡ്. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണന്റെ പാർട്ടിക്കാർ വരച്ചുമുറിച്ചു തന്നത്. അതിൽ കത്തോലിക്കാ പള്ളിയും പള്ളിക്കു ചുറ്റുമുള്ള ആളുകളെയും എടുത്തുമാറ്റിക്കൊണ്ട് ഉണക്കയായ ഞങ്ങളുടെ കൂട്ടരെമാത്രമാക്കി വാർഡുകൾ വിഭജിച്ചു. ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല. എല്ലാപേരും ജയിക്കാൻവേണ്ടി വാർഡിനെ വെട്ടിമുറിച്ചു കളഞ്ഞു.

ശ്രീ. പി. എസ്. സുപാൽ : ശ്രീ. കെ. നാരായണക്കുറുപ്പ് തന്റെ പ്രസംഗത്തിൽ അപ്പുറത്തുള്ളവരെന്നും ഇപ്പുറത്തുള്ളവരെന്നും കൂടക്കൂടെ പറയുന്നുണ്ടല്ലോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : തൊട്ടുമുൻപ് കഴിഞ്ഞ ഭരണത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. നാളെ വരാൻപോകുന്ന ഭരണത്തെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ. കഴിഞ്ഞ ഭരണകാലത്ത് വാർഡുകൾ വരച്ചുണ്ടാക്കലല്ലായിരുന്നു വെട്ടിയുണ്ടാക്കലായിരുന്നു. തർക്കിക്കാൻ തന്റേടമുള്ളവർ തർക്കിക്ക്. കത്തോലിക്കാ പള്ളിയും ആ പള്ളിയുടെ പരിസരത്തുള്ളയാളുകളേയും മറ്റൊരു സ്ഥലത്തേക്ക് മാറ്റിയിട്ട് ഞങ്ങളുടെ കൂട്ടത്തിലുള്ള ആളുകളെ മാത്രമെടുത്ത് വാർഡ് വിഭജനം നടത്തി. എന്നിട്ട് ഫലമുണ്ടായോ? വാർഡുകൾ ബഹുഭൂരിപക്ഷത്തോളം ഞങ്ങൾ കൈക്കലാക്കി. അങ്ങനെ ആര് വന്നാലും നാടല്ല നോക്കുന്നത്. ഭരണവും അധികാരവും മാത്രമാണ് നോക്കുന്നത്. ഇടതുപക്ഷം വന്നാൽ കുറേ ഭേദപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഭരണം കിട്ടുമെന്ന് ആഗ്രഹിച്ചെങ്കിലും അത് അരക്കിട്ട് ഉറപ്പിക്കാൻവേണ്ടി അത്യാവശ്യമുള്ളത് പലതും അവർ മറന്നുകളയുകയാണ്. അതുകൊണ്ട് നല്ലൊരു ഭരണം ഈ രാജ്യത്തുണ്ടാക്കാൻ നല്ലൊരു പഞ്ചായത്ത് ഭരണമുണ്ടാകണം. ഇപ്പോഴത്തെ അനുഭവം അതാണ്. നഗരവും ഇക്കൂട്ടത്തിൽ ചർച്ചചെയ്യപ്പെടുന്നതാണ്. നഗരത്തിൽ എന്താണ് നടക്കുന്നത്. മുനിസിപ്പാലിറ്റിയാക്കി മാറ്റി. മുനിസിപ്പാലിറ്റിയെന്നു പറഞ്ഞാൽ ഇന്നലെ എട്ട് രൂപയുണ്ടായിരുന്ന ടാക്സ് ഇന്ന് 80 രൂപയാക്കി മാറ്റുകയാണ്. സർക്കാർ നോക്കിയിരിക്കുകയാണ്. പട്ടണങ്ങളുടെ പ്രധാനപ്പെട്ട കാര്യം അടിസ്ഥാനപരമായ വികാസം നടത്താതെ കൂടുതൽ പണം ഈടാക്കാൻ ആർക്കും അവകാശമില്ല. നഗരങ്ങളാകെ പണ്ട് കൊച്ചു കുഞ്ഞുങ്ങൾ പറഞ്ഞതുപോലെ നരകമായി മാറുന്നുവോ അതോ രാജ്യമായി മാറുന്നുവോയെന്നൊക്കെ അറിയേണ്ടതായിട്ടുണ്ട്. ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അതിർത്തി ഇന്ന് നമുക്ക് കണ്ടാൽ അറിയാൻ പാടില്ലാത്തവിധത്തിലാണ്. ഇന്നലെ ഗ്രാമമായിരുന്നു. ഇന്നത് നഗരമാണ്. കാരണമെന്താണ് ആക്റ്റ് പാസ്സാക്കി പട്ടണമാക്കിയിരിക്കുകയാണ്. സാധാരണ സൗകര്യങ്ങൾ കൊടുക്കാതെതന്നെ നാളെമുതൽ പട്ടണത്തിന്റെ ഫീസ് ഈടാക്കുന്ന ഒരേർപ്പാടാണ് ഇവിടത്തെ സർക്കാരുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജനങ്ങളിൽനിന്ന് കൂടുതൽ പണം ഈടാക്കാനുള്ള ഒരു നയമാണ്, നമ്മുടെ സ്വന്തം ഭരണമെന്ന് നമ്മൾ അഭിമാനിക്കുന്ന ജനാധിപത്യഭരണകാലത്തുപോലും ജനങ്ങൾക്ക് വേണ്ടിയിട്ടല്ല ഭരണത്തിന് വേണ്ടിയാണ് മിക്ക രാഷ്ട്രീയപാർട്ടിക്കാരും ഭരിക്കുന്നത്.

ഗ്രാമസഭകൾ ഗ്രാമത്തിന്റെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമെന്ന് പറയുന്നെങ്കിലും ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നില്ല. ഗ്രാമസഭകൾ മൂന്നു പ്രാവശ്യമെങ്കിലും വിളിച്ചുകൂട്ടണമെന്നാണ് പറയുന്നതെങ്കിലും 'എല്ലാപേരേയും ഉൾപ്പെടുത്തി ഒരു ഗ്രാമസഭ വിളിച്ചുകൂട്ടാൻ മിക്ക പഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടില്ല. അങ്ങനെ ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ കഴിയാത്തത് പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ജനങ്ങൾക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് ജനങ്ങളെയെല്ലാപേരേയും പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്യണം. പണ്ട് ആരോപറഞ്ഞതുപോലെ രണ്ടാനമ്മ ചോറു കൊടുക്കുന്നതുപോലെയാണ് പഞ്ചായത്തിന്റെ കാര്യം. ഭർത്താവിന് തിണ്ണയിൽ ചോറു കൊടുക്കുന്നു. ആദ്യത്തെ മകന് അടുക്കളയിൽ കൊടുക്കുന്നു. സന്തോഷം കൊണ്ടാണെന്ന് ഭർത്താവ് തെറ്റിദ്ധരിക്കുന്നു. പക്ഷേ ആ ചോറ് അരകല്ലിൽ ഇടിച്ചാലേ തിന്നാൻ കഴിയുകയുള്ളൂ. അതുപോലെ പഞ്ചായത്തിനെ പല രീതിയിൽ നന്നാക്കുന്നു എന്നാണ് പറയുന്നത്. പഞ്ചായത്തിന് യഥാസമയം പണം കൊടുക്കുന്നില്ല. അതുപോലെ ബ്ലോക്ക് പഞ്ചായത്ത് ഇപ്പോൾ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സർക്കാർ ഒന്നുകിൽ ഈ ബ്ലോക്ക് പഞ്ചായത്ത് ഇല്ലാതാക്കണം. പഞ്ചായത്ത് മെമ്പർമാർക്ക് ടി. എ. കൊടുക്കാൻകൂടി

LIBRARY ARCHIVES Kerala Legislative Assembly

കാശില്ലാത്ത ബ്ലോക്ക് പഞ്ചായത്താണ് നമ്മുടെ നാട്ടിലുള്ളത്. അതുകൊണ്ട് അത് മാറ്റി ഗ്രാമപഞ്ചായത്തിനെ ആ ചുമതല ഏൽപ്പിച്ചുകൊണ്ട് ആവശ്യമായ പണം കൊടുത്താൽ, വികസനം വരും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുപോലെ മറ്റൊരു കാര്യം, പ്ലാൻ വിഹിതത്തിന്റെ മൂന്നിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണം എന്നാണ് വയ്പ്. ആ മൂന്നിലൊന്ന് ഇപ്പോൾ കൊടുക്കുന്നുണ്ടോ എന്ന് പരിശോധിച്ചാൽ മതി. പഞ്ചായത്തുകൾക്ക് താമസിച്ച് പണം കിട്ടുന്നതുകൊണ്ട് അധികം പണവും ചെലവഴിക്കാൻ കഴിയാതെ പോകുന്നു. അതുകൊണ്ട് ചെലവഴിക്കാതെപോകുന്ന തുക അടുത്ത കൊല്ലത്തേക്ക് മാറ്റിവയ്ക്കാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ ഒരു നിയമം സർക്കാർ കൊണ്ടുവന്നില്ലെങ്കിൽ കൊടുക്കുന്ന പണം പഞ്ചായത്തുകൾക്ക് ഒരിക്കലും അനുഭവിക്കേണ്ടിവരില്ല. താമസിച്ച് കൊടുക്കുന്നതുകൊണ്ട് കൊടുക്കുന്ന പണത്തിന്റെ പകുതിമാത്രമേ ചെലവഴിക്കാൻ കഴിയുന്നുള്ളൂ. ബാക്കി സർക്കാരിന് മുതൽകൂട്ടാണ്. അതുകൊണ്ട് കൊടുക്കുന്ന പണം എത്ര ലക്ഷമായാലും ആ വർഷത്തിൽ തന്നെ ചെലവാക്കാൻ കഴിയാതെ പോയാൽ അടുത്ത കൊല്ലത്തേയ്ക്ക് ക്യാരി ഓവർ ചെയ്യാനുള്ള അധികാരംകൂടി ഉണ്ടാകണം. അത് മറ്റാരേയും ബോദ്ധ്യപ്പെടുത്താൻവേണ്ടിയല്ല. നാട്ടിലെ ജനങ്ങൾക്കുവേണ്ടിയാണ്. ത്രിതല പഞ്ചായത്തുകളും മറ്റ് എല്ലാ പഞ്ചായത്തുകളും നാട്ടിൽ വന്നെങ്കിലും ഇതുവരെ ഒരു ജനകീയഭരണം ശരിയായി വന്നിട്ടുണ്ടോ എന്ന് സംശയമാണ്. ജനങ്ങൾ വിചാരിക്കുന്നതൊന്നും നടപ്പാക്കാൻ കഴിയുന്നില്ല. നമുക്ക് ഒരു യഥാർത്ഥ ജനകീയഭരണം വേണം. ജനങ്ങൾ കൂടുകയും തീരുമാനം എടുക്കുകയും പ്രയോഗികമാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്ന ജനങ്ങളുടേതായിട്ടുള്ള ഒരു ഭരണം ഉണ്ടാവണം. നാടിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്ത് എടുത്തുമാറ്റിയാൽ ഈ നാട് രക്ഷപ്പെടും. ആ പണംകൂടി പഞ്ചായത്തുകൾക്ക് കൊടുക്കാനുള്ള ഒരു നല്ല ഉദ്ദേശം നമ്മുടെ സർക്കാരിന് ഉണ്ടാകണം. ജനങ്ങളുടെ ആഗ്രഹം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഇതുപോലെ ചെയ്യണം എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഭരിച്ചു ഭരിച്ച് നഗരങ്ങൾ നരകങ്ങളാക്കി മാറ്റാതെ സൂക്ഷിക്കണം എന്ന് പറഞ്ഞു കൊടുക്കുക. അത് നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. 21 വർഷക്കാലം ഞാൻ പഞ്ചായത്തിലിരുന്നു. 18 വർഷക്കാലം പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അന്ന് സർക്കാരിന്റെ ഓശാരം ഒന്നും ഇല്ലായിരുന്നുവെങ്കിലും ഒരു ചെറിയ ഗ്രാമത്തെ പട്ടണമാക്കി മാറ്റാൻ ജനങ്ങളുടെ സഹായംകൊണ്ട് സാധിച്ചു. ഇനി ജനങ്ങൾ സഹായിക്കുമോ? സർക്കാർ എല്ലാം ഏറ്റെടുത്തില്ലേ? ജനങ്ങൾ കൈകെട്ടി നിൽക്കുകയാണ്. ജനങ്ങളുടെ കൂട്ടായ്മയിൽനിന്നും കിട്ടുന്ന സമ്പത്ത് നമുക്ക് നഷ്ടപ്പെട്ടുപോയി. അത് ജനസമ്പർക്കത്തോടുകൂടിമാത്രമേ ഇനി മടക്കിക്കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. അതിൽ 10 ശതമാനം അവർ

LIBRARY ARCHIVES, Kerala Legislative Assembly

ചെലവഴിക്കണം. ജനങ്ങൾ ചെലവഴിക്കാൻ തയ്യാറാണ്. ജനങ്ങളുടെ പങ്കാളിത്തം കിട്ടത്തക്ക രീതിയിലേക്ക് അവരെക്കൂടി പഞ്ചായത്തിലേക്ക് കൊണ്ടുവരണമെന്ന് മാത്രമേ പറയുന്നുള്ളൂ. അതോടൊപ്പം തന്നെ അങ്ങയുടെ കൂടി അധികാരം ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ത്രിതല പഞ്ചായത്തിൽനിന്നും എടുത്തുമാറ്റണം. എന്നാൽ മാത്രമേ കേരളം നന്നാവുകയുള്ളൂ എന്ന് വളരെ സ്തുത്യർഹമായ അഭിപ്രായം ഞാൻ ഇവിടെ ഉറപ്പിച്ചു തറപ്പിച്ചും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. ഈ ഗവൺമെന്റ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ ഗവൺമെന്റ്, കാര്യങ്ങൾ ചെയ്യും എന്ന ആഗ്രഹം മനസ്സിലുള്ളതുകൊണ്ട് ഞാൻ എന്റെ പൂർണ്ണ മനസ്സോടുകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ മൂന്നര ശതമാനം അതായത്, 205 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുആവശ്യ ഗ്രാന്റായി നൽകി. മെയിന്റനൻസ് ഗ്രാന്റ് 5.5 ശതമാനമാണ്. അതായത് 325.75 കോടി രൂപ നൽകിക്കഴിഞ്ഞു. മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനവും ആരംഭിച്ചുതുടങ്ങി. ഞാൻ ഇതൊക്കെ പറയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ യു. ഡി. എഫ്.-ന് ഒരു ആത്മാർത്ഥതയുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യു. ഡി. എഫ്. ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നു. ഞങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ അപ്പോസ്തലൻമാർ എന്നാണ് അപ്പുറത്തിരിക്കുന്ന ആളുകൾ പറയുന്നത്. 1957-മുതൽ ഇത് കൊണ്ടുവന്നു. ഞങ്ങൾ ഇത് നടപ്പാക്കുന്നു എന്നു തന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഭരണഘടനാസ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താൻ ആരെങ്കിലും നിരാഹാരം കിടക്കേണ്ട കാര്യമുണ്ടോ? അതിന് ആരും സമരം ചെയ്യേണ്ട കാര്യമില്ല. രാവിലെ സൂര്യൻ ഉദിക്കാൻവേണ്ടി പിക്കറ്റിംഗ് നടത്തേണ്ട കാര്യമില്ല. സൂര്യൻ കൃത്യമായി ഉദിക്കും. വൈകുന്നേരം സൂര്യൻ അസ്തമിക്കാൻ ആരും ധർണ്ണ നടത്തേണ്ട കാര്യമില്ല. അതുപോലെയാണ് ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ. ഇത് ഭരണഘടനാസ്ഥാപനമായി മാറിക്കഴിഞ്ഞു. അഞ്ച് വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തിയേ പറ്റൂ. ഇപ്പോൾ ശ്രീ. അച്ചുതാനന്ദൻ നെല്ല് സംഭരണത്തിനായി വീണ്ടും സമരം നടത്താൻ പോകുന്നു. നെല്ല് എല്ലാം സംഭരിച്ച് ഇട്ടിരിക്കുകയാണ്. ആ സംഭരിച്ച് ഇട്ടിരിക്കുന്ന നെല്ല് വീണ്ടും സംഭരിക്കാൻവേണ്ടിയാണോ സമരം നടത്താൻ പോകുന്നത് എന്ന് അറിയില്ല. ഞങ്ങൾ നിയമസഭയിൽ സമരം നടത്തുകയാണ്. ഞങ്ങൾ നിയമസഭയിൽ ഇഞ്ചോടിഞ്ച് നിന്ന് പൊരുതുകയാണ്. സമരം നടത്തുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി ഇവിടെ തെരഞ്ഞെടുപ്പ് നടത്താൻ പോകുന്നു എന്ന് വരുത്തി തീർക്കാൻവേണ്ടിയുള്ള ഒരു പ്രചരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എൽ. ഡി. എഫ്.-ന്റെ പുറകിൽ നിൽക്കുന്നത് ഇത്രയും വലിയ വിഡ്ഢികളാണോ? ആളുകളെ ഇത്രയും വലിയ വിഡ്ഢികളാക്കാൻവേണ്ടിയിട്ടാണോ ഇത്തരം സമരം നടത്തുന്നത്? ജനങ്ങൾ എത്രയോ പ്രബുദ്ധരാണ്. അത് ഞാൻ ചൂണ്ടിക്കാണിച്ചു എന്ന് മാത്രമേയുള്ളൂ. സർ, ഈ ഗവൺമെന്റ് വന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും നന്നാക്കാനുംവേണ്ടി ആത്മാർത്ഥമായ എത്രയോ പരിശ്രമങ്ങൾ നടത്തുകയാണ്. തദ്ദേശഭരണസ്ഥാപനങ്ങളെ നന്നായിട്ട് മുന്നോട്ടു കൊണ്ടുപോകുന്നത് ജനകീയാസൂത്രണമെന്ന ഒരു പ്രക്രിയകൊണ്ടു മാത്രമാണെന്നാണ് അപ്പുറത്തിരിക്കുന്നയാളുകൾ ജനങ്ങളെ വിശ്വസിപ്പിച്ചു കൊണ്ടിരുന്നത്. ജനകീയാസൂത്രണമെന്നത് പദ്ധതി നടത്തിപ്പിന്റെ പേര് മാത്രമാണെന്ന് നമ്മൾ ആ പേര് മാറ്റിയതിലൂടെ വ്യക്തമാക്കി, ഇപ്പോൾ ജനങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട് എൽ. ഡി. എഫ്. വേണമെന്നില്ല, സംസ്ഥാനത്ത് ഗവൺമെന്റ് ആഗ്രഹിച്ചാൽ, പണം വിട്ടുകൊടുത്താൽ ആവശ്യമായ വികസന പ്രക്രിയ നടക്കും. അതിന് ജനകീയാസൂത്രണമെന്ന് പേരാകട്ടെ അതിന് കേരള വികസനപദ്ധതിയെന്ന് പേരാകട്ടെ എന്ത് പേരു കൊടുത്തും വികസനം നാട്ടിൻപുറത്തു നടക്കുമെന്ന് ആളുകൾക്ക് ബോദ്ധ്യമായിട്ടുണ്ട്. ഡോ. തോമസ് ഐസക്കും കൂട്ടരും പറയുന്നത് ജനകീയാസൂത്രണം മാത്രമായതുകൊണ്ടാണ് ഇത് നടക്കുന്നത് അല്ലെങ്കിൽ ഇതൊന്നും ഉണ്ടാകുമായിരുന്നില്ല എന്നുള്ള കുപ്രചരണത്തിന് കൃത്യമായി മറുപടി കൊടുക്കണം. സംസ്ഥാനത്തിന്റെ വികസന പ്രക്രിയ നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. 'കുടുംബശ്രീ' പദ്ധതി ഇവർ എങ്ങനെയാണ് കൈകാര്യം ചെയ്തത്? മാർക്സിസ്റ്റ് പാർട്ടിയോ, ഇടതുപക്ഷങ്ങളോ മാത്രം ഭരിക്കുന്ന പഞ്ചായത്തുകളിലായിരുന്നു നേരത്തെ കുടുംബശ്രീ പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ നടപ്പിലാക്കി. ഇന്ന് കുടുംബശ്രീയുടെ പോക്ക് എങ്ങനെയാണ് സർ, കുടുംബശ്രീ സംസ്ഥാനത്തിന്റെ വികസിത മേഖലയിൽ ഒരു രജതരേഖയായി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി കൊണ്ടുവരാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഒരേപോലെയാണ് കാണുന്നത് എന്നുള്ളതിന്റെ ഏറ്റവുംവലിയ ഉദാഹരണമല്ലേ ഇത്. അതിന്റെ ഫലമായി ഒരു ലക്ഷത്തിഅൻപത്തിനാലായിരം അയൽക്കൂട്ടങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. നാലു കോടി നാന്നൂറ്റി അൻപത്തിയൊൻപത് ലക്ഷം രൂപയാണ് അതുവഴി സംഭരിക്കാൻ കഴിഞ്ഞത്. തൊള്ളായിരത്തിയൻപത് കോടി രൂപ വായ്പയായി നൽകി. നാൽപ്പത്തിയേഴായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ച് അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകളും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൂറ്റിയെഴുപത്

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ വായ്പ കൊടുത്തു. എന്റെ നിയോജകമണ്ഡലത്തിലെ പന്തളം പഞ്ചായത്തിൽ മാത്രമായി അറുപത് ലക്ഷം രൂപയാണ് കാനറാ ബാങ്ക് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകിയത്. അത്തരം വായ്പകളും പദ്ധതികളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും ഫലപ്രദമായ രൂപത്തിൽ അവിടെ പ്രവർത്തനങ്ങൾ നടക്കുകയാണ്. മൈക്രോ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. എവിടെ തൊഴിൽ, തൊഴിലെവിടെ, എന്നു ചോദിച്ച് ആക്രോശം നടത്തുന്ന ആളുകൾക്ക് ഈ നാട്ടിൻപുറത്ത് കുടുംബശ്രീ പദ്ധതിയിൽക്കൂടി ലക്ഷക്കണക്കിന് ആളുകൾക്ക് സ്വയംതൊഴിലടക്കമുള്ള തൊഴിൽ സാദ്ധ്യതകൾ തുറന്നുകിട്ടിയത് ഇവർ കാണാൻ കൂട്ടാക്കുന്നില്ല. ഇവർ അത് തൊഴിലായിട്ട് അംഗീകരിക്കുന്നില്ല. നമ്മുടെ നാട്ടിൻപുറത്ത് തരിശ് കിടക്കുന്ന ആയിരക്കണക്കിന് ഹെക്ടർ ഭൂമി ഇപ്പോൾ അയൽക്കൂട്ടങ്ങൾ പച്ചക്കറിക്കും മറ്റു കൃഷിക്കും വേണ്ടി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത്രയും വലിയൊരു വികസന വിപ്ലവം കേരള സംസ്ഥാനത്ത് നടക്കുമ്പോൾ അത് കാണാൻ കൂട്ടാക്കാതെ അപ്പുറത്തുള്ള ആളുകൾ ഞങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളിലെ ആളുകളാണ്, നിങ്ങൾ എന്താണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടി ചെയ്തത് എന്നാണ് ചോദിക്കുന്നത്. ഞങ്ങൾ ലോക്കൽഫണ്ട് ആഡിറ്റ് കമ്മിറ്റിയിൽ വന്നിട്ടുണ്ട്. ഡോ. തോമസ് ഐസക്ക് ഇവിടിരുന്ന് ഈ കണക്കുകൂട്ടുന്ന സമയത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയുടെ കണക്കുകളും അതിന്റെ പ്രവർത്തനങ്ങളും കൂടി പരിശോധിക്കണം. എന്താണ് ഇവർ ചെയ്തത്. പണം ആവശ്യത്തിന് ഉപയോഗിക്കുകയായിരുന്നില്ല. പണത്തിനുവേണ്ടി പ്രോജക്ടുകൾ ഉണ്ടാക്കി, അങ്ങനെ കോടിക്കണക്കിനു രൂപ പാർട്ടിക്കാർക്കും സഹായികൾക്കും വീതംവച്ചെടുക്കാൻ കഴിഞ്ഞു എന്നുള്ളതല്ലാതെ ആ ജനകീയാസൂത്രണത്തിന് എന്തു നേട്ടമാണ് ഉണ്ടായിരുന്നത്. ഞങ്ങളതെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമായ ഒരു ഫിനാൻസ് ആഫീസറെപ്പോലും വയ്ക്കാൻ ഈ ആളുകൾ ഭരിച്ചിരുന്നപ്പോൾ കഴിഞ്ഞിരുന്നില്ല. ഒരു ഫിനാൻസ് ആഫീസർ പോലും ഇല്ലാതെ, 'കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി' എന്നുള്ള രൂപത്തിൽ ഈ നാട്ടിലെ ലോക്കൽ ഫണ്ട് ധൂർത്തടിച്ച ആളുകളുടെ പേരിൽ കൃത്യമായ അന്വേഷണം നടത്തിയാൽ കൈയാമം വച്ച് അകത്തുപോകുന്ന ആളുകളുടെ എണ്ണം എത്രയോ ഭീമമായിരിക്കും. അത്രയും വലിയ കള്ളക്കണക്കും വെട്ടിപ്പും, അഴിമതിയുമാണ് കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ളത്. അതെല്ലാം മാറി അതിന്റെ അലകും പിടിയും മാറ്റി കൃത്യ സമയത്ത് വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു. അതിനകത്ത് ഒരു ന്യൂനതയുണ്ട് സർ, സംസ്ഥാന ഗവൺമെന്റ് പ്ലാൻ ഫണ്ട് ഇനത്തിൽ ഗ്രാന്റായി കൊടുക്കുന്ന പണം കൃത്യസമയത്ത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നില്ല എന്തുകൊണ്ട് കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന് ആവശ്യമായ ട്രഷറി നിയന്ത്രണം പലപ്പോഴും തടസ്സമായി നിൽക്കുകയാണ്. ട്രഷറിയിൽ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾക്ക് അനുവദിക്കുന്ന പണം കൃത്യമായി ചെലവഴിക്കാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നില്ലായെങ്കിൽ പണം കൊടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് ഉറപ്പിച്ചുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ പ്ലാൻഫണ്ടിന്റെ പ്രവർത്തനങ്ങൾക്ക് ഏറ്റവും അവസാന ദിവസങ്ങളിൽ അനുവദിച്ച പണം ഇപ്പോഴും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ട്രഷറി നിയന്ത്രണത്തിൽനിന്നും ഇതിനെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാനപനങ്ങൾക്ക് ഈ വർഷത്തിന്റെ അവസാനം കൊടുത്ത തുക ശ്വാനൻമാരുടെ കയ്യിൽ പൊതിയാ തേങ്ങയെന്നുള്ള അവസ്ഥയിൽ എത്തരുത്. ആ പണം വിനിയോഗിക്കാനുള്ള സമയം നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സാജുപോൾ : ഇവിടെ ബഹുമാനപ്പെട്ട ഷാജു യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാരിക്കോരികൊടുത്തു പരിപുഷ്ടമാക്കിയെന്ന് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയിലെ നാല് എം.എൽ.എ. മാർ നിയമസഭയിൽ വന്നതല്ലാതെ കേരളത്തിൽ ജെ.എസ്.എസ്. ഭരിക്കുന്ന ഏതെങ്കിലും ഒരു പഞ്ചായത്തുണ്ടോ? അതുള്ള യു.ഡി.എഫ്.-ലേയും ഇടതുപക്ഷത്തിലേയും പാർട്ടികൾക്ക് അറിയാം ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ചെയ്ത കടുംകൈ എന്താണെന്നുള്ളത്. അതാണ് വകുപ്പുമന്ത്രിയുടെ പാർട്ടിക്കാരുൾപ്പെടെ കുറച്ചുമുൻപ് ഇവിടെ പറഞ്ഞത്. അല്ലാതെ വാചകക്കസർത്ത് നടത്തിയിട്ട് കാര്യമില്ല.

ശ്രീ. എ. എൻ. രാജൻ ബാബു : ബഹുമാനപ്പെട്ട സാജുപോൾ പറയുകയുണ്ടായി ജെ. എസ്. എസ്.-ന്റെ മെമ്പർമാർ പഞ്ചായത്തുകളിൽ ഇല്ല എന്ന്. അങ്ങയുടെ ഭാര്യ തന്നെ എന്റെ നിയോജകമണ്ഡലത്തിലെ തൊടിയൂരിലുള്ള ബ്ലോക്ക് മെമ്പറായിരുന്നു എന്നുള്ള വിവരം ഒരുപക്ഷേ സാജുപോളിന് അറിയില്ലേ ?

ശ്രീ. കെ. കെ. ഷാജു : ശ്രീ. സാജുപോളിനെപ്പോലുള്ള ആളുകൾ ഇന്നലെ പാർട്ടിയിൽ വന്നവരാണ് സർ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രവും അതിന്റെ പാരമ്പര്യവും അവർക്കൊന്നും അറിയാൻ പാടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയിൽ രൂപീകരിച്ചിട്ട് എത്രാമത്തെ വർഷമാണ് തെരഞ്ഞെടുപ്പിൽ നിന്നത്? ആദ്യത്തെ തെരഞ്ഞെടുപ്പിൽ നിന്ന എത്രയോ ആളുകൾക്ക് കെട്ടിവച്ച പണം നഷ്ടപ്പെട്ടു, ഒരാൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിൽ നിയമസഭയിലും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലും വന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചശേഷം മുപ്പത് മുപ്പത്തിയഞ്ചു വർഷം കഴിഞ്ഞിട്ടാണ്. ആ ചരിത്രമൊന്നും

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻ പാടില്ലാത്ത ശ്രീ. സാജുപോളിനെപ്പോലുള്ള അവസരം നോക്കി കൂടുന്ന ആളുകളുടെ കാര്യത്തിൽ എന്തു മറുപടി പറയാനാണ് സർ.

ശ്രീ. എ. എൻ. രാജൻ ബാബു : കമ്മ്യൂണിസ്റ്റ് പാർട്ടി 1957-മുതലാണ് അധികാരത്തിൽ വന്നത്. ആ നിയമസഭയിൽ തിരു-കൊച്ചിയിൽ നിന്നും അഞ്ച് എം.എൽ.എ. മാർ മാത്രമാണ്, സി. പി. ഐ. (എം)-ന് ഉണ്ടായിരുന്നതെന്നും, 94-മുതൽ നിലവിൽ വന്ന ജനാധിപത്യ സംരക്ഷണ സമിതിക്ക് നാല് അംഗങ്ങൾ ആണെന്നുള്ളതും ശരിയല്ലേ ?

ശ്രീ. കെ. കെ. ഷാജു : അതൊന്നും അറിവില്ലാത്ത ആളുകൾ ഈ അഭിപ്രായം പറഞ്ഞാൽ നമ്മൾ അതിന് മറുപടി പറയുന്നത് നമുക്ക് മോശം. 1920-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി താഷ്കന്റിൽ ഉണ്ടായി എന്നും 1925-ൽ കാൺപൂരിൽ ഉണ്ടായി എന്നും, അങ്ങനെയാണല്ലോ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം. അതിനുശേഷം ആ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ തെരഞ്ഞെടുക്കപ്പെട്ട അംഗം എന്നുണ്ടായി എന്ന് ആദ്യം സാജുപോളിനെപ്പോലുള്ള ആളുകൾ പഠിക്കണം. ഞങ്ങളുടെ പാർട്ടി 1994-ൽ ഉണ്ടായി. പത്തു വർഷം കഴിഞ്ഞപ്പോൾ ഈ നിയമസഭയ്ക്കകത്ത് നാല് ആളുകൾ വന്നിട്ടുണ്ടെങ്കിൽ മൊത്തമുള്ള രാഷ്ട്രീയ പാർട്ടിയുടെ ചരിത്രവുമായി താരതമ്യം ചെയ്താൽ അതൊരു നേട്ടം തന്നെയാണ്. ആളുകൾ കൂടിയപ്പോൾ ഒഴുകിപ്പോകുന്നു എന്നുള്ളതാണ് ചരിത്രമെങ്കിൽ ഇപ്പോൾ കുറഞ്ഞതിന്റെ കാര്യംകൂടി സാജുപോളിനെപ്പോലുള്ള ആളുകൾ മനസ്സിലാക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മുടെ തലസ്ഥാന നഗരിയുടെ വികസനത്തിനുവേണ്ടി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയുണ്ടാക്കി. തലസ്ഥാനത്തിന്റെ മുഖച്ഛായ മാറുകയാണ്. തലസ്ഥാനം മാത്രമല്ല, കൊച്ചി മോടിപിടിപ്പിക്കാൻ, കോഴിക്കോടിനെ നവീകരിക്കാൻ ഒക്കെ വേണ്ടിയുള്ള നിരവധി പദ്ധതികൾ, ആ പദ്ധതികളും പ്രവർത്തനങ്ങളുമൊക്കെയായി നമ്മൾ പോകുകയാണ്. ഐ. റ്റി. യെ സംബന്ധിച്ച്, ഐ. റ്റി. യുടെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കാൻവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഗ്രാമസഭ കൂടുന്നു, ഗ്രാമസഭകളെ സംബന്ധിച്ച് പറഞ്ഞു, ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് മെമ്പർമാർക്കുമാത്രമാകാൻ പാടില്ല. നമ്മൾ നിയമം പാസാക്കിയത് ശരിയാണ്, പക്ഷെ ഒരു ഗ്രാമപഞ്ചായത്തിലെ സർക്കാർ ജോലിക്കാർ അവിടത്തെ അദ്ധ്യാപകർ, അതുപോലെ അർദ്ധസർക്കാർ ജീവനക്കാർ ഇവർക്കെല്ലാപേർക്കും വാർഡുകളിൽ ചാർജുകൊടുത്തിട്ട് അവരുടെ കൂടി ഉത്തരവാദിത്വം ഈ വികസന പ്രക്രിയയിൽ വരാൻ വേണ്ടി സർക്കാർ ജീവനക്കാരേയും മറ്റുള്ളവരേയുംകൂടി ഇതിന്റെ ഭാഗമാക്കി മാറ്റണം. ഒരു പഞ്ചായത്തിൽ എത്രയോ സർക്കാർ ജീവനക്കാരുണ്ട്. എത്രയോ സ്കൂൾ അദ്ധ്യാപകരുണ്ട്, ഇവർക്കെല്ലാം ഓരോ ഗ്രാമസഭകളുടെ ചുമതലകൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ കഴിയണം. അവരുടെ സേവനംകൂടി ഇത്തരം കാര്യങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയണം എന്നാണ് എനിക്കു ഇതു സംബന്ധിച്ച് പറയാനുള്ളത്. ഗ്രാമവികസനത്തെ സംബന്ധിച്ച് പറയുമ്പോൾ പുനർവിന്യാസത്തിന്റെ പ്രശ്നങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. സത്യസന്ധനും, നിഷ്ക്കളങ്കനും, അഴിമതിയുടെ കറ തൊട്ടുതീണ്ടിയില്ലാത്ത ഉന്നതമായ വ്യക്തിത്വത്തിന്റെ ഉടമയുമാണ് ശ്രീ. സി. എഫ്. തോമസ്, അദ്ദേഹം കൈകാര്യം ചെയ്തുകൊണ്ടിരുന്ന വകുപ്പിലെ പുനർവിന്യാസത്തിന്റെ പ്രശ്നങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. അതിന് അടിയന്തിരമായ നടപടി സ്വീകരിക്കണം. ബി.പി.ൽ., എ.പി.എൽ-നെ സംബന്ധിച്ച് 17.23 ലക്ഷം കുടുംബമാണ് നമുക്കുള്ളത്. കേന്ദ്രം പറയുന്നത് 4.19 ലക്ഷം മാത്രമേ ഉള്ളൂ എന്നാണ്. ഇപ്പോൾ നമ്മൾ നടത്തിയിട്ടുള്ള നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി പത്തു ലക്ഷം ആളുകളെക്കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി കേന്ദ്രം സമ്മതിച്ചു എന്നാണ് പറയുന്നത്. അത്രയും ആശ്വാസം. പക്ഷെ സാമൂഹ്യ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയ കേരളത്തെ ഇതേപോലുള്ള കാര്യങ്ങളിൽ ശിക്ഷിക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. സാമൂഹ്യക്ഷേമ നടപടികൾ വളരെ മാതൃകാപരമായി നടപ്പാക്കിയ സംസ്ഥാനമെന്നുള്ള നിലയിൽ കേരളത്തിൽ ദാരിദ്ര്യ രേഖയെ സംബന്ധിച്ച് പ്രത്യേകമായ മാനദണ്ഡം ഉണ്ടാക്കണമെന്നാണ് എനിക്ക് അത് സംബന്ധിച്ച് പറയാനുള്ളത്. എസ്.ജി.ആർ. വൈ. പദ്ധതിക്ക് വേണ്ടത്ര അരി കിട്ടുന്നില്ല. എം.എൽ.എ. ഫണ്ടും അതുപോലുള്ള വികസന പ്രവർത്തനങ്ങളുംകൂടി ക്ലബ് ചെയ്യാൻ തീരുമാനിച്ചു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു സ്കീമിനുപോലും അരി അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എം.എൽ.എ. ഫണ്ടും അതുപോലെയുള്ള വികസന പ്രവർത്തനങ്ങളുമായി ക്ലബ് ചെയ്ത് കൂടുതൽ അരി ലഭിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന പദ്ധതി ഇഴയുകയാണ്. അതിന്റെ എസ്റ്റി മേറ്റ് എടുത്തു, റോഡ് അളന്നു, മണൽ ശേഖരിച്ചുകൊണ്ടുപോയി. പിന്നീട് പ്രവർത്തനം നിന്നു. ഇപ്പോഴും റോഡ് റോഡാകുന്നില്ല. ഗ്രാമീണ സഡക് യോജന പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. പഞ്ചായത്ത്രാജ് ഭരണസംവിധാനത്തിലൂടെ നമ്മുടെ നാട്ടിലെ വികസനം ഏറ്റവും താഴെത്തട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റവും ഭംഗിയായി നടത്താൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിലും അതുപോലെ ഗ്രാമവികസന വകുപ്പിലുമാണ്. അതിന്റെ പ്രവർത്തനം കുറ്റമറ്റതാക്കിത്തീർക്കാൻ ആകുന്നത്ര പരിശ്രമം ബന്ധപ്പെട്ട മന്ത്രിമാർ നടത്തിയിട്ടുണ്ട്. കൂടുതൽ വികസന പ്രവർത്തനങ്ങളുമായി ഏറ്റവും നന്നായി മുന്നോട്ടു പോകാൻ ആവശ്യമായ ഫണ്ട് കൊടുക്കണം. അത് പ്രവർത്തിക്കാനുതകുന്ന രൂപത്തിൽ വരുത്താനുള്ള നിശ്ചയദാർഢ്യം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : ശരിയായ സമയത്ത് ഗവണ്മെന്റ് ഫണ്ട് കൊടുക്കുന്നില്ല എന്നുള്ള ആരോപണം ശരിയാണ്. ഞാനത് അംഗീകരിക്കുന്നു. പദ്ധതികൾക്ക് കൊടുക്കുന്ന തുക വേണ്ടത്ര വിനിയോഗിക്കാത്ത പഞ്ചായത്തുകളുണ്ട്. അത് കണ്ടില്ലെന്ന് നടിക്കരുത്. അത്തരം പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുകൂടി വ്യക്തമാക്കണം.

ശ്രീ. കെ. കെ. ഷാജു : കൃത്യമായി പണം ഉപയോഗിക്കാതെ ലാപ്സാക്കുന്ന പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ഡിമാന്റുകളെ പിൻതുണയ്ക്കുകയാണ്.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി രക്തസാക്ഷിത്വം വരിച്ച രാജീവ് ഗാന്ധിയുടെ ഭരണകൂടം ഗ്രാമീണ ജനതയ്ക്ക് നൽകിയ മഹത്തായ സംഭാവനയാണ് അധികാര വികേന്ദ്രീകരണമെന്ന് പറയുന്ന ഈ നിയമം. ഈ നിയമം വന്നതിനുശേഷമുള്ള കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനത്തിലേയ്ക്ക് കണ്ണോടിച്ചു നോക്കണം. ശക്തമായ ഗ്രാമവും അതിനേക്കാൾ ശക്തമായ ജില്ലയും ഉണ്ടാകണം. രണ്ടിടത്തും ഇല്ലാത്ത ഒരിടപാടാണ് ബ്ലോക്ക് പഞ്ചായത്ത്. ഇത് കേരളത്തിലെ നിയമത്തിൽ എങ്ങനെയാണ് കടന്നുകൂടിയത്? പല സ്ഥലങ്ങളിലും ടു ടയർ സിസ്റ്റമാണുള്ളത്. ഇവിടെ ബ്ലോക്കു പഞ്ചായത്ത് അധികപ്പറ്റായി നിൽക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും പ്രവർത്തനങ്ങളെ പലപ്പോഴും തടസ്സപ്പെടുത്തുന്ന ഒരു ഘടകമായി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരുടെ സമിതി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിനൊരു നിയമഭേദഗതി കേരളത്തിനാവശ്യമാണ്. ഞാൻ ആ നിയമഭേദഗതി ബഹുമാനപ്പെട്ട മന്തിയുടെ മുമ്പിൽ വച്ചിരിക്കുകയാണ്. പ്ലാൻ തയ്യാറാക്കുന്നതും മറ്റുമെല്ലാം ഗ്രാമപഞ്ചായത്തുകളാണ്. അതിന് അന്തിമമായി അംഗീകാരം കൊടുക്കാൻ ജില്ലാ പ്ലാനിംഗ് സമിതിയുണ്ട്. അതിന്റെ ചെയർമാനെന്ന് പറയുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്. അതിനിടയിലുള്ള ബ്ലോക്ക് പഞ്ചായത്ത് ഇതിന്റെ എല്ലാ ഗതിയേയും മാറ്റിക്കൊണ്ടുപോകുകയാണ്. അതുകൊണ്ട് ശക്തമായ ജില്ലാ പഞ്ചായത്തും അതിനേക്കാൾ ശക്തമായ ഗ്രാമ പഞ്ചായത്തും ഉണ്ടാകുകയും അതിനിടയിൽ ത്രീ ടയർ സിസ്റ്റം നിർബന്ധമാണെങ്കിൽ ഒരു ഉപദേശക സമിതി എന്ന രൂപത്തിൽ തെരഞ്ഞെടുപ്പ് ഒഴിവാക്കിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാരും ആ സ്ഥലത്തെ എം. എൽ. എ.-യെ എക്സ് ഓഫിഷ്യോ അംഗമായോ എക്സ് ഒഫിഷ്യോ ചെയർമാനായോയുള്ള ഒരു ഉപദേശക സമിതി, ഇവ രണ്ടിനേയും അധികാര കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന ഒരു ഉപദേശക സമിതിയായി പ്രവർത്തിച്ചാൽ മാത്രമേ ഈ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാകൂ എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഗ്രാമപഞ്ചായത്തും

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ പഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും ഓരോ വഴിയിൽ കൂടി സഞ്ചരിക്കുന്നു. മൂന്നു ദിശയിൽക്കൂടിയുള്ള യാത്രയാണ് ഇവിടെ നടക്കുന്നത്. ഇത് കണ്ടുപിടിച്ചത് കേരള സർക്കാർ നിശ്ചയിച്ച സെൻ കമ്മിറ്റിയാണ്. ആ റിപ്പോർട്ടിൽ പറയുന്നത് ബ്ലോക്ക് പഞ്ചായത്ത് എടുത്തു കളയണമെന്നാണ്. അതിന്റെ ആവശ്യമില്ലെന്നാണ്. ആവശ്യമില്ലായ്മ എന്നു പറയുന്ന വാക്കിലേയ്ക്ക് എത്തുന്നില്ല. പകരം വേണ്ടത് ഒരു ഉപദേശക സമിതിയാണ്. ഇവ രണ്ടിനേയും യോജിപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തുണ്ടാക്കുന്ന പ്ലാനിനേയും ഗ്രാമ പഞ്ചായത്തുണ്ടാക്കുന്ന പ്ലാനിനേയും യോജിപ്പിക്കുന്ന രീതിയിലുള്ള, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ സഹായിക്കുന്ന ഒരു ടെക്നിക്കൽ വിംഗ് (എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള) കൂടി ഉണ്ടാകണം. സാങ്കേതിക വിദഗ്ദ്ധന്മാരുൾപ്പെടെയുള്ള ഒരു സമിതിയായി ഇത് പ്രവർത്തിക്കുകയും ചെയ്താൽ വികസന പ്രവർത്തനങ്ങളെ യാഥാർത്ഥ്യമാക്കുവാനും സുതാര്യമാക്കുവാനും കഴിയും. ഗ്രാമ പഞ്ചായത്തുകൾ തോന്നിയ പാടേ പോകുന്ന സ്ഥിതി ഉണ്ടാകില്ല. 1996-ൽ നിയമം ഉണ്ടാക്കിയതിനുശേഷം ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യത്തിൽക്കൂടുതൽ പണം കൊടുത്തു എന്നുതന്നെ ഞാൻ പറയുന്നു. യാതൊരു പ്രിപ്പറേഷനുമില്ലാതെ യാതൊരു പഠനവുമില്ലാതെ സാമ്പത്തിക മാനേജുമെന്റിനെക്കുറിച്ചൊരു പഠനവുമില്ലാതെ വെറും കൈയിൽ കുറേ പണം കൊടുക്കുകയും അത് എങ്ങനെയെങ്കിലും വിനിയോഗിച്ചു തീർക്കുകയും അവസാന നിമിഷം കഠിനമായ സമ്മർദ്ദം ഉപയോഗിച്ചുകൊണ്ട് ഈ പണം പല വഴിക്കും ഒഴുകിപ്പോയ സ്ഥിതിവിശേഷമാണ് ഉണ്ടായത്. ഈ പദ്ധതിയുടെ ആദ്യ വർഷം 1996-2000-ൽ ഞാൻ തിരുവനന്തപുരം നഗരസഭയിൽ കൗൺസിലറായിരുന്നു. ഞാൻ നേരിട്ട് മനസ്സിലാക്കിയതാണ്. തിരുവനന്തപുരം നഗരസഭയിലേയ്ക്കുവന്ന കോടിക്കണക്കിന് രൂപ പാർട്ടിയാഫീസുകളിലേയ്ക്ക് ഭാഗികമായിട്ടേ പോയിട്ടുള്ളൂ., പല ഉദ്യോഗസ്ഥരുടേയും പല പ്രമാണിമാരുടേയും പല ഇടത്തട്ടുകാരുടേയും കൈകളിലേയ്ക്കാണ് കോടിക്കണക്കിന് രൂപ പോയത്. 1995-ൽ തുടങ്ങി 2000-ൽ അവസാനിക്കുന്ന അഞ്ചു വർഷത്തിൽ കോടിക്കണക്കിന് രൂപയാണ് ഖജനാവിൽനിന്നും അപഹരിക്കപ്പെട്ടതെന്ന് എനിക്ക് ശരിക്ക് പറയാൻ കഴിയും. ഞാൻ ഇത് അന്വേഷിക്കണമെന്ന് പറഞ്ഞ് ഇത് ആരംഭിച്ച ഘട്ടം മുതൽ നിയമ യുദ്ധം നടത്തിയ ആളാണ്. ഞാൻ സുപ്രീം കോടതി വരെ പോയി. സുപ്രീം കോടതി അന്വേഷിക്കണമെന്ന് പറഞ്ഞു. അഞ്ചു വർഷമായി അന്വേഷിച്ചിട്ടില്ല. ആ ഫയൽ ഇപ്പോൾ ശ്രീ. എം. മുരളി ചെയർമാനായ ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ മുമ്പിലിരിക്കുകയാണ്. നഗ്നമായ പൊതുമുതൽ കൊള്ളയുടെ, ഖജനാവ് കൊള്ളയടിച്ചതിന്റെ ഒരുപാട് തെളിവുകൾ നിയമസഭാ സമിതിയുടെ മുമ്പിലിരിക്കുകയാണ്. ഇനിയെങ്കിലും പൊതുപ്രവർത്തകർ അഴിമതിക്കാരാകാതിരിക്കാൻ, പൊതുമുതൽ ചൂഷണം ചെയ്യാതിരിക്കാൻ, പൊതുമുതൽ തട്ടിക്കൊണ്ടു പോകാതിരിക്കാൻ വേണ്ടി ഈ നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടികൾ സ്വീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കുറ്റക്കാരെ കൈയാമം വച്ച് ജയിലിലേയ്ക്ക് എത്തിക്കാൻ തയ്യാറാകുന്ന ഒരു ധീരമായ നടപടിയിലേയ്ക്ക് സർക്കാർ പോകണം. നാളെകളിൽ പൊതു ഖജനാവ് കൊള്ളയടിക്കാതിരിക്കാനും ഇത്തരം പണം ദുർവിനിയോഗം ചെയ്യാതിരിക്കാനുമുള്ള ഒരു സാഹചര്യം നമ്മുടെ നാട്ടിലുണ്ടാക്കാൻ സർക്കാരിനു കഴിയണം എന്നാണ് എനിക്ക് പറയാനുള്ളത്. നഗരവൽക്കരണത്തിന്റെ പേരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തത്വദീക്ഷയില്ലാത്ത ചില നടപടികൾ കേരളത്തിൽ നടന്നു. അത് ഏറ്റവും കൂടുതൽ നടന്നത് തിരുവനന്തപുരത്താണ്. തിരുവനന്തപുരം നഗരം വികസിക്കണം. വികസിക്കുന്നതിൽ ഞങ്ങളാരും എതിരല്ല. രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തെ വികസിപ്പിക്കുന്നതിന്, തികച്ചും ഗ്രാമപ്രദേശങ്ങളെയും, പട്ടിണിപ്പാവങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും താമസിക്കുന്ന പഞ്ചായത്തുകളേയും കൂട്ടിച്ചേർത്തുകൊണ്ടാണ് വികസിപ്പിക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിലെ ആറ്റിപ്ര പഞ്ചായത്ത്, കർഷകത്തൊഴിലാളികളും, കൈത്തറിത്തൊഴിലാളികളും, മൽസ്യത്തൊഴിലാളികളും മാത്രമുള്ള പട്ടിണിക്കാരുടെ പ്രദേശമാണ്. ആ പ്രദേശത്തെ ഇപ്പോൾ നഗരത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്ത് നഗരവൽക്കരണമാണ്? എനിക്ക് മനസ്സിലാകുന്നില്ല. അതിന്റെ പേരുപറഞ്ഞ് പാവപ്പെട്ട പഞ്ചായത്തുകളെ ഇതിലേയ്ക്ക് ചേർത്ത്, രാഷ്ട്രീയ ലാഭം കൊയ്യുന്നതിനുവേണ്ടി, തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽനിന്നും ഏകദേശം 14 കിലോമീറ്റർ പോകണം ആറ്റിപ്ര പഞ്ചായത്തിലേയ്ക്ക്. തൊട്ടടുത്ത് 4 കിലോ മീറ്റർ അപ്പുറത്തുള്ള കുടപ്പനക്കുന്ന് പഞ്ചായത്ത് ചേർത്തിട്ടില്ല. എന്തുകൊണ്ട് ചേർത്തില്ല? അവിടെ ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. ആറ്റിപ്ര ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. ആറ്റിപ്ര പഞ്ചായത്തിൽ നിന്നും ഒരു കൗൺസിലർപോലും കഴിഞ്ഞ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ജയിച്ചു വന്നിട്ടില്ല. അതുകൊണ്ട് രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് ആ പഞ്ചായത്തിനെ ഇതിലേയ്ക്ക് കൂട്ടിച്ചേർത്തു. അതുകൊണ്ടുണ്ടായ നഷ്ടം എന്താണ്? കേന്ദ്രാവിഷ്കൃത പദ്ധതി, പാവപ്പെട്ട ദരിദ്രനാരായണൻമാർക്ക് കിട്ടേണ്ട കോടിക്കണക്കിന് രൂപ അഞ്ചു വർഷം എന്റെ നിയോജകമണ്ഡലത്തിലെ ആറ്റിപ്ര പഞ്ചായത്തിന് കിട്ടാത്ത സ്ഥിതിവിശേഷമുണ്ടായി. പാവപ്പെട്ട പഞ്ചായത്തുകൾക്കുണ്ടായ ദുർഗതിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും ഈ പഞ്ചായത്തിന് ലഭ്യമാകാതായി. അതുപോലെതന്നെ തിരുവല്ലം പഞ്ചായത്ത്. തിരുവല്ലം പാലം കഴിഞ്ഞാൽപ്പിന്നെ ഗ്രാമമാണ്. നേമം പഞ്ചായത്ത് പാപ്പനംകോട് കഴിഞ്ഞാൽ കുറ്റിക്കാടാണ്. അതിനെയാണ് ചേർത്തത്. പട്ടണത്തേക്കാൾ തിങ്ങിഞെരുങ്ങി ആളുകൾ താമസിക്കുന്ന വട്ടിയൂർക്കാവ് പഞ്ചായത്ത്. എം.ജി. കോളേജിനും മാർ ഇവാനിയോസ് കോളേജിനും ഇടയ്ക്ക് കിടക്കുന്ന സ്ഥലം അത് വേണ്ടേ സാർ? ഇങ്ങനെയുള്ള നഗരവൽക്കരണം ആവശ്യമാണോയെന്ന കാര്യം ചിന്തിക്കണം. ഇപ്പോൾ തീരുമാനം എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ആ നടപടിയിലേയ്ക്ക് കടക്കുന്നു എന്നു. ആ നടപടികളിലേയ്ക്ക് കടന്നിട്ടില്ല. ഈ പാവപ്പെട്ട പഞ്ചായത്തുകളെ പഞ്ചായത്തുകളാക്കി മാറ്റാൻ സർക്കാർ തീരുമാനിക്കണം. നഗരപ്രദേശത്തെ ചേർക്കട്ടെ, കുടപ്പനക്കുന്ന് പഞ്ചായത്തിനെ ചേർക്കട്ടെ, വട്ടിയൂർക്കാവ് പഞ്ചായത്തിനെ ചേർക്കട്ടെ. പട്ടണത്തിന് തത്തുല്യമായിട്ടുള്ള സ്ഥലമാണ് വട്ടിയൂർക്കാവ് പഞ്ചായത്തിന്റെ സിംഹഭാഗവും. എന്തിനാണ് ഈ പാവപ്പെട്ട ആറ്റിപ്ര പഞ്ചായത്തിനെ നഗരത്തോട് ചേർത്ത് അവിടുത്തെ പട്ടിണി പാവങ്ങളെ ദ്രോഹിക്കുന്നത്? ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. അതുകൊണ്ട് ആ തീരുമാനം വൈകാതെ എടുക്കണം. ഈ പഞ്ചായത്തിനെ ആറ്റിപ്ര പഞ്ചായത്തായി നിലനിർത്തുന്ന പ്രഖ്യാപനം സർക്കാർ ഇന്നിവിടെ നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടുംബശ്രീയിൽ ഏറ്റവും വിപ്ലവകരമായ- ഒരു പ്രവർത്തനമാണ് നടക്കുന്നത്. എൽ. ഡി. എഫ്.-ന്റെ കാലത്ത് കഴിഞ്ഞ 5 വർഷക്കാലം അവർക്ക് താൽപ്പര്യമുള്ള ചില പഞ്ചായത്തുകൾ മാത്രമാണ് കുടുംബശ്രീ പഞ്ചായത്തായിരുന്നത്. നേരത്തെ ഇവിടെ ശ്രീ. സാജുപോൾ സൂചിപ്പിച്ചു. അതിനുകൊടുത്ത ആനുകൂല്യങ്ങൾ ഇടതുമുന്നണിക്ക് മുൻതൂക്കമുള്ള വാർഡുകളിൽ മാത്രമായിരുന്നു. അത് മാറി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളെയും കുടുംബശ്രീ പദ്ധതിക്ക് കീഴിൽ കൊണ്ടുവരുവാൻ യു.ഡി.എഫ്. സർക്കാർ തയ്യാറായി. ഞാനതിന് ഈ സർക്കാരിനെ അനുമോദിക്കുന്നു. മാത്രമല്ല, ഇതിന് സംഘടനാപരമായ ഒരു സംവിധാനമുണ്ടായി. ഒരു വാർഡിലെ മുഴുവൻ കുടുംബശ്രീ യൂണിറ്റുകളെയും സംയോജിപ്പിച്ചുകൊണ്ട് ഏരിയ ഡെവലപ്മെന്റ് കമ്മിറ്റിയും അതുപോലെ ഒരു പഞ്ചായത്തിലെ മുഴുവൻ കുടുംബശ്രീ യൂണിറ്റുകളെയും സംഘടിപ്പിച്ചുകൊണ്ട് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയും രജിസ്റ്റർ ചെയ്തുകൊണ്ട് ഗ്രാമപ്രദേശത്തെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി, പട്ടിണി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി, ദാരിദ്ര്യം തുടച്ചുമാറ്റുന്നതിനുവേണ്ടിയുള്ള കർശനമായ പ്രവർത്തനങ്ങളുമായി കുടുംബശ്രീ മുന്നോട്ട് പോകുന്നു. കുടുംബശ്രീക്ക് ഈ ബഡ്ജറ്റിൽ കൂടുതൽ പണം അനുവദിച്ചുകൊണ്ട് അവർക്ക് കൂടുതൽ അവസരങ്ങൾ കൊടുത്താൽ നമ്മുടെ നാട്ടിലെ പട്ടിണി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. അതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച പലരും പഞ്ചായത്ത്രാജ് ആക്റ്റ്, നഗരപാലിക ആക്റ്റ് എല്ലാം കൊണ്ടുവന്നത് സഖാവ് ഇ.എം.എസ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാടാണെന്നും അതല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണെന്നുമുള്ള അർത്ഥത്തിൽ ഇവിടെ സംസാരിക്കുകയുണ്ടായി. 1982-ൽ അന്നത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റും പ്രധാനമന്ത്രിയുമായ ശ്രീ. രാജീവ്ഗാന്ധി കൊണ്ടുവന്ന പഞ്ചായത്ത്രാജ് ബിൽ, അത് ജനകീയ ഭരണമാറ്റത്തിന്റെ ഏറ്റവും വലിയ ഒരു കാൽവയ്പായിരുന്നു. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, അത് പാർല മെന്റിൽ അവതരിപ്പിച്ചപ്പോൾ ഒരു നിയമഭേദഗതിക്കാവശ്യമായ അംഗബലം

12.00 NOON] പാർലമെന്റിൽ ഇല്ലാതിരുന്നതുകൊണ്ട്, അന്നത്തെ ഇടതുപക്ഷം ഈ നിയമത്തിന് വിരുദ്ധമായി വോട്ടു ചെയ്തതുകൊണ്ട് അന്ന് ആ ബിൽ പാസ്സാക്കുന്ന സാഹചര്യമുണ്ടായിരുന്നില്ല. ഇന്ന് കേന്ദ്രത്തിൽ കോൺഗ്രസ്സി നോടൊപ്പം ഭരണത്തിൽ പങ്കാളിത്തം വഹിക്കുന്ന ഇടതുപക്ഷത്തിന് അന്നങ്ങനെ ഒരു തീരുമാനമെടുക്കാൻ സാധിച്ചിരുന്നെങ്കിൽ 10 വർഷങ്ങൾക്ക് മുൻപ് തന്നെ പഞ്ചായത്ത്രാജ് ബിൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന ഒരു സാഹചര്യ മുണ്ടാകുമായിരുന്നു. രാജീവ്ഗാന്ധി ഇതുകൊണ്ടുവരാൻ പ്രത്യേകമായ ഒരു കാര്യമുണ്ടായിരുന്നു. മഹാത്മാഗാന്ധി പറഞ്ഞതുപോലെ ഗ്രാമങ്ങളെ ശക്തമാക്കണം, ഗ്രാമങ്ങൾ വികസിക്കുമ്പോഴാണ് ഇൻഡ്യാ രാജ്യം ശക്തമാവുകയും വികസിക്കുകയും ചെയ്യുക. കഴിഞ്ഞ കുറച്ചുനാളത്തെ അനുഭവം കൊണ്ട് രാജീവ്ഗാന്ധിക്ക് ഒരു കാര്യം ബോധ്യമായിരുന്നു, ഒരു രൂപ സർക്കാർ വികസന ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുമ്പോൾ കേവലം 15 പൈസ മാത്രമാണ് വികസനത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നത്. ബാക്കി 85 പൈസയും മറ്റ് പല മേഖലകളിലേക്ക്, കോൺട്രാക്റ്റർമാർ, ബിനാമികൾ, ഉദ്യോഗസ്ഥൻമാരുംമടങ്ങുന്ന പലരുടെയും പോക്കറ്റുകളിലേക്ക് പോകുന്നതാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. അതുകൊണ്ടാണ് ജനകീയാസൂത്രണം എന്ന് ഇടതുപക്ഷം പറയുന്ന ആ പഞ്ചായത്ത്രാജ് ബിൽ ഉൾപ്പെടെയുള്ള നിയമ ഭേദഗതിക്ക് അദ്ദേഹം കാൽവയ്പ് നടത്തിയത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, അതിനിടയിൽ അദ്ദേഹം മരണപ്പെട്ടു. പിന്നീട് നിശ്ചയദാർഢ്യത്തോടെ അത് പാസ്സാക്കുന്ന സാഹചര്യമുണ്ടായി. 1991-96 കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന ശ്രീ. കെ. കരുണാകരന്റെയും ശ്രീ. എ. കെ. ആന്റണിയുടെയും നേതൃത്വത്തിലുള്ള യു. ഡി. എഫ്. ഗവൺമെന്റാണ് കേരളത്തിൽ ഇതിന് അനുസൃതമായ ഒരു നിയമം കൊണ്ടുവരികയും ഇത് നടപ്പിലാക്കാനുള്ള പുതിയ കാൽവയ്പ് ആരംഭിക്കുകയും ചെയ്തത്. പിന്നീട് ഇതിൽ ഭേദഗതികൾ കൊണ്ടുവരാൻ വേണ്ടി ഇടതുപക്ഷഗവൺമെന്റ് കൊണ്ടുവന്ന സെൻ കമ്മിറ്റി 5 വർഷം നീണ്ട പഠനം നടത്തിയിട്ടുപോലും യു. ഡി. എഫ്. ഗവൺമെന്റ് അന്ന് ഉണ്ടാക്കിയെടുത്ത പഞ്ചായത്ത്രാജ് നഗരപാലികാ ബില്ലിൽ നിന്ന് കാര്യമായ മാറ്റമുണ്ടാക്കാൻ അവർക്ക് സാധിച്ചില്ല. എന്താണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്? അധികാരം ജനങ്ങൾക്ക് നൽകാൻ, അധികാരം ജനങ്ങൾക്ക് പൂർണ്ണമായും വിട്ടുകൊടുക്കാൻ അന്ന് യു. ഡി. എഫ്. ഗവൺമെന്റ് തയ്യാറായിരുന്നു. അധികാരം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുക മാത്രമല്ല അത് നടപ്പിലാക്കാൻ വേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തിൽ നിന്നും 35% വരെ ധീരമായി തന്നെ പഞ്ചായത്ത്‌രാജ് ബില്ല് അനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും കൈമാറുന്ന ഒരു സാഹചര്യമുണ്ടായി. ഗവൺമെന്റിന്റെ മന്ത്രിമാർ കൈവശം വച്ചിരുന്ന ഒട്ടേറെ വകുപ്പുകൾ ജനകീയമായ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറാൻ അന്ന് യു. ഡി. എഫ്. കൊണ്ടുവന്ന ആ ഭരണത്തിൽ തന്നെ വ്യവസ്ഥയുണ്ടായിരുന്നു. അപ്പോൾ അധികാരം ജനങ്ങളിലേക്ക് എത്തിക്കാനും ആ അധികാരമനുസരിച്ച് ഭരണം നടത്താൻ 35%, ഒരു വർഷം ശരാശരി 1000-1200 കോടി രൂപ വരുന്ന വലിയതുകയാണ് ത്രിതല പഞ്ചായത്തുകൾക്ക് വേണ്ടി മാറ്റിവച്ചത്. അങ്ങനെയുള്ള വലിയ തുക മാറ്റിവയ്ക്കാനും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. ഞാൻ പറഞ്ഞുവരുന്നത്, യു. ഡി. എഫ്. ഗവൺമെന്റ് ഇപ്പോൾ പഞ്ചായത്ത്‌രാജിന്റെ കടയ്ക്കൽ കോടാലി വയ്ക്കുന്നു, അധികാരം തിരിച്ചുപിടിക്കാൻ പോകുന്നു, പണം തിരിച്ചുപിടിച്ചുകൊണ്ട് വീർപ്പുമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്നു എന്നുള്ള വലിയ പ്രചാരണമുണ്ട്. ഇത് കഴിഞ്ഞ 4 കൊല്ലമായി നമ്മുടെ സംസ്ഥാനത്ത് കേൾക്കുന്ന കാര്യമാണ്. ഇവിടെ കഴിഞ്ഞ നാലുവർഷമായി യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവരുന്ന എല്ലാ കാര്യങ്ങളെയും മുൻകൂട്ടിക്കണ്ടുകൊണ്ട് എതിർപ്രചരണം നടത്തി ഒന്നുകിൽ അതിനെ ഇല്ലായ്മ ചെയ്യുകയും അതല്ലെങ്കിൽ ഞങ്ങളാവശ്യപ്പെട്ടതുകൊണ്ടാണ് നടപ്പിലാക്കുന്നത് എന്ന് വരുത്തുകയും ചെയ്യുന്ന ഏറ്റവും വലിയ ഒരു പ്രവർത്തനമാണ് ഇടതുപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ത്രിതല പഞ്ചായത്തുകൾക്കായി ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 1350 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. അതുമാത്രമല്ല ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഏകദേശം 500 കോടി രൂപ ഇതുവരെയില്ലാത്ത രീതിയിൽ ആദ്യമായി സംസ്ഥാനത്ത് മെയിന്റനൻസ് ഗ്രാന്റുകൾക്കുവേണ്ടി ഈ പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊടുത്ത ഏറ്റവും വലിയ ഒരു ചരിത്രമുള്ളപ്പോഴാണ് പഞ്ചായത്തുകളുടെ അധികാരം തിരിച്ചുപിടിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് ആഗ്രഹിക്കുന്നു, പണം തിരിച്ചുപിടിക്കുന്നു എന്നെല്ലാമുള്ള പ്രചരണം ഉണ്ടാക്കിയിരിക്കുന്നത്. ജനകീയാസൂത്രണം എന്ന പേരിൽ കഴിഞ്ഞ 5 വർഷക്കാലത്ത് 1995-2000 വരെയുള്ള കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ കാര്യങ്ങൾ നമുക്കറിയാം. എന്തുകൊണ്ടാണ് യു. ഡി. എഫ്.-ന് ഇത്തവണ 100 സീറ്റ് ലഭിക്കാൻ കാരണമായത്? ഞാൻ പറയുന്നതല്ല, ഞാൻ വ്യക്തിപരമായോ പാർട്ടിപരമായോ പറയാൻ ആഗ്രഹിക്കുന്നില്ല. എതിർചേരിയിൽപ്പെട്ട ആളുകൾ തന്നെ ആക്ഷേപിക്കുകയും അതിനെക്കുറിച്ച് വിവാദങ്ങൾ ഉണ്ടാവുകയും ചെയ്തതാണ്. 1995-2000 കാലഘട്ടത്തിൽ ജനകീയാസൂത്രണമെന്ന് പേരിട്ടുകൊണ്ട് വിദേശത്ത് നിന്ന് ലഭിച്ച പണം ഉപയോഗിച്ച് കേരളത്തിന്റെ വികസനം അട്ടിമറിക്കാനും എതിർ പ്രചരണങ്ങളിലൂടെ നമ്മുടെ സംസ്ഥാനത്തിന് പുതിയ വികസനം ഉണ്ടാക്കിയെടുക്കാൻ പരിശ്രമിച്ചു. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണം. എന്താണ് സംഭവിച്ചത്? അർഹതപ്പെട്ട ആളുകളെ മാറ്റിനിർത്തികൊണ്ട് അനർഹരായ ആളുകൾക്ക് ആടുമുതൽ ആന വരെ, കോഴിമുട്ട മുതൽ കോഴിയെ വരെ കൊടുക്കാൻ, മറ്റ് പലതും കൊടുക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി യഥാർത്ഥത്തിൽ അർഹതപ്പെട്ട ആളുകൾ ഈ പ്രസ്ഥാനത്തിനെതിരായി വന്നു. ജനകീയാസൂത്രണമെന്ന് കേട്ടാൽ വലിയ ഭ്രാന്തിളകുന്ന ഒരവസ്ഥയിലാണ് പാവപ്പെട്ട ആളുകൾ. അപ്പുറത്തുള്ള ആളുകൾ ഗ്രാമസഭകളിൽ നിശ്ചയിക്കപ്പെടുന്ന അർഹതയുള്ള ആളുകളെ അട്ടിമറിക്കുകയും പാർട്ടി ഓഫീസിൽ നിന്ന് ലിസ്റ്റ് കൊടുക്കുന്നതനുസരിച്ചുള്ള ആളുകൾക്ക് ഫണ്ടും മറ്റാനുകൂല്യങ്ങളും കൊടുക്കുകയും ചെയ്തപ്പോൾ അനർഹനായ ഒരാൾക്ക് കിട്ടുമ്പോൾ അർഹരായ 100 പേർ എതിരാകുന്ന സാഹചര്യമുണ്ടായി. അവരെല്ലാം ഒരവസരത്തിന് വേണ്ടി കാത്തിരിക്കുമ്പോഴായിരുന്നു തെരഞ്ഞെടുപ്പ് വന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം ജനകീയാസൂത്രണത്തിന്റെ ഫലമായി അനർഹരായിട്ടുള്ള ആളുകൾക്ക് ഫണ്ട് കൊടുക്കുകയും ഗുണഭോക്താക്കളെ ഗുണഭോക്തൃ സമിതികളിലൂടെ നിശ്ചയിക്കുന്നതിനുപകരം പാർട്ടി ആഫീസുകളിൽ നിന്നും നിയമവിധേയമല്ലാത്ത രീതിയിൽ കൊടുത്ത ഒരുപാട് സമ്പത്ത് ചില പ്രത്യേക വിഭാഗത്തിലേയ്ക്ക് തടിച്ചുകൂടുകയും ചെയ്തപ്പോൾ അത് കിട്ടാതിരുന്ന പാവപ്പെട്ട ആളുകൾക്ക് മറ്റ് മാർഗ്ഗമില്ലാതെ വന്നു. അങ്ങനെ മറിച്ച് വോട്ട് ചെയ്യുന്ന സാഹചര്യം ഉണ്ടായി. അങ്ങനെയാണ് ഇത്രയും വലിയ ഭൂരിപക്ഷം യു.ഡി.എഫ്.-ന് ലഭിക്കാനിടയായത്. ഞാൻ പറഞ്ഞു വരുന്നത് മറ്റൊരു കാര്യമാണ്. ജനകീയാസൂത്രണത്തിന്റെ പേരിലുള്ള ഇത്തരം കളവുകളും പക്ഷപാതപരമായ പ്രവർത്തനങ്ങളും അനർഹരായ ആളുകൾക്ക് കൊടുക്കുന്ന ഒരുപാട് സംഭവങ്ങൾ ഉണ്ടായപ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനം തന്നെ പരിഹാസ്യപാത്രമായി മാറുന്ന ഒരു സാഹചര്യം ഉണ്ടായി. ആ കാലഘട്ടത്തിൽ ചെലവഴിച്ച പണത്തെക്കുറിച്ച് അക്കൗണ്ടബിലിറ്റി ഇല്ല. എത്ര പണം ഏത് ആവശ്യത്തിനു ചെലവഴിച്ചു എന്നു പറയാൻ സാധിക്കുന്നില്ല. സോഷ്യൽ ഓഡിറ്റിംഗ് അതിനെക്കുറിച്ച് വാതോരാതെ പറഞ്ഞിരുന്നു. ക്ലാസ് എടുത്തിരുന്നു. പക്ഷേ സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ ഒരു സംവിധാനമില്ല. പെർഫോമൻസ് ഓഡിറ്റിംഗ് എന്നു പറഞ്ഞ് ഒരു സംവിധാനം ഉണ്ടാക്കാൻ പരിശ്രമിച്ചു. അതിനുവേണ്ടി ഒരുപാട് ക്ലാസുകൾ നടത്തി. ഒരുപാട് പരിപാടികൾ ആവിഷ്ക്കരിച്ചു. പക്ഷേ അതൊന്നും നടത്താൻ പറ്റുന്ന സാഹചര്യം ഉണ്ടായില്ല. പലപഞ്ചായത്ത് ആഫീസുകളിലും എത്ര പണം ചെലവഴിച്ചു, ഏത് ആവശ്യത്തിനു ചെലവഴിച്ചു, ആർക്കൊക്കെ വേണ്ടി ചെലവഴിച്ചു എന്നു പറയാൻ സാധിക്കുന്ന തരത്തിൽ സോഷ്യൽ ഓഡിറ്റിംഗിനോ പെർഫോമൻസ് ഓഡിറ്റിംഗിനോ അതല്ലെങ്കിൽ സാധാരണ ഓഡിറ്റിംഗിനോ മറ്റ് ഓഡിറ്റിംഗിനോ പരിശോധിക്കാൻ വേണ്ട കണക്കുകൾ ഒന്നുമില്ലാത്ത സാഹചര്യമാണ് അന്ന് നിലവിൽ ഉണ്ടായിരുന്നത്. ആ അഞ്ച് കൊല്ലത്തെ കാലഘട്ടത്തിൽ ചെലവഴിച്ച

LIBRARY ARCHIVES Kerala Legislative Assembly

പണം എത്ര എന്നു പറയാൻ സാധിക്കുന്നില്ല. ഒരു വർഷത്തിൽ 1200 കോടി രൂപയോളം വരുന്ന, സംസ്ഥാനത്തിന്റെ 35 ശതമാനം വരുന്ന തുക കഴിഞ്ഞ 4 വർഷക്കാലം ഏകദേശം ഒരു 4,500 കോടി രൂപയുണ്ട്. 1995 - 2000 കാലഘട്ടത്തിൽ ജനകീയാസൂത്രണമെന്ന പേരിൽ നമ്മുടെ സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ വഴി ചെലവഴിക്കുകയുണ്ടായി. ആ കണക്കുകൾ പരിശോധിച്ചാൽ ആ കാലഘട്ടം കേരളത്തിന്റെ വികസന ചരിത്രത്തിൽ ഇരുണ്ട കാലഘട്ടമാണ്. എല്ലാ വികസനങ്ങളെയും പിന്നോട്ട് വലിക്കുന്ന, എല്ലാ വികസനവും തകർത്ത ഒരു കാലഘട്ടമായിരുന്നു അത്. ഏകദേശം 4,500 കോടി രൂപ അഞ്ച് വർഷം കൊണ്ട് ത്രിതല പഞ്ചായത്തുകൾ ധൂർത്തടിക്കുന്ന അവസ്ഥയുണ്ടായി. ഗുണഭോക്തൃ സമിതികളുടെ കൺവീനർമാർ പണം വാങ്ങി നാടുവിട്ടു. 7 വർഷം കഴിഞ്ഞിട്ടും അന്ന് വാങ്ങിയ കൺവീനർമാരിൽ നിന്നു പണം തിരിച്ചു പിടിക്കാൻ ഒരു വകുപ്പില്ല. 7 വർഷം കഴിഞ്ഞിട്ടും ആ കൺവീനർമാരെ നാട്ടിൽ കാണാനില്ല. 7 വർഷം കഴിഞ്ഞു. അന്നു തറക്കല്ലിട്ട പല പരിപാടികളും തുടങ്ങാൻ ഇന്നു സാധിക്കാത്ത സാഹചര്യമാണ്. അതുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് വ്യക്തമായ ഒരു തീരുമാനം എടുത്ത് ഈ പുതിയ ബില്ലിംഗ് സിസ്റ്റം ഉണ്ടാക്കിയെടുക്കാൻ കാരണമായത്. അക്കൗണ്ടബിലിറ്റിയില്ലാത്ത അവസ്ഥ, പെർഫോമൻസ് ഓഡിറ്റിംഗ് ഇല്ലാത്ത അവസ്ഥ, കണക്കിൽ ഒരു വ്യക്തതയും ഇല്ലാത്ത അവസ്ഥ മാറ്റി എടുക്കണം. അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെൻറ് വ്യക്തമായ ഒരു തീരുമാനം എടുത്തു. രണ്ടാം ധനകാര്യ കമ്മീഷന്റെ തീരുമാനത്തിനു വിധേയമായിക്കൊണ്ട് പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടുന്ന പണത്തിന് അക്കൗണ്ടബിലിറ്റി ഉണ്ടാകണം. ഉത്തരവാദിത്വം ഉണ്ടാകണം, സാമ്പത്തിക അച്ചടക്കമുണ്ടാകണം എന്നു തീരുമാനിച്ചു. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ ബില്ലിംഗ് സിസ്റ്റം ഉണ്ടായത്. ബില്ലിംഗ് സിസ്റ്റം ഉണ്ടായപ്പോൾ ഉണ്ടായ പ്രചരണം എന്താണ്? മാർച്ച് 31-ാം തീയതി അവസാന ദിവസമാണ്. കട്ട് ഓഫ് ഡേറ്റാണ്. അതുകൊണ്ട് അന്നേയ്ക്ക് ചെലവഴിക്കാത്ത പണമൊക്കെ തിരിച്ചു പിടിക്കണമെന്നാണ് പറയുന്നത്. അതിനുള്ള വ്യാപകമായ പ്രചരണമാണ് ഇതിനകത്തുള്ളത്. ഏതാണ്ട് രണ്ടാഴ്ച മുമ്പ് സമരം നടത്തി. ഇപ്പോഴും സമരം നടത്താൻ പോകുന്നു. നാട്ടിൽ മുഴുവൻ വലിയ പ്രചരണമാണ്. യു.ഡി.എഫ്. ഗവൺമെന്റ് പഞ്ചായത്തുകൾക്കു കൊടുത്ത പണം തിരിച്ചു പിടിക്കാൻ പോകുന്നു. വികസനത്തെ തടസ്സപ്പെടുത്തുന്നു എന്നൊക്കെയാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ആരോപണം. ഞാൻ ചോദിക്കട്ടെ, പണം ചെലവഴിക്കുന്നതായിട്ട്, നമ്മുടെ സംസ്ഥാനത്ത് 42 ഡിപ്പാർട്ടുമെന്റുകളുണ്ട്. ഈ 42 ഡിപ്പാർട്ടുമെന്റുകളും മാർച്ച് 31-ാം തീയതി അവസാന ദിവസമായി കണക്കുകൾ ക്ലോസ് ചെയ്യുന്നു. ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ അവരുടെ കണക്കുകൾ ആരംഭിക്കുന്നു. അങ്ങനെയാണെങ്കിൽ പഞ്ചായത്ത് ഏറ്റവും വലിയ ഒരു പ്രധാനപ്പെട്ട വകുപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പഞ്ചായത്തുകൾക്ക് മാത്രം അങ്ങനെ ഒരു കണക്ക് ഇല്ലാത്ത, ഒരു തീയതി ഇല്ലാത്ത അവസ്ഥയിൽ കഴിഞ്ഞ കാലഘട്ടങ്ങളിലെ അവസ്ഥയെപ്പോലെ 7 വർഷമായിട്ടും തുടങ്ങിയ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത ഒരുപാട് പ്രവർത്തനങ്ങളുണ്ട്. അതിന് തടസ്സമുള്ള എല്ലാ പ്രവർത്തനങ്ങൾക്കും വ്യക്തമായ നിശ്ചിതമായ ഒരു സമയപരിധിയുണ്ടാകണം. അതിനുവേണ്ടിയാണ് മാർച്ച് 31 എന്ന കട്ട് ഓഫ് ഡേറ്റ് വച്ചത്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് നമ്മളെ സംബന്ധിച്ചിടത്തോളം വരാൻ പോകുന്ന തെരഞ്ഞെടുപ്പ് കാലത്ത് ഒരു വലിയ ആയുധമാക്കിക്കൊണ്ട് യു.ഡി.എഫ്. പഞ്ചായത്തിനുമേൽ എന്തൊക്കെയോ ചെയ്യുന്നു, പഞ്ചായത്തിനെ ശ്വാസം മുട്ടിച്ച് അവരുടെ പണം കവർന്നെടുക്കാൻ പരിശ്രമിക്കുന്നു എന്നുള്ള വലിയ വ്യാപകമായ ഒരു പ്രചരണം അഴിച്ചു വിട്ടിരിക്കുകയാണ്. അല്പം വൈകിയാണ് നമുക്ക് പണം കൊടുക്കാൻ സാധിച്ചത്. അതുകൊണ്ടുതന്നെ മാർച്ച് 31 എന്നു പറയുന്നത് ഈ ജൂൺ 30 ആക്കി മൂന്നു മാസം കൂടെ മഴയില്ലാത്ത ഈ കാലഘട്ടത്തിൽ പണികൾ ത്വരിതപ്പെടുത്താൻ, ഏറ്റവും വേഗം ചെയ്തു തീർക്കാൻ കാലാവധി മൂന്നു മാസം കൂടി നീട്ടിക്കൊടുക്കണം. ഗ്രാമത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും നടപ്പിലാക്കാനും പദ്ധതികൾ പൂർത്തിയാക്കാനുമുള്ള കാലാവധി മൂന്നു മാസം കൂടി നീട്ടി കൊടുക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. മറ്റൊന്ന് ബഹുമാന്യനായ മന്ത്രി കുട്ടി അഹമ്മദ് കുട്ടിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അദ്ദേഹം അനാരോഗ്യംമൂലം ആപത്തുമൂലം ഇവിടെ വരാൻ സാധിച്ചില്ലെങ്കിലും ചാർജ് എടുത്തതുമുതൽ അപകടം ഉണ്ടാകുന്ന ഘട്ടത്തിനിടയിൽ പഞ്ചായത്തു ഭരണ സംവിധാനത്തെക്കുറിച്ച് വളരെ കാര്യമായി ചിന്തിച്ചാണ് അദ്ദേഹം 500 കോടി രൂപയോളം ആദ്യമായിട്ട് പഞ്ചായത്തുകൾക്ക് നടപ്പ് വർഷം മെയിന്റനൻസ് ഗ്രാന്റിനുവേണ്ടി ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. അദ്ദേഹത്തിന്റെ വലിയ ഇച്ഛാശക്തി പഞ്ചായത്തുകളെ ശക്തിപ്പെടുത്തണം എന്നുള്ളതാണ്. പഞ്ചായത്തുകളുടെ ഭരണത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം മുൻകൂട്ടികണ്ടുകൊണ്ടാണ് ഇത് നടപ്പിലാക്കിയത്. അദ്ദേഹത്തെ ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ രാജ്യത്ത് മൊത്തത്തിൽ പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്ന ഒരു കാലഘട്ടമാണ്. വലിയ ഒരു പ്രചരണം ആരംഭിച്ചിരിക്കുന്നു, യു. ഡി. എഫ്. ഗവൺമെന്റ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുകയില്ലെന്ന്. ഇനി നമുക്ക് വ്യക്തമായ ഒരു തീരുമാനമുണ്ടാകണം. ഭരണഘടനാപരമായി തന്നെ 5 വർഷം കഴിഞ്ഞു പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുക എന്നുള്ളത് ആവശ്യമായ കാര്യമാണ്. നിശ്ചിത സമയത്തു തന്നെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കണം. അതിനുമുമ്പു തന്നെ വാർഡ് വിഭജനം നടക്കുന്ന ഒരു സാഹചര്യം ഉണ്ടാകണം. ഈ വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ അവിടെ പലരും പറയുന്നതുകേട്ടു. കഴിഞ്ഞ 2000-ൽ നടന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അന്നത്തെ മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി, ഇടതുപക്ഷത്തിന്റെ പിണിയാളായി പ്രവർത്തിച്ച സംസ്ഥാന ഇലക്ഷൻ കമ്മീഷൻ അംഗം, അദ്ദേഹം വാർഡുകൾ ഇടതുപക്ഷ ആഫീസുകളിൽ നിന്നു കൊടുത്ത ലിസ്റ്റനുസരിച്ച് നമ്മുടെ പഞ്ചായത്തിന്റെ വാർഡുകൾ വെട്ടിമുറിച്ചു. ഭരണം അവർക്ക് സുഗമമായി പിടിച്ചെടുക്കാൻ കഴിയുന്ന രീതിയിലാണ് ചെയ്തത്. അത് കഴിഞ്ഞ് ആറ് മാസം കഴിഞ്ഞപ്പോഴേക്കും അദ്ദേഹം ഇലക്ഷൻ കമ്മീഷൻ സ്ഥാനം രാജിവെച്ച് ഇടുക്കിയിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മൽസരിക്കുകയും ദയനീയമായി പരാജയപ്പെടുകയും ചെയ്ത ചിത്രം നമ്മുടെ മനസിലുണ്ട്. നമ്മുടെ ഗവൺമെന്റ് അതിനു വിപരീതമായി, ഒന്ന് എന്നുള്ളതിനു പകരം മൂന്നു പേരുടെ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഏറ്റവും നീതിപൂർവ്വമായി സത്യസന്ധമായി രാഷ്ട്രീയ ഇടപെടൽ കൂടാതെ തന്നെ വാർഡുകൾ വിഭജിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. നിശ്ചിത സമയത്തുതന്നെ വാർഡ് വിഭജനം പൂർത്തിയാക്കണം. നിശ്ചിത സമയത്തുതന്നെ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുന്ന ഒരു സാഹചര്യം നമുക്ക് വളർത്തി എടുക്കണം. നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായ ഒരു ആക്ഷേപം ഇപ്പോൾ നേരത്തെ പറഞ്ഞതുപോലെ പഞ്ചായത്തു പ്രസിഡന്റിനെ നേരിട്ട് തെരഞ്ഞെടുക്കുന്ന ഒരു സംവിധാനമാണ്. കഴിഞ്ഞ 5 വർഷക്കാലം നമ്മുടെ സംസ്ഥാനത്ത് കുതിരക്കച്ചവടം നടത്തി അടവ് നയം ഉപയോഗിച്ച് ഒരുപാട് യു.ഡി.എഫ്. പഞ്ചായത്തുകളെ തിരിച്ചു പിടിക്കുകയും മറിച്ചിടുകയും ചെയ്ത ഒരു പാരമ്പര്യം നമ്മുടെ മനസ്സിലുണ്ട്. ഇന്നു നിലവിലുള്ള വിപ്പ് എന്നു പറയുന്ന പഞ്ചായത്തംഗങ്ങളെ നിയന്ത്രിക്കുന്ന വിപ്പ് പൂർണ്ണമല്ല. പഞ്ചായത്ത് സ്ഥാനാർത്ഥികളായി മൽസരിക്കാൻ ചിഹ്നം അനുവദിക്കുന്നത് രാഷ്ട്രീയ പാർട്ടിയുടെ ഏത് ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളാണോ ആ ആൾക്ക് തന്നെ വിപ്പ് കൊടുക്കാനും തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരെ നിയന്ത്രിക്കാനും കഴിയുന്ന രീതിയിൽ വിപ്പിൽ മാറ്റം വരുത്തണം. ഗ്രാമസഭകൾ ഗ്രാമത്തിന്റെ ആണിക്കല്ലുകളാണ്. അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതാണ് ഗ്രാമസഭകൾ. അവിടെയാണ് ഇന്ന് ഏറ്റവും കൂടുതലായി വലിയ മാറ്റങ്ങൾ ഉണ്ടാകേണ്ടത്. ആദ്യകാലഘട്ടങ്ങളിൽ ഗ്രാമസഭകളിൽ വരുന്നവർക്ക് എന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷയിലാണ് വരുന്നത്. ഇന്ന് അങ്ങനെയുള്ള പ്രതീക്ഷകൾ അസ്ഥാനത്തായിരിക്കുന്നു. അതുകൊണ്ട് ഗ്രാമസഭകൾ ശക്തമാക്കാൻ പഞ്ചായത്ത് താല്പര്യം കാണിക്കണം. കുടുംബശ്രീയെക്കുറിച്ചു പറയുമ്പോൾ അത് പറയാതെ പോയാൽ ഈ ചർച്ച പൂർണ്ണമാവുകയില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നു ഭിന്നമായി കുടുംബശ്രീകൾ നമ്മുടെ സംസ്ഥാനത്ത് ശക്തമാണ്. മുൻ കാലങ്ങളിൽ എന്താണുണ്ടായത്? ചുവന്ന ബ്ലൗസ് ഇട്ട് സെറ്റുമുണ്ടിട്ട് ജാഥയിലേയ്ക്ക് വരാൻ തയ്യാറുള്ളവരെമാത്രം കുടുംബശ്രീ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളാക്കുകയും അവർക്ക്മാത്രം സഹായം കൊടുക്കുകയും ചെയ്തു. ഒരു കാലഘട്ടത്തിൽ നിന്നു ഭിന്നമായി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓരോ വാർഡിലും ആർക്ക് വേണമെങ്കിലും എന്തു തൊഴിലും സംഘടിപ്പിക്കാൻ അവർക്കെല്ലാം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. വനിതാ സഹകരണ ബാങ്കുകളിൽനിന്നും വായ്പ മേടിക്കുവാൻ സാധിക്കുന്ന അത്രമാത്രം വലിയ ഒരു വ്യവസായ സംരംഭമായി മാറിയിക്കുകയാണ്. കൊച്ചു കൊച്ചു വ്യവസായ സംരംഭങ്ങൾ കുടുംബശ്രീയുടെ പേരിൽ നടക്കുകയാണ്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കുടുംബശ്രീകൾ നമ്മുടെ സമൂഹത്തിൽ ഇന്ന് ഏറ്റവും വലിയ ഒരു പ്രവർത്തന മേഖലയായി മാറിയിരിക്കുകയാണ്. ഒരു ഭർത്താവിനു ലഭിക്കുന്ന, ഒരു കുടുംബനാഥനു ലഭിക്കുന്ന തുച്ഛമായ വരുമാനത്തോടൊപ്പംതന്നെ കുടുംബശ്രീകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു ലഭിക്കുന്ന ചെറിയ ചെറിയ ചില്ലിക്കാശൊക്കെ കൂട്ടി കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്ന തരത്തിൽ കക്ഷി രാഷ്ട്രീയമില്ലാതെ എല്ലാവരേയും സംഘടിപ്പിച്ച് കാശ് കൊടുക്കുവാൻ സാധിക്കുന്ന ഒരു സംവിധാനം ഇന്ന് കുടുംബശ്രീ വഴി തുറന്നിരിക്കുകയാണ്. അയൽക്കൂടങ്ങൾ ശക്തിപ്പെടുത്തിയിരിക്കുന്നു. ഞാൻ വളരെ നീണ്ട കാര്യത്തിലേക്ക് കടക്കുന്നില്ല. ബഹുമാന്യനായ സി. എഫ്. തോമസ്, അദ്ദേഹം ശാന്ത ഗാംഭീര്യത്തോടെ ഏറ്റവും നന്നായി, എല്ലാവർക്കും സ്വീകാര്യനായി ഭരണം നടത്തുന്ന ഏറ്റവും പ്രഗത്ഭനായ ഒരു വ്യക്തിയാണ്. സാമൂഹ്യ വികസന രംഗത്ത് ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന അദ്ദേഹത്തിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. രണ്ടാം ധനകാര്യ കമ്മീഷൻ പറയുന്നതുപോലെതന്നെ മൂന്നാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനത്തോടൊപ്പം പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി ഒരിക്കൽക്കൂടി കൂട്ടിക്കൊടുക്കുന്നതിനും കുറേക്കൂടി ശക്തമാക്കുന്നതിനും ശ്രമിക്കണം. പഞ്ചായത്തുകൾ ശക്തിപ്പെടുമ്പോഴാണ് ഗ്രാമങ്ങൾ ഏറ്റവും കൂടുതൽ ശക്തിപ്പെടുന്നത് എന്നുള്ളതുകൊണ്ട് മൂന്നാം ധനകാര്യ കമ്മീഷനിലൂടെ പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി ഉയർത്തിയെടുക്കുവാൻ സർക്കാർ പ്രത്യേകം താല്പര്യമെടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

ശ്രീ. കെ. ബാബു : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി അനുകൂലിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഞങ്ങൾക്കെതിരായി എൽ.ഡി.എഫ്. നടത്തിയ ഒരു പ്രധാന പ്രചരണം യു. ഡി. എഫ്. അധികാരത്തിൽ വന്നാൽ പഞ്ചായത്ത്രാജ് നിയമം അട്ടിമറിക്കും. പഞ്ചായത്ത്രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ലഭിച്ചിട്ടുള്ള അധികാരം

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അട്ടിമറിക്കും എന്നായിരുന്നു. എന്നാൽ നാലു കൊല്ലക്കാലത്തെ ഭരണം മുന്നോട്ടു പോയപ്പോൾ പഞ്ചായത്തുകളുടെ ഭരണം അട്ടിമറിക്കുകയല്ല, പഞ്ചായത്തുകളെ കൂടുതൽ ശാക്തീകരിക്കുകയാണ് ചെയ്തത് എന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ പഞ്ചായത്ത് അംഗങ്ങളെക്കൊണ്ട് സെക്രട്ടേറിയറ്റ് ധർണ്ണ നടത്തി. ഞങ്ങൾ പഞ്ചായത്തുകളെ ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്നു. പഞ്ചായത്തിന്റെ ജനാധിപത്യ സ്വഭാവം തകർക്കാൻ ശ്രമിക്കുന്നു എന്നാണ് ആക്ഷേപം. ഈ ഗവൺമെന്റ് വന്നതിനുശേഷം കുടുംബശ്രീ പ്രവർത്തനങ്ങളായാലും ആശ്രയ പദ്ധതിയായാലും അത് താഴേത്തട്ടിൽ നടപ്പിലാക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ സജീവമായി നടത്തുന്നതിനും ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ ഭരിച്ചിരുന്ന അഞ്ചുകൊല്ലക്കാലംകൊണ്ട് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് തുക 3325 കോടി രൂപയാണ്. യു.ഡി.എഫ്. സർക്കാർ വന്ന് നാലുകൊല്ലം ഭരിച്ചപ്പോൾ 4288 കോടി രൂപ കൊടുത്തു കഴിഞ്ഞു. അഞ്ചു കൊല്ലം കൊണ്ട് 3325 കോടി രൂപ കൊടുത്ത എൽ.ഡി.എഫ്. ആണോ നാലു വർഷം കൊണ്ട് 4288 കോടി രൂപ നല്കിയ യു.ഡി.എഫ്. ആണോ പഞ്ചായത്തുകളെ ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്നത് എന്ന് മുൻ പ്ലാനിംഗ് ബോർഡ് മെമ്പർ കൂടിയായിരുന്ന പഞ്ചായത്ത് രാജ് നടപ്പാക്കുന്നതിന് പ്ലാനിംഗ് ബോർഡിൽ ആദ്യം ചുക്കാൻ പിടിച്ചിരുന്ന ഡോ. തോമസ് ഐസക് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വർഷം തന്നെ .....

ഡോ. തോമസ് ഐസക് : കൊടുത്ത പണത്തെക്കുറിച്ചാണോ അനുവദിച്ച പണത്തെക്കുറിച്ചാണോ അങ്ങ് പറയുന്നത്? ബഡ്ജറ്റിൽ എഴുതിവച്ച പണമാണോ അതോ യഥാർത്ഥമായി കൊടുത്ത പണമാണോ?

ശ്രീ. കെ. ബാബു : ഏതായാലും കൊടുത്ത പണത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ വർഷം തന്നെ 1148 കോടി രൂപ കൊടുത്തു കഴിഞ്ഞു. ഇവിടെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുകളിൽ ബില്ലിംഗ് സമ്പ്രദായം വന്നതുകൊണ്ട് പഞ്ചായത്തുകൾക്കുള്ള പ്രവർത്തനത്തിൽ സ്വാതന്ത്ര്യമില്ല. പക്ഷേ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പദ്ധതി നിർവ്വഹണത്തിന് അഡ്വാൻസ് വാങ്ങിപ്പോയ കൺവീനർമാരെ കണ്ടെത്താൻ നിങ്ങളുടെ പാർട്ടി ശ്രമം നടത്തുമോ? നിങ്ങളുടെ പാർട്ടിക്കാരായ ആളുകളായിരുന്നു ബഹുഭൂരിപക്ഷം കമ്പനികളും. ഇപ്പോൾ യഥാർത്ഥത്തിൽ എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഈ സർക്കാർ ഒരു പരസ്യം കൊടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പദ്ധതി വിഹിതം അഡ്വാൻസ് വാങ്ങി ഒളിച്ചുപോയ കൺവീനർമാരെ കണ്ടെത്താനുള്ള ഒരു പരസ്യം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ പാർട്ടിക്ക് ഒരു സാമാന്യ മര്യാദയുണ്ടെങ്കിൽ ഈ അഡ്വാൻസ് പണം തിരിച്ച് അടയ്ക്കുവാൻ നിങ്ങളുടെ പാർട്ടിക്കാരെ ഉപദേശിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബില്ലിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിന് ഇടയാക്കിയത് ഈ പഞ്ചായത്തുകളിലെ കൊള്ള ഒന്നു മാത്രമാണ്. അതുകൊണ്ട് ഈ ബില്ലിംഗ് സമ്പ്രദായം കർക്കശമായി നടപ്പാക്കുമ്പോൾ അക്കൗണ്ടബിലിറ്റി ഉണ്ടാകും. പെർഫോമൻസ് ആഡിറ്റിംഗ് സമ്പ്രദായം ശക്തമാക്കണം. അതോടൊപ്പംതന്നെ ഒരു കാര്യം ഡോ. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ പണം അനുവദിച്ചാൽ മാത്രം പോര, അത് പഞ്ചായത്തുകൾക്ക് കിട്ടണം. അത് ചെലവാക്കുവാനുള്ള അവസരം ഉണ്ടാകണം. ഈ രണ്ടു പ്രശ്നങ്ങളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണം കൊടുത്തു. പക്ഷേ ആ പണം നമ്മുടെ നാട്ടിൽ പദ്ധതികൾക്കുവേണ്ടി വിനിയോഗിച്ചിട്ടില്ല. പദ്ധതികൾക്കുവേണ്ടി ചെലവാക്കുവാൻ സാധിച്ചിട്ടില്ല. ആ പണം ധൂർത്തടിക്കപ്പെട്ടു. വളരെയധികം സംഖ്യ ധൂർത്തടിക്കപ്പെട്ടു. പല ആഡിറ്റുകളിലൂടെയും അന്വേഷണങ്ങളിലൂടെയും അത് തെളിഞ്ഞിട്ടുള്ളതാണ്. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്ന പരിപാടി നിങ്ങളുടെ കാലത്തും ഉണ്ടായിട്ടുണ്ട്. പ്രഖ്യാപിച്ച പണം പഞ്ചായത്തുകൾക്ക് കിട്ടിയിട്ടില്ല. പദ്ധതി വിഹിതം രണ്ടുമൂന്നു പ്രാവശ്യം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വെട്ടിക്കുറച്ച ചരിത്രമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് പറയുമായിരിക്കും. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറഞ്ഞു പോകുന്നില്ല. അതുകൊണ്ട് ഈ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സ്പിൽഓവർ അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ സ്പിൽഓവർ അനുവദിക്കുന്നതിനെക്കുറിച്ച് നിർദ്ദേശിക്കുകയുണ്ടായി. എന്റെ ശക്തമായ നിർദ്ദേശം സ്പിൽഓവർ അനുവദിക്കണം. എന്താണ് കാരണമെന്ന് അറിയാമോ? ഇല്ലെങ്കിൽ യു.ഡി.എഫ്.-ന്റെ കാലത്ത് പഞ്ചായത്തുകളെ ശ്വാസം മുട്ടിച്ചുവെന്നുള്ള പ്രചരണവുമായി ഇവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നമുക്കെതിരായി, യു.ഡി.എഫിനെതിരായി രംഗത്തു വരും. അതുകൊണ്ട് ആ പ്രചരണത്തിന്റെ മുന ഒടിക്കുവാൻ സ്പിൽഓവർ അനുവദിക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അതോടൊപ്പം തന്നെ പഞ്ചായത്തുകളിൽ ഇപ്പോൾ അഞ്ചു കൊല്ലക്കാലം എൽ.ഡി.എഫ്.-ന്റെ കാലത്ത് ജനകീയാസൂത്രണം നടന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് കേരള വികസന പദ്ധതി നടപ്പിലാക്കി. ഏകദേശം പത്തു കൊല്ലമാകുകയാണ്. ഈ പത്തു കൊല്ലമായ സാഹചര്യത്തിൽ നമുക്ക് പഞ്ചായത്ത് നഗരപാലിക നിയമം പ്രായോഗികമായി നടപ്പാക്കിയതിനെക്കുറിച്ച് ഒരു പുനരവലോകനം നടത്താൻ സമയമായി. അത് ഒരു രാഷ്ട്രീയ പ്രശ്നമല്ല. എൽ.ഡി.എഫി.ലെയും യു.ഡി.എഫിലെയും കക്ഷികൾ ഒരുമിച്ചു നിന്നുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തുകളെ ഗ്രാമീണ സർക്കാരുകളാക്കി മാറ്റിയെടുക്കണമെന്നുള്ള സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിന്, പാളിച്ചകളും പോരായ്മകളും

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുവാൻ, കേരള വികസന പദ്ധതി പുനരവലോകനം ചെയ്യാൻ സമയമായിരിക്കുന്നു. അത് പുനരവലോകനം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അതിന് കക്ഷി നേതാക്കൻമാരുടെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിക്കൊണ്ട്, അത് കേരള സാഹചര്യത്തിൽ കൂടുതൽ എങ്ങനെ ഫലപ്രദമാക്കാൻ സാധിക്കുമെന്നുള്ളതിന് ഒരു പുനരവലോകനം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഞങ്ങൾ എ.ഡി.ബി. വായ്പ എടുത്തപ്പോൾ നിങ്ങൾ ഒരുപാട് ആക്ഷേപം പറഞ്ഞു. ഇവിടത്തെ കോർപ്പറേഷനുകളെല്ലാം നിങ്ങളാണ് ഭരിക്കുന്നത്. തൃശ്ശൂർ ഒഴിച്ച് എല്ലാ കോർപ്പറേഷനുകളും നിങ്ങളാണ് ഭരിക്കുന്നത്. നിങ്ങൾ എന്തിനാണ് എ.ഡി.ബി. വായ്പയെടുക്കുന്നത്? എ.ഡി.ബി. വായ്പ ആവശ്യമുണ്ട്. പക്ഷേ എ.ഡി.ബി. വായ്പ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി, പഞ്ചായത്തുകളിലേയും നഗരസഭകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി ഉപയോഗിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കോഴിക്കോട്ട് മേയർ തോട്ടത്തിൽ രവീന്ദ്രൻ അതുപോലെ തിരുവനന്തപുരം മേയർ എല്ലാ മേയർമാരും എ.ഡി.ബി. വായ്പ എടുക്കുന്നുണ്ട്. എ.ഡി.ബി. വായ്പയ്ക്കെതിരായി നിങ്ങളുടെ ജീവനക്കാരും നിങ്ങളുടെ പാർട്ടിക്കാരും കോർപ്പറേഷൻ ഓഫീസിന്റെ മുന്നിൽ സമരം നടത്തിയപ്പോൾ എ.ഡി.ബി.ക്കാരെ പുറകിലെ വാതിലിലൂടെ അകത്തു കയറ്റി റെക്കോർഡുകൾ കൊടുക്കുന്ന നിങ്ങളുടെ ഈ നാണംകെട്ട സമ്പ്രദായം ഒന്ന് അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ, എ.ഡി.ബി. വായ്പ സംസ്ഥാന ഗവൺമെന്റ് വാങ്ങിയതിന് പ്രത്യേകിച്ച് സി.പി.എം. അതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രക്ഷോഭത്തെപ്പറ്റിയാണല്ലോ അങ്ങ് ചൂണ്ടിക്കാണിക്കുന്നത്. കേരള സംസ്ഥാന വ്യാപകമായി എ.ഡി.ബി. പുറത്തു പോകണമെന്ന് പറഞ്ഞ് ഓഫീസൊക്കെ തല്ലിത്തകർത്തുകൊണ്ട് വലിയ സമരം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് തോട്ടത്തിൽ രവീന്ദ്രൻ അടക്കമുള്ള മേയർമാർ ഒരു കുടയും കുഞ്ഞുപെങ്ങളും എന്നമട്ടിൽ കൂടപിടിച്ചു കൊടുത്ത് എ.ഡി.ബി. സംഘത്തെ ആനയിച്ചുകൊണ്ടു പോയത്. നമ്മുടെ മത്തായി ചാക്കോ അതിന്റെ അകലെയൊക്കെ നിന്ന് മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ബാബു : സർ, ഇത് ശ്രദ്ധയിൽപ്പെട്ടു എന്നു മാത്രമല്ല, എൽ.ഡി.എഫ്.-ന്റെ പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ എ.ഡി.ബി.യോടുള്ള സമീപനത്തെ സംബന്ധിച്ചുള്ള ഇരട്ടത്താപ്പ്, അവരുടെ മുഖംമൂടി വലിച്ചുമാറ്റാൻ ഈ സംഭവങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് ഇന്ന് സഹായം ചെയ്തുകൊടുത്തിരിക്കുകയാണ്. കൊച്ചിയുടെ വികസന പദ്ധതികൾക്ക് രൂപം നൽകാൻ വേണ്ടി സദുദ്ദേശത്തോടുകൂടി പ്രത്യേകമായ ഒരു നിയമത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കപ്പെട്ടതാണ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി. നഗരപാലിക-പഞ്ചായത്ത്രാജ് നിയമം നടപ്പിലായതോടെ ഡെവലപ്പ്മെന്റ് അതോറിറ്റികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പ്ലാനിംഗിന്റെ ചുമതല ഡെവലപ്പ്മെന്റ് അതോറിറ്റികൾക്ക് ലഭിക്കത്തക്കവിധത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ എങ്ങനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാം എന്നതിനെപ്പറ്റി ആലോചിക്കണം. മദ്രാസ് ഡെവലപ്പ്മെന്റ് അതോറിറ്റി, ഡൽഹി മെട്രോപൊളിറ്റൻ അതോറിറ്റി, ഹൈദ്രാബാദ് ഡെവലപ്പ്മെന്റ് അതോറിറ്റി എന്നിവ നഗരപാലിക-പഞ്ചായത്ത് രാജ് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ ഡെവലപ്പ്മെന്റ് അതോറിറ്റികൾ എങ്ങനെ പഞ്ചായത്ത് രാജ് നഗരപാലിക നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് ഗൗരവമായി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ടോൾ ആക്ടിൽ ഭേദഗതി കൊണ്ടുവന്നു. നേരത്തെ P.W.D. യ്ക്ക് മാത്രമേ ടോൾ പിരിക്കാനുള്ള അനുവാദം ഉണ്ടായിരുന്നുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം ടോൾ ആക്ട് ഭേദഗതി ചെയ്തു. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി ടോൾ പിരിക്കാനുള്ള വ്യവസ്ഥയുണ്ട്. പക്ഷേ ഡെവലപ്പ്മെന്റ് അതോറിറ്റികൾക്ക് ടോൾ പിരിക്കാനുള്ള അനുവാദമില്ല. അമ്പതു വർഷങ്ങളായി കൊച്ചിയിലെ ജനങ്ങൾ ആഗ്രഹിച്ച കലൂർ-കടവന്ത്ര റോഡിൽ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി ഓവർബ്രിഡ്ജ് നിർമ്മിച്ചു. പക്ഷേ ടോൾ പിരിക്കാൻ സാധിക്കുന്നില്ല. 12 കോടി രൂപ ഡെവലപ്പ്മെന്റ് അതോറിറ്റി ഇപ്പോൾ മുതൽമുടക്കിയതിൽ ഒരു പൈസപോലും തിരിച്ചു കിട്ടാനാവാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് ടോൾ ആക്ടിൽ ഭേദഗതി വരുത്തി ഡെവലപ്പ്മെന്റ് അതോറിറ്റികൾക്കു കൂടി ടോൾ പിരിക്കാൻ അവകാശം കൊടുക്കുന്ന നിയമ ഭേദഗതി കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ നമ്മുടെ പഞ്ചായത്തുകളിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ആഗ്രഹിക്കുന്ന വിധത്തിൽ സുതാര്യമായ, അഴിമതി രഹിതമായ ഭരണം നടക്കുന്നുണ്ടോ? നടക്കുന്നില്ല. കാരണം പഞ്ചായത്ത് പ്രസിഡന്റുമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും പഞ്ചായത്ത് മെമ്പർമാരും മുനിസിപ്പൽ കൗൺസിലർമാരും ഇന്ന കാര്യം നടത്തി തന്നില്ലെങ്കിൽ ഇപ്പോൾ കൂറുമാറും എന്നുപറഞ്ഞ് വളരെയേറെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പഞ്ചായത്തിൽ അധികാരവികേന്ദ്രീകരണത്തോടൊപ്പം അഴിമതിയും നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ രണ്ടാഴ്ച മുമ്പ് പഞ്ചായത്ത് നിയമത്തിന്റെ ഭേദഗതി അവതരിപ്പിച്ചപ്പോൾ ചൂണ്ടിക്കാണിച്ചതു തന്നെ വീണ്ടും ആവർത്തിക്കുകയാണ്. കൂറുമാറ്റ നിരോധന നിയമം സംസ്ഥാനത്ത് നടപ്പാക്കിയാൽ

കേരളത്തിലെ പഞ്ചായത്തുകളിൽ അഴിമതി അവസാനിപ്പിക്കാനും മേയർമാർക്കും മുനിസിപ്പൽ ചെയർമാൻമാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കുമൊക്കെ ഫലപ്രദമായി പ്രവർത്തിക്കാനും സാധിക്കും. ആ വിധത്തിൽ കൂറുമാറ്റ നിരോധന നിയമം ഭേദഗതി ചെയ്യണം. പയ്യാവൂർ മോഡൽ അല്ല. ഇവർ പയ്യാവൂർ മോഡൽ നടപ്പാക്കിയവരാണ്. വോട്ടർ പട്ടിക elimination നടത്താൻ സമയം വളരെ കുറവാണ്. അതുകൊണ്ട് ഇലക്ഷൻ കമ്മീഷൻ തയ്യാറാക്കിയ ഫോട്ടോ പതിച്ച വോട്ടർ പട്ടിക പഞ്ചായത്ത്-മുനിസിപ്പൽ, തെരെഞ്ഞെടുപ്പിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് ആലോചിക്കണം. അങ്ങനെ ചെയ്താൽ വോട്ടർ പട്ടിക elimination നടത്തിയില്ല എന്ന ആക്ഷേപം കുറയും, കള്ളവോട്ട് തടയാൻ സാധിക്കും. എറണാകുളം ഉപതെരെഞ്ഞെടുപ്പിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള സ്കാഡ് നടത്തിയ പ്രവർത്തനങ്ങൾ ഞാൻ മറക്കുന്നില്ല. ഞാൻ വിശദമായി സംസാരിക്കുന്നില്ല. ബി.പി.എൽ. ലിസ്റ്റിന്റെ കണക്ക് ഇവിടെ പറയുകയുണ്ടായി. ഇന്ന് ബി.പി.എൽ. ലിസ്റ്റിൽ നിന്ന് 17 ലക്ഷത്തോളം ആളുകൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റ് വഴി ഇന്ന് ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യവും നഷ്ടപ്പെടാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. നാച്വറൽകലാമിറ്റീസ് ഫണ്ടിൽ നിന്നാണ് വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും സഹായം ലഭിക്കുന്നത്. എസ്.സി.ആർ. പദ്ധതിയിലൂടെ വരൾച്ചയെ എങ്ങനെ നേരിടാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഒരു കാര്യം കൂടി പറയാം. അൽപ്പം രാഷ്ട്രീയമായതുകൊണ്ട് അങ്ങ് എനിക്ക് 5 മിനിട്ടുകൂടി തരണം. ഇവിടെ ഇപ്പോൾ ഒരു ചർച്ച നടക്കുന്നുണ്ട്. ശ്രീ. വയലാർ രവി ആർ.എസ്.എസ്.എസ്.ന്റെ നാഗ്പൂരിലുള്ള കേന്ദ്രത്തിൽ പോയി കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ സഹായം അഭ്യർത്ഥിച്ചു എന്നാണ് പറയുന്നത്. ശ്രീ. വയലാർ രവി തന്നെ, ഞാൻ പോയിട്ടില്ല, കണ്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ആർ.എസ്.എസ്. ഉൾപ്പെടുന്ന ബി.ജെ.പി.യുമായി ഇൻഡ്യയിൽ ആദ്യമായി കൂട്ടുപിടിച്ചത് ആരാണ് ? 1977-ൽ മാർക്സിസ്റ്റുകാരാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1977-ൽ ബി.ജെ.പി. എന്നുപറഞ്ഞ ഒരു പാർട്ടി ഇല്ല. അതിനെപ്പറ്റിപോലും അറിയാത്ത ആളാണോ ഈ പറയുന്നത് ?

ശ്രീ. കെ. ബാബു : ഞാൻ പറഞ്ഞത് ശ്രീ. കോടിയേരി ശ്രദ്ധിച്ചില്ല. ആർ.എസ്.എസ്. ഉൾപ്പെടുന്ന ജനതാ പാർട്ടിയുമായി നിങ്ങൾ കൂട്ടുകൂടി. അന്ന് നിങ്ങളുടെ മുദ്രാവാക്യം എന്തായിരുന്നു ? അന്ന് ദിവംഗതനായ ഇ.എം.എസ്. പറഞ്ഞത് ഞങ്ങൾ ഒരുമിച്ച് ജയിലിൽ കിടന്നവരാണ്. അതുകൊണ്ടാണ് ജനതാ പാർട്ടിയുമായി കൂട്ടുകൂടിയത് എന്നാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇപ്പോൾ ശ്രീ. സുദർശനൻ പറഞ്ഞ കാര്യത്തെക്കുറിച്ചാണ് കോൺഗ്രസ്സ് പറയേണ്ടത്. ശ്രീ. സുദർശനൻ എ.ഐ.സി.സി. സെക്രട്ടറിയായിരുന്ന ശ്രീ. വയലാർ രവി തലയിൽ മുണ്ടിട്ട് എന്റെയടുത്ത് വന്നു എന്ന് പരസ്യമായി പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ 64 മണ്ഡലങ്ങളിൽ വോട്ട് മാറ്റി ചെയ്തു. എന്റെ മണ്ഡലത്തിൽ തന്നെ ബി.ജെ.പി.യുടെ വോട്ട് നിങ്ങളാണ് പിടിച്ചത്. നിങ്ങൾ തന്നെ എം.എൽ.എ. ആയത് ബി.ജെ.പി.യുടെ വോട്ട് കൊണ്ടാണ്. അതുകൊണ്ട് ആർ.എസ്.എസ്.-ന്റെ വോട്ട് വാങ്ങി വന്ന് എം.എൽ.എ.മാരായവർ രാജിവയ്ക്കാൻ തയ്യാറുണ്ടോ എന്ന് പറയണം.

[അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

ശ്രീ. കെ. ബാബു : ശ്രീ. കോടിയേരി എന്റെ കാര്യം പറഞ്ഞല്ലോ. ഞാൻ 25,000 വോട്ടുകൾക്ക് ജയിച്ചു വന്ന ആളാണ്. അവിടെ ബി.ജെ.പി.യ്ക്ക് മൊത്തം 8,000 വോട്ടേയുള്ളൂ. എന്നാലും ബാക്കിയുണ്ടല്ലോ. ഇ.എം.എസ്. പറഞ്ഞത് ഞങ്ങൾ ഒരുമിച്ച് ജയിലിൽ കിടന്നു എന്നാണ്. ഗുരുവായൂർ ശ്രീകോവിലിൽ തീപിടിച്ചപ്പോൾ എല്ലാവരും ഓടിക്കൂടി. അയിത്തം നോക്കിയില്ല. അതുപോലെ ജനാധിപത്യം അപകടത്തിലായപ്പോൾ ആർ.എസ്.എസ്.-ഉം ഒരുമിച്ചുകൂടി എന്നാണ് അദ്ദേഹം പറഞ്ഞത്.

ചെയർപേഴ്സൺ (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ശ്രീ. കെ. ബാബു വിഷയത്തിലേക്ക് കടന്ന് സംസാരിക്കണം. സമയം അതിക്രമിച്ചു.

ശ്രീ. കെ. ബാബു : ഞങ്ങൾക്ക് 100 സീറ്റുകൾ കിട്ടിയത് ആർ.എസ്.എസുമായി കൂട്ടിപിടിച്ചിട്ടാണെന്ന് പറഞ്ഞല്ലോ. നിങ്ങൾക്ക് ഇപ്പോൾ പാർലമെന്റ് ഇലക്ഷനിൽ 19 സീറ്റുകൾ കിട്ടിയത് ബി.ജെ.പിയും ആർ.എസ്.എസുമായി രഹസ്യ ധാരണയുണ്ടായിട്ടല്ലേ? കോൺഗ്രസ്സിന്റെ സീറ്റുകൾ പാർലമെന്റിൽ കുറയ്ക്കുക എന്നുള്ളത് ബി.ജെ.പി.യുടെ ലക്ഷ്യമായിരുന്നു. അതിനുവേണ്ടി കേരളത്തിൽ ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം മാർക്സിസ്റ്റ് പാർട്ടിയും ഒത്തുചേർന്നു. അങ്ങനെയാണ് നിങ്ങൾ 19 സീറ്റുകൾ കിട്ടി ജയിച്ചത്. നിഷേധിക്കാൻ പറ്റുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. സുദർശനൻ തന്നെ പറഞ്ഞിട്ടുണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവർ ബി.ജെ.പി.ക്കു വേണ്ടി വോട്ട് ചെയ്യാൻ തീരുമാനിച്ചതുകൊണ്ടാണ് അവർക്ക് 12 ശതമാനം വോട്ട് കിട്ടിയത് എന്ന്. നിങ്ങൾ എപ്പോഴെല്ലാം ആർ.എസ്.എസുമായി കൂട്ടുകൂടിയിട്ടുണ്ടോ അപ്പോൾ മാത്രമേ നിങ്ങൾക്ക് കേരളത്തിൽ ഭരണം കിട്ടിയിട്ടുള്ളൂ എന്നതല്ലേ വസ്തുത? 1960-ൽ ബി. ജെ. പി. വന്നു. ഞങ്ങൾ ഭരണത്തിൽ വന്നപ്പോൾ 1977-ൽ സി. പി. ഐ.-യും ഞങ്ങളും ഒരുമിച്ചായിരുന്നല്ലോ? സി. പി. ഐ.-യും ഞങ്ങളും ഒരുമിച്ചാണ് 1977-ൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ മൽസരിച്ചത്. നിങ്ങൾക്ക് പാർലമെന്റിൽ 19 സീറ്റ് കിട്ടിയത് പാർലമെന്റിൽ കോൺഗ്രസ്സിന്റെ സീറ്റുകൾ കുറയ്ക്കാനുള്ള ബി. ജെ. പി. യുടെ തന്ത്രത്തിന്റെ ഭാഗമായി കേരളത്തിൽ നിങ്ങൾ ഒരുമിച്ച് ചേർന്നതിന്റെ ഫലമായാണ്. നിങ്ങൾ തമ്മിൽ രഹസ്യ ധാരണയില്ലായിരുന്നു എന്നുള്ളത് നിഷേധിക്കാൻ പറ്റുമോ?

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട അംഗം, ഇവിടെ കോടിയേരിയൊക്കെ ഇങ്ങനെ വളരെ ധാർമ്മിക രോഷം കൊള്ളാൻ ശ്രമിക്കുന്നത് വേറുതേയാണെന്ന് അറിയില്ലേ? കൽക്കട്ടയിൽ വാജ്പേയും, ഇ.എം.എസ്സും, ജ്യോതി ബാസുവും, വി. പി. സിംഗും എല്ലാം കൈകോർത്ത് പിടിച്ചു നിൽക്കുന്ന പഴയ ഒരു ചിത്രം നിങ്ങൾ മറന്നു പോയോ? മാത്രമല്ല കിറ്റിൻഡ്യാ സമരത്തെ ഒറ്റികൊടുക്കുകയും ഇൻഡ്യയെ വിഭജിക്കാൻ വേണ്ടി പാകിസ്ഥാന് വേണ്ട പിൻതുണ കൊടുക്കുകയും ഒക്കെ ചെയ്തതിന്റെ സമ്മാനമായി കിട്ടിയ പണം കൊണ്ടാണ് ഇൻഡ്യയിൽ പത്രപ്രവർത്തനവും പ്രത്യേകിച്ച് ദേശാഭിമാനിയടക്കമുള്ള പ്രസിദ്ധീകരണം തുടങ്ങിയത് എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. ബാബു : അത് എല്ലാവർക്കും അറിയാവുന്ന ചരിത്രമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയെങ്കിൽ അത് ബി. ജെ. പി. യുമായിട്ട് നിങ്ങൾക്ക് രഹസ്യ ധാരണയുണ്ടായിരുന്നതുകൊണ്ടാണ്.

ശ്രീ. സി. കെ. നാണു : ഇവിടെ വയലാർ രവിയെ സംബന്ധിച്ചുള്ള പരാമർശം ശരിയാണെന്നു തോന്നുന്നില്ല. കാരണം അദ്ദേഹം ഇതു സംബന്ധിച്ചു നടത്തിയ പത്രസമ്മേളനം ഇന്ന് ടി.വി. യിൽ കാണാൻ ഇടയായി. അദ്ദേഹം പറഞ്ഞത് ഈ പറഞ്ഞ വോട്ട് വാങ്ങാനുണ്ടായ സാഹചര്യങ്ങൾ എന്തായിരിക്കും എന്ന് വയലാർ രവി തന്നെ പറഞ്ഞിരിക്കുകയാണ്. അദ്ദേഹം ഇതിന് പോയോ ഇല്ലയോ എന്നുള്ളത് വേറെ കാര്യം, പക്ഷെ വോട്ട് ലഭിക്കാനുള്ള സാഹചര്യങ്ങൾ എന്താണെന്നുള്ളത് അദ്ദേഹം തന്നെ പറഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. ബാബു : ശ്രീ. വയലാർ രവി തന്നെ അത് നിഷേധിച്ചിരിക്കുന്നതുകൊണ്ട് ഞാൻ അതിന് മറുപടി പറയേണ്ട കാര്യമില്ല. നിങ്ങൾക്ക് എന്നാണ് മതേതരത്വം ഉണ്ടായത്? നിങ്ങൾ എന്നുമുതലാണ് കോൺഗ്രസ്സിനെ അനുകൂലിക്കാൻ തുടങ്ങിയത്? മുൻപുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ബി.ജെ.പി.യും കോൺഗ്രസ്സും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ ആയാണ് നിങ്ങൾ കണ്ടിരുന്നത്. മലപ്പുറത്ത് മുസലിയാർമാർ ചുവന്ന കൊടി പിടിച്ച് പോകുന്ന പടം വരച്ച് വച്ചില്ലേ? നിങ്ങൾ അറബിയിൽ ചുവരെഴുത്ത് നടത്തിയില്ലേ? നിങ്ങൾക്ക് എന്തെങ്കിലും മതേതരത്വം ഉണ്ടോ? പണ്ടാണെങ്കിൽ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സമ്മേളനത്തിന് ഇൻഡ്യാക്കാരന്റെ പടം കാണാൻ പറ്റുമായിരുന്നോ? ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: ഇവിടെ അവതരിപ്പിച്ച നഗര വികസനം, പഞ്ചായത്ത്, സാമൂഹ്യ വികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പഞ്ചായത്ത്‌രാജ് എന്ന ഉദാത്തമായ ലക്ഷ്യം ഈ രാജ്യത്ത് നിലവിൽ വന്നിട്ട് 10 വർഷം തികഞ്ഞു. പരമാവധി വികസനം എന്ന ലക്ഷ്യത്തോടുകൂടി രാജ്യത്തെ സാധാരണക്കാരായ ജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ദീർഘദൃഷ്ടിയോടുകൂടിയാണ് പഞ്ചായത്ത്‌രാജ് നിയമം നടപ്പിലാക്കിയത്. 10 വർഷത്തെ പ്രവർത്തനം വിലയിരുത്തിയാൽ ആദ്യത്തെ 5 വർഷം ഒട്ടേറെ തകരാറുകളും വിഷമതകളുമൊക്കെ അഭിമുഖീകരിക്കുകയുണ്ടായി. ആദ്യത്തെ അഞ്ച് വർഷത്തെ പ്രവർത്തനത്തെക്കുറിച്ചും, പണം ചെലവഴിച്ചതിനെക്കുറിച്ചുമൊക്കെ ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തിയ റിപ്പോർട്ട് നമ്മുടെ മുന്നിലുണ്ട്. ആ റിപ്പോർട്ട് വായിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോകുന്ന വിവരങ്ങളാണ് അതിലൂടെ പുറത്ത് വന്നത്. പദ്ധതിവിഹിതം ചെലവഴിക്കാനുള്ള പെർമിഷൻ കൊടുക്കുകവഴി തോന്നുന്നതൊക്കെ എന്തിനും ഏതിനും ചെലവഴിക്കാം എന്ന നില വരെ എത്തുകയും പഞ്ചായത്തിൽ അധിഷ്ഠിതമായി ഏൽപ്പിച്ചിട്ടുള്ള അധികാരം ദുരുപയോഗം ചെയ്യുന്നതിന് മൽസരിച്ചുകൊണ്ടു തന്നെ പല പഞ്ചായത്തും മുന്നോട്ട് വരികയും പണം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. യുദ്ധ വിരുദ്ധ റാലിക്കുപോലും പണം ചെലവഴിക്കാൻ സന്നദ്ധ സംഘടനകളും അതുപോലെ സൊസൈറ്റിയും ഒക്കെ വാരിക്കോരി ചെലവഴിച്ചു. ആ സംഭവങ്ങളെല്ലാം ആഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി പറയുന്നു. ആഡിറ്റ് പോലും അന്ന് നടത്താൻ കഴിഞ്ഞില്ല. 1999-ൽ എൽ.ഡി.എഫ്. സർക്കാർ വന്ന് ആഡിറ്റ് നടത്താൻ തീരുമാനിച്ചുവെങ്കിലും നടപ്പാക്കാൻ 2001-ലെ യു. ഡി. എഫ്. ഗവൺമെന്റ് വേണ്ടിവന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു കാര്യം മനസ്സിലാക്കാൻ സാധിച്ചു. ജനകീയാസൂത്രണം വ്യാപകമായി നടപ്പാക്കിയപ്പോൾ അഴിമതിയാണ് യഥാർത്ഥത്തിൽ വികേന്ദ്രീകരണമായി വന്നത്. മറിച്ച് അധികാരമല്ലെന്ന് ഞെട്ടിപ്പിക്കുന്ന സംഭവമാണ് ഇവിടെ നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഏതായിരുന്നാലും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരികയും ആഡിറ്റ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ റവന്യൂ റിക്കവറിയിലൂടെ പണം സ്വരൂപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. 25,000 രൂപയ്ക്കു മുകളിലുള്ള പദ്ധതികൾ ടെന്റർ ചെയ്തേ കൊടുക്കാവൂ എന്ന നിബന്ധന ഉണ്ടാക്കി. എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേകമായി ഉണ്ടാക്കുകയും എഞ്ചിനീയർ ഇല്ലാത്ത ഘട്ടത്തിൽ ടെക്നിക്കൽ മെമ്പറായി വന്നിട്ടുള്ള എഞ്ചിനീയർമാരെ ഉപയോഗപ്പെടുത്താൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. റീഡിപ്ലോയ്മെന്റിലൂടെ ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അതിനനുസൃതമായ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പാക്കാൻ കഴിഞ്ഞ ഒരു പദ്ധതിയാണ് 'കുടുംബശ്രീ'. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണക്കാരായ സ്ത്രീജനങ്ങളെ ഓരോ ഗ്രാമങ്ങളിലും സംഘടിപ്പിക്കുകയും അവരുടെ പദ്ധതികൾ വിലയിരുത്തി അവർക്ക് താൽപര്യമുള്ള വിഷയങ്ങളിൽ അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളെ സംഘടിപ്പിച്ച് അവിടെ പോയി കുടുംബശ്രീ ഉണ്ടാക്കുന്നതിന്, അവർക്ക് തൊഴിൽ കൊടുക്കുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രത്യേകം ഒരു പ്രോജക്ട് അവർക്ക് കണ്ടെത്താൻ കഴിയുന്നുണ്ട്. ഇപ്പോൾ 5000 പേർക്ക് തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഒരു സ്കീം തദ്ദേശസ്വയംഭരണ വകുപ്പുതന്നെ ആവിഷ്ക്കരിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്കീം നടപ്പാക്കുമ്പോഴുള്ള പ്രയാസം സാധാരണക്കാരായ സ്ത്രീകളെ സംഘടിപ്പിക്കുന്നതിന് ആ പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി ആലോചിക്കുമ്പോൾ ആ പ്രോജക്ടിനെക്കുറിച്ച് ഫീസിബിളായിട്ടുള്ള റിപ്പോർട്ട് അവർക്ക് കൊടുക്കുന്നുണ്ട്. ഫീസിബിളായിട്ടുള്ള പ്രോജക്ടിന്റെ അഭാവം അവർക്കുണ്ട്. കുടുംബശ്രീ പദ്ധതിയിലൂടെ ഓരോ പ്രദേശത്തും അനിവാര്യമായ പ്രോജക്ട് തയ്യാറാക്കി പ്രത്യേക ട്രെയിനിംഗ് കൊടുക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളുമായി സംയുക്തമായി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെയാകുമ്പോൾ ലോകശ്രദ്ധ പിടിച്ചുപറ്റി ആ പദ്ധതി പരിപൂർണ്ണമായി നല്ലരീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കും. സാധാരണക്കാരായ പാവപ്പെട്ട സ്ത്രീകൾ ഉൾക്കൊള്ളുന്ന കുടുംബശ്രീ ഏറ്റവും നല്ല രീതിയിൽ കൊണ്ടുവരുന്നതിനും അതുവഴി ഇൻഡ്യയിൽത്തന്നെ ശക്തമായ പദ്ധതിയാണെന്ന് ആളുകൾ വിലയിരുത്തുകയും ചെയ്താൽ ഈ പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഒരു ആശ്രയവും ഇല്ലാത്ത പാവപ്പെട്ടവരായ അഗതികളായവരെ പരിരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 'ആശ്രയ പദ്ധതി'. പാവങ്ങളായ ഒരു കഴിവും ഇല്ലാത്ത, വീടില്ലാത്ത ആളുകളെ ഈ ആശ്രയ പദ്ധതിയിലൂടെ കൊണ്ടുവന്നത് ശ്ലാഘനീയമാണ്. അതിന് ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കണം. ചെക്ക് സമ്പ്രദായം നിർത്തലാക്കി ബിൽ സമ്പ്രദായം കൊണ്ടുവന്നത് നല്ല പരിപാടിയാണ്. അതുവഴി സാമ്പത്തിക രംഗത്ത് അച്ചടക്കം പാലിക്കുന്നതിനും കൃത്യമായി പണം ചെലവഴിക്കുന്നതിന് പഞ്ചായത്തുകളെ പ്രേരിപ്പിക്കുന്നതിനും കഴിയും. നേരത്തെ മാർച്ച് 31 കഴിഞ്ഞാലും ചെക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന പ്രവണത ഉണ്ടായിരുന്നു. ഇനി അത് നടക്കില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റും റോഡ് ഇതര മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള കാലാവധി 3 മാസത്തേയ്ക്കെങ്കിലും നീട്ടിക്കൊടുക്കുമെന്നുള്ള മറുപടി മന്ത്രിയിൽനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അതോടൊപ്പം തന്നെ പണം ഇങ്ങനെ ചെലവഴിക്കാതെ കുന്നുകൂടാൻ കാരണം ഇന്ന് ചില പഞ്ചായത്തിന് ഫണ്ട് കിട്ടിയിട്ട് വേണ്ടത്ര ശ്രദ്ധയില്ലാതെ ചെലവാക്കുന്നതിന്റെ ഫലമായിട്ടാണ്. എന്നാൽ ചില പഞ്ചായത്തുകൾ ശ്രദ്ധയോടെ ഫണ്ട് വിനിയോഗിക്കുന്നുണ്ട്. ശ്രദ്ധയോടെ ഫണ്ട് വിനിയോഗിക്കാത്തതിനാൽ ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ വന്ന പഞ്ചായത്തുകളിൽനിന്നും വിശദീകരണം കൂടി ആവശ്യപ്പെടണം. നമ്മൾ ഫണ്ട് കൊടുത്തിട്ട് അത് വിനിയോഗിക്കാൻ സമയം കൊടുക്കരുതെന്ന് പറയുന്നത് പൂട്ടിട്ട കുതിരയ്ക്ക് പുല്ല് കൊടുത്തിട്ട് കാര്യമില്ല എന്നു പറയുന്നതുപോലെയാണ്. പൂട്ടിട്ടാൽ കുതിര പുല്ല് തിന്നുന്നത് എങ്ങനെയാണ്. പണം കൊടുക്കുമ്പോൾ അത് ചെലവഴിക്കാനുള്ള സമയവും കൂടി കൊടുക്കാൻ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ അടിസ്ഥാന ഘടകം ഗ്രാമസഭകളാണ്. അതിലൂടെയാണ് ജനങ്ങൾ തങ്ങളുടെ അഭിപ്രായം പറയുന്നത്. എന്നാൽ ഇവിടെ ഗ്രാമസഭകൾ പലതും ചേരുന്നില്ല. എനിക്കഭ്യർത്ഥിക്കാനുള്ളത് ഗ്രാമസഭകൾ ചേരാത്ത ഏതെങ്കിലും വാർഡുകളുണ്ടെങ്കിൽ അതിന് ഉത്തരവാദികളായ പഞ്ചായത്ത് മെമ്പറുടെ അംഗത്വം റദ്ദാക്കാനുള്ള ഒരു നിയമഭേദഗതി കൊണ്ടുവരണം. ചില സ്ഥലങ്ങളിൽ സാധാരണക്കാരായ ആളുകൾ പണി കഴിഞ്ഞ് വരുന്നത് വൈകുന്നേരം 5 മണിക്കാണ്. അവരുടെ സൗകര്യാർത്ഥം ഗ്രാമസഭകൾ ചേരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മാത്രമല്ല അതിന് പ്രചരണം കൊടുക്കണം. ഗ്രാമസഭകളെക്കുറിച്ച് ഇപ്പോഴും അവബോധമില്ലാത്ത സാധാരണക്കാരായ ജനങ്ങൾക്ക് ഇലക്ട്രോണിക്സ് മീഡിയയിലൂടെയും, പത്രങ്ങളിലൂടെയും എന്താണ് ഗ്രാമസഭയുടെ അധികാരം എന്നറിയിച്ചുകൊടുക്കാനുള്ള ശക്തമായ പ്രചരണ പദ്ധതികൾ കൂടി ആവിഷ്ക്കരിക്കണം എന്നു ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെത്തന്നെ ഈ വികേന്ദ്രീകൃത ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ അതുകൊണ്ട് സംഭവിക്കുന്നതെന്തെന്നുവച്ചാൽ ജനകീയാസൂത്രണം എന്നു പറഞ്ഞാൽ അവസാനം ഒന്നോ, രണ്ടോ പദ്ധതികളിൽ അവസാനിക്കുന്ന ആസൂത്രണമായി ഇത് മാറിപ്പോകും എന്നുള്ളതുകൊണ്ട് ജനപങ്കാളിത്തം ഉറപ്പുവരുത്തി വിപുലമായ രീതിയിൽ ഇത് നടപ്പാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം. അതുപോലെ പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുന്ന ജില്ലാ ആശുപത്രി, കുടിവെള്ളം, തെരുവ് വിളക്ക്, ശുചീകരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ നൽകൽ, കുടുംബശ്രീ തുടങ്ങിയവയ്ക്ക് ഫണ്ട് വർദ്ധിപ്പിക്കണം എന്നാണ് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. അങ്ങനെ പറയുമ്പോൾ. യു. ഡി. എഫ്. ഗവൺമെന്റ് ഒട്ടേറെ ഫണ്ട് കൊടുത്തിട്ടുണ്ട്. 1997–2002 വരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ച സമയത്ത് അവർ മൊത്തം കൊടുത്ത 2734 കോടി രൂപയിൽ 504 കോടി രൂപ ചെലവഴിച്ചിട്ടില്ലെന്ന് performance audit-ൽ പറയുന്നു. എന്നു പറഞ്ഞാൽ 2734 കോടി രൂപയിൽ 543 കോടി രൂപ ചെലവഴിച്ചില്ല. എന്നാൽ 2003–2004–ൽ ഒരു വർഷം ഈ യു.ഡി.എഫ്. ഗവണ്മെന്റ് 1089.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ 99%–വും വിനിയോഗിച്ചിട്ടുണ്ട്. അതുപോലെത്തന്നെ ഗവണ്മെന്റ് പുതിയ ഗ്രാമപഞ്ചായത്തുകൾക്കു കൊടുക്കുന്ന പ്രോജക്ട് അംഗീകരിക്കാൻ ജില്ലാ ആസൂത്രണസമിതി വന്നതോടുകൂടി ഇതിനൊക്കെ അനധികൃതമായ മാറ്റത്തിന് നിയന്ത്രണം വന്നിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ–കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പണം കെട്ടിവച്ചിട്ടും പദ്ധതി നടപ്പാക്കാത്ത സ്ഥിതിക്ക് മാറ്റം ഉണ്ടാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതുപോലെ കുടിവെള്ള പദ്ധതിയിൽ 200 മീറ്റർ വിട്ട് മാത്രമേ പൊതുടാപ്പ് സ്ഥാപിക്കാവൂ. അങ്ങനെ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ കൂടി അനുമതി വേണം എന്ന നിബന്ധന വേണം. കാരണം ഇപ്പോൾ വാട്ടർ അതോറിറ്റി വന്നാൽ 200 മീറ്റർ അകലത്തിലെ പൊതുടാപ്പ് സ്ഥാപിക്കൂ. അതിന് പണം പഞ്ചായത്തിൽ നിന്ന് വാങ്ങിക്കും. ഇതെങ്ങനെയിട്ടുവെന്ന് ഇവർ അറിയുന്നില്ല. ആ നിബന്ധന മാറ്റി joint inspection-ലൂടെ ആവശ്യമായ സ്ഥലം കണ്ടെത്തി പൊതുടാപ്പ് സ്ഥാപിക്കണം. അങ്ങനെയുള്ള ഒരു പദ്ധതിക്കു മാത്രമെ നിബന്ധനയുണ്ടാക്കാവൂ എന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തീരാജ് വഴി ഏറ്റവും നല്ല പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ഈ പ്രാവശ്യം പ്രഖ്യാപിച്ചിട്ടില്ല. മാർച്ച് 31–ന് മുമ്പ് പ്രഖ്യാപിക്കേണ്ടതായിരുന്നു. അങ്ങനെ പ്രഖ്യാപിച്ചാൽ ആ പഞ്ചായത്തിന് മൂന്നര കോടിയോളം രൂപ കിട്ടും. സ്വരാജ് ട്രോഫിക്ക് അർഹമായ പഞ്ചായത്ത് ഏത് എന്ന് പ്രഖ്യാപിക്കുന്നതിനുള്ള നടപടി കൂടിയുണ്ടാകണം എന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതുപോലെത്തന്നെ പല പഞ്ചായത്തുകളിലും ബിൽഡിംഗ് റൂൾ ഇപ്പോഴുമില്ല. എന്നു പറഞ്ഞാൽ വെള്ളമുണ്ട പഞ്ചായത്തിൽ ബിൽഡിംഗ് റൂൾ ഇല്ല. പനപുരം പഞ്ചായത്തിൽ ബിൽഡിംഗ് റൂൾ ഉണ്ട്. അങ്ങനെ പറഞ്ഞാൽ റോഡിന്റെ ഒരു ഭാഗത്തു ബിൽഡിംഗ് റൂൾ ബാധകമാണ്, മറുഭാഗത്ത് ബിൽഡിംഗ് റൂൾ ബാധകമല്ല. റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രശ്നത്തിന് ഇത് ബാധകമായതുകൊണ്ട് എല്ലാ പഞ്ചായത്തുകൾക്കും ബിൽഡിംഗ് റൂൾ ബാധകമാക്കണം. അതുപോലെ നഗരാസൂത്രണം പോലെത്തന്നെ ഗ്രാമാസൂത്രണത്തിനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കാൻ വേണ്ടിയുള്ള വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് തന്നെ പ്രത്യേകമായ സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടി നല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലാണ് അതിനുള്ള മെഷീൻ പ്രവർത്തിക്കുന്നത്. ചില പഞ്ചായത്തുകളിൽ ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടി പദ്ധതികൾ നടപ്പാക്കുമ്പോൾ അതിനാവശ്യമായ വേസ്റ്റ് കിട്ടുന്നില്ല. അങ്ങനെയാണെങ്കിൽ ചുറ്റുപാടുമുള്ള 3, 4 പഞ്ചായത്തുകൾ യോജിച്ച് പൊതുവായ ഖരമാലിന്യപ്ലാന്റ് സ്ഥാപിക്കാനും അതുവഴി അതിന്റെ പ്രയോജനം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ സംയുക്തമായ സംരംഭത്തിന് ഗവൺമെന്റ് ശ്രദ്ധിക്കണം. ഗ്രാമവികസന വകുപ്പ് ഒട്ടേറെ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നുണ്ട്. അത് നടപ്പിലാക്കുന്നതിന് ചില ചെറിയ പഞ്ചായത്തുകളിലെ റോഡിന് 8 മീറ്റർ വീതി വേണമെന്ന നിബന്ധനയുള്ളത് വളരെ വിഷമം ഉണ്ടാക്കുകയാണ്. ജനസാന്ദ്രതയുള്ള എന്റെ കൊടുവള്ളി നിയോജകമണ്ഡലം ഉൾപ്പെടെയുള്ള പഞ്ചായത്തുകൾ അടക്കം ഈ നിബന്ധന വച്ചാൽ ഒരുപാട് വീടുകൾ ഇടിച്ചു മാറ്റേണ്ടിവരും. ആ പ്രദേശത്ത് റോഡുകൾ വെട്ടാതിരിക്കാനും പറ്റില്ല. അങ്ങനെ വരുമ്പോൾ 8 മീറ്റർ വീതി തന്നെ വേണമെന്ന നിബന്ധന, തീരദേശമേഖലയിൽ 6 മീറ്ററായി എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. അതുപോലെ ഈ മലയോരമേഖലയിലും, ചെറിയ ജനസാന്ദ്രത കൂടിയ വളരെ ദാരിദ്ര്യമേറിയ ഗ്രാമപഞ്ചായത്തുകളിലും അങ്ങനെയുള്ള നിബന്ധന എടുത്തുമാറ്റാൻ കൂടുതൽ ശ്രദ്ധിക്കണമെന്നും, കൂടുതൽ തുക വിനിയോഗിക്കാൻ ഇപ്പോൾ SGRY പദ്ധതിയിൽ എം. എൽ. എ. മാരുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ടൊരു സ്കീം അങ്ങ് നടപ്പിലാക്കി. കോഴിക്കോടൊക്കെ അങ്ങനെ നടപ്പിലാക്കിയിട്ടുണ്ട്. ഒരു എം.എൽ.എ.-ക്ക് 10 ലക്ഷം എന്നുള്ളത് 7 ലക്ഷമാക്കിയിട്ടുണ്ട്. അതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 25% ഫണ്ട് പഞ്ചായത്ത് വിനിയോഗിച്ച് അവർക്ക് SGRY പ്രകാരം പണം വാരി കൊടുക്കുമ്പോൾ എം. എൽ. എ. ഫണ്ടിൽനിന്ന് 45% വരെ കൊടുക്കേണ്ടി വന്നിട്ടുണ്ട്. പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കുന്നതുപോലെ കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന പദ്ധതി സൗകര്യപ്രദമായ രീതിയിൽ എം.എൽ.എ.-മാർക്കു കൂടി നടപ്പാക്കേണ്ടതാണ് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, നഗരവികസനം, പഞ്ചായത്ത്, സാമൂഹ്യവികസനം എന്നീ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തെത്തുടർന്ന് സംസ്ഥാനത്ത് ഇന്ന് കൈവന്നിരിക്കുന്ന മാറ്റങ്ങൾ സമൂഹമാകെ ഉൾക്കൊണ്ട്. കഴിഞ്ഞിരിക്കുകയാണ്. പഞ്ചായത്തീരാജ്-നഗരപാലിക ബില്ലിനെത്തുടർന്ന് അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി അധികാര വികേന്ദ്രീകരണം നടപ്പാക്കി. ആ അധികാര വികേന്ദ്രീകരണം നടപ്പാക്കിയ ഘട്ടത്തിൽ തന്നെ ഇടതുമുന്നണി അധികാരത്തിൽ വരികയും അധികാര വികേന്ദ്രീകരണത്തെ ജനകീയാസൂത്രണം എന്ന് ഓമനപേരിൽ അതിനെ മാറ്റിമറിക്കുകയും ചെയ്തു. മാറ്റി മറിച്ചു എന്നു ഞാൻ പറയാൻ കാരണം ജനകീയാസൂത്രണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി അതിന്റെ ഉദ്ഘാടന

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗത്തിൽത്തന്നെ അന്തരിച്ച മുൻ മുഖ്യമന്ത്രി ഇതിന്റെ ഉപജ്ഞാതാവായ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ജനകീയാസൂത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളും, കോൺട്രാക്ടർമാരും തമ്മിലുള്ള അവിഹിതബന്ധം അവസാനിപ്പിക്കുന്നതിനുവേണ്ടി, ജനപങ്കാളിത്തത്തോടെ വികസനം നടപ്പാക്കാനാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതായിരുന്നു ജനകീയാസൂത്രണം. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം ആ ഇടതുമുന്നണി ഗവണ്മെന്റ് തന്നെ ജനകീയാസൂത്രണത്തിൽ വെള്ളം ചേർക്കുകയും ജനപ്രതിനിധികളും, കോൺട്രാക്ടർമാരും തമ്മിലുള്ള അവിഹിത ബന്ധത്തെ അവസാനിപ്പിക്കണമെന്ന് ഉദ്ദേശലക്ഷ്യത്തെ പരാജയപ്പെടുത്തിക്കൊണ്ട് അത് beneficiary work എന്നുള്ള അദ്ദേഹത്തിന്റെ സ്വപ്നം അട്ടിമറിച്ചുകൊണ്ട് ബിനാമി കരാറുകാരുടെ കൈകളിലേക്ക് ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ഈ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ ഏൽപ്പിക്കുകയുമുണ്ടായി. തുടർന്ന് ആ ഗവണ്മെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ തന്നെ വേണമെങ്കിൽ കരാർ ആകാമെന്ന ഒരു വ്യവസ്ഥയുണ്ടാക്കി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ കാലഘട്ടത്തിൽ നടന്ന അഴിമതിയെ കുറിച്ചന്വേഷിക്കുകയും അത് ബോദ്ധ്യമാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ വ്യവസ്ഥിതിക്ക് കാതലായ മാറ്റം ഉണ്ടാക്കി. ആ മാറ്റം ഇന്ന് കേരളത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നു. ഈ അവസരത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയെ ഓർക്കുകയാണ്. ഇന്നിവിടെ ബിൽ അവതരിപ്പിക്കുന്നത് അദ്ദേഹത്തിനു പകരം വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ്. ഈ സഭയിൽ നിങ്ങളെയെല്ലാം സാക്ഷി നിർത്തി പറയുകയാണ് അദ്ദേഹം എത്രയും പെട്ടന്ന് ഈ സഭയിൽ വരാൻ ജഗദീശ്വരൻ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. അദ്ദേഹത്തിന്റെയും, അതിനുമുൻപ് ശ്രീ. ചെർക്കളം അബ്ദുള്ളയുടെയും ഒക്കെ ആത്മാർത്ഥമായ ശ്രമഫലമായി ഈ രംഗത്ത് കുറെ അഴിമതിയില്ലാതാക്കാൻ കഴിഞ്ഞു. എന്തായിരുന്നു കഴിഞ്ഞ 5 വർഷത്തെ ഇടതുമുന്നണി ഗവണ്മെന്റിന്റെ ഭരണം? മോഹൻലാലിന്റെ അഭിനയ ജീവിതത്തിന്റെ രജതജൂബിലി ആഘോഷവേളയിൽ അദ്ദേഹം ഉയർത്തിയ ഒരു മുദ്രാവാക്യമുണ്ട് "നിങ്ങളില്ലാതെ എനിക്കെന്താഘോഷം" എന്ന്, കഴിഞ്ഞ അഞ്ചുവർഷക്കാലം അഴിമതി

1.00 P.M.] ഇല്ലാതെ എന്ത് ജനകീയാസൂത്രണം എന്ന മുദ്രാവാക്യം കേരളത്തിൽ ഉയർത്തിക്കൊണ്ടായിരുന്നു ഇടതുമുന്നണി കേരളം ഭരിച്ചത്. ഇവിടെ ഒരു പ്രസംഗത്തിൽ ആക്ഷേപം പറഞ്ഞു ബിൽ സമ്പ്രദായം ഏർപ്പെടുത്തുന്നുവെന്ന്. ബിൽ സമ്പ്രദായം കൊണ്ടുവരുന്നതിന്റെ കുഴപ്പം എന്താണ്? പൊതുമരാമത്ത് വകുപ്പ് 1000-ൽ പരം കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ളപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നാമമാത്രമായ സംഖ്യമാത്രമാണ്

കൊടുക്കാനുള്ളത്. എങ്ങനെ ഈ നേട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായി? സംസ്ഥാന ഗവൺമെന്റിന്റെ ഓരോ വകുപ്പും കൊടുത്ത പദ്ധതി വിഹിതം അതിന്റെ ഭാഗമായി ഏറ്റെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ പണികൾ ചെയ്യുന്നതിന് കുടിശ്ശിക ഇല്ലാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. ആ സമയം സംസ്ഥാന ഗവൺമെന്റ് 1000-ൽ പരം കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ട്. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത്, ഗവൺമെന്റ് ഏർപ്പെടുത്തിയ അന്വേഷണത്തിന്റെ ഫലം ഗവൺമെന്റിന്റെ പക്കൽ ഉണ്ട് മാർച്ച് 31-ാം തീയതി നാന്നൂറും അഞ്ഞൂറും ചെക്ക് എഴുതിയ കാലഘട്ടമായിരുന്നു അത്. ജനകീയാസൂത്രണത്തിന്റെ പേരിൽ ഇത് ഈ സംസ്ഥാനത്ത് നടന്നുവെങ്കിൽ ഈ മാർച്ച് 31-ാം തീയതി ബിൽ സമ്പ്രദായം ഏർപ്പടുത്തിയതിന്റെ പേരിൽ കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും അതുപോലെ നഗരസഭകൾക്കും വണ്ടി ചെക്കുകൾ എഴുതികൊടുക്കാൻ കഴിയില്ല. കാരണം ആ ചെക്കുകൾ എഴുതികൊടുക്കുന്നതിലൂടെയാണ് അഴിമതി നടക്കുന്നത്. പണികൾ ചെയ്യാതെ ചെക്കുകൾ എഴുതിയെടുത്ത എത്രയെത്ര സംഭവങ്ങൾ വിജിലൻസ് അന്വേഷണത്തിൽ പുറത്തുവന്നിട്ടുണ്ട്. ശ്രീ. എം. എ. വാഹീദ് കോടതിയിൽ കേസ്സിനുവരെ പോയിട്ടുണ്ട്. ആ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് ബിൽ സമ്പ്രദായം ഏർപ്പെടുത്തുക എന്നു പറഞ്ഞാൽ ഞാൻ നേരത്തെ പറഞ്ഞ പോലെ അഴിമതി ഇല്ലാതെ എന്ത് ജനകീയാസൂത്രണം എന്ന ഇവരുടെ മുദ്രാവാക്യം നടപ്പാക്കാൻ കഴിയാത്തതിന്റെ നിരാശാബോധമാണ് ഇന്നിവിടെ ബിൽ സമ്പ്രദായത്തെക്കുറിച്ച് വിമർശനം കേട്ടത്. ഗവൺമെന്റ് പ്ലാൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാസ ഗഡുക്കളായി ഓരോ തവണയും യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്ന പഴയ സമ്പ്രദായം മാറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്ന പണം മാസം തോറും മാറ്റുന്നു, ഈ കിട്ടുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കുന്നതിന് ഇന്ന് സാവകാശമുണ്ട്. അതുപോലെ തന്നെ പദ്ധതി നിർവ്വഹണത്തിന് ഒരു വർഷം കിട്ടുന്ന പണം, ഇവിടെ പറയുന്ന ആക്ഷേപം സമയത്തിന് കിട്ടുന്നില്ല എന്നാണ്. സമയത്തിന് കിട്ടുന്നതിന് അടുത്ത വർഷം മുതൽ മാർച്ച് 31-ന് അടുത്ത വർഷത്തേക്കുള്ള പദ്ധതി സമർപ്പിക്കണം അങ്ങനെ ചെയ്താൽ ഏപ്രിൽ മാസത്തിൽ അതിന്റെ സ്ക്രൂട്ടിനി കഴിഞ്ഞ് മെയ് മാസം മുതൽ അത് നടപ്പാക്കിതുടങ്ങണം എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരിക്കുന്ന നിർദേശം. അതുപോലെതന്നെ നിർമ്മാണങ്ങൾക്ക് ട്രിബ്യൂണൽ ഏർപ്പെടുത്തിക്കൊണ്ട് ഇതിൽ എന്തെല്ലാം പഴുതുകൾ ഉണ്ടോ അതെല്ലാം അടച്ചുകൊണ്ട് അതിൽ അഴിമതി നടക്കാൻ അവസരം ഉണ്ടാകാതെ സുതാര്യമായി വകുപ്പു മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരിക്കുന്നത്. സ്വാഭാവികമായി നിങ്ങൾക്ക് നിരാശാബോധം തോന്നും. കഴിഞ്ഞ കാലങ്ങളിൽ ബെനിഫിഷ്യറി കമ്മിറ്റിയുടെ പേരിൽ എത്ര ഡി. വൈ. എഫ്. ഐ. യുടെ നേതാക്കൻമാരാണ് ചെക്ക് എഴുതി എടുത്തുകൊണ്ട് മുങ്ങിയിരിക്കുന്നത്. ഈ സഭയിൽ ആധികാരികമായി ഞാൻ പറയുമ്പോൾ തെളിവുതരാൻ ഞാൻ തയ്യാറാണ്. തിരുവനന്തപുരം നഗരസഭയിൽ ചെക്ക് എഴുതിക്കൊണ്ടുപോയി മുങ്ങിയ എത്രയോ ഡി. വൈ. എഫ്. ഐ. യുടെ നേതാക്കൾ ഈ തിരുവനന്തപുരം നഗരത്തിൽ ഉണ്ട്, സംസ്ഥാനത്തുണ്ട് അത് നഷ്ടപ്പെട്ടതിന്റെ നഷ്ടബോധം നിങ്ങൾക്കുണ്ടാവും. അതിനെക്കുറിച്ച് പ്ളാനിംഗ് ബോർഡിൽ നിന്ന് കൂട്ടുനിന്ന ഡോ. തോമസ് ഐസക് ഇവിടെ പ്രസംഗിക്കും. അതുപോലെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ പരിശോധിക്കണം. ഇത്ര കോടികൾ കൊടുക്കുമ്പോൾ ആ കണക്കുകൾ കാര്യക്ഷമമായി പരിശോധിക്കാൻ സംവിധാനമുണ്ടാവണം. ഗ്രാമസഭകൾ കൂടണം എന്ന് ഇവിടെ പറഞ്ഞു, ഗ്രാമസഭകൾ കൂടുന്നുണ്ട് ആളു വരുന്നില്ല. ഗ്രാമസഭകൾ കൂടിയാൽ ജനങ്ങൾ നിർദ്ദേശം വയ്ക്കും, ആ നിർദ്ദേശമാണോ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നത് ? ജനങ്ങളുടെ നിർദ്ദേശങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് കിട്ടുന്ന പണം സി.പി.എം. ഭരിക്കുന്ന പഞ്ചായത്താണെങ്കിൽ അവരുടെ മെമ്പർമാർക്ക് ഇഷ്ടം പോലെ വികസനം, മറ്റുള്ളവർക്ക് കുറവ് ഇങ്ങനെ വിവേചനപരമായി പെരുമാറിയതിന്റെ പേരിൽ ഗ്രാമസഭ കൂടിയാൽ ആളുകൾ ആരും പങ്കെടുക്കില്ല. അതുപോലെതന്നെ ഇത് കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ആവശ്യമായ ഉദ്യോഗസ്ഥൻമാരെ കൊടുക്കുകയും വേണം. അടുത്ത കാലത്ത് തിരുവനന്തപുരം നഗരത്തിൽ നഗരത്തെ മെട്രോപൊളീറ്റൻ സിറ്റി ആയി വികസിപ്പിക്കുന്നതിനെ ഗവൺമെന്റ് അട്ടിമറിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജാഥ നടത്തുകയുണ്ടായി. കഴിഞ്ഞ 2000-ലെ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പിനു മുൻപായി വാർഡുകൾ പുനർ വിഭജനം ചെയ്തു തിരുവനന്തപുരം നഗരത്തെ പടവലങ്ങ പോലെ നീട്ടി; കഴക്കൂട്ടത്ത് ടെക്നോപാർക്കുവരെ തിരുവനന്തപുരം നഗരം, ഈ അസംബ്ളി മന്ദിരത്തിന് മൂന്നുകിലോമീറ്റർ അപ്പുറത്തുകിടക്കുന്ന വട്ടിയൂർക്കാവ് പഞ്ചായത്ത്, മൂന്നു കിലോ മീറ്റർ അപ്പുറത്തെ കുടപ്പനക്കുന്ന് പഞ്ചായത്ത് പതിനാറുകിലോമീറ്ററോളം അകലെയുള്ള ടെക്നോപാർക്കുപ്രദേശങ്ങൾ ഇതെല്ലാം നഗരസഭയിൽ ഉൾപ്പെടുത്തി. ഇതെന്തു വാർഡു വിഭജനം പടവലങ്ങ പോലെ നഗരത്തെ നീട്ടി. ശ്രീ. എം. എ. വാഹീദ് പറഞ്ഞപോലെ ആറ്റിപ്ര പഞ്ചായത്ത് മാർക്സിസ്റ്റ് പാർട്ടിയുടെ കോട്ടയാണ്. ഉള്ളൂർ പഞ്ചായത്തും കടകംപള്ളി പഞ്ചായത്തും നഗരത്തോടു ചേർത്തു, നേമവും തിരുവല്ലവും നഗരത്തോടു ചേർക്കാൻ വ്യഗ്രത കാട്ടിയ അന്നത്തെ രാഷ്ട്രീയ നേതൃത്വം കുടപ്പനക്കുന്ന് പഞ്ചായത്തിനെയും വട്ടിയൂർക്കാവ് പഞ്ചായത്തിനെയും വിസ്മരിച്ചുകളഞ്ഞു. കാരണം അത് യു. ഡി. എഫ്. ഭരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളാണ്. തിരുവനന്തപുരം നഗരസഭ പഴയതുപോലെ ആക്കണം എന്നൊരു നിർദ്ദേശം വന്നപ്പോൾ ആ നിർദ്ദേശം അട്ടിമറിക്കാൻ അവർ നടത്തിയ ജാഥയാണ്. ഇവിടെ സംസ്ഥാന ജീവനക്കാർ തിങ്ങിപാർക്കുന്ന പ്രദേശത്ത്, മെട്രോപൊളീറ്റൻ സിറ്റി ആക്കുന്നതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന വ്യാജ പ്രചരണവുമായി ഇവർ ഇറങ്ങിതിരിച്ചു. എന്താണ് മെട്രോപൊളീറ്റൻ നഗരം, കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റ് നടപ്പാക്കിയ നഗരപാലികാബില്ലിൽ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. ആ വ്യവസ്ഥ കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എടുത്തുകളഞ്ഞു. 55-ാം വകുപ്പിന് ഭേദഗതി കൊണ്ടുവന്നു. ഈ വകുപ്പിൽ പത്തുലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഒന്നോ അതിലധികമോ ജില്ലകളിൽ ഉൾപ്പെട്ട പ്രദേശങ്ങളോ, മുനിസിപ്പാലിറ്റികളോ മുനിസിപ്പൽ പഞ്ചായത്തു പ്രദേശങ്ങളെയോ മെട്രോനഗരമായി പ്രഖ്യാപിക്കാനുള്ള ഭരണ ഘടനയുടെ 243 (P) അനുച്ഛേദം അതനുസരിച്ചാണ് 55-ാം വകുപ്പ് സഗരപാലികാബില്ലിൽ കൊണ്ടുവന്നത്. അതനുസരിച്ച് ഒരു പ്രദേശത്തെ മെട്രോപൊളീറ്റൻ നഗരമായി പ്രഖ്യാപിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് ഉണ്ടായിരുന്നു. ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിൽ മാറ്റം വരുത്തി. ആ അധികാരം നഗരപാലികാബില്ലിൽ നിന്ന് എടുത്തുകളയുകയും ചെയ്തു. ആ വ്യവസ്ഥ അനുസരിച്ച് തിരുവനന്തപുരത്തെ മെട്രോനഗരമായി ഗവൺമെന്റിന് പ്രഖ്യാപിക്കാൻ കഴിയും. ഇന്ന് നമ്മുടെ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള നഗര പരിഷ്ക്കരണത്തിന് അൻപതിനായിരം കോടി രൂപ കേന്ദ്ര ഗവൺമെന്റ് നീക്കിവച്ചിരിക്കുകയാണ്. 35:10:50. 35 ശതമാനം കേന്ദ്രവിഹിതവും 10 ശതമാനം സംസ്ഥാന വിഹിതവും 50 ശതമാനം വായ്പയും എന്ന രീതിയിൽ നമുക്കാവശ്യമായ വികസനത്തിന് പണം കിട്ടും. അതുപോലെതന്നെ നിലവിലുണ്ടായിരുന്ന 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ 80% കേന്ദ്ര വിഹിതവും 10% സംസ്ഥാന വിഹിതവും 10% വായ്പയും അനുവദിക്കും. 10 ലക്ഷത്തിനു താഴെയായിരുന്നാൽ 80% കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് കിട്ടും. 10 ലക്ഷത്തിനു മുകളിലായാൽ 35% മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് കിട്ടുകയുള്ളൂ. പക്ഷേ സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ അവകാശങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി ഇതിനെ മെട്രോനഗരമായി പ്രഖ്യാപിക്കാം. അത് പ്രഖ്യാപിക്കണമെങ്കിൽ നഗരപാലികാബില്ലിൽ ഒരു ഭേദഗതി കൊണ്ടുവന്ന്, മുൻ യു. ഡി. എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 55-ാം വകുപ്പ് അതേപടി പുനഃസ്ഥാപിച്ചാൽ സംസ്ഥാന ഗവൺമെന്റിന് ഒരു പ്രഖ്യാപനംവഴി ഈ തിരുവനന്തപുരം നഗരത്തെയും അനുബന്ധ പഞ്ചായത്തുകളേയുംകൂടി ചേർത്തുകൊണ്ട് ഇതിനെ ഒരു മെട്രോ നഗരമായി പ്രഖ്യാപിക്കാം. അതിന് തിരുവനന്തപുരം നഗരസഭയുടെ വിസ്തൃതി വർദ്ധിപ്പിക്കണമെന്നില്ല. തിരുവനന്തപുരം നഗരസഭയുടെ വിസ്തൃതി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാതെതന്നെ മറ്റു പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയുംകൂടി ചേർത്തുകൊണ്ട് തിരുവനന്തപുരത്തെ ഒരു മെട്രോ നഗരമായി പ്രഖ്യാപിച്ചാൽ സംസ്ഥാന ജീവനക്കാർക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാകും. അതിന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. അതിന് നഗരപാലികാ ബില്ലിൽ ഭേദഗതി കൊണ്ടുവന്നാൽമാത്രം മതിയാകും. അതുകൊണ്ടുവന്നാൽ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ കിട്ടുകയും ചെയ്യും. തിരുവനന്തപുരം നഗരത്തെ പടവലങ്ങപോലെ വലിച്ചുനീട്ടിയ ഇടതുമുന്നണി നയത്തെ മാറ്റി തിരുവനന്തപുരം നഗരത്തെ പഴയതുപോലെ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ കൊണ്ടുവന്നാൽ കഴിഞ്ഞ തവണ എന്താണ് പറ്റിയത്? തിരുവനന്തപുരം നഗരത്തിലുള്ള തുക മുഴുവൻ പഞ്ചായത്തുകളുടെ വികസനത്തിനുവേണ്ടി വിനിയോഗിച്ചു. എന്നാൽ പഞ്ചായത്തിനു കിട്ടേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടു. അവരുടെ ബഡ്ജറ്റ് വിഹിതവും നഷ്ടപ്പെട്ടു. അത് പുനഃസ്ഥാപിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തെ പഴയ രീതിയിൽ, ഈ തെരഞ്ഞെടുപ്പിനുമുമ്പ് വാർഡുവിഭജനം നടക്കുമ്പോൾ ആ രൂപത്തിൽ തിരുവനന്തപുരം നഗരത്തെ കൊണ്ടുവരികയും നഗരപാലികാ ബില്ലിൽ ഭേദഗതി വരുത്തിക്കൊണ്ട് മെട്രോനഗരമായി തിരുവനന്തപുരത്തെ പ്രഖ്യാപിക്കണമെങ്കിൽ നയപരമായ തീരുമാനമെടുത്തുകൊണ്ട് അത് പ്രഖ്യാപിക്കുകയും ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഇന്ന് സംസ്ഥാനത്തൊട്ടാകെ പഞ്ചായത്തു പ്രസിഡന്റുമാർക്കു വേണ്ടിയുള്ള അവിശ്വാസത്തിന്റെ പേരിലാണ് രണ്ടു പഞ്ചായത്ത് മെമ്പർമാരെ കൊന്നത്, അല്ലെങ്കിൽ ആത്മഹത്യ ചെയ്തത്. ഈ സ്ഥിതി ഒഴിവാക്കാൻ പഞ്ചായത്തു പ്രസിഡന്റിനേയും മുനിസിപ്പൽ ചെയർമാനേയും കോർപ്പറേഷൻ മേയറേയും നേരിട്ട് തെരഞ്ഞെടുക്കുന്ന ഒരു സംവിധാനം ഈ സംസ്ഥാനത്ത് കൊണ്ടുവന്നാൽ, ഈ പഞ്ചായത്തു പ്രസിഡന്റുസ്ഥാനത്തിനുവേണ്ടി കോർപ്പറേഷൻ മേയറുടെ സ്ഥാനത്തിനുവേണ്ടി, മുനിസിപ്പൽ ചെയർമാൻ സ്ഥാനത്തിനുവേണ്ടി ഇന്നുള്ള തമ്മിലടി അവസാനിപ്പിക്കാൻ കഴിയും. ആ രംഗത്ത് ഇന്നുള്ള കിടമത്സരം ഈ ഗവൺമെന്റിന് അവസാനിപ്പിക്കാൻകഴിയും. ഈ രീതിയിൽ തിരുവനന്തപുരം നഗരത്തെ പഴയ രീതിയിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം. മെട്രോ നഗരമാക്കാനുള്ള കാംപെയിനിൽ പങ്കെടുത്ത് എൽ.ഡി.എഫ്. കൺവെൻഷനിൽ പ്രസംഗിച്ചത് ആരാണെന്നറിയാമോ? ഇവിടെ ആർ.എസ്.എസ്. ബന്ധം പറയുന്നുണ്ടല്ലോ, നിങ്ങളുടെ എൽ.ഡി.എഫ്. കൺവെൻഷനിൽ തിരുവനന്തപുരത്ത് പ്രസംഗിച്ചത് ശ്രീമതി സുഗതകുമാരി, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. എം. എൽ. പ്രസാദ്, ഡോ. ഡി. ബാബുപോൾ എന്നിവരാണ്. ഈ അവസാനത്തെ രണ്ടുപേരുകാർ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എവിടെയായിരുന്നുവെന്ന് നിങ്ങൾക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാൻ പറ്റുമോ? ശ്രീ. എം. എൽ. പ്രസാദും ഡോ. ഡി. ബാബുപോളും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആരുടെ ഭാഗത്തായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അവർ പറഞ്ഞതുകൊണ്ടാണ് നിങ്ങൾ എൽ.ഡി.എഫ്. കൺവെൻഷൻ വിളിച്ചുകൂട്ടിയത്. ബി.ജെ.പി.ക്കാരായ രണ്ടുപേരെക്കൊണ്ടിരുത്തിയാണ് നിങ്ങൾ മെട്രോനഗരത്തിനുവേണ്ടി തിരുവനന്തപുരത്ത് എൽ.ഡി.എഫ്. കൺവെൻഷൻ നടത്തിയത്. നിങ്ങൾ അന്വേഷിക്കൂ, തെറ്റാണെന്ന് കണ്ടാൽ ഞാൻ ഈ സഭയിൽ മാപ്പു പറയാം. അവർ ആരാണെന്നുള്ളത് പരിശോധിക്കൂ. അത്തരത്തിൽ ആരെ കൂട്ടുപിടിച്ചും എന്തും നടപ്പാക്കാൻ അവസരമുണ്ടാകണമെന്നുള്ള നിങ്ങളുടെ നയത്തിന്റെ ഭാഗമായിട്ടല്ലേ ഇതുചെയ്തത്? ഇത് അവസാനിപ്പിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിന്റെ പഴയകാല പ്രതാപവും പ്രൗഢിയും വീണ്ടെടുക്കാൻ തിരുവനന്തപുരം നഗരത്തെ പഴയപോലെ പുനഃസ്ഥാപിച്ചുകൊണ്ട് നഗരപാലിക ബില്ലിൽ വ്യവസ്ഥകൊണ്ടുവന്ന് തിരുവനന്തപുരം നഗരത്തെ ഒരു മെട്രോ സിറ്റിയായി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. കെ. കെ. ബാവ]

മറ്റൊന്ന് കഴിഞ്ഞ 18-ാം തീയതി ശ്രീ. ലൂഡി ലൂയിസ് ഈ സഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നു. ആ സബ്മിഷൻ എന്തായിരുന്നു? പരസ്യബോർഡ് വീണ് സംസ്ഥാനത്ത് അപകടം സംഭവിക്കുന്നതു സംബന്ധിച്ചായിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അത് ലൈസൻസ് കൊടുത്താണ് നിർമ്മിക്കുന്നത്, അതിന്റെ ഭാഗം പരിശോധിക്കുമെന്നുപറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് ഒരു കത്തുകൊടുത്തു. അദ്ദേഹം എനിക്കുതന്ന മറുപടി ഈ തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക് നഗരസഭയുടെ അനുവാദം കൊടുക്കുന്നതിനുമുമ്പായി ബന്ധപ്പെട്ടവരെക്കൊണ്ട് അപകട ഇൻഷ്വറൻസ് എടുപ്പിക്കുമെന്നാണ്. അപകട ഇൻഷ്വറൻസ് എടുപ്പിച്ച് മരിച്ചവർക്ക് ഇൻഷ്വറൻസ് തുക വാങ്ങിക്കൊടുത്തിട്ട് എന്തെങ്കിലും കാര്യമുണ്ടോ? എനിക്കു തന്ന മറുപടിയാണത്. അതിനേക്കാൾ മരണം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണ്ടേ? ഈ സബ്മിഷനുശേഷം കേരള കൗമുദി പത്രത്തിൽ വന്നത് കിള്ളിപ്പാലത്ത് ഇന്നലെ വൈകിട്ട് പരസ്യബോർഡ് മറിഞ്ഞുവീണ് ഒരാൾക്ക് പരിക്കേറ്റു. രണ്ടുമാസത്തിനുമുമ്പ് നേമത്ത് ഒരാൾ മരിച്ചു. ഇതിനൊരു നിയന്ത്രണം വേണ്ടേ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഇത്തരം മറുപടിയല്ല ആവശ്യം, കൂറ്റൻ ബോർഡുകൾ ഒഴിവാക്കണം. പരസ്യബോർഡുകൾ വേണ്ടെന്ന് ഞാൻ പറയുന്നില്ല, ഏതാണ്ട് നിയമസഭയുടെ ഡയസ്സിന്റെ ബാക്ക് ഗ്രൗണ്ടിന്റെയത്രയുള്ള കൂറ്റൻ ബോർഡുകൾ സ്ഥാപിക്കുന്നത് പൂർണ്ണമായും നിരോധിക്കുകയും വലിപ്പത്തിന്റെ പരിധി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചുകൊണ്ട് ആ കുറഞ്ഞ പരിധിക്കുള്ളിലുള്ള വലിപ്പത്തിൽ മാത്രമേ ബോർഡ് സ്ഥാപിക്കാൻ ലൈസൻസ് കൊടുക്കാവൂ എന്നുള്ള നിബന്ധന വേണമെങ്കിൽ ഗവൺമെന്റ് ഒരു ഉത്തരവുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇൻഷ്വറൻസിൽ കാര്യമില്ല. അതുപോലെ തിരുവനന്തപുരത്ത് അടിയന്തിരമായി പരിഹരിക്കേണ്ട രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ട്. തിരുവനന്തപുരം നഗരത്തെ തലസ്ഥാന നഗരമെന്നുള്ള നിലയിൽ ഉൾപ്പെടുത്തുന്നതിനുപുറമേ കൊച്ചിയിലും കോഴിക്കോടും പദ്ധതികൊണ്ടുവരുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. തിരുവനന്തപുരത്തെപ്പോലെ കൊച്ചിയും കോഴിക്കോടും വികസിക്കണം. അതുപോലെതന്നെ ഞങ്ങൾ മറിച്ചൊരാവശ്യം ഉന്നയിക്കുന്നു. എറണാകുളത്തുള്ള ഹൈക്കോടതിയുടെ ഒരു ബഞ്ച് ചരിത്രപരമായി തിരുവനന്തപുരത്തുകാർക്ക് നൽകാമെന്ന് പ്രതിജ്ഞാബദ്ധമായി പറഞ്ഞിട്ടുള്ളതാണ്. ആ ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള സന്മനസ്സ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. തിരുവനന്തപുരം നഗരംപോലെ കൊച്ചി വളരട്ടെ, കോഴിക്കോട് വളരട്ടെ, അവിടെ വിമാനത്താവളമുണ്ടാകട്ടെ, അതിന് ഞങ്ങളാരും എതിരല്ല. പക്ഷേ ഞങ്ങളുടെ ചരിത്രപരമായ ആവശ്യമാണ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നുള്ളത്. പ്രസിഡന്റിന് കത്തെഴുതിയിട്ട് കൈയുംകെട്ടിയിരുന്നിട്ട് കാര്യമില്ല. വേണമെങ്കിൽ തിരുവനന്തപുരത്തെ ജനപ്രതിനിധികളേയുംകൂട്ടി പ്രസിഡന്റിനെ നേരിട്ട് കാണുകയോ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയോ ചീഫ് ജസ്റ്റിസിനെ കാണുകയോ ചെയ്തുകൊണ്ട് ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ തിരുവനന്തപുരം നഗരത്തിനാവശ്യമായിട്ടുള്ളത് വിഴിഞ്ഞം പോർട്ടാണ്. പ്രകൃതിദത്തമായിട്ടുള്ള ഒരു പോർട്ടാണ് വിഴിഞ്ഞം. എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. ആ വിഴിഞ്ഞംപോർട്ട് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ വിമാനത്താവളം, എല്ലാം പോയി. തിരുവനന്തപുരത്തിന്റെ രക്ഷകന്മാരെല്ലാം പലപ്പോഴും തിരുവനന്തപുരത്തിന്റ അന്തകന്മാരായി മാറിയിട്ടുള്ളതായാണ് ഞങ്ങൾ കണ്ടിട്ടുള്ളത്. അങ്ങനെ തിരുവനന്തപുരത്തിന്റെ വിമാനത്താവളം പോയി, ഉള്ള ഫ്ളൈറ്റെല്ലാം പോയി. എയർ ഇന്ത്യ ആകെ ആറ് ഷെഡ്യൂളുകളാണ് ഇവിടെനിന്നും ഓപ്പറേറ്റു ചെയ്യുന്നത്. അപ്പോൾ പുതുതായി വരുന്ന ചെലവു കുറഞ്ഞ വിമാനത്തിന്റെ രണ്ട് ഷെഡ്യൂളുകൾ പോയി. ഇങ്ങനെ വിമാന ത്താവളത്തിന്റെ ദുഃസ്ഥിതിയും പേറിക്കൊണ്ടാണ് ഞങ്ങൾ തിരുവനന്തപുരത്തിന്റെ ജനപ്രതിനിധികൾ നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിലിരുന്ന് ഇത് കേൾക്കുന്നുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരളത്തിൽ അന്താരാഷ്ട്ര വിമാനത്താവളമായി ആദ്യമായി പ്രഖ്യാപിച്ച തിരുവനന്തപുരം വിമാനത്താവളത്തിന്റെ ദുഃസ്ഥിതി മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണം. കവടിയാർ കൊട്ടാരം സ്ഥിതി ചെയ്യുന്നിടത്ത് കുറച്ചു സ്ഥലം നീക്കിയിട്ടിരുന്നത് സിവിൽ സ്റ്റേഷൻ നിർമ്മിക്കാനാണ്. കുറച്ചു നാൾ കഴിഞ്ഞപ്പോൾ പറഞ്ഞു അവിടെ ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കണമെന്ന്. ഞങ്ങൾ പറഞ്ഞു സ്ഥാപിക്കാമെന്ന്. അങ്ങനെ ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കാനായി സ്ഥലം വിട്ടുകൊടുത്തു. ഇപ്പോൾ ഹാബിറ്റാറ്റ് സെന്ററുമില്ല, സിവിൽ സ്റ്റേഷനുമില്ല. ആ സ്ഥലം വെറുതെ കിടക്കുകയാണ്. ഗവൺമെന്റ് മുൻകൈ എടുത്ത് ഹാബിറ്റാറ്റ് സെന്റർ അവിടെ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ ബഹുമാനപ്പെട്ട തമ്പാനൂർ രവിയുടെ ഒരു കാളിംഗ് അറ്റൻഷൻ ഇന്നുണ്ടായിരുന്നു. ഐ. ഐ. റ്റി. സ്ഥാപിക്കുന്നതിനെ ക്കുറിച്ചാണ്. ഐ. ഐ. റ്റി. സ്ഥാപിക്കുന്നെങ്കിൽ, അതു തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ ആയിരിക്കണം. വല്ലാർപാടം കണ്ടെയ്നർ ടെർമിനലോ എന്തും വരട്ടെ, അതിനുള്ള സ്ഥലവും സൗകര്യവും എറണാകുളത്തുണ്ട്. തിരുവനന്തപുരത്തിനു പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഞങ്ങൾ ആവശ്യപ്പെടുന്നത് "കോരനു കഞ്ഞി കുമ്പിളിൽ" എന്നുള്ള പഴംചൊല്ല് അനുസ്മരിച്ചുകൊണ്ട്, ചെറിയ ഒരു കവിൾ കഞ്ഞി കുടിക്കുവാനുള്ള സൗകര്യം തിരുവനന്തപുരം നഗരത്തിനു നൽകണം. ഐ. ഐ. റ്റി. സെന്റർ തിരുവനന്തപുരത്തിനു നൽകണം എന്നു ഗവൺമെന്റിനോട് ആവശ്യപ്പെടാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. തലസ്ഥാന നഗരത്തിന്റെ അന്തസ്സും പ്രൗഢിയും വീണ്ടെടുക്കാൻ ഇന്നു ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്ലാഘനീയമായ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി തുടങ്ങി വച്ച ചില വികസന പ്രവർത്തനങ്ങൾ, ഇന്ന് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ തുടർന്നു നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ ഞങ്ങൾ കണ്ടില്ലെന്നു നടിക്കുന്നില്ല. അതിനു നന്ദി പ്രകടിപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതോടൊപ്പം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കൂടി, തലസ്ഥാന നഗരത്തിന്റെ അന്തസ്സിനും പ്രൗഢിക്കും അനുസരിച്ച് വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്, എന്റെ അടുത്ത ഒരു സുഹൃത്തായ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ പിന്താങ്ങുന്നു.

ഡോ. തോമസ് ഐസക് : സർ, നമ്മുടെ സംസ്ഥാന ബഡ്ജറ്റിന്റെ 13, 14 ശതമാനത്തോളം വരുന്ന തുകയുടെ Demand Grant ആണ് നമ്മൾ ഇന്നു ചർച്ച

ചെയ്യുന്നത്. Plan grant-in-aid, sponsored programmes-ഉം കേന്ദ്ര ഗവൺമെന്റിന്റെ centrally sponsored-ന്റെ പണവുംകൂടി ഈ പറയുന്ന ശതമാനത്തിൽ പെടുത്തിക്കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളെ എടുത്തു കഴിഞ്ഞാൽ, അവിടെ സംസ്ഥാന ബഡ്ജറ്റിന്റെ അഞ്ച് ശതമാനമോ ആറ് ശതമാനമോ മാത്രമാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്നത്. ഇതു നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടമാണ്. അതിനു ജനകീയാസൂത്രണം നിർണ്ണായകമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ഇവിടെ പലരും പലതും വിളിച്ചു പറഞ്ഞു. പ്രശ്നങ്ങളും പോരായ്മകളും ഇല്ലെന്നല്ല. അധികാര വികേന്ദ്രീകരണത്തിനുവേണ്ടി അടിസ്ഥാനപരമായിട്ടുള്ള ഒരു ഇടർച്ച അതു സൃഷ്ടിച്ചു, ഇനി ആ പ്രക്രിയ തുടരണമോ ഇല്ലയോ എന്നുള്ള ഗൗരവമായ ഒരു ചോദ്യം ഉയർന്നിരിക്കുകയാണ്. ധനകാര്യ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന പണം സംബന്ധിച്ച് നിയമസഭയുടെ താല്പര്യത്തിനു വിരുദ്ധമായിട്ട് ഏർപ്പെടുത്തിയിരുന്ന നിബന്ധനകൾ, അത്തരം ഒരു സ്ഥിതി വിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ട് ജനകീയാസൂത്രണത്തെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. അതിനേക്കാൾ പ്രധാനമായിട്ടുള്ള പ്രശ്നത്തിലേക്ക് എന്റെ പ്രസംഗത്തിന്റെ മുന നീക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് അദ്ദേഹത്തിന്റെ ഒരു പുതിയ സിദ്ധാന്തം തന്നെയാണ്. നമുക്ക് വേണമെങ്കിൽ ആ സിദ്ധാന്തത്തെ വക്കംജിയുടെ 'doctrine of lapse' എന്നു വിളിക്കാം. പണ്ട് ഡൽഹൗസി പ്രഭുവാണ് ഇന്ത്യാ രാജ്യത്ത് 'doctrine of lapse' കൊണ്ടു വന്നത്. പക്ഷേ നാട്ടു രാജ്യങ്ങളെയൊക്കെ വിഴുങ്ങുന്നതിനുവേണ്ടി ബ്രിട്ടീഷ് സാമ്രാജ്യത്വം ഉപയോഗിച്ച ഒരു ഏർപ്പാടായിരുന്നു. അതുപോലെ തദ്ദേശസ്വയംഭരണാവകാശം ധനകാര്യ വകുപ്പ് ഏറ്റെടുക്കുന്നതിനുവേണ്ടി ഒരു പുതിയ തത്വം ഈ സഭയിൽ കൊണ്ടു വന്നിരിക്കുകയാണ്. അതാണ് ഈ 'doctrine of lapse' എന്നു പറയുന്നത്. അദ്ദേഹം പറയുന്ന വാദത്തോട് പൂർണ്ണമായും നീതി പുലർത്തിക്കൊണ്ടു തന്നെ ഞാൻ സംസാരിക്കുകയാണ്. അദ്ദേഹം പറയുന്നത് നമ്മുടെ പണം ചെലവഴിക്കുന്നതിനാധാരമായിട്ടുള്ള, കേരളാ ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥ പ്രകാരം, ക്ളാസ്സ് 40 പ്രകാരം, അതിന്റെ സബ് ക്ളാസ്സ് (6) All appropriations lapse at the close of the financial year എന്നു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിയമവിരുദ്ധമാണ്. മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ, ഈ പണം ചെലവാക്കുന്ന കാര്യത്തിൽ സമയം നീട്ടിക്കൊടുക്കുന്നത് എന്തിനാണെന്നാണ് അദ്ദേഹത്തിന്റെ വാദം. അദ്ദേഹം ഈ കോഡിനെയൊക്കെ തെറ്റായി ഉദ്ധരിക്കുകയാണ്. കാരണം പ്രസക്തമായിട്ടുള്ളത് Grant-in-aid-നെ സംബന്ധിച്ചുള്ള ഭാഗമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് Grant-in-aid നൽകേണ്ടത് എങ്ങനെയാണെന്ന് ഫൈനാൻഷ്യൽ കോഡിൽ പറഞ്ഞിട്ടുണ്ട്. Art. 212. The payment of various classes

LIBRARY ARCHIVES Kerala Legislative Assembly

of Grants-in-aid to local bodies ..... will be regulated by the general or special orders of Government sanctioning each class of payment. എന്നു വച്ചാൽ ഗ്രാന്റ് നൽകുന്ന സർക്കാർ അതിലെ നിബന്ധനകൾ ഫിക്സ് ചെയ്യുകയാണ് വേണ്ടത്. അതാണ് പറയുന്നത്. എന്താണ് സർക്കാർ ഫിക്സ് ചെയ്യുന്നത്? 1997-ൽ നിങ്ങളുടെ കാലത്ത്, ഇവിടെ ജനകീയാസൂത്രണത്തിന്റെ പദ്ധതി നിർവ്വഹണത്തിന് മൂന്നു മാസം നീട്ടിക്കൊടുത്തതിന്റെ വലിയ കോലാഹലങ്ങൾ ഈ നിയമസഭയിലുണ്ട്. ഒരാൾ കോടതിയിൽ പോയി കേസു കൊടുത്തു. സർക്കാർ കോടതിയിൽ അഫിഡവിറ്റു കൊടുത്തിട്ടുണ്ട്. ഇങ്ങനെ ഗ്രാന്റ്സ് നൽകുമ്പോൾ ഗ്രാന്ററാണ് നിബന്ധനകൾ സ്റ്റിപ്പുലേറ്റു ചെയ്യുന്നത്, കണ്ടീഷൻസ് എങ്ങനെ വേണമെന്ന്, പഞ്ചായത്തിനുള്ള നിബന്ധനകൾ എന്താണെന്നു പറഞ്ഞിട്ടില്ല. എന്നാൽ അതിനു തൊട്ടു മുമ്പ് Grant-in-aid and contributions of Public Bodies, Institutions etc. അതു സംബന്ധിച്ച് ഫൈനാൻഷ്യൽ കോഡിൽ പറയുന്നതെന്താണെന്നു വച്ചാൽ Unless in any case Government directs otherwise, every order sanctioning a Grant should specify, clearly the object for which it is given and the conditions, if any, attached to the Grant. In the case of non-recurring Grants for specified objects, the order should also specify the time limit within which the Grant or each instalment of it is to be spent. ഇതു കഴിഞ്ഞിട്ട് എന്താണ് റീസണബിൾ ടൈം ലിമിറ്റ് എന്ന് ഇവിടെ തന്നെ പറയുന്നുണ്ട്. ആ റീസണബിൾ ടൈം ലിമിറ്റ് എന്നു പറയുന്നത്, ഗ്രാന്റ് സാംഗ്ഷൻ ചെയ്തതിനുശേഷം ഒരു വർഷമാണ് കാലാവധി. ഫൈനാൻഷ്യൽ കോഡിൽ പറയുന്ന, ഒരു സ്വകാര്യ സ്ഥാപനത്തിന് നൽകാവുന്ന ആനുകൂല്യം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയില്ല എന്നാണ് അങ്ങു പറയുന്നത്. മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യമെടുക്കുക. ഡിസംബർ മാസത്തിൽ മെയിന്റനൻസ് ഗ്രാന്റ് സാംഗ്ഷൻ ചെയ്തു. എന്റെ കയ്യിൽ രേഖയുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിനു അതിന്റെ ഗൈഡ്ലൈൻസ് കിട്ടിയത് ജനുവരി 4-ാം തീയതി ആണ്. ആ ഗൈഡ്ലൈൻസ് പ്രകാരം പ്രോജക്ട് തയ്യാറാക്കാൻ എസ്റ്റിമേറ്റ് എടുത്തു. ഡി. പി. സി. യുടെ അംഗീകാരം വാങ്ങണം. സാങ്കേതികാനുമതി വാങ്ങണം. ടെൻഡർ ചെയ്യണം. മൂന്നു മാസത്തിനുള്ളിൽ നടത്താൻ പറ്റുന്ന കാര്യമാണോ? അതു പോകട്ടെ. അതിലും വലിയ രസമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന plan grant-in-aid-ൽ ധനകാര്യമന്ത്രി ആദ്യമായിട്ട് R.I.D.F-ന്റെ ലോൺ കൂടി Plan grant-in-aid-ന്റെ ഭാഗമായി കൊടുത്തു. ഈ നിയമസഭയിൽ കഴിഞ്ഞ തവണ അതിന്റെ അപകടമെന്താണെന്ന് ചൂണ്ടിക്കാണിച്ചതാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പദ്ധതി രേഖയ്ക്ക് അംഗീകാരം കിട്ടിക്കഴിയുമ്പോൾ, പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം, കണ്ടീഷണലാണ് അനുമതി. നബാർഡ് പ്രോജക്ട് സാംഗ്ഷൻ ചെയ്തിട്ടേ പണം ചെലവഴിക്കാൻ പറ്റൂ. ഫെബ്രുവരി മാസമായപ്പോൾ ആലപ്പുഴ ജില്ലാ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

എഴുതി, ഇങ്ങനെ കാത്തിരുന്നാൽ ഞങ്ങളുടെ പണം മുഴുവൻ നഷ്ടപ്പെട്ടു പോകും എന്ന്. രണ്ടരക്കോടി രൂപയാണ് R.I.D.F.-ന്റെ ലോൺ. ആർക്ക്? ജില്ലാ പഞ്ചായത്തിന്. മാർച്ച് 14-നാണ് മറുപടി ലഭിക്കുന്നത്. നിങ്ങൾക്ക് കിട്ടിയ പണത്തിൽ നിന്നും പ്രോജക്ട് നടപ്പാക്കിക്കോളൂ എന്ന്. നബാർഡ് പണം അനുവദിക്കുന്നില്ലെങ്കിൽ അതു ജനറൽ സെക്ടറിൽ നിന്നും ചെലവഴിച്ചതായി കണക്കാക്കാം എന്നാണ്. മാർച്ച് 14-നു അനുവാദം കൊടുത്തിട്ട് മാർച്ച് 30-ാം തീയതി പണം ലാപ്സാകുമെന്നു പറയുന്നതിൽ എന്തു യുക്തിയാണുള്ളത്? ഈ പറയുന്നതിന് എന്തെങ്കിലും സാമാന്യയുക്തി വേണ്ടേ? മാർച്ച് 14-ന് രണ്ടര കോടി രൂപയുടെ പ്രോജക്ടിനുള്ള പണം ചെലവാക്കിക്കൊള്ളൂ എന്ന്. അതിനു ടെൻഡർ വിളിക്കണം. എന്നിട്ട് 30-ാം തീയതി ലാപ്സാകുമെന്ന് പ്രഖ്യാപിക്കുന്നതിൽ എന്ത് നീതിയാണുള്ളതെന്ന് ഒന്നു ആലോചിക്കുക. യഥാർത്ഥത്തിൽ ചട്ടമുണ്ട്. ചട്ടം നിങ്ങൾ തേടേണ്ട. കുറച്ചു പഴയ ചട്ടമാണെന്നു മാത്രമേയുള്ളൂ. G. O. Planning 20/13/64/ART dated 20-10-1964 ഞാൻ വായിക്കാം. The period of utilisation of Grants in relation to public works due to delay in procedures such as ASTS shall be fixed as two years from the date of issue of granting orders. കെ. പി. ആർ. പാസ്സാക്കിയിട്ടുണ്ട്. അതിൽ എന്താണ് പറയുന്നത്? നിലവിലുള്ള പുതിയ ചട്ടം വരെ നിലനിൽക്കുമെന്നുള്ളതാണ്. നിലവിലുള്ള ചട്ടത്തിന് വിരുദ്ധമായിട്ടാണ് നിങ്ങൾ പെരുമാറുന്നത്. ഇവിടത്തെ അടിസ്ഥാന ചോദ്യം എന്താണ്? പഞ്ചായത്ത് നൽകുന്ന പണം ഗ്രാന്റ് ഇൻ എയ്ഡ് ആണോ അല്ലയോ എന്നുള്ളതാണ് വിഷയം. ഈ സഭയ്ക്ക് നൽകിയിട്ടുള്ള രേഖയാണ് Annexure 4. അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, രണ്ട് stream ആയിട്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകുന്നത്. അതിൽ second stream is the plan grant-in-aid for local development. ഗ്രാന്റ് ഇൻ എയ്ഡ്, എഴുതിയിരിക്കുന്നത് എങ്ങനെയാണ്, പ്ലാൻ ഗ്രാന്റ്. ഇനി ആർക്കെങ്കിലും സംശയമുണ്ടാകുമെന്ന് വിചാരിച്ചിട്ട് ബഡ്ജറ്റ് ഡോക്കുമെന്റിൽ ബ്രാക്കറ്റിൽ ഗ്രാന്റ് ഇൻ എയ്ഡ് എന്ന് എഴുതിയിരിക്കുകയാണ്. ഇതാണ് ബഡ്ജറ്റ് രേഖ പറയുന്നത്. ഇത് ഗ്രാന്റ് ഇൻ എയ്ഡ് ആണ്. അത്തരത്തിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് എങ്ങനെ നിശ്ചയിക്കപ്പെട്ടു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വലിയ സിദ്ധാന്തം അവതരിപ്പിച്ചു. ഇത് പഞ്ചായത്തിലുള്ള എൻടൈറ്റിൽമെന്റിന്റെ upper ceiling ആണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇതിനെയൊന്നും ഞാൻ ചോദ്യം ചെയ്യാത്തതും റൂൾസ് വായിക്കാത്തതും അത് എഗ്രി ചെയ്യുന്നതുകൊണ്ടല്ല. ഡോ. തോമസ് ഐസക് പറയുന്നത് മുഴുവൻ അബദ്ധമാണ്. ഇതിന് ഫിനാൻഷ്യൽ കോഡ് ഉണ്ട്. നമ്മൾ തമ്മിൽ ഒരു controversy ഉണ്ടെന്നുള്ള ധാരണ പരത്താൻ ഞാൻ തയ്യാറല്ല. അതുകൊണ്ടാണ് ഞാൻ മിണ്ടാതിരിക്കുന്നത്. ഭരണവശത്തെ സംബന്ധിച്ചിടത്തോളം അതിനെപ്പറ്റിയാതൊരു അഭിപ്രായവ്യത്യാസവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : അങ്ങേയ്ക്ക് ഈ പറയുന്നതൊക്കെ ഭീമമായ അബദ്ധങ്ങളാണെന്ന് തോന്നുന്നുണ്ടെങ്കിൽ ആ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അതൊക്കെ തിരുത്തുന്നത് എപ്പോഴും നല്ലതാണ്. ഞാൻ പറയുന്നത് ഫിനാൻസ് കമ്മിഷന്റെ അവാർഡാണ് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റ്. അത് സംസ്ഥാന റവന്യൂ ടാക്സിന്റെ 5.5 ശതമാനമായിരിക്കും.

ശ്രീ. വക്കം പുരുഷോത്തമൻ : ഫിനാൻസ് കമ്മീഷന്റെ അവാർഡിൽത്തന്നെ ഇത് മാർച്ച് മാസത്തിൽ ചെലവാക്കിയില്ലെങ്കിൽ ലാപ്സാകുമെന്നുള്ളത് അങ്ങ് വായിച്ചോ? അതിലുണ്ട്.

ഡോ. തോമസ് ഐസക് : കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ക്ളാസ് 212-ൽ പറയുന്നത് എന്താണെന്ന് അറിയാമോ? "ഈ വകുപ്പുകളുടെ വ്യവസ്ഥകൾക്കനുസൃതമായി ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. ആ ഫണ്ടിൽ എന്തെല്ലാം ഉൾപ്പെടും. ക്ളാസ് 212 ഒന്ന്(ബി) അതിൽ പറയുന്ന (ഒന്ന്) പഞ്ചായത്ത് പിരിക്കുന്ന നികുതി തുടങ്ങിയവ, (രണ്ട്) ഗ്രാമപഞ്ചായത്ത് രൂപം നൽകിയ സ്കീമുകളും പ്രോജക്ടുകളും പ്ളാനുകളും നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ നൽകിയ ഗ്രാന്റുകൾ. (മൂന്ന്) ഈ ആക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഏൽപ്പിച്ചതോ വിട്ടുകൊടുത്തതോ ആയ ചുമതലകളോ സ്കീമുകളോ പ്രോജക്ടുകളോ പ്ളാനുകളോ നടപ്പാക്കുന്നതിനാവശ്യമായ ഗ്രാന്റുകളും സർക്കാർ നൽകുന്ന പണവുമെല്ലാം പഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് അക്കൗണ്ടിലേക്ക് പോകണമെന്നാണ് പഞ്ചായത്ത് രാജ് ആക്റ്റിൽ പറയുന്നത്". ഈ നിയമത്തിന് വിരുദ്ധമായിട്ട് ചട്ടമുണ്ടാക്കാനൊന്നും ആർക്കും കഴിയുകയില്ല. ആരുപറഞ്ഞാലും ആക്ടിന് അനുസൃതമായിട്ടല്ലേ പോകേണ്ടത്? ഈ പണമെല്ലാം പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്യണമെന്ന് പഞ്ചായത്ത്രാജ് ആക്ടിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നത് ഇതുവരേയും നേരിട്ട് പഞ്ചായത്തിന്റെ ലോക്കൽ അക്കൗണ്ടിലേക്കായിരുന്നില്ല. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്താണ് ചെയ്തുകൊണ്ടിരുന്നത്, പ്ളാൻ അലോട്ടുമെന്റ് നാല് ഗഡുക്കളായിട്ടായിരുന്നു ട്രാൻസ്ഫർ ചെയ്തിരുന്നത്. അത് സെക്രട്ടറിയുടെ പ്ളാൻ പി.ഡി. അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. അവിടെ നിന്നും ഭരണ സമിതിയുടെ തീരുമാനപ്രകാരം ഇംപ്ളിമെന്റിംഗ് ഓഫീസേഴ്സിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് മാറ്റിക്കൊടുക്കുന്നു. അവർ ചെക്ക് മുഖേന പണം ചെലവഴിച്ച് പദ്ധതികൾ നടപ്പാക്കും. ഇത് ബഹുമാനപ്പെട്ട കെ. ശങ്കരനാരായണൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ സർക്കാർ ഉത്തരവിലൂടെ മാറ്റി. ആ മാറ്റിയ സമയത്ത് ഞങ്ങൾ അത് ഗൗരവതരമായി ഈ സഭയിൽ ഉന്നയിച്ചു. എന്താണ് ഉണ്ടായ മാറ്റം? (1) ഇംപ്ളിമെന്റിംഗ് ഓഫീസേഴ്സിന്റെ പ്ളാൻ പി.ഡി. അക്കൗണ്ടുകൾ ക്ളോസ് ചെയ്തു. ബിൽ എഴുതി സെക്രട്ടറി പണം ട്രഷറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വാങ്ങും. വാങ്ങിക്കഴിഞ്ഞാൽ ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് ഇങ്ങനെയൊരു പ്രോജക്ട് ഡിപ്പാർട്ടുമെന്റുവഴി ഉണ്ടെന്നുപറഞ്ഞ് ലെറ്റർ കൊടുത്ത് പണം വാങ്ങി ചെലവാക്കും. അന്ന് ഞങ്ങൾ പറഞ്ഞത് എത്രമാത്രം ശരിയാണെന്ന് ഇക്കണോമിക് റിവ്യൂവിലുണ്ട്. "Restoration of Implementing Officers System". The withdrawal of the Implementing Officers System in July 2003, led to a major set back to decentralization, in the sense that Officers transferred to local governments were cut off from their formal links with local governments resulting in indifference and non-co-operation. അങ്ങനെ ഈ നിർവ്വഹണ സമ്പ്രദായമാകെ അലങ്കോലപ്പെടുത്തി ഫണ്ടിൽ കിടന്നിരുന്ന പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ആയിരത്തിൽ ചിലാനം കോടി രൂപ തിരിച്ചു പിടിച്ചു. അതിൽ 350 കോടി രൂപയോളം തിരിച്ചുനൽകി. 702 കോടിയോളം രൂപ സർക്കാർ തിരിച്ചുപിടിച്ചു. ഇത് വർഷാവസാനം ലാപ്സാകുന്നതല്ല. അങ്ങനെ ഈ പണവുംകൂടി കിഴിക്കുകയായിരുന്നെങ്കിൽ 702 കോടി രൂപ. സി. & എ. ജി-യുടെ റിപ്പോർട്ടിലുണ്ട്. ആദ്യത്തെ മൂന്നു വർഷം യു.ഡി.എഫ്-ന്റേത് കണക്കു പറഞ്ഞതുകൊണ്ട് പറയുകയാണ്. 2197 കോടി രൂപയാണ് പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡായിട്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇക്കണോമിക് റിവ്യു പ്രകാരം ചെലവഴിക്കപ്പെട്ടത് 2217 കോടി രൂപയാണ്. ഇതിൽ നിന്ന് 700 കോടി രൂപ കിഴിക്കണ്ടേ.

ശ്രീ. വക്കം പുരുഷോത്തമൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ, ഇത് ഫിനാൻസ് കമ്മീഷന്റെ അവാർഡാണ്, ഇത് മാറ്റാൻ നിങ്ങൾക്ക് എന്ത് അധികാരമെന്ന് ചോദിച്ചു. ഫിനാൻസ് കമ്മീഷന്റെ പേജ് 234-ൽ അഞ്ചാമത്തെ പാരഗ്രാഫായി പറയുന്നുണ്ട് In this system since the plan grants and maintenance grants would be drawn against the bills presented in the treasuries, the question of carrying over any amount at the end of the financial year doesn't arise. In other words un spent funds would lapse on the 31st of March. ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ടാണ്.

ഡോ. തോമസ് ഐസക് : സർ, രണ്ട് കാര്യങ്ങൾ, പ്ലാൻ ഫണ്ടിനെ സംബന്ധിച്ചിടത്തോളമുള്ള 25 ശതമാനം ക്യാരി ഓവർ ഫിനാൻസ് കമ്മീഷന്റെ കൈയിലിരിക്കുന്നുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നിങ്ങൾ ഏപ്രിൽ ഒന്നു മുതൽ ഇതിന്റെ ഓരോ ഗഡു നൽകുക. അതിനുപകരം നിങ്ങൾ ഡിസംബർ മാസത്തിൽ 9 ഗഡുക്കൾ ഒരുമിച്ച് നൽകിയിട്ട് മൂന്നു മാസംകൊണ്ട് ഇത് ഇന്നയിന്ന രീതിയിൽ ചെലവാക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ് ചെലവാക്കാൻ പറ്റുന്നത്. ഫിനാൻഷ്യൽ ഡിസിപ്ലിൻ വേണ്ടത് ധനകാര്യവകുപ്പിനാണ്. ധനകാര്യ വകുപ്പിന് ഡിസിപ്ലിൻ ഇല്ല. അതുകൊണ്ടാണ് ഞാൻ എന്റെ പ്രസംഗത്തിൽ അവാർഡിന്റെ

കാര്യം പറഞ്ഞിട്ട് കെ.പി.ആർ.-ൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് പറഞ്ഞത്. ഇത്തരത്തിലുള്ള ഫണ്ട് എവിടെ പോകും. നേരത്തെതന്നെ വില്ലേജ് ലോക്കൽ ഫണ്ടിലേയ്ക്കാണ് സർക്കാരിൽ നിന്നുള്ള നോൺ പ്ലാൻ ഗ്രാന്റുകൾ പൊയ്ക്കൊണ്ടിരുന്നത്. ഇത് കെ.പി.ആർ.-ൽ വ്യക്തമായി നിർവചിച്ചിട്ടുണ്ടല്ലോ. അങ്ങോട്ട് ട്രാൻസ്ഫർ ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞു വന്നത് ഇതിന്റെ ഫലമായിട്ട് ഇത്രയും കോടി രൂപ കൂടി കിഴിച്ചുകഴിഞ്ഞാൽ ഓരോ വർഷവും ശരാശരി ചെലവാക്കിയിട്ടുള്ളത് 505 കോടി രൂപ മാത്രമാണ്. അത് by a side ആയിട്ട് പറഞ്ഞെന്നുമാത്രം. പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്നതിന് ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചട്ടം എന്താണ്? കേരള പഞ്ചായത്ത്രാജ് ആക്ടിന് (കെ.പി.ആർ.-ന്) വിരുദ്ധമാണ്. പണം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതുപോലുമില്ല. ട്രഷറിയിൽത്തന്നെ നിർത്തിയിരിക്കുകയാണ്. ഓരോ പ്രോജക്ടിനും പണം ചെലവാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബില്ല് കൊടുത്ത് പണം വാങ്ങണം. ഇങ്ങനെ ട്രിക്ക് വന്നുകഴിയുമ്പോൾ എന്താണ് സംഭവിക്കുന്നത്? മാർച്ച് 31-ന് പണം ട്രാൻസ്ഫർ ചെയ്ത് കിട്ടില്ല. അപ്പോൾ സർക്കാരിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽത്തന്നെ പണം ട്രഷറിയിൽ കിടക്കുകയാണ്. 31-ാം തീയതി കഴിയും അപ്പോൾ തിരിച്ചുപിടിക്കേണ്ട പ്രശ്നവുമില്ല. ധനകാര്യ വകുപ്പുമന്ത്രി പറയുന്ന doctrine of lapse ആട്ടോമാറ്റിക്കായിട്ട് വരുകയാണ്. അതുകൊണ്ടാണ് നിങ്ങൾ കൊണ്ടുവന്ന പുതിയ ധനവിനിയോഗ ചട്ടത്തെ പ്രതിപക്ഷം എതിർക്കുന്നത്. ബിൽ സമ്പ്രദായം ഏർപ്പെടുത്തുന്നെങ്കിൽ ഇതിന്റെ ആവശ്യമില്ല. ബിൽ സമ്പ്രദായമാക്കിക്കൊള്ളൂ. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റിയതിനുശേഷം അവർ ബിൽ വച്ച് withdraw ചെയ്തോട്ടെ. മാസാമാസമുള്ള അലോട്ട്മെന്റ് അങ്ങോട്ട് കൊടുക്കുക. അങ്ങനെ ചെയ്യാതെ ഇങ്ങനെ ചെയ്യുന്നത് യഥാർത്ഥത്തിൽ കൊടുത്ത പണത്തിൽ നല്ലൊരു പങ്ക് നീതിനിർവ്വഹണത്തിനല്ലാതെ തിരിച്ചു പിടിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി മാത്രമാണ്. ഇതിന്റെ ഫലമെന്താണ്? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പണം General Sector, SCP, TSP എന്നീ മൂന്ന് വിഭാഗത്തിൽപ്പെട്ടതാണെന്ന് എല്ലാപേർക്കുമറിയാം. ലാപ്സ് വന്നുകഴിയുമ്പോൾ അടുത്ത വർഷം നിങ്ങൾ ഇറക്കുന്ന ആസൂത്രണ ഗൈഡ്ലൈനിൽ എഴുതും SCP, TSP-ക്ക് ഉണ്ടായിരുന്ന കുറവ് പൂർണ്ണമായിട്ട് നികത്തണം. എന്നുപറഞ്ഞാൽ ഇടിവ് വരാൻ പോകുന്നത് പൂർണ്ണമായിട്ടും ജനറൽ സെക്ടറിലാണ്. ഞാൻ ഇത് തെറ്റാണെന്നല്ല പറയുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇങ്ങനെ വന്നാൽ എന്തു സംഭവിക്കും? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാനിംഗ് എന്ന് പറയുന്നത് SCP, TSP മാത്രം ആയിട്ട് മാറും. അത് ഉണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹികമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? അതുപോലെ RIDF പ്രോജക്ടിൽ വച്ചിട്ടുണ്ട്. അതിന്റെ പണം മാർച്ച് 31-ാം തീയതി ലാപ്സാകാൻ പോവുകയാണ്. ഈ പ്രോജക്ട് അംഗീകരിച്ച് ഈ പണം തരുമ്പോൾ നിങ്ങൾ വീണ്ടും പഞ്ചായത്തിനെ വിളിച്ച് നബാർഡ് പണം തന്നിരിക്കുന്നു എന്ന് പറഞ്ഞ് കൊടുക്കുമോ? വളരെ സങ്കീർണ്ണമായിട്ടുള്ള ജനാധിപത്യ പ്രക്രിയയാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. അതിലെ സങ്കീർണ്ണത മനസ്സിലാക്കാതെ അത് ഓരോന്നും ദുർബ്ബലപ്പെടുത്താനുള്ള പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓംബുഡ്സ്മാന്റെ നില ഇന്ന് എന്താണ്? ഞാൻ ഉത്തരം പറഞ്ഞ് ആരേയും ബുദ്ധിമുട്ടിക്കുന്നില്ല. ഡി.ആർ.ഡി.എ.യുടെ ആസ്തി ബാദ്ധ്യത കണക്കിലെടുത്ത് ഇലക്ഷൻ കമ്മീഷൻ പറഞ്ഞതുകൊണ്ടാണ് പിരിച്ചു വിടാതിരുന്നത്. ഫോർമലായിട്ട് പിരിച്ചുവിടേണ്ട ഉത്തരവിന്റെ പ്രശ്നം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ ഡി.ആർ.ഡി.എ. ഇന്ന് ഡി.പി.സി.യുടെ മുകളിലല്ലേ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പണത്തിൽ 164 കോടി രൂപ എം.ജി.പി. യുടേതാണ്. സോഷ്യൽ ആഡിറ്റിംഗ് എങ്ങനെ നടത്തണം, ഗ്രാമസഭകൾ എങ്ങനെ മെച്ചപ്പെടുത്തണം പച്ചക്കറി എങ്ങനെ കൃഷി ചെയ്യണം. തുടങ്ങിയവയെല്ലാം independent agencies പഠിക്കുകയാണ്. കഞ്ഞിക്കുഴി പഞ്ചായത്തിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പറയാൻ കഴിയുന്ന പഞ്ചായത്തോ ആളോ ഉണ്ടോ? എങ്ങനെ കുടിവെള്ളം പരിപാടി വേണം? ഒളവണ്ണ പഞ്ചായത്തിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പറയാൻ പറ്റുന്ന ഒരു പഞ്ചായത്തോ ഏജൻസിയോ ഉണ്ടോ? എങ്ങനെയാണ് സർവ്വീസുകൾ മെച്ചപ്പെടേണ്ടത് എന്ന് തൊട്ടടുത്തുള്ള കരകുളം പഞ്ചായത്തിൽ പോയി നോക്കൂ. ഇതൊക്കെ ചെയ്തിട്ടുള്ള നല്ല പഞ്ചായത്തുകൾ ഉണ്ട്. ആ പഞ്ചായത്തുകളെ സംബന്ധിച്ച് നിങ്ങൾ ചെയ്ത കാര്യങ്ങൾ ഭംഗിയായിട്ട് ഒന്ന് എഴുതി ഞങ്ങൾ സംഭാവനയായി സ്വീകരിക്കുന്നു എന്ന് പറഞ്ഞ് കേപ്പബിലിറ്റി വർദ്ധിപ്പിക്കുന്നതിനുപകരം എം.ജി.പി. ആയാലും ബാക്കിയുള്ളതായാലും എല്ലാം പുറം ഏജൻസികളെ കൊണ്ടുവന്ന് പഞ്ചായത്തുകളുടെ വികസന പദ്ധതികളെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. അവിടെയല്ലേ institutionalisation നടക്കുന്നത്? എന്റെ വാദം ഇവിടെ രൂപം കൊണ്ടിരിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻസ് നിങ്ങളുടെ ഭരണകാലത്ത് ദുർബ്ബലപ്പെട്ടു. പണം ലാപ്സ് ആകുക എന്ന് പറഞ്ഞാൽ അതിന് ഏറ്റവും വലിയ ആഘാതമായിരിക്കും. അതുകൊണ്ട് ഈ ഡിമാന്റ് വേളയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചാർജുള്ള അങ്ങയോടും ധനകാര്യ വകുപ്പുമന്ത്രിയോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒന്ന് maintenance grant-in-aid ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും തെറ്റല്ല. നിങ്ങളുടെ മാത്രം തെറ്റാണ്. ബഡ്ജറ്റിൽ വകകൊള്ളിച്ച പണം മാർച്ച് 31-നകത്ത് ചെലവഴിക്കാൻ കഴിയണം. അല്ലെങ്കിൽ ഈ 360 കോടി രൂപയിൽ അറുപതോ എഴുപതോ കോടി രൂപയിലപ്പുറം ചെലവാകില്ല. പ്ലാൻഫണ്ട് 25 ശതമാനമെങ്കിലും carryover ചെയ്യാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രാവിഷ്കൃത സ്കീമിൽ നടക്കുന്നതാണ്. കേന്ദ്രം തരുന്ന plan assistance ഒരു re-validation അല്ലാതെ ബാക്കി വന്നത് തിരിച്ചു കൊടുക്കണ്ടേ? One time assistance നമ്മുടെ specific project-ന് കിട്ടുന്നത് അത് എന്നെങ്കിലും തീർക്കണ്ടേ? Re-validate ചെയ്താൽ പോരേ? ഇവിടെ computerisation-ന് കിട്ടിയ 30 കോടി രൂപയും re-validate ചെയ്തുകൊണ്ടിരിക്കുകയല്ലേ? ഇതല്ലേ കേന്ദ്രം തുടരുന്നത്. ഇങ്ങനെയാണെങ്കിൽ സംസ്ഥാനം ഈ ആസൂത്രണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടുള്ള സമീപനം ഇതിന് തുല്യമായി കൂടേ? നിയമപരമായി തടസ്സമില്ല. ധാർമ്മികമായിട്ട് ഏറ്റവും ശരിയാണ്. . ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഈ കാര്യത്തെക്കുറിച്ച് അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഡിമാന്റിനോട് എനിക്ക് യോജിക്കാൻ കഴിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, ഇന്ന് ഈ ഡിമാന്റിന് മറുപടി പറയേണ്ടിയിരുന്ന ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെ ഞാൻ ഈ ചർച്ചയുടെ വേളയിൽ പോയി കാണുകയും അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം ഈ സഭയെ ആദ്യമായി അറിയിക്കാൻ എന്നെ ചുമതലപ്പെടുത്തിയ ഒരു കാര്യം, ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം മുൻ ഗവൺമെന്റിന്റെ തുടർച്ചയായിട്ട് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന കാര്യത്തിൽ വളരെയധികം രചനാത്മകമായി അദ്ദേഹത്തെ പിൻതുണയ്ക്കുകയും ഉപദേശവും നിർദ്ദേശങ്ങളും നൽകുകയും സഹായിക്കുകയും ചെയ്ത ഈ സഭയിലെ എല്ലാ അംഗങ്ങളോടും അദ്ദേഹത്തിന്റെ നന്ദിയും കടപ്പാടും രേഖപ്പെടുത്താനാണ്. അത് ഞാൻ ഇവിടെ വ്യക്തമാക്കുകയാണ്. അദ്ദേഹം ഇപ്പോൾ സുഖംപ്രാപിച്ചു വരുകയാണ്. സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പ്രകടിപ്പിച്ച ആഗ്രഹംപോലെ തന്നെ അദ്ദേഹം പൂർണ്ണ ആരോഗ്യത്തോടുകൂടി വീണ്ടും വരും. നമ്മളോടൊപ്പം വന്ന് സേവനം ചെയ്യാൻ അദ്ദേഹത്തെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്.

ഇന്ന് ഇവിടെ നടന്നത് പൊതുവേ ശാന്തമായ ചർച്ചകളായിരുന്നു. സ്വാഭാവികമായും പഞ്ചായത്തിനെ സംബന്ധിച്ച കാര്യത്തിൽ ഇങ്ങനെയാണ് വേണ്ടത്. പഞ്ചായത്ത്രാജ് സംവിധാനം ആര് കൊണ്ടുവന്നു എന്നുള്ള കാര്യങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ഗാന്ധിജിയുടെ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി എല്ലാപേരുടേയും വിലപ്പെട്ട കോൺട്രിബ്യൂഷൻ ഇതിൽ ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. 1994 ഏപ്രിൽ, മേയ് മാസത്തിൽ പഞ്ചായത്ത്രാജ് ആക്ട് പാസാക്കിയതിനുശേഷം നടന്നിട്ടുള്ള പല സംഗതികളിലേയും നാഴികക്കല്ല് എടുത്ത് പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന്റെ കാലഘട്ടത്തിൽ സംഭാവനയുണ്ടായിട്ടുള്ളതായി കാണാം. ഇന്നത്തെ ഗവൺമെന്റിന്റെ തൊട്ട് മുൻപിലുള്ള ഗവൺമെന്റിന്റേയും എല്ലാപേരുടേയും സംഭാവനയുടേയും ഫലമായിട്ടാണ് നമ്മൾ ഇന്ന് ഒരു പൊസിഷനിൽ ചെന്ന് നിൽക്കുന്നത്. പഞ്ചായത്തുകളുടെ മന്ത്രിമാരും മറ്റും ഉൾക്കൊള്ളുന്ന സഭയുണ്ട്. Round Table Conference. ആ series – ൽ ഏഴ് conference കഴിഞ്ഞു. പഞ്ചായത്ത് രാജ് സംവിധാനത്തിൽ എന്ത് മാറ്റം വരുത്തണം, എന്താണ് അതിന്റെ സ്ഥിതി എന്നു പരിശോധിക്കാൻവേണ്ടിയുള്ള ആ ബോഡിയിൽ Kerala Experience ഒരു വലിയ ചർച്ചയാണ്. ഡോ. തോമസ് ഐസക്കിന് അത് അറിയാമായിരിക്കും. ഒന്നാമത്തെ Round Table Conference തൊട്ട് ഏഴാമത്തെ Round Table Conference വരെ കേരളത്തിൽ നടന്ന Kerala Experiment ഒരു trend sector എന്ന നിലയിൽ ഇൻഡ്യ ആകെ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം നമുക്ക് എല്ലാപേർക്കും പങ്കുവയ്ക്കാനുള്ളതാണ്. എല്ലാപേരുടേയും വിലപ്പെട്ട contribution ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇൻഡ്യയ്ക്ക് മാതൃകയായിട്ടുള്ള ഈ അധികാര വികേന്ദ്രീകരണം നമ്മുടെ നാട്ടിൽ ഫലപ്രദമായി നടത്താൻ സാധിച്ചത്. രണ്ട് സുപ്രധാനമായ തീരുമാനങ്ങൾ ഈ ഗവൺമെന്റ് എടുത്തു. അതിനെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. ഒന്നാമത്തെ കാര്യമെന്ന് പറയുന്നത് സ്റ്റാമ്പ് ഡ്യൂട്ടിയും അതുപോലെ വാഹന നികുതിയുമൊക്കെ പങ്കുവയ്ക്കുന്ന സിസ്റ്റത്തിന് വ്യത്യാസമുണ്ടായി. രണ്ടാമത്തെ കാര്യം, രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് 3.5 ശതമാനം വരുന്ന 205.32 കോടി രൂപ കൊടുത്തു. തീർച്ചയായും നല്ല നടപടിയാണ്. അത് എല്ലാവരും അംഗീകരിക്കുന്നു. പിന്നെ മെയിന്റനൻസ് ഗ്രാന്റ്, ആസ്തി ഉണ്ടാക്കി കഴിഞ്ഞാൽ അതിന്റെ മെയിന്റനൻസ് ഇവിടെവച്ച് ചെയ്യാമെന്ന് പറഞ്ഞാൽ അത് അശാസ്ത്രീയമാണ്. അതുകൊണ്ട് maintenance grant ഉം 2-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കൊടുത്തു. അത് 325.79 കോടി രൂപയാണ് അതിനുവേണ്ടി കൊടുത്തിട്ടുള്ളത്. കേരളത്തിൽ നേരത്തെ അൻപതോളം പഞ്ചായത്തുകൾക്ക് ശമ്പളം കൊടുക്കാൻ പോലും നിവൃത്തിയില്ലാത്ത സ്ഥിതിയുണ്ടായിരുന്നു. ഇനി അതിന്റെ പ്രോബ്ലം ഉണ്ടാകില്ല. അതൊക്കെ പരിഹരിച്ചു കഴിഞ്ഞിരിക്കുകയാണ്. പിന്നെ ഇവിടെ പലരും സൂചിപ്പിച്ച കാര്യം, പണ്ട് നാല് ഇൻസ്റ്റാൾമെന്റായിട്ട് കൊടുത്തിരുന്നത് ഇപ്പോൾ മാസംതോറും കൊടുക്കുക എന്ന സംവിധാനം വന്നതോടുകൂടി പഞ്ചാത്തുകളുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമാകും എന്നു മാത്രമല്ല, നേരത്തേ Utilisation Certificate കൊടുക്കേണ്ടിയിരുന്നു. ഇന്ന് നേരിട്ട് ഫണ്ടിലേയ്ക്ക് പോകുന്നതിന്റെ ഫലമായിട്ട് അത് അവർക്ക് ആവശ്യാനുസരണം ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഒരു തീരുമാനം വന്നു. അത് പഞ്ചായത്തിന്റെ നടത്തിപ്പിൽ വലിയ സൗകര്യം ഉണ്ടാക്കാൻ കഴിഞ്ഞു. ബില്ലിംഗ് സമ്പ്രദായത്തെക്കുറിച്ച് ചിലർ ചോദിച്ചു എന്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിംഗ് സമ്പ്രദായം വന്നത് എന്ന്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം accountability യുടെ കാര്യത്തിൽ എല്ലാവർക്കും ഒരു നിർബന്ധമുണ്ടായിരുന്നു. പണ്ട് ആണെങ്കിൽ ചെലവാക്കുന്നത് എങ്ങനെയങ്കിലും ചെലവാക്കാമായിരുന്നു. actual expenditure -ന് പകരം ശരിക്കു പറഞ്ഞാൽ bogus expenditure ആയിരുന്നു. അത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. യഥാർത്ഥത്തിൽ actual expenditure-ന് പകരം bogus expenditure ആണ് രേഖയിൽ ഉണ്ടായിരുന്നത്. അത് പോരാ. ശരിക്കു പറഞ്ഞാൽ actual expenditure ഉണ്ടാകണം. അത് വച്ചുകൊണ്ടാണ് ബില്ലിംഗ് സമ്പ്രദായം വന്നത്.

സർ, നേരത്തെ ശ്രീ. ശങ്കരൻ ആണെന്ന് തോന്നുന്നു, പ്രൊപ്പോസലിനെക്കുറിച്ചു പറഞ്ഞു, ഈ സംവിധാനത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം കൊടുത്തിട്ടുണ്ട്. തീർച്ചയായിട്ടും തുടരേണ്ട സംവിധാനമാണ്. ആ സംവിധാനത്തിൽ എന്തെങ്കിലും കുഴപ്പമുള്ളതുകൊണ്ട് അത് വേണ്ടെന്ന് പറയുന്നതിൽ അർത്ഥമില്ല. അതിലെ അപാകതകൾ തിരുത്തണം, പോരായ്മകൾ തിരുത്തണം, ആ സിസ്റ്റം ഏതായാലും നല്ലതാണ്. നല്ല ഒരു സംവിധാനമാണ് കൊണ്ടുവന്നിട്ടുള്ളത്. ആ പ്രോജക്ടുകൾ അംഗീകരിക്കുന്നതിൽ നമുക്ക് എല്ലാപേർക്കും അറിയാം പണ്ട് എന്തുമാത്രം കടമ്പയായിരുന്നു. ആ കടമ്പകൾ നീങ്ങി, പ്രോജക്ടുകൾ അംഗീകരിക്കുന്ന കാര്യത്തിൽ കാലേക്കൂട്ടിത്തന്നെ അതിന്റെ ഗൈഡ്‌ലൈൻ പ്രഖ്യാപിച്ചു കഴിഞ്ഞു. പ്രോജക്ട് അംഗീകരിക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകില്ല. ഇവിടെ ചില മെമ്പർമാർ വിമർശനാത്മകമായി ചൂണ്ടിക്കാണിച്ചു. മാർച്ചു മാസത്തിൽത്തന്നെ പുതിയ പ്രൊപ്പോസലുകൾ ഉണ്ടാക്കണം. ഏപ്രിൽ മാസത്തോടുകൂടി എല്ലാ പദ്ധതിരേഖയും പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചു. എന്തിനാണ്, ഇവിടെ നമുക്കെല്ലാം അറിയാം, നിങ്ങൾ ഇവിടെ എല്ലാപേരും സമ്മതിച്ചു. സമ്പൂർണ്ണ ബഡ്ജറ്റ് കേരളം പാസാക്കിയത് എന്തിനാണ്? ധനകാര്യവകുപ്പുമന്ത്രിയെ ഇക്കാര്യത്തിൽ നമ്മൾ അഭിനന്ദിക്കണം. മൂന്ന് ദശാബ്ദക്കാലത്തിനുശേഷം കേരളം സാമ്പത്തിക മാനേജ്മെന്റിന്റെ രംഗത്ത് വളരെ അനിവാര്യമായ സംഗതിയാണ് ചെയ്തത്. ബഡ്ജറ്റ് പാസാക്കി, പിന്നെ അതിന്റെ ഇംപ്ലിമെന്റേഷന് വളരെ കുറഞ്ഞ കാലം എടുക്കുകയാണ്. അതിനു പകരം ദീർഘമായ ഒരു കാലാവധി പ്രോജക്ട് ഇംപ്ലിമെന്റേഷന് കിട്ടുന്നവിധത്തിലുള്ള ഏറ്റവും നല്ല സമീപനമാണ്. സാമ്പത്തിക രംഗത്ത് ധനകാര്യവകുപ്പുമന്ത്രി കൊണ്ടുവന്ന നടപടിയിലൂടെ നമ്മൾ അനുഭവിക്കാൻ പോകുന്നത്. അതുപോലെതന്നെയാണ് ഇതിന്റെ കാര്യം. പ്രോജക്ടുകൾ കാലേക്കൂട്ടി അംഗീകരിച്ചുകഴിഞ്ഞാൽ അത് നടപ്പിലാക്കാൻ അവർക്ക് ഒരു കൊല്ലം നീണ്ടു നിൽക്കുന്ന സമയം ഉണ്ടാകും. അതിനുവേണ്ടിയുള്ള നല്ല ഒരു നടപടിയാണ് ആ കാര്യത്തിലെടുത്തത്. ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, ഡിപ്ലോയ്മെന്റിന്റെ കാര്യത്തിൽ ഞാൻ പ്രത്യേകമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയല്ല. ഡിപ്ലോയ്മെന്റിന്റെ കാര്യത്തിൽ ഇടതുമുന്നണിയുടെ കാലത്ത് പാസാക്കിയെങ്കിലും ഉദ്യോഗസ്ഥമാരുടെ ഡിപ്ലോയ്മെന്റ് യാഥാർത്ഥ്യമായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 2005 മദ്ധ്യത്തോടുകൂടി ഡിപ്ലോയ്മെന്റ് പൂർത്തിയാകും. അതുപോലെതന്നെ ആയിരത്തിമുന്നൂറോളം ക്ലാർക്കുമാരെ ഡിപ്ലോയ് ചെയ്തുകഴിഞ്ഞു. ടെക്നിക്കൽ സ്റ്റാഫ് എന്നുള്ള നിലയിൽ എൻജിനീയറിംഗ് കാറ്റഗറിയിൽ അടക്കം മൂവായിരത്തോളം പേരുടെ ഡിപ്ലോയ്മെന്റ് പൂർത്തിയായി. 2005 മദ്ധ്യത്തോടുകൂടി ഡിപ്ലോയ്മെന്റ് പൂർത്തിയാകും. ആ കാര്യത്തിൽ നല്ലൊരു നിലപാടാണ് ഗവൺമെന്റ് എടുത്തത്. അതിന്റെ ഫലമായി അവർക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന ഒരു സമിതി നിലവിൽ വന്നിട്ടുണ്ട്. ഇവിടെ ശ്രീ. ഷാജു ചൂണ്ടിക്കാണിച്ചതുപോലെ ജില്ലാ പഞ്ചായത്തിൽ ഒരു ഫിനാൻസ് ആഫീസർ വന്നു. അതും വളരെ വലിയ ഒരു കാര്യമാണ്. പിന്നെ ഇവിടെ ആരും പറഞ്ഞുകേട്ടില്ല. ട്രൈബ്യൂണലുകളുടെ രൂപീകരണത്തെക്കുറിച്ച് വല്ലവരും നല്ല വാക്ക് പറയുമെന്ന് ഞാൻ വിചാരിച്ചു, ട്രൈബ്യൂണലുകളുടെ രൂപീകരണത്തിൽ സത്യത്തിൽ ഈ സഭ വളരെയേറെ പ്രകീർത്തിക്കേണ്ടതാണ്. കാരണമെന്താണെന്നുവച്ചാൽ പഞ്ചായത്തുകളുടെ തീരുമാനം, ആ തീരുമാനത്തിന്റെ മുകളിലുള്ള അപ്പീൽ പ്രത്യേകിച്ച് ബിൽഡിംഗ് റൂൾ സംബന്ധമായ കാര്യങ്ങൾ അതിന്റെ പുറത്തുള്ള അപ്പീൽ പഞ്ചായത്ത് ഡയറക്ടർ തന്നെ കേൾക്കുക, അതല്ലെങ്കിൽ താഴെ തലത്തിൽ കേൾക്കുക എന്ന് പറയുന്നതിനുപകരം ആ അധികാരം കൈയിൽപിടിച്ച് നിൽക്കാതെ ഒരു ജുഡീഷ്യൽ ബോഡിക്ക് വിട്ടുകൊടുത്ത് വിപ്ലവാത്മകമായ തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തത്. അത് നല്ലതാണ്. കാരണം അതിൽ എന്തിനാണ് ഈ പിടിച്ചുവയ്ക്കേണ്ട കാര്യം. മാത്രമല്ല, സർ ഈ ബിൽഡിംഗ് റൂൾസ് സംബന്ധിച്ച കാര്യങ്ങൾ ഒരുപാട് കോൺട്രോവേഴ്സിയുണ്ടാകുന്ന കാര്യമാണ്. അതിൽ നമ്മുടെ സെക്രട്ടറി തന്നെ കേൾക്കുക, തീരുമാനമെടുക്കുക എന്നുപറയുന്നതിനുപകരം അപ്പലേറ്റ് അതോറിറ്റിക്ക് ഒരു ജുഡീഷ്യൽ സ്വഭാവമുണ്ടാകുന്നത് സംബന്ധിച്ച്, ഈ ഗവൺമെന്റ് എടുത്ത തീരുമാനങ്ങളിൽ ഏറ്റവും നല്ല തീരുമാനം. എല്ലാപേരും അതുൾക്കൊള്ളുമെന്ന് ഞാൻ വിചാരിക്കുകയാണ്. അതുപോലെ ആശ്രയ പദ്ധതിയെപ്പറ്റിയും കുടുംബശ്രീ പദ്ധതിയെപ്പറ്റിയും ഇവിടെ പറഞ്ഞു. സർ, ആശ്രയ പദ്ധതിയെപ്പറ്റി പറയുന്ന സമയത്ത് യഥാർത്ഥത്തിൽ നമ്മൾ ഇപ്പോഴാണ് ശരിക്കുപറഞ്ഞാൽ യഥാർത്ഥ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി തുടങ്ങുന്നത്. ദാരിദ്ര്യ നിർമ്മാർജനപരിപാടി ഇവിടെയുണ്ടായിരുന്നു. നേരത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ടായിരുന്നു. പലതും ഉണ്ടായിരുന്നു, പക്ഷേ എല്ലാ ദാരിദ്ര്യ നിർമ്മാർജന പരിപാടിക്കും സംഭവിക്കുന്നത് എന്താണെന്നറിയാമോ? റെഡിമെയ്ഡായിട്ടുള്ള ചില പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിൽ അത് കൊണ്ടുചെന്നെത്തിക്കും, എന്നിട്ടോ,

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താവിന് ഇത് പലതും കിട്ടില്ല. ഫുഡ് ഫോർ വർക്ക്, ആർ.എൽ.ഇ.ജി.പി അങ്ങനെ പല പദ്ധതിയും ഉണ്ടായിരുന്നു. ദാരിദ്ര്യ നിർമ്മാർജന പരിപാടികളിൽ പലതും കടലാസിൽ അവസാനിക്കുകയും, സ്റ്റാറ്റിസ്റ്റിക്സിൽ അവസാനിക്കുകയും ചെയ്യുന്ന സമയത്ത് യഥാർത്ഥ ദരിദ്രന്റെ അടുത്ത് അത് എത്തിയിരുന്നില്ല. ചരിത്രത്തിൽ ആദ്യമായി ദരിദ്രരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ശരിക്കു വേണ്ടത് അതുതന്നെയാണ്. ഗാന്ധിജി വിഭാവന ചെയ്തത് അതുതന്നെയാണ്. ഇവിടെ പ്ലാൻ നിങ്ങൾ ഉണ്ടാക്കുന്ന സമയത്ത് നിങ്ങളുടെ മുൻപിൽ ആദ്യം കാണേണ്ട മുഖം ഒരു ദരിദ്രന്റെ മുഖമായിരിക്കണമെന്നാണ് ഗാന്ധിജി പറഞ്ഞത്. അതുപ്രകാരം തന്നെ ഈ ആശ്രയ പദ്ധതി യഥാർത്ഥത്തിൽ എല്ലാപേർക്കും അറിയാം. 350 പുതിയ പഞ്ചായത്തുകളിലേക്കുകൂടി അത് വ്യാപിപ്പിക്കാൻ പോകുകയാണ്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി സാഹിബ് ഇവിടെ ഉണ്ടായിരുന്ന സമയത്ത് അദ്ദേഹം മറ്റൊരു കാര്യം കൂടി ചെയ്തു. എല്ലാ പ്രൈവറ്റ് ആശുപത്രിക്കാരേയും കൂടി വിളിച്ചു, എന്നിട്ടു പറഞ്ഞു, രണ്ടു ശതമാനം വരുന്ന ദരിദ്രരിൽ ദരിദ്രരായ ആളുകൾക്ക് നമ്മൾ ഇപ്പോൾ ചില സ്കീമുകൾ ഉണ്ടാക്കുന്നുണ്ട്. അതായത് ഒരു ഫാമിലി ഒരു യൂണിറ്റായിട്ടെടുത്ത് ആ ഫാമിലിയുടെ ദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട ക്ലേശഘടകങ്ങളെല്ലാം തന്നെ പരിഹരിക്കാനുള്ള സ്കീം ആണ് ഇതിലുള്ളത്. അത് ഉണ്ടാക്കുന്ന സമയത്ത് ആശുപത്രിക്കാരെ മുഴുവൻ വിളിച്ച് ഡിസ്ക്കസ് ചെയ്തു. നല്ല റെസ്പോൺസായിരുന്നു. ആശുപത്രിക്കാർ മുഴുവൻ പറഞ്ഞു, ഞങ്ങൾ അവർക്കുവേണ്ടി ബെഡ് റിസർവ് ചെയ്യാം. ഒരു പൈലറ്റ് പദ്ധതിയെന്നുള്ള നിലയിൽ അതിനെപ്പറ്റി ചർച്ചചെയ്ത സമയത്ത് നല്ല റെസ്പോൺസ് വന്നു. അതുപോലെയുള്ള കാര്യങ്ങൾ വ്യാപിപ്പിക്കാൻ പോകുകയാണ്. ദാരിദ്ര്യ നിർമ്മാർജനപരിപാടികളിൽ യഥാർത്ഥത്തിൽ നമ്മൾ അവരെ കണ്ടെത്തി, ഇവിടെ നമ്മൾ ഭവനപദ്ധതിയെക്കുറിച്ച് സംസാരിക്കാറുണ്ട്, ദാരിദ്ര്യ നിർമ്മാർജന പദ്ധതിയെക്കുറിച്ച് സംസാരിക്കാറുണ്ട്. ശ്രീ. കെ. അബ്ബാസിന്റെ, പ്രസിഡന്റിന്റെ അവാർഡ് കിട്ടിയ ഒരു സിനിമയുണ്ടായിരുന്നു, 'ഷെഹർ ഓർ സപ്ന' എന്നായിരുന്നു, സിനിമയുടെ പേര്, ഇൻഡ്യൻ പ്രസിഡന്റിന്റെ അവാർഡ് കിട്ടിയതാണ്. പൈപ്പിനുള്ളിൽ താമസിക്കുന്ന ഒരു കുടുംബത്തിന്റെ കഥയാണ് അബ്ബാസിന്റെ പ്രസിദ്ധമായ ആ സിനിമ പറയുന്നത്. പൈപ്പിനുള്ളിൽ താമസിക്കുന്നവർ, യാതൊരു രക്ഷയുമില്ലാത്തവർ, ഒരു ജീവിത മാർഗ്ഗവുമില്ലാത്തവർ, അവരെ കണ്ടെത്തുകയാണ് നമ്മൾ ചെയ്യുന്നത്. ആ കണ്ടെത്തിയതിന്റെ ഫലമായി ആശ്രയ പരിപാടിക്ക് വളരെ നല്ല റെസ്പോൺസ് ഉണ്ടായിട്ടുണ്ട്. അതിന്റെ വിജയം നമ്മുടെ എല്ലാപേരുടേയും വിജയമാണ്. ഈ ഗവൺമെന്റിന്റെ വിജയവും മന്ത്രിയുടെ വിജയവുമൊന്നുമല്ല. അടുത്ത പ്രാവശ്യം 328 ഗ്രാമപഞ്ചായത്തുകളിലേക്കുകൂടി ആശ്രയപദ്ധതി വ്യാപിപ്പിക്കുകയാണ്. കുടുംബശ്രീ ഒരു നിശബ്ദ

LIBRARY ARCHIVES Kerala Legislative Assembly

വിപ്ലവമാണ് കേരളത്തിലെ ഗ്രാമങ്ങളിൽ നടത്തുന്നത്. നിങ്ങൾ അതിൽ വലിയ പങ്കുവഹിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി പങ്കുവഹിച്ചിട്ടുണ്ട്. കുടുംബശ്രീയെ സംബന്ധിച്ചു പറഞ്ഞാൽ 1.54 ലക്ഷം അയൽക്കൂട്ടങ്ങൾ ഇതിൽ പ്രവർത്തിക്കുന്നു. ഇരുപത്തിയെട്ടുലക്ഷത്തി ഇരുപത്തിയൊന്നായിരം കുടുംബങ്ങളെ ഇതിൽ ഇൻവോൾവ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 459.54 കോടി രൂപയാണ് ലഘു നിക്ഷേപങ്ങളിലൂടെ നാട്ടിൻപുറത്തെ പാവപ്പെട്ട സ്ത്രീകൾ ഇതിലേയ്ക്ക് നിക്ഷേപിച്ചിട്ടുള്ളത്. വായ്പകൊടുത്തത് എത്രയാണെന്നറിയാമോ? 950.66 കോടി രൂപയാണ് വായ്പയായി വിതരണം ചെയ്തത്. അതിനുപുറമേ നാൽപ്പത്തിയേഴായിരത്തിമുന്നൂറ്റി മുപ്പത്തിയഞ്ചു അയൽക്കൂട്ടങ്ങളിലൂടെ നൂറ്റിയൻപതു കോടി രൂപ വാണിജ്യ ബാങ്കുകളിൽ സമാഹരിച്ചു. ഇത് എന്തൊരത്ഭുതമാണ്. സത്യത്തിൽ ഹുണ്ടി കച്ചവടക്കാരിൽ നിന്ന് കഴുത്തറുപ്പൻ പലിശക്ക് കടം വാങ്ങിയിട്ട് ജീവിതമാർഗ്ഗം കണ്ടെത്താൻ ശ്രമിച്ചിരുന്ന നാട്ടിൻപുറത്തെ സ്ത്രീകൾ, ഇവരാണ് ഈ 459.54 കോടി രൂപ ലഘുനിക്ഷേപത്തിലൂടെ, അന്നന്നുണ്ടാക്കുന്ന തുച്ഛമായ വരുമാനത്തിലൂടെ നാന്നൂറ്റിയൻപത്തിയൊൻപത് കോടി ഉറുപ്പിക നിക്ഷേപിച്ചത്. 950.66 കോടി രൂപയാണ് ഇവർക്കിടയിൽ വായ്പയായി വിതരണം ചെയ്തത്. ഇവിടെയാണ് യഥാർത്ഥത്തിൽ നമ്മൾ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുന്നത്. ഇത് ഇല്ലായിരുന്നെങ്കിൽ അവർ ആരെ അവലംബിക്കുമായിരുന്നു. അവർ ഈ കഴുത്തറുപ്പൻ പലിശക്കാരെ അവലംബിക്കുമായിരുന്നു. ഇത് നമ്മൾ പറയുന്നില്ല. നമ്മുടെ ഒറ്റ നേട്ടമല്ല. നമ്മുടെ കൂട്ടായ പരിശ്രമമാണ്. ഇൻഡ്യയ്ക്ക് മാതൃകയായി, കേരളത്തിൽ ദാരിദ്ര്യ നിർമ്മാർജന പരിപാടി വളരെ വലിയ തോതിൽ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഗവൺമെന്റ് തന്നെയും വലിയ സഹായമാണ് ബഡ്ജറ്റിൽ അതിന് കൊടുത്തിരിക്കുന്നത്. ആ നിലയിൽ നമുക്കത് നന്നാക്കിയെടുക്കാൻ കഴിയണം. ഈ വിധത്തിൽ ഈ രണ്ടു പദ്ധതികൾ 'ആശ്രയ'യും 'കുടുംബശ്രീ'യും നമുക്ക് കേരളത്തിൽ, ഈ കേരളാ മോഡൽ ഉണ്ടല്ലോ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, ഹെൽത്തിന്റെ കാര്യത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിലൊക്കെ നാം ഇൻഡ്യയ്ക്ക് റിക്കോർഡ് സൃഷ്ടിച്ചതുപോലെ ലോകത്തിന് മാതൃക കാണിച്ചതുപോലെ ഈ ദാരിദ്ര്യ നിർമ്മാർജന പരിപാടിയിലും കേരളം അഭിമാനപുരസ്സരം അവതരിപ്പിക്കുന്ന രണ്ടു കേരളാ മോഡലുകൾ ആണ് 'ആശ്രയ'യും 'കുടുംബശ്രീ'യും. നഗരങ്ങളുടെ വികസനത്തിനുവേണ്ടി നടത്തുന്ന പദ്ധതികൾ അതിനെപ്പറ്റിയൊന്നും ഞാൻ വിശദമായിട്ട് പറയുന്നില്ല. ഒരു കാര്യം വ്യക്തമാണ്. നമ്മുടെ കയ്യിൽ ഫണ്ടില്ലെങ്കിൽ ലളിതമായ പലിശ വ്യവസ്ഥയിൽ വ്യവസ്ഥാപിതമായ വിധത്തിൽ ലഭിക്കുന്ന കാര്യങ്ങൾ ഉപയോഗിച്ച് നമ്മുടെ രാജ്യത്ത് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് അസറ്റ് ഉണ്ടാക്കിയെടുക്കണമെന്ന കാര്യത്തിൽ നമുക്കാർക്കും വെറുതെ ഓരോ തത്വങ്ങൾ പറഞ്ഞു മാറി നിന്നാൽ ഒക്കില്ല. ലോകത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലായിടത്തും സംഭവിക്കുന്നത് അതാണ്. നികുതിദായകന്റെ ചെറിയ പണംകൊണ്ട് എല്ലാ ഡെവലപ്മെന്റും പൂർത്തിയാക്കാൻ ഒക്കില്ല. അതുകൊണ്ട് അത്തരം സർവീസ് ഉപയോഗപ്പെടുത്തിയിട്ടുള്ള മാറ്റങ്ങളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അത്തരംകാര്യങ്ങളിലും നല്ല ചലനം ഉണ്ടായിട്ടുണ്ട്. ക്ലീൻ കേരള മിഷനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. കേരളത്തിന്റെ ഏറ്റവും വലിയ മുഖമുദ്രയെന്നു പറയുന്നത് നന്നായി കുളിച്ച് നല്ല വസ്ത്രം ധരിച്ച് വൃത്തിയോടുകൂടി നിൽക്കുന്ന ജനങ്ങളാണ്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ ചുറ്റുപാടുകളിലെ മാലിന്യം നീക്കാൻ കഴിഞ്ഞിട്ടില്ല. ക്ലീൻ കേരള മിഷൻ വളരെ വലിയ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് 'മാലിന്യ മുക്തമായ കേരളമെന്ന' ആശയം മുന്നിൽവച്ചുകൊണ്ട് നല്ല നീക്കം നടത്തുകയാണ്. അതിന് നല്ല ഫലങ്ങൾ ഉണ്ടായിട്ടുണ്ടെന്നതാണ് മറ്റൊരു കാര്യം. ഇപ്പോൾ ഇ-ഗവേണൻസിന്റെ കാലമാണ്. ഇ-ഗവേണൻസ് തീർച്ചയായും പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടി ഇൻഫർമേഷൻ കേരളാ മിഷന്റെ നേതൃത്വത്തിൽ നല്ല പ്രവർത്തനം നടത്തുന്നു. അതുപോലെതന്നെ 58 സേവന കേന്ദ്രങ്ങൾ മാതൃകാപരമായ രൂപത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അവിടെ ജനന മരണ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകൽ, നികുതി

2.00 P.M.] ഈടാക്കൽ, പ്രാദേശികമായ മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ഈ കേന്ദ്രങ്ങളിൽനിന്നും നമുക്ക് ലഭിക്കുന്ന വിധത്തിൽ ഈ കേന്ദ്രങ്ങൾ മാതൃകാപരമായ രൂപത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെതന്നെ എണ്ണപ്പെട്ട പരിശീലന കേന്ദ്രമായി 'കില' മാറിയിട്ടുണ്ട്. അവിടെ ദീർഘകാല കോഴ്സുകളും ഹ്രസ്വകാല കോഴ്സുകളും കൊണ്ടുവരണമെന്ന ആഗ്രഹമുണ്ട്. ദേശീയ തലത്തിൽ സെന്റർ ഓഫ് എക്സലൻസായി 'കില' ഉയർന്നു വന്നിട്ടുണ്ട്. അത് കൂടുതൽ നന്നാക്കാനുള്ള ശ്രമമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്നുരണ്ടു കാര്യങ്ങൾ സമ്മതിക്കുന്നതിൽ എനിക്കൊരു മടിയുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന സമയത്ത് പാളിച്ചകളും അഡ്മിറ്റ് ചെയ്യും. വസ്തുതകൾ വസ്തുതകളായി പറയാനേ ഞാൻ ശ്രമിച്ചിട്ടുള്ളൂ. ഡോ. തോമസ് ഐസക് എക്സ്പെന്റിച്ചറിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. നമുക്ക് അത് നിർബ്ബന്ധിക്കേണ്ടേ? നിർബ്ബന്ധിക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. എങ്ങനെയെങ്കിലും എക്സ്പെന്റിച്ചറാക്കിയിട്ട് കാര്യമില്ല. കൊടുക്കുന്ന പണം ചെലവഴിക്കണം. ഫിനാൻസ് മിനിസ്റ്റർ ഒരു സ്റ്റാൻഡ് എടുത്താൽ അതിൽ തെറ്റില്ല. കൊടുക്കുന്ന പണം ചെലവഴിക്കാൻ വേണ്ടിയാണ്. അത് ചെലവഴിക്കാതെ തിരിച്ചു പിടിക്കാൻ വേണ്ടിയല്ല. ഒരാൾ നൂറ് രൂപ ചെലവഴിക്കാതെ വച്ചിരിക്കുകയാണ്. ഒടുവിൽ അത് ചെലവഴിച്ചതെങ്ങനെയെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, നെല്ലിന്റെ കൂടെ അളന്നു കൊടുത്തു എന്ന്. ചെലവിൽ actual expenditure വരണം. അതിന് പറ്റുന്ന വിധം പെർഫെക്ഷനിലേക്ക് പോകണം. ഓരോ വർഷം കഴിയുന്തോറും percentage of expenditure കൂടു

ന്നുണ്ട്. അതൊരു പോരായ്മയാണ്. അത് നികത്തുന്നതിന് കൂട്ടായി ചിന്തിക്കേണ്ടതാണ്. അക്കൗണ്ടബിലിറ്റി ഒന്നുകൂടി ഉറപ്പുവരുത്തേണ്ട കാര്യമുണ്ട്. പഞ്ചായത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ഭദ്രമായ സമീപനമാണ് വേണ്ടത്. നമ്മുടെ നാട്ടിൽ പഞ്ചായത്തുകൾക്ക് കൊടുക്കുന്ന പണം ഛിന്നഭിന്നമായി കൊച്ചുകൊച്ചു പ്രോജക്ടുകൾക്കായി ഉപയോഗിക്കുന്നു. അമ്പതിനായിരം രൂപ വരെ ഒരിടത്ത്, ഒരു ലക്ഷം രൂപ വേറൊരിടത്ത് എന്ന രീതിയിൽ ചെയ്യുന്നതിന്റെ ഫലമായിട്ട് യഥാർത്ഥത്തിൽ പ്രൊഡക്ഷൻ സൈഡിൽ വേണ്ടത്ര പോകുന്നില്ല. രാഷ്ട്രീയ കാരണങ്ങൾ എന്ന നിലയിൽ നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണത്. പ്ലാൻ ഫണ്ട് കൊടുക്കുന്ന സമയത്ത് എല്ലാപേർക്കും പങ്കുവച്ച് കൊടുത്തത് കാര്യമായ വിധത്തിൽ പ്രൊഡക്ഷൻ സൈഡിലേക്ക് പോകാത്ത സ്ഥിതിയുണ്ടെങ്കിൽ അത് ഗൗരവമായി കാണണം. പഞ്ചായത്തുകളുടെ വികസനവുമായി ബന്ധപ്പെട്ട വളരെ മൗലികമായ പ്രശ്നം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. സ്റ്റാഫിന്റെ കുറവുണ്ട്. അത് ഫിൽ അപ് ചെയ്യാൻ ആവശ്യമായ നടപടി എടുക്കേണ്ടതുണ്ട്. അക്കാര്യം ഗൗരവമായിട്ടെടുക്കും. 2005 ജൂണിൽ ഡിപ്ലോയ്മെന്റ് പൂർത്തിയാക്കാൻ സാധിക്കും. Special Component Scheme-നെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അതുപോലെതന്നെ ടി.എസ്.പി.-യെ സംബന്ധിച്ച് പറഞ്ഞു. വ്യത്യസ്തമായ ഹെഡിൽ അതിന് ബഡ്ജറ്റ് പ്രൊവിഷൻ കൊടുക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകില്ല. അക്കാര്യം ഗൗരവമായിട്ടെടുക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് കുറച്ചുകൂടി സയന്റിഫിക്കാക്കണം. നമ്മളുണ്ടാക്കിയ അസറ്റ് മെയിന്റെയിൻ ചെയ്യാനാണ് ഇത് കൊടുക്കുന്നത്. അത് എത്രയാണെന്നത് സംബന്ധിച്ച് സ്റ്റോക്കിലുണ്ടാകണം. മെയിന്റനൻസിന് പ്ലാനുണ്ടാകണം. അതിനൊരു രജിസ്റ്റർ ഉണ്ടാകണം. ആസ്തിയും മാനേജുമെന്റും. അതിന്റെ കാര്യം ഗൗരവമായിട്ടാലോചിക്കുകയാണ്. എം.ജി.പി. -ഇനിഷിയേറ്റീവിനെക്കുറിച്ച് പറഞ്ഞു. 103 ഗ്രാമപഞ്ചായത്തുകൾക്ക് 40 കോടി രൂപ ഇതിന്റെ ഭാഗമായിട്ട് ലഭിക്കുന്നുണ്ട്. അത് ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. റിസീവിംഗ് എൻഡിലുള്ള ആളുകളുമായി കൂട്ടായി ആശയ വിനിമയം നടത്തേണ്ട അനിവാര്യതയുമുണ്ട്. അത് ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. എം.ജി.പി. ഇനിഷിയേറ്റീവ്സിൽ ലോക്കൽ ബോഡീസിന് നല്ല പങ്കുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കണം. വട്ടമേശ സമ്മേളനത്തിന്റെ പ്രധാന ശുപാർശയാണ് റെസ്പോൺസിബിലിറ്റി മാപ്പ്. ത്രീ ടയർ സംവിധാനത്തിൽ ഓരോരുത്തരും ചെയ്യേണ്ട ഉത്തരവാദിത്വം എന്താണെന്നതിനെക്കുറിച്ച് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി നോക്കുന്ന സമയത്ത് നമ്മുടേത് തുലോം മെച്ചമാണ്. എങ്കിൽപ്പോലും റെസ്പോൺസിബിലിറ്റി മാപ്പ് മാറിയ സാഹചര്യത്തിൽ കുറച്ചു കൂടി ഉത്തരവാദിത്വം നിക്ഷിപ്തമാക്കുന്ന വിധത്തിൽ അത് പുനഃസംവിധാനം ചെയ്യണമെന്നുണ്ട്. അക്കാര്യം ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. Linkage with other departments, അതിന്റെ പെർഫെക്ഷനിലേക്ക് പോയിട്ടില്ല. മറ്റു വകുപ്പുകളുമായി ലിങ്കേജ് പോരാത്തതിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളീടെക്നിക്കുകൾ, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികൾ ഇവയെല്ലാമായി ലിങ്കേജ് വികസിപ്പിക്കണമെന്ന ഉദ്ദേശമുണ്ട്. അത് സംബന്ധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചില ചർച്ചകൾ നടത്തിയിരുന്നു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികൾ, റിസർച്ച് ഇൻസ്റ്റിറ്റ്യൂഷനുകൾ ഇവയെല്ലാമായി ഒരു ലിങ്കേജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസിപ്പി ച്ചെടുക്കണം. അവർ പ്രവർത്തനങ്ങളുമായി വളരെ വേഗത്തിൽ പോയിക്കൊണ്ടി രിക്കുകയാണ്. അവരുടെ അനുഭവസമ്പത്ത് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാ നുള്ള സാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. സയന്റിഫിക് അഡ്വൈസ് കൊടുക്കുന്നതിന് ഇത്തരം കാര്യങ്ങൾ കൊണ്ടുവരണമെന്നുള്ള ആഗ്രഹമുണ്ട്. മറ്റു വകുപ്പുകളുമായി ക്ലോസ് കോൺഡാക്ടുണ്ടാക്കുന്ന കാര്യവും ആവശ്യമായതാണ്. നമ്മൾ കൊടുത്ത അധികാരം പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ ചില ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. അക്കാര്യം ഗവണ്മെന്റ് തിരിച്ചറിയുകയാണ്. അവർക്ക് കൊടുത്ത അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യത്തിൽ നിലവിലുള്ള ഏതെല്ലാം ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരണമെന്നുള്ളത് നോക്കി പെട്ടെന്നുതന്നെ തീരുമാനം എടുക്കാനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പി ക്കാനും ഒരു ടാസ്ക്ഫോഴ്സിനെ നിയമിക്കുന്നതാണ്. അവരുടെ ശുപാർശ അനുസരിച്ച് എല്ലാ നിയമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാർട്ടിസിപ്പേറ്ററി നേച്ചർ ഇതിനുണ്ടാകരുത്. ഔദ്യോഗികമായി, മന്ത്രിതലത്തിൽ, ബ്യൂറോക്രസി ചെയ്യേണ്ട കാര്യമല്ല. ഗ്രാമപ്പഞ്ചായത്ത് അസോസി യേഷനുണ്ട്, ബ്ലോക്കു പഞ്ചായത്ത് അസോസിയേഷനുണ്ട്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പറുണ്ട്, മേയേഴ്സ് കൗൺസിലുണ്ട്. അവരെ എല്ലാം യോജിപ്പിച്ചുകൊണ്ട് അതിനു വേണ്ട സംവിധാനം ഉണ്ടാക്കുന്നതാണ്. കുറച്ചുകൂടി പാർട്ടിസിപ്പേറ്ററി ഇൻവോൾവ്മെന്റ് ഉറപ്പുവരുത്താനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ഇക്കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കുന്നതാണ്. രണ്ട് പുതിയ നിയമങ്ങൾ ആവശ്യമാണെന്ന് തോന്നുകയാണ്. സമഗ്രമായ നഗരാസൂ ത്രണ നിയമം നമുക്ക് വേണം. പല സംസ്ഥാനങ്ങളും നഗരാസൂത്രണം സംബന്ധിച്ച നിയമം കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിലൊരു സമഗ്രമായ നഗരാസൂ ത്രണ നിയമം കൊണ്ടുവരണം. ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച കാര്യം കുറച്ചു ചെയ്തുവച്ചിട്ടുണ്ട്. അക്കാര്യംകൂടി ചെയ്യുന്നതാണ്. മറ്റൊരു നിയമംകൂടി ആലോചിക്കുകയാണ്. നമ്മുടെ ഹെറിറ്റേജ്, അത് കാത്തുസൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ പൈതൃകം അത് കാത്തു സൂക്ഷിക്കണം. നമുക്ക് ഐഡന്റിഫൈ ചെയ്ത എണ്ണൂറോളം ബിൽഡിംഗ്സുണ്ട്. അവ പ്രിസർവ് ചെയ്യണം. ലോകത്തിലെ പല രാജ്യങ്ങളിലും പൈതൃകം പ്രിസർവ് ചെയ്യുന്നതിനുവേണ്ടി എത്ര വലിയ സമ്പത്താണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പരമ്പരാഗതവും രമണീയവു മായ സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഇക്കോളജിക്കലായ കാവുകൾ

കണ്ടൽകാടുകൾ ഇവയുടെ സംരക്ഷണം, ഹെറിറ്റേജിന്റെ കാര്യത്തിൽ ഇവ പ്രിസർവ് ചെയ്യാൻ വേണ്ടിയുള്ള സമഗ്രമായ ഒരു നിയമത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വ്യക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. എ.ഡി.ബി.-യുടെ സഹായത്തോടുകൂടി 1200 കോടി രൂപയുടെ സഹായം പ്രതീക്ഷിക്കുന്ന Kerala Sustainable Urban Development Scheme പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതിന്റെ അവസാന രൂപം ആയിട്ടില്ല. ഗവണ്മെന്റിന് ഇക്കാര്യത്തിൽ ഒരു വിഷമമുണ്ട്. നമ്മൾ എക്സ്റ്റേർണലായി വാങ്ങുന്ന ഫണ്ട്, അത് എ.ഡി.ബി.-യുടേതാകട്ടേ മറ്റേതെങ്കിലും ഏജൻസികളുടേതാകട്ടേ അത് ശരിക്കു പറഞ്ഞാൽ അസറ്റ് ജനറേറ്റ് ചെയ്യുന്നതിനാണുപയോഗിക്കുന്നത്. കിട്ടുന്ന പണം കൊണ്ട് എന്തെങ്കിലും കാണിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് കിട്ടാൻ പോകുന്ന പണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആഗ്രഹിക്കുന്നത്, ശുദ്ധജല വിതരണത്തിന്റെ കാര്യം അതിലുണ്ട്. അഞ്ച് കോർപ്പറേഷനുകളിലെ ഖരമാലിന്യ സംസ്കരണത്തിനും ശുദ്ധജല വിതരണത്തിനും വിനിയോഗിക്കാനുദ്ദേശിക്കുകയാണ്.

ഡോ. തോമസ് ഐസക് : ഈ പറഞ്ഞ പ്രോഗ്രാമുകളെ സംബന്ധിച്ച് രണ്ടു പോയിന്റുകളുണ്ട്. ഇതിൽ ഒന്ന് ഫിനാൻഷ്യൽ അനാലിസിസ് 33 ശതമാനം virtually consultancy fees ആണ്, കപ്പാസിറ്റി ബിൽഡിംഗ്. ബാക്കിയുള്ള കാര്യങ്ങൾ. Essentially infrastructure support programme ആണ്. ഇതിൽ ഒന്നാണ് ഹെവി കൺസൾട്ടൻസി ചാർജായി വരുന്നത്. രണ്ടാമത്തേത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ അവയുടെ തിരിച്ചടവിനുള്ള ബാദ്ധ്യത അവർ പേറേണ്ടി വരും. പലിശയായാലും മുതലായാലും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഈ സ്കീമിനെക്കുറിച്ച് പറയുന്ന സമയത്ത് എ.ഡി.ബി.യുടെ കണ്ടീഷൻസ് അങ്ങേയ്ക്കും അറിയാം. അതായത് പദ്ധതി അടങ്കലിന്റെ 70 ശതമാനം എ.ഡി.ബി. വായ്പയായിട്ട് നൽകുന്നു. വായ്പ അഞ്ച് വർഷത്തിനുശേഷം 20 വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കണം. പലിശ ഏതാണ്ട് മൂന്നര ശതമാനമായിരുന്നു. ഇതാണ് അതിന്റെ ഡീറ്റെയിൽസ്.

ഡോ. തോമസ് ഐസക് : ആ ബാദ്ധ്യത കോർപ്പറേഷൻസ് വഹിക്കേണ്ടി വരുമോ എന്നതാണ് ചോദ്യം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പഞ്ചായത്തുകൾ ഇതിൽ വഹിക്കേണ്ടി വരുന്ന സംഖ്യ എന്നുപറയുന്നത് ബാക്കി 30 ശതമാനമാണ്. അതായത് എ.ഡി.ബി.-യുടെ 70 ശതമാനം കഴിച്ച് ബാക്കി 30 ശതമാനം. ആ 30 ശതമാനം സംസ്ഥാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇൻവെസ്റ്റ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : ഇവിടെ പ്രശ്നം 30 ശതമാനം കൺസൽട്ടൻസി ചാർജസും മറ്റും വരികയാണ്. ഇതിന്റെ കോസ്റ്റ് സ്ട്രക്ച്ചർ പരിശോധിക്കുമ്പോൾ എന്തുണ്ടാകും?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതായത് പഞ്ചായത്തുകൾക്ക് ഇത്രയും അസ്സറ്റ്സ് വരുന്ന സമയത്ത് ഗവൺമെന്റാകട്ടെ, പഞ്ചായത്താകട്ടെ, ഒരു പോർഷൻ വഹിക്കേണ്ടി വരും. സ്കീം ഫൈനലൈസ് ചെയ്തുകഴിഞ്ഞ് ഒപ്പിട്ടിട്ടില്ല. സ്കീം ഫൈനലൈസ് ചെയ്യുന്ന സമയത്ത് ഇതിന്റെ ബാക്കി കോസ്റ്റ് ഗവൺമെന്റ് അല്ലെങ്കിൽ ലോക്കൽ ബോഡീസ് വഹിക്കും. അവരും അസ്സറ്റ് ഡെവലപ് ചെയ്യുന്നതല്ലേ? ആ ഘട്ടത്തിൽ ചർച്ച ചെയ്യാവുന്ന കാര്യമേയുള്ളൂ. അത് നമ്മളുണ്ടാക്കേണ്ട ഇന്റേണൽ അറേഞ്ച്മെന്റാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ അഴുക്കുചാൽ മെച്ചപ്പെടുത്തൽ, വേസ്റ്റ് വാട്ടർ ഡിസ്ചാർജ്, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ എന്നിവയ്ക്ക് വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത്, വാങ്ങുന്ന കടം എന്നുപറയുന്നത്, വാങ്ങുന്ന സഹായം എന്നുപറയുന്നത് അസ്സറ്റ് ജനറേഷന് വേണ്ടി ഉപയോഗിക്കുകയാണെങ്കിൽ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ലോംഗ്ടേം ലോൺ എന്നുള്ള നിലയിൽ 5 വർഷം കഴിഞ്ഞതിനുശേഷം ഇൻസ്റ്റാൾമെന്റായി ചെറിയ പലിശ നിരക്കിൽ ലഭിക്കുന്നത് ഒരു അനുഗ്രഹമായിരിക്കും. ടേംസ് ഫൈനലൈസ് ചെയ്യുമ്പോൾ ബാക്കി കാര്യങ്ങൾ ചർച്ച ചെയ്യാം. തെരഞ്ഞെടുപ്പിന്റെ കാര്യം ഇവിടെ പറഞ്ഞു. തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനമുണ്ടായിരുന്നു. നിശ്ചയിച്ച സമയത്ത് തന്നെ തെരഞ്ഞെടുപ്പ് നടത്താൻ കഴിയും. തെരഞ്ഞെടുപ്പിനുള്ള സജ്ജീകരണമെല്ലാം തന്നെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ 41 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ പറഞ്ഞിട്ടുള്ളതാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് നിശ്ചയദാർഢ്യമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയപാർട്ടിയുടെ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ യോഗത്തിൽ എല്ലാ രാഷ്ട്രീയപാർട്ടികളും പറഞ്ഞ ഒരു കാര്യം, ഇത്തവണ പഞ്ചായത്ത് മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് നടത്തുമ്പോൾ വീടുവീടാന്തരം കയറികൊണ്ടുള്ള എന്യൂമറേഷൻ നടത്തി വോട്ടർ പട്ടിക പുതുക്കണമെന്നായിരുന്നു അവർ ഉന്നയിച്ച പ്രധാനമായിട്ടുള്ള ഒരു കാര്യം. അതോടൊപ്പം തന്നെ ഇലക്ഷന് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിക്കണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇക്കാര്യത്തിൽ ഇപ്പോൾ ഒരു പ്രൊപ്പോസലുള്ളത്, വീടുവീടാന്തരം കയറി എന്യൂമറേഷൻ നടത്തി രണ്ടാമത് ഉണ്ടാക്കണമോ അതല്ല അസംബ്ലി തെരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർ പട്ടിക ഉപയോഗിക്കണമോ എന്നുള്ള പ്രശ്നമുണ്ട്. അത് ഡീറ്റെയിലായിട്ട് ചർച്ച ചെയ്യേണ്ട കാര്യമാണ്. മറ്റൊരു കാര്യം ഇവിടെ പ്രധാനമായി സൂചിപ്പിച്ചത്, മെയിന്റനൻസ് ഗ്രാന്റും പ്ലാൻ ഫണ്ടിന്റെ unutilised portion തിരിച്ചടയ്ക്കുന്നത് സംബന്ധിച്ചുമാണ്. ഞാൻ ആദ്യമേ പറഞ്ഞു, ഇക്കാര്യം എല്ലാവരും അംഗീകരിക്കേണ്ട കാര്യമാണ്. അതായത് യഥാർത്ഥത്തിൽ ചെലവാക്കുന്നത് ചെലവാക്കണം. ചെലവാക്കാൻ പ്രേരിപ്പിക്കുകയും വേണം. അതല്ലാതെ പഞ്ചായത്തുകൾക്ക് ഒരു ചീത്ത സ്വഭാവം ഉണ്ടായിക്കൂടാ. ഞങ്ങൾക്ക് ഇഷ്ടംപോലെ സമയം കിട്ടും, സൗകര്യം പോലെ ചെലവാക്കിയാൽ മതി, ബാക്കിയുള്ളത് വകവച്ചുകിട്ടും എന്നുള്ള സ്വഭാവത്തിലേക്ക് പഞ്ചായത്തുകൾ പോകരുത്. കാരണം ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തുകൾക്ക് ഉത്തരവാദിത്തം ആവശ്യമാണ്. അക്കാര്യത്തിൽ ധനകാര്യവകുപ്പ് മന്ത്രിയാകട്ടെ, ഗവൺമെന്റാകട്ടെ, എടുത്തിട്ടുള്ള സമീപനം അവരെ ഇല്ലായ്മ ചെയ്യാൻ വേണ്ടിയല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ബഡ്ജറ്റ് നമ്മൾ കാലേക്കൂട്ടി പാസ്സാക്കുക വഴി, ഒരു കൊല്ലം ഡെവലപ്മെന്റ് ആക്റ്റിവിറ്റീസിൽ സംസ്ഥാനത്തിന് ശ്രദ്ധിക്കാൻ കഴിയുന്നത് പോലെതന്നെ പഞ്ചായത്തുകൾക്ക് കൊടുക്കുന്ന പണം ഫലപ്രദമായിട്ട് അവർക്ക് ഉപയോഗിക്കാൻ സാധിക്കണം എന്ന ചിന്ത മാത്രമാണ് ഇതുസംബന്ധിച്ചുള്ള റെസ്ട്രിക്ഷനെപ്പറ്റി പറഞ്ഞപ്പോഴും ഗവൺമെന്റിനുള്ളത്. ഇതിലെ പ്രായോഗികതയെ സംബന്ധിച്ചിടത്തോളം എല്ലാവരും ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. നമ്മൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് യഥാർത്ഥത്തിൽ ചെലവാക്കിക്കണം, ചെലവാക്കാനുള്ള പ്രേരണ നൽകണം. അതല്ലാതെ യാതൊരു നിയന്ത്രണവുമില്ലാതെ വിട്ടുകൊടുത്താൽ കൂടുതൽ വിഷമങ്ങളിലേക്ക് പോകും. മാത്രമല്ല കൃത്രിമം കാണിക്കാൻ അവസരം ഉണ്ടാകേണ്ട കാര്യമില്ല. ചെലവാക്കി എന്ന് സർക്കാരിന് രേഖയുണ്ടാക്കാൻ വേണ്ടി അവിടെ ചെക്ക് കൊടുത്തു, ഇവിടെ ചെക്ക് കൊടുത്തു എന്ന് പറയാൻ പറ്റില്ല. അതുകൊണ്ട് ഈ ബിൽ സിസ്റ്റം വന്നത് നന്നായി. ബിൽ സിസ്റ്റത്തിന്റെ impact ഉണ്ടായിട്ടുണ്ട്. അവർക്ക് ബഡ്ജറ്റ് പ്രകാരം കൊടുത്തിട്ടുള്ളതും മെയിന്റനൻസ് ഗ്രാന്റായി കൊടുത്തിട്ടുള്ളതും നഷ്ടപ്പെടാൻ പാടില്ല. അതേസമയത്ത് അവർ ചെലവാക്കുന്നത് സംബന്ധിച്ച് അവർക്കൊരു ഉത്തരവാദിത്തം ഉണ്ടാവുകയും വേണം. അതുകൊണ്ട് താഴെപ്പറയുന്ന വിധത്തിൽ പുനഃസംവിധാനം ചെയ്യുകയാണ്. പ്ലാൻ ഫണ്ടിനെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ കൊല്ലത്തെ റിക്കാർഡ്സ് നോക്കിയ സമയത്ത് highest expenditure കഴിഞ്ഞ കൊല്ലം ഉണ്ടായിട്ടുണ്ട്. അതായത് 85%. ആ 85% എങ്കിലും attain ചെയ്യണമെന്നുള്ള സംഗതിവച്ച് നടപ്പു സാമ്പത്തിക വർഷം ചെലവാകാത്ത പദ്ധതി തുക സാങ്കേതികമായി ലാപ്സാകുമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാൻ 2005-2006-ൽ താഴെപ്പറയുന്ന ഉപാധികളോടെ അഡീഷണൽ പ്ലാൻ ഗ്രാന്റ് അനുവദിക്കുന്നതാണ്. ചെലവാക്കുന്ന തുക പരമാവധി 85 ശതമാനമായിട്ട് കണക്കാക്കി മാർച്ച് 31 വരെ ചെലവഴിക്കുന്ന തുകയും 85 ശതമാനവും തമ്മിലുള്ള വ്യത്യാസമാണ് പരമാവധി അധിക തുകയായി അടുത്ത വർഷം നൽകുക. മാർച്ച് 31-ന് മുൻപ് 100 ശതമാനം ചെലവഴിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം അവർ actual ആയി ചെലവാക്കിയതും 85 ശതമാനവും തമ്മിലുള്ള വ്യത്യാസം അടുത്ത വർഷം അഡീഷണൽ ഗ്രാന്റായിട്ട് കൊടുക്കും. ഇങ്ങനെ നൽകുന്ന പരമാവധി തുക 2004-2005-ൽ അനുവദിച്ച പുതുക്കിയ പദ്ധതിയുടെ 25 ശതമാനമായിരിക്കും. ഒരു പഞ്ചായത്ത് 40% ചെലവാക്കി എന്നിരിക്കട്ടെ, അവർക്ക് 45 ശതമാനമേ കിട്ടൂ. അത് സ്വാഭാവികമാണല്ലോ?

ഡോ. തോമസ് ഐസക് : ഒരു പഞ്ചായത്ത് 90 ശതമാനം ചെലവാക്കിയാൽ അവർക്ക് എന്ത് കിട്ടും?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : 90 ശതമാനമായെങ്കിൽ പിന്നെ പ്രശ്നമില്ലല്ലോ.

ഡോ. കെ. സി. ജോസഫ് : 85 ശതമാനമാണ് ആവറേജ് ചെലവാക്കുന്നത് എന്നാണ് കണക്ക്. ഗവൺമെന്റിന്റെ satisfaction-ന് അനുസരണമായി 85% fulfill ചെയ്ത പഞ്ചായത്തുകൾക്ക് ബാക്കിയുള്ള 15% നഷ്ടപ്പെടുകയും satisfactory ആയി പ്രവർത്തിക്കാത്തവർക്ക് 85% ആക്കി അഡീഷണൽ ഗ്രാന്റ് കൊടുക്കുക എന്നുപറയുന്നതിൽ ഒരു വൈരുദ്ധ്യമുണ്ട്. 85% പൂർത്തിയാക്കിയവർക്ക് 100% അഡീഷണൽ ഗ്രാന്റ് കൊടുത്താൽ മാത്രമേ അവർക്ക് അംഗീകാരം ആകുന്നുള്ളു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നിങ്ങൾ പറയുന്നതൊക്കെ കൊള്ളാം. പക്ഷേ കേരളത്തിന്റെ ഇന്നുവരെയുള്ള ചരിത്രം എടുത്ത് പരിശോധിച്ചാൽ highest എന്നുപറയുന്നത് 85 ശതമാനമാണ്. ഇതിന് ഉപരിയായിട്ട് ചെലവാക്കിയിട്ടുണ്ടെങ്കിൽ അവർക്ക് പ്രോബ്ലമില്ലല്ലോ?

ഡോ. തോമസ് ഐസക് : ഡോക്ടർ കെ.സി. ജോസഫ് പറഞ്ഞത് 25% മാക്സിമം കിട്ടുമെന്ന നിബന്ധന മാത്രം പോരെ, 25%-ന് കൂടുതൽ ഒരു പഞ്ചായത്തിനും അർഹതയുണ്ടാകില്ല എന്നുള്ള നിബന്ധന മാത്രം വച്ചാൽ പോരെയെന്നാണ്. അങ്ങനെയാണെങ്കിൽ 95% കിട്ടിയവർക്ക് 5% കിട്ടും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : Actuals ആണ് നമ്മൾ നോക്കുന്നത്. അങ്ങയുടെ കാലഘട്ടത്തിൽ അങ്ങ് ഇതിന്റെയൊരു ആചാര്യനാണ്. അങ്ങയുടെ കാലഘട്ടത്തിൽ എടുത്തുനോക്കിയാൽ 70, 75%-ൽ നിന്ന് കൂടിയിട്ടില്ല .....

..... (ബഹളം) ..... നന്നായി പ്രവർത്തിച്ചവർക്ക് കിട്ടുമല്ലോ? ഇത് ഫിനാൻസ് കോഡിൽ നിലനിൽക്കുന്ന സമയത്ത് വിശദമായി ചർച്ച ചെയ്ത് പഞ്ചായത്തുകൾക്ക് അവരുടെ കഴിഞ്ഞകാല റിക്കോർഡ് പ്രകാരം highest expenditure എന്താണോ ആ highest expenditure-ലേക്ക് കൊണ്ടുപോകാൻ ഉതകുന്ന ഒരു ഫോർമുലയാണ് ഇതിൽ വർക്കൗട്ട് ചെയ്യുന്നത്. .... (ബഹളം) .....

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട മെമ്പർ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുമ്പോൾ ഡോക്ടറെ, ഏതെങ്കിലും ഒരു കാലഘട്ടത്തിൽ 85% ചെലവാക്കിയിട്ടുണ്ടോ?

ഡോ. തോമസ് ഐസക് : സർ, എല്ലാ കാലത്തും 25 ശതമാനം ക്യാരി ഓവർ അനുവദിച്ചിട്ടുണ്ട്. അത് 90 ശതമാനം ചെലവഴിച്ചു കഴിഞ്ഞാലെ 10 ശതമാനം കിട്ടുകയുള്ളു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, 2005 - 2006-ലെ പദ്ധതി തുക ചെലവഴിക്കുന്ന മുറയ്ക്ക് ഈ അധിക പദ്ധതി തുക നൽകും. എന്നാൽ തുക ചെലവഴിക്കുന്നതിനുള്ള അനുവാദം ഏപ്രിലിൽതന്നെ നൽകുന്നതാണ്. മെയിന്റനൻസ് ഗ്രാന്റ് മുഴുവൻ അവർക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ സംവിധാനം ചെയ്യുകയാണ്. മെയിന്റനൻസ് ഗ്രാന്റിൽനിന്നും കേരള വാട്ടർ അതോറിറ്റിക്കും ഇലക്ട്രിസിറ്റി ബോർഡിനും നൽകാനുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഒന്ന് കുടിശ്ശിക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004 - 2005-ലെ മെയിന്റനൻസ് ഗ്രാന്റിന്റെ 50 ശതമാനം വരെയുള്ള തുക ഇപ്രകാരം കുടിശ്ശിക തീർക്കാൻ ചെലവഴിക്കാവുന്നതാണ്. മെയിന്റനൻസ് ഗ്രാന്റിൽ 50 ശതമാനം ഇതിനുവേണ്ടി ചെലവഴിക്കാം. ഇപ്രകാരം കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുന്ന തുകയ്ക്കും മാർച്ച് 31-ന് മുമ്പ് മറ്റ് പദ്ധതികൾക്ക് ചെലവാക്കുന്ന തുകയ്ക്കും പുറമെയുള്ള തുക പ്ലസ് 50 ശതമാനം കൊടുത്തിട്ട് ബാക്കി എന്ത് തുകയാണോ അത്രയും തുക നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാൻവേണ്ടി അടുത്ത വർഷം അധിക തുകയായി അനുവദിക്കാവുന്നതാണ്. കുടിശ്ശിക ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 31-3-2005-ൽ ലാപ്സാകുന്ന മുഴുവൻ തുകയും അടുത്ത വർഷം അധികതുകയായി നൽകും. ഇങ്ങനെയുള്ള മുഴുവൻ പ്രവൃത്തികളും ജൂൺ 30 -നകം പൂർത്തിയാക്കണം. 2005-2006-ലെ പദ്ധതി തുക മുഴുവൻ ചെലവഴിക്കുന്ന മുറയ്ക്ക് ഈ അധികതുക നൽകുന്നതാണ്. എന്നാൽ ചെലവഴിക്കുന്നതിനുള്ള അനുവാദം ഏപ്രിലിൽതന്നെ നൽകും. എല്ലാവരും സംതൃപ്തരാകുമെന്നു വിചാരിക്കുകയാണ്. എല്ലാ കാര്യങ്ങളിലും സമ്പൂർണ്ണതയുണ്ടാവുകയില്ല. അതിൽ അങ്ങ് കാണിക്കേണ്ട ഒരു കാര്യം അങ്ങ് ബഡ്ജറ്റിൽ ചിലത്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിച്ചു കണ്ടു. അങ്ങനെ ഉദ്ധരിച്ച പ്രകാരം അവർ ഫിനാൻസ് കോഡ്, അതുപോലെയുള്ള കാര്യങ്ങൾ ഉണ്ടെങ്കിൽ പോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻ അവർക്ക് നമ്മൾ കൊടുക്കുന്ന പണം അവർക്ക് ഉപയോഗിക്കാൻ സാധിക്കണം. അതിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ മറ്റൊരു മാർഗ്ഗം കണ്ടുപിടിച്ച് അവരെ സഹായിക്കാൻവേണ്ട നയമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എല്ലാവരുമായി സംസാരിച്ച് എടുത്തത്.

ശ്രീ. എം. വി. ജയരാജൻ: സർ, കേരളത്തിൽ വളരെ മികച്ച പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ള പഞ്ചായത്തുകൾക്ക് ബെസ്റ്റ് പഞ്ചായത്ത് അവാർഡുകൾ പ്രഖ്യാപിച്ചിരുന്നു. അത് ഇരുപത്തിയഞ്ചോളം പഞ്ചായത്തുകൾക്ക് കൊടുക്കാൻ ബാക്കിയുണ്ട്. നമ്മൾ അത്തരം പഞ്ചായത്തുകളെ വിളിച്ചുവരുത്തി അവരെ ആദരിച്ചു പത്രത്തിൽ പറഞ്ഞു അവർ ലഭിക്കുമെന്നു വിശ്വസിച്ച തുകയ്ക്ക് കണക്കാക്കി മറ്റ് പദ്ധതികളും പ്രഖ്യാപിച്ചു. പദ്ധതികൾ അവർ ആസൂത്രണം ചെയ്തു. ഈ തുക കൊടുക്കുന്നില്ല, ബഡ്ജറ്റിൽ ആവശ്യമായിട്ടുള്ള തുക ഇല്ലെന്നു പറഞ്ഞിട്ടാണ്. ആ തുക കൊടുക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അതിന്റെ പ്രായോഗികതകൂടി നോക്കി ബന്ധപ്പെട്ട ഫയൽ നോക്കിയിട്ട് ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ടിൽനിന്നു 85 ശതമാനം മാത്രമേ കൊടുക്കൂയെന്നാണ് ഗവൺമെന്റ് പോളിസി. ഇതിന്റെ അർത്ഥം പ്ലാൻ ഫണ്ടിൽനിന്നു 15 ശതമാനം ഗവൺമെന്റ് കട്ട് ചെയ്യാൻ പോകുന്നുയെന്നും 15 ശതമാനം വരുന്ന പ്ലാൻ ഫണ്ട് കട്ട് ചെയ്ത് ഗവൺമെന്റ് എടുക്കാൻ പോകുന്നുവെന്നുമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. 15 ശതമാനം പ്ലാൻ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു കട്ട് ചെയ്യാനുള്ള ഈ സർക്കാരിന്റെ തീരുമാനത്തിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. ആ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ 85% മാത്രമേ കൊടുക്കുവെന്ന് പറയുമ്പോൾ ഫലത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് 15% കട്ട് ചെയ്യുന്നു എന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ചോദിക്കുന്നത് നിങ്ങൾ 25 ശതമാനം ....., ഇറങ്ങി പോകുന്നതിനുമുമ്പ് ഒരു ചോദ്യം. നിങ്ങൾ 25 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാരി ഫോർവേർഡ് ചെയ്യുമെന്നു പറഞ്ഞ സിദ്ധാന്തമാണെങ്കിൽ അത് മാത്രമല്ലേ ക്യാരി ഫോർവേർഡ് ചെയ്യാൻ പറ്റുള്ളു. .....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*) : സർ, ഇത് ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കുകയില്ല. കഴിഞ്ഞ കൊല്ലത്തേതിന്റെ ബാലൻസ് കൊടുക്കാൻ അനുവദിക്കുകയില്ല. അതുകൊണ്ട് വാക്കൗട്ട് ചെയ്യണമെന്നു തീരുമാനിച്ച് വന്നതാണ്. ഗവൺമെൻറ് അനുവദിച്ചെങ്കിലും അവർക്ക് ചെയ്യാതിരിക്കാൻ ഒക്കുകയില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഏതായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സഹകരണാത്മകമായ നിലപാട് എടുക്കണമെന്നും അധികാരം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കാൻവേണ്ട പ്രക്രിയ അതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെങ്കിലും ആ തടസ്സങ്ങളെല്ലാം നീക്കി നല്ല നിലയിൽ അത് മുന്നോട്ട് കൊണ്ടുപോകുന്ന കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് ഡിമാന്റ് പാസ്സാക്കിത്തരണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

VI. അറിയിപ്പ്

കിലയുടെ ആഭിമുഖ്യത്തിൽ എം. എൽ. എ. മാർക്ക് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : ഇതോട് ബന്ധപ്പെട്ട് ഒരു കാര്യം കൂടി ചെയർ പറയുകയാണ്. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ മറുപടിക്കുമുമ്പ് പറയേണ്ട ഒരു കാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. "കില"യുടെ ആഭിമുഖ്യത്തിൽ 2005 ഏപ്രിൽ 23, 24 തീയതികളിൽ ഇന്ത്യയിൽ ആദ്യമായി എം.എൽ.എ. മാർക്ക് ഒരു റൗണ്ട് ടേബിൾ 'കില'യിൽവെച്ച് നടത്തുന്നതാണ്. ലോകസഭാ സ്പീക്കർ അത് ഉദ്ഘാടനം ചെയ്യും. ശ്രീ. മണിശങ്കർ അയ്യർ Keynote Address നത്തുകയും, വിദഗ്ദ്ധന്മാരായ മറ്റുപലരും പങ്കെടുക്കുകയും ചെയ്യും. എല്ലാ നിയമസഭാ സാമാജികന്മാരും നിർബന്ധമായും അതിൽ പങ്കെടുക്കണം. 'കില'യുടെ ഒരു പരിപാടിയാണ്. പ്രസക്തമായ ഒരു കാര്യം ആയതുകൊണ്ട് ശ്രീ. കുട്ടി അഹമ്മദ് കുട്ടി നേതൃത്വം നൽകി ഉണ്ടാക്കിയ ഒരു പദ്ധതിയായതുകൊണ്ട് മിനിസ്റ്റർ കമ്മ്യൂണിക്കേഷൻ ഗ്യാപ്പിൽ വിട്ടുപോയതാണ്. അതുകൊണ്ട് ഞാനത് പറഞ്ഞതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അത് നടപ്പിലാക്കാൻ ആവശ്യമായത് ചെയ്യാം.

ധനകാര്യം (തുടർച്ച)

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)* : സർ, സാമൂഹ്യ വികസനം, നഗര വികസനം എന്നിവ സംബന്ധിച്ച് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പർമാർ മുന്നോട്ട് വച്ച എല്ലാ നല്ല നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. ഇവിടെ ആദ്യമായി ശ്രീ. വി. കെ. ചന്ദ്രൻ, അദ്ദേഹം ഉണ്ടായിരിക്കേണ്ടതായിരുന്നു. അദ്ദേഹം പറഞ്ഞപ്പോൾ ഒന്നു രണ്ട് കാര്യങ്ങളെ പറഞ്ഞുള്ളു. അതിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ സംസ്ഥാന വിഹിതം നൽകാത്തതിൽ കുറെ ഫണ്ട് നഷ്ടപ്പെടുത്തി എന്ന് കേന്ദ്ര ഗ്രാമ വികസന മന്ത്രി പാർലമെന്റിൽ പറഞ്ഞുവെന്നു അദ്ദേഹം ഇവിടെ പറയുകയുണ്ടായി. പക്ഷേ കേന്ദ്ര ഗ്രാമ വികസന മന്ത്രി കഴിഞ്ഞ ആഴ്ച 21-ാം തീയതി തിരുവനന്തപുരത്ത് വന്നു. ഇവിടെ 'കപ്പാർട്ട്'-ന്റെ സംസ്ഥാനത്തെ ആഫീസ് ഉദ്ഘാടനം ചെയ്തതിനുശേഷം നടത്തിയ ഒരു പത്രസമ്മേളനം ഉണ്ട്. ആ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം ഞാൻ ഇവിടെ വായിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഗ്രാമ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം വളരെ മുന്നിലാണ്. ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞ ഡോക്ടർ രഘുവംശ പ്രസാദ് സിംഗ് തന്നെയാണ് ഈ അഭിപ്രായം കേരളത്തെക്കുറിച്ചു പറഞ്ഞത്. ഞാൻ വളരെ സന്തോഷത്തോടുകൂടി ഓർക്കുകയാണ്. അതോടൊപ്പംതന്നെ ശ്രീ. ചന്ദ്രൻ പറഞ്ഞ എസ്.ജി.ആർ.വൈ.-ലെ നഷ്ടപ്പെടുത്തിയെന്നു പറഞ്ഞ തുകയും അദ്ദേഹം അവിടെവച്ചുതന്നെ തിരിച്ചു തന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ നമുക്ക് വളരെ അനുകൂലമായ ഒരു സാഹചര്യം,, സന്തോഷകരമായ ഒരു പശ്ചാത്തലമുണ്ട്. ഈ ചർച്ച നടക്കുന്നതിന്റെ തലേ ആഴ്ചയിൽ കേന്ദ്ര ഗ്രാമ വികസന വകുപ്പുമന്ത്രി കേരളത്തിൽ വന്നു ഗ്രാമവികസന വകുപ്പുവഴി നടക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചും കേന്ദ്രത്തിലെ ഗ്രാമതല ഉദ്യോഗസ്ഥന്മാരെയും ഡൽഹിയിൽ നിന്നു കൊണ്ടുവന്നു. ഗസ്റ്റ് ഹൗസിൽ വച്ച് വിലയിരുത്തൽ ഡീറ്റെയിൽഡായി നടത്തിയതിനു ശേഷമാണ് പത്രപ്രതിനിധികളെ വിളിച്ച്, കേന്ദ്ര ഗ്രാമ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം വളരെ മുന്നിലാണെന്നു പറഞ്ഞത്. ഒരു കാര്യം കൂടി അദ്ദേഹം പറഞ്ഞു. അതുകൊണ്ടുതന്നെ കേന്ദ്രം കേരളം മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾക്ക് ഇനി മേലിൽ കൂടുതലായി സഹായം നൽകുമെന്നു പ്രഖ്യാപനം നടത്തിയിട്ടാണ് തിരിച്ചു പോയത്. വലിയ സന്തോഷമുണ്ട്. കാരണം ഗ്രാമ വികസന വകുപ്പിൽ നടക്കുന്നതു പ്രധാനമായും കേന്ദ്രാവിഷ്ക്കൃത പദ്ധതികളാണ്. നമ്മുടെ സ്റ്റേറ്റിന് ഇന്നു വലിയ ഒരു ആശ്വാസമാണ്. എം. എൽ. എ. മാർക്ക് ഒക്കെ അറിയാം നമ്മുടെ പഞ്ചായത്തുകൾക്ക് വികേന്ദ്രീകരണ ആസൂത്രണം വന്നതിനുശേഷവും ബഹുമാനപ്പെട്ട കെ.നാരായണക്കുറുപ്പ് പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഇതൊക്കെ പല മേഖലകളിൽ വീതിച്ചുവരുമ്പോൾ ഓരോ വാർഡിനും കിട്ടുന്ന തുക വളരെ

LIBRARY ARCHIVES Kerala Legislative Assembly

പരിമിതമാണ്. സ്റ്റേറ്റ് ബഡ്ജറ്റിന്റെ നല്ലൊരു വിഹിതം കൊടുത്തിട്ടുപോലും നമ്മുടെ നാട്ടിൻപുറത്തെ ജനങ്ങൾ ആവശ്യപ്പെട്ട വികസനം, നാട്ടിൻപുറത്തെ വികസനമെന്നു ഉദ്ദേശിക്കുമ്പോൾ പ്രധാനമായും അവർ പറയുന്നത് റോഡ് നിർമ്മാണമാണ്. കുടിവെള്ളത്തിന്റെ പ്രശ്നമാണ്. അങ്ങനെയൊക്കെയുള്ള പദ്ധതികൾ വരുമ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടിൽ നിന്നു കൊടുക്കുന്ന തുകകൊണ്ട് ഗ്രാമങ്ങളിൽ വളരെകുറച്ചു കാര്യങ്ങൾ മാത്രമെ, നമ്മുടെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വളരെ പ്രയാസപ്പെട്ടിട്ടേ വളരെ പരിശ്രമിച്ചിട്ടേ നടപ്പിലാക്കാൻ സാധിക്കുന്നുള്ളൂ. അതാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രസക്തി കൂട്ടുന്നത്. ഇന്നു ഭാഗ്യവശാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം കൂടിയിട്ടുണ്ട്. ആ പദ്ധതികളിൽ ചിലതിന് 100 ശതമാനം സഹായമുണ്ട്. ഉദാഹരണമായിട്ട് പി.എം.ജി.എസ്.വൈ. ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചു. നല്ല ഒന്നാന്തരം സ്കീമാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സംക്യോജന എന്നു പറയുന്ന പദ്ധതി കോടിക്കണക്കിന് രൂപയുടെ സ്ക്കീമുകളാണ് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്. അതു ചെറിയ റോഡുകളല്ല എടുക്കുന്നത്. പാക്കേജായിട്ട് പല റോഡുകൾ ഒരുമിച്ച് എടുക്കുകയാണ്. അങ്ങനെ എടുക്കുന്ന റോഡുകൾ നാഷണൽ ഹൈവേയുടെ സ്റ്റാന്റേർഡിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. All weather roads എന്നാണ് അതെക്കുറിച്ചു പറയുന്നത്. നല്ല പുതിയ കുറെ വ്യവസ്ഥകളും കൊണ്ടുവന്നിട്ടുണ്ട്. ദേശീയ പരിശോധന സമിതി അതിനുവേണ്ടി ഇടയ്ക്കിടയ്ക്ക് ഇവിടെ വരുന്നുണ്ട്. അവർ പുതിയ നിബന്ധനകൾ പലതും കൊണ്ടുവന്നിട്ടുണ്ട്. പല കാര്യത്തിലും ക്വാളിറ്റി നിർബന്ധമാണ്. അതുകൊണ്ട് അവർ പദ്ധതി ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ ഏറ്റവും മികച്ച രീതിയിൽ റോഡു നിർമ്മാണം നടക്കേണ്ടതുള്ളതുകൊണ്ട് ഇതൊന്നും വശമില്ലാത്ത ചില കോൺട്രാക്ടർമാർ ചില മേഖലകളിൽ വന്നു ചില വർക്കുകൾ ഏറ്റെടുത്തിട്ട് അവർ വിഷമിക്കുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഒഴിച്ച് പി.എം.ജി.എസ്.വൈ. അനുസരിച്ചുള്ള നിർമ്മാണം വളരെ ഭംഗിയായി മുന്നോട്ട് പോകുന്നു. അഞ്ചു വർഷത്തേയ്ക്കുള്ള ഗ്യാരന്റിയാണ്. അഞ്ചു വർഷത്തിനുള്ളിൽ ഈ റോഡുകൾക്ക് കേട് സംഭവിച്ചാൽ കോൺട്രാക്ടർതന്നെ നന്നാക്കി കൊടുക്കണമെന്നുള്ള ഉത്തരവാദിത്വത്തിലാണ് ഈ റോഡുകളുടെ നിർമ്മാണം നടക്കുന്നത്. ആ പദ്ധതി കേരളത്തിൽ വളരെ ഭംഗിയായിട്ട് മുന്നോട്ട് പോവുകയാണ്. ഇപ്പോൾ 118 റോഡുകളുടെ ജോലി ഈ വർഷം ഞങ്ങൾ പൂർത്തീകരിക്കാൻ പോവുകയാണ്. 100 പുതിയ റോഡുകളുടെ പണി ഉടൻ ആരംഭിക്കും. വരാൻ പോകുന്ന സാമ്പത്തിക വർഷം 2005 - 2006-ൽ 50 കോടി രൂപയുടെ പദ്ധതികൾകൂടി നമ്മൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. ഈ പദ്ധതികൾ നിശ്ചയിക്കുന്നത് സംസ്ഥാനത്തെ മന്ത്രിയോ ഇവിടുത്തെ മന്ത്രിസഭയോ അല്ല. എല്ലാം നമ്മുടെ പഞ്ചായത്തുകളാണ് നിശ്ചയിക്കുന്നത്. അവിടെ ബഹുമാനപ്പെട്ട എം. എൽ. എ. മാരെയും എം.പി.മാരെയും വിളിച്ചിരുത്തി അവരാണ് ഈ പി.എം.ജി.എസ്.വൈ.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ വരുന്ന റോഡുകൾ നിശ്ചയിക്കുന്നത്. അതിന് 50 കോടി രൂപയുടെ സ്ക്കീംസ് അടുത്ത കൊല്ലം നൽകാൻ പോവുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ജില്ലാ പഞ്ചായത്ത്, എം.പി.മാരെയും എം.എൽ.എ.മാരെയും വിളിച്ചുവരുത്തി തീരുമാനിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. കേൾക്കുന്നതിൽ സന്തോഷമുണ്ട്. പക്ഷേ ഇന്നുവരെ അങ്ങനെ ഒരു വിളിച്ചു വരുത്തൽ ഉണ്ടായിട്ടില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, കൊല്ലം ജില്ലയിൽ മൂന്നു ബ്ലോക്കിൽ പ്രധാനമന്ത്രിയുടെ സഠക്യോജന പദ്ധതി പ്രകാരമുള്ള ഒന്നരക്കോടി രൂപയുടെ പ്രവർത്തികൾ ഒന്നര വർഷമായി തടസ്സപ്പെട്ടിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നില്ല. കോൺട്രാക്ടർമാർ കളഞ്ഞിട്ടു പോയിരിക്കുകയാണ്. പൂർത്തീകരിക്കുമെന്നു പറഞ്ഞ പദ്ധതിയിൽ ആദ്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : തീർച്ചയായും അത് സമയബന്ധിതമായി തീർക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച വ്യവസ്ഥ കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥയാണ്. അത് തെറ്റിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരെങ്കിലുമുണ്ടെങ്കിൽ, ഏതെങ്കിലും പ്രദേശം സംബന്ധിച്ച് മെമ്പർമാർക്ക് പരാതിയുണ്ടെങ്കിൽ വളരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആ സ്ക്കീംസ് നന്നായിട്ട് മുന്നോട്ടു പോകുന്നു. ശ്രീ. കെ. പി. മോഹനൻ ഒരു കാര്യം സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്കിൽ മൂന്നു റോഡുകൾക്ക് കരാർവച്ച് പണിതുടങ്ങി. അതോടൊപ്പംതന്നെ ഇരിക്കൂർ ബ്ലോക്കിലും പയ്യന്നൂർ ബ്ലോക്കിലും ഒമ്പത് റോഡുകളുടെ നിർമ്മാണം, അതിന് 2004 ലെ പി.ഡബ്ലിയു.ഡി. റോഡിനുള്ള അടങ്കൽ തുകയ്ക്കുള്ള അനുമതി കേന്ദ്രത്തിൽനിന്ന് പ്രതീക്ഷിക്കുകയാണ്. അത് അയച്ചു കൊടുത്തിട്ടുണ്ട്. ആ അനുമതി കിട്ടിയാലുടൻതന്നെ അതിന്റെ വർക്ക് ആരംഭിക്കും. ശ്രീ. കെ. കെ. ഷാജു നല്ല കുറേ നിർദ്ദേശങ്ങൾ ഇവിടെ വയ്ക്കുകയുണ്ടായി. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം നമ്മളെല്ലാവരും ഉത്കണ്ഠയോടുകൂടി നോക്കി നില്ക്കുന്ന ബി.പി.എല്ലിനെ സംബന്ധിച്ചു തന്നെയാണ്. ഞാൻ ഒരു കാര്യം സന്തോഷത്തോടുകൂടി പറയട്ടെ, കേന്ദ്ര ഗ്രാമ വികസന വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് എത്തിയപ്പോൾ നമ്മുടെ സ്റ്റാന്റിനോട് വളരെ അനുകൂലമായ നിലപാടാണ് എടുത്തിരിക്കുന്നത്. നേരത്തേ ശ്രീ. സുപാൽ സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്ത് ബി.പി.എൽ. ലിസ്റ്റ് പ്രകാരമുള്ള കുടുംബങ്ങളുടെ എണ്ണം 17.23 ലക്ഷമാണ്. അത്രയും കുടുംബങ്ങൾക്ക് ബി.പി.എൽ എന്നുള്ള നിലയിലുള്ള ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. പക്ഷേ പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡങ്ങളനുസരിച്ച് 1999–2000–ത്തിൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ സർവ്വേ അനുസരിച്ച് അത് 4.19 ലക്ഷമായി വെട്ടിക്കുറച്ചു. ചെറിയ വ്യത്യാസമല്ലായിരുന്നു. പതിനേഴ് ലക്ഷമെന്നുള്ളത് 4.19 ലക്ഷമായപ്പോൾ കേരളത്തിൽ ഏതാണ്ട് പതിമൂന്നു ലക്ഷം കുടുംബങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽനിന്നും വെളിയിലായി. വളരെ വലിയ പ്രതിഷേധമുണ്ടായി. മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി രണ്ടു പ്രാവശ്യം ഈ പർപ്പസിനു വേണ്ടി മാത്രം ഡൽഹിയിൽ ചെന്ന് കേന്ദ്ര മന്ത്രിയേയും പ്ലാനിംഗ് കമ്മീഷൻ അംഗങ്ങളേയുമൊക്കെ കാണുകയുണ്ടായി. ഡൽഹിയിൽ ചെന്ന് ഞാനും രണ്ടു പ്രാവശ്യം കേന്ദ്ര ഗ്രാമ വികസന മന്ത്രിയെ കണ്ടു. ഏതായാലും നാലു ലക്ഷമെന്നുള്ളത് കേന്ദ്ര ഗവൺമെന്റിന്റേയും പ്ലാനിംഗ് കമ്മീഷന്റേയും അനുകൂല നിലപാടുമൂലം അത് 10.25 ലക്ഷം കുടുംബങ്ങളായി ഉയർത്തി തരുകയുണ്ടായി. എന്നിട്ടും ഏഴു ലക്ഷം കുടുംബങ്ങൾ ആ ലിസ്റ്റിൽനിന്നും വെളിയിലാണ്. ആ ലിസ്റ്റിന്റെ ഉപയോഗം തുടങ്ങിയില്ല. ആ ലിസ്റ്റ് പ്രസിദ്ധീകരിക്കരുതെന്ന് സുപ്രീംകോടതി തടഞ്ഞതു കൊണ്ട് ഇപ്പോൾ രക്ഷപ്പെട്ടു നില്ക്കുകയാണ്. കഴിഞ്ഞ ദിവസം കേന്ദ്ര മന്ത്രിയുമായി തിരുവനന്തപുരത്തുവച്ചു നടത്തിയ ചർച്ചയിൽ മനസ്സിലാക്കുവാൻ കഴിഞ്ഞത് സംസ്ഥാന ഗവൺമെന്റുകൾക്ക് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം നൽകുന്ന നിലപാടിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എത്തിച്ചേർന്നിരിക്കുന്നു എന്നാണ്. ഗ്രാമ സേവകന്മാർക്ക് അവർ നിയോഗിക്കുന്ന മറ്റ് ആളുകൾ സർവ്വേ നടത്തുമ്പോൾ ഇടുന്ന മാർക്കിൽ ഏതു മാർക്കുവരെ ഉള്ളവരെ ബി.പി.എൽ.-ആയി നിശ്ചയിക്കണമെന്നുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് കൊടുക്കുന്നു എന്നുള്ള നിലപാടിലേയ്ക്ക് കേന്ദ്രഗവൺമെന്റ് വരുന്നു. മിക്കവാറും ഇങ്ങനെയുള്ള അഫിഡവിറ്റ് സുപ്രീംകോടതിയിൽ ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നൽകിയേക്കും എന്നു അദ്ദേഹം പറഞ്ഞു. ഇങ്ങനെ വരുകയാണെങ്കിൽ കേരളത്തിന് ഏറെ ആശ്വാസകരമായിരിക്കും. ഈ സഭയിൽ എല്ലാ ഭാഗത്തുനിന്നും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ നിർദ്ദേശങ്ങൾ ..... നമ്മുടെ ബുദ്ധിമുട്ടുകൾ മാറുമെന്നുള്ളത് വളരെ സന്തോഷകരമാണ്. അങ്ങനെ ഒരു വലിയ മാറ്റം ഇക്കാര്യത്തിൽ വരും, അതുപോലെ ശ്രീ. ഷിബു ഇവിടെ സൂചിപ്പിച്ച, എസ്.ജി.ആർ.വൈ. എല്ലാവർക്കും താല്പര്യം നല്കുന്നതാണ്. എസ്.ജി.ആർ.വൈ. സ്പെഷ്യൽ എന്നു പറയുന്നത് പ്രധാനമായിട്ടും പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്നതാണ്. എസ്.ജി.ആർ.വൈ. പദ്ധതിയുടെ ഫണ്ടിൽ 50% ഗ്രാമ പഞ്ചായത്തുകളും 30% ബ്ളോക്കു പഞ്ചായത്തുകളും 20% ജില്ലാ പഞ്ചായത്തുകളും, ചേർന്ന് വിനിയോഗിക്കുന്നതാണ്. എസ്.ജി.ആർ.വൈ. സ്പെഷ്യൽ പദ്ധതിയുമുണ്ട്. അത് വരൾച്ചാ ദുരിതാശ്വാസ നടപടിയാണ്. സംസ്ഥാനത്തെ മൂന്നു മന്ത്രിമാർ കേന്ദ്ര മന്ത്രിയെ ചെന്നുകണ്ട് അന്ന് നിവേദനം നടത്തിയപ്പോൾ കൂടുതലായി നമുക്ക് ഈ സ്കീമിൽ അരി ഡൽഹിയിൽനിന്നും നൽകുകയും ആ അരി ഉപയോഗിച്ച് കുറേയേറെ വർക്ക് ഇവിടെ നടത്തുകയും ചെയ്തു. ആളുകൾക്ക് കൂലി കൊടുക്കുവാൻ വേണ്ടിയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയാണ്. അത് നമ്മുടെ എം.എൽ.എ. ഫണ്ടുംകൂടി ചേർത്തു വർക്കെടുക്കുവാനുള്ള നിർദ്ദേശമെല്ലാം ജില്ലകളിൽ കൊടുക്കുകയുണ്ടായി. ചില ജില്ലകളിൽ നന്നായി നടപ്പിലാക്കി. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കിട്ടാവുന്നിടത്തോളം അരികൊണ്ട് എല്ലാവരും ആവശ്യപ്പെട്ട, വർക്കെടുക്കുവാൻ ഒത്തില്ല. കേന്ദ്ര ഗ്രാമ വികസന മന്ത്രി ഇപ്രാവശ്യം വന്നപ്പോൾ ഇപ്പോഴത്തെ കേരളത്തിന്റെ വരൾച്ച കണക്കിലെടുത്തുകൊണ്ട്, എസ്.ജി.ആർ.വൈ.യിൽ പ്രത്യേകമായിട്ട് കലാമിറ്റി ഫണ്ട് ഉണ്ട്, അതിൽനിന്ന് നമ്മൾ സഹായം ചോദിച്ചിട്ടുണ്ട്. അദ്ദേഹം നല്കാമെന്നും ഏറ്റിട്ടുണ്ട്. അത് കിട്ടുകയാണെങ്കിൽ എം.എൽ.എ. ഫണ്ടുകൂടി ചേർത്ത് നമുക്ക് കൂടുതൽ വർക്കുകൾ ആ സ്ക്കീമിൽ എടുക്കാമെന്ന് പ്രതീക്ഷിക്കുകയാണ്. വലിയ താമസമില്ലാതെ ഡൽഹിയിൽനിന്ന് നമുക്ക് അനുകൂലമായ തീരുമാനം വരുമെന്ന് പ്രതീക്ഷിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട മറ്റു ചില സ്ക്കീംസ് നമുക്കറിയാം. ഇവിടെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിക്കുവേണ്ടി ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യമാണ് നമ്മുടെ സംസ്ഥാനത്ത് എ. കെ. ആന്റണി ഗവൺമെന്റ് മുതൽ ഊന്നൽ കൊടുത്ത ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. നമ്പർ-1 ഗവൺമെന്റിന്റെ പോളിസി ആയി മുന്നോട്ടു വച്ചത് ഇവിടുത്തെ ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. ആ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയാണ് 'കുടുംബശ്രീ', 'ആശ്രയ' പദ്ധതികൾ പഞ്ചായത്തു വകുപ്പിൽ നടപ്പിലാക്കുന്നത് എങ്കിൽ നിശ്ശബ്ദമായി നമ്മുടെ ഗ്രാമവികസന വകുപ്പു വഴി, സ്വയംഭരണ സംഘങ്ങൾ വഴി വ്യക്തിഗത സഹായം വഴി കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ-വഴി ആയിരക്കണക്കിന് പതിനായിരക്കണക്കിന് കുടുംബങ്ങളെയാണ് ഓരോ വർഷവും സഹായിക്കുന്നത്. ഈ സ്ക്കീമിന്റെ സഹായം കേന്ദ്രത്തിന്റെതാണെങ്കിലും 25 ശതമാനം സംസ്ഥാന ഗവൺമെന്റ് മീറ്റ് ചെയ്യണം. ഇതിന് അനുകൂലമായ ഒരു നിലപാടാണ് എപ്പോഴും ധനകാര്യ വകുപ്പ് എടുക്കുന്നത് എന്നു ഞാൻ എടുത്തു പറഞ്ഞുകൊള്ളട്ടെ. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം നൽകുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് ഒരിക്കലും തടസ്സം നിന്നിട്ടില്ല. ഈ പദ്ധതിയിൽ, വരാൻ പോകുന്ന സാമ്പത്തിക വർഷം (2005-06-ൽ) 30,000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സഹായം കൊടുക്കാൻ ഉദ്ദേശിക്കുകയാണ്. അതോടൊപ്പംതന്നെ വൈദഗ്ദ്ധ്യ പരിശീലനമുണ്ട്. സ്വയം തൊഴിൽ പദ്ധതിക്കു പോകുന്ന ചെറുപ്പക്കാർ അല്ലെങ്കിൽ യുവതിയുവാക്കന്മാർ അവർ ഏറ്റെടുക്കുന്ന പുതിയ തൊഴിൽ സംരംഭങ്ങൾ അതിൽ പരിശീലനം ഇല്ലാതെ പോയി ആരംഭിച്ചാൽ പലപ്പോഴും പരാജയമാണ് വന്ന് സംഭവിക്കുന്നത് എന്നുള്ള അനുഭവം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഇതിലേക്ക് പോകുന്ന യുവതിയുവാക്കന്മാർക്ക്, പതിനായിരം പേർക്ക് നമ്മുടെ എല്ലാ ജില്ലകളിലുമായി വിദഗ്ദ്ധ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുകയാണ്. എല്ലാ ജില്ലയിലും ഈ പരിശീലന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുകയാണ്. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, സംസ്ഥാന ഗവൺമെന്റിന്റെ വലിയൊരു പ്രശ്നമാണ്. പാവപ്പെട്ടവരുടെ ഭവനത്തിന്റെ പ്രശ്നം. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മറ്റു ചില സ്കീമുകളും കൊണ്ടുവരുന്നുണ്ട്. സുപ്രധാനമായ പദ്ധതികൾ. എന്നാലും പ്രശ്നത്തിന്റെ വലിപ്പം നമുക്കറിയാം. അതുകൊണ്ട് ഒന്നും എതിർക്കുന്നില്ല. അവിടെയും കേന്ദ്ര ആവിഷ്കൃത പദ്ധതിയെ നമ്മൾ ആശ്രയിക്കുന്നുണ്ട്. ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം നമ്മുടെ സംസ്ഥാനത്തിന് നല്ല ഒരു സഹായം കിട്ടുന്നുണ്ട്. ഈ വരാൻ പോകുന്ന വർഷം 30,000 വീടുകളാണ് ഇന്ദിരാ ആവാസ് യോജനയിൽ നമ്മുടെ പഞ്ചായത്തുകൾ വഴി നിർമ്മിച്ചു നൽകുന്നത്. ഒരു കാര്യം പറയട്ടെ, ഇതൊന്നും നമ്മുടെ ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരത്തുനിന്ന്, എടുക്കുന്ന തീരുമാനമല്ല. ഇതിനുള്ള സഹായങ്ങൾ മുഴുവൻ താഴെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് വീതിച്ചു കൊടുക്കുകയാണ്. പൂർണ്ണമായിട്ട് അതിന്റെ നിർവ്വഹണം നമ്മുടെ പഞ്ചായത്തുകളും ബ്ലോക്കുകളും ജില്ലകളും വഴിയാണ് നടപ്പിലാക്കുന്നത്. അതിന്റെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക എന്നുള്ള ജോലി മാത്രമേ സംസ്ഥാന ഗവൺമെന്റ് എടുക്കുന്നുള്ളൂ. മുപ്പതിനായിരം വീടുകൾ 2005-06-ൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 8,100 വീടുകളുടെ റിപ്പെയറിംഗ് ജോലി ഈ സ്കീമിൽപ്പെടുത്തി ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുകയാണ്. സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന, എസ്.ജി.ആർ.വൈ. സ്പെഷ്യലിനെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞു. നോർമൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ 115.42 കോടി രൂപ ഈ സാമ്പത്തിക വർഷം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കായി 50:30:20 എന്നുള്ള റേഷ്യോയിൽ വീതിച്ച് കൊടുക്കുവാൻ പോകുകയാണ്. 115 കോടി രൂപ എസ്.ജി.ആർ.വൈ. പദ്ധതിയിൽ നടപ്പിലാക്കുവാൻ പോകുന്നു. ഹരിയാലി പദ്ധതി പുതുതായി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഒരു നല്ല സ്കീമാണ്. നമ്മുടെ കുടിവെള്ളത്തിന്റെ പ്രശ്നം, കൃഷിക്കാരുടെ ജലസേചനത്തിന്റെ പ്രശ്നം, ഇത് നല്ല ഒന്നാന്തരം സ്കീമായാണ് മുന്നോട്ടു കൊണ്ടുവന്നിരിക്കുന്നത്. ഹരിയാലി പദ്ധതിയുടെ കുറെ പ്രോജക്ടുകൾ നമ്മൾ അയച്ചു കൊടുത്തു. വരുന്നവർഷം മിനിമം ഒരു ജില്ലയിൽ ഒരു പ്രോജക്ടെങ്കിലും വച്ച് അയച്ചുകൊടുക്കുവാനുള്ള പ്രിപ്പറേഷൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലയിലും ഇങ്ങനെയുള്ള പ്രോജക്ട് അടുത്ത സാമ്പത്തിക വർഷം അയയ്ക്കുവാനായിട്ട് നമ്മൾ ഉദ്ദേശിക്കുകയാണ്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിനെപ്പറ്റി ഡോക്ടർ തോമസ് ഐസക് പ്രസംഗിക്കുകയുണ്ടായി. ഗ്രാമവികസന വകുപ്പിന് നബാർഡ് വഴി കിട്ടുന്ന 75 കോടി രൂപയുണ്ട്. ഈ വർഷം 75 കോടി രൂപയുണ്ട്. സംസ്ഥാന ഗവൺമെന്റ് അടുത്ത വർഷവും 75 കോടി രൂപയുടെ വായ്പ ഗ്രാമവികസന വകുപ്പിലേക്ക് കിട്ടാനുള്ള അനുമതി നേടാൻ പോവുകയാണ്. ഇങ്ങനെ 75 കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതികൾക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-11 സ്കീമിൽപ്പെടുത്തി അടുത്ത വർഷം ചെയ്യാനുദ്ദേശിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട പദ്ധതി ഏറ്റവും

LIBRARY ARCHIVES-Kerala Legislative Assembly

ദാരിദ്ര്യമുള്ള ജില്ലകളിൽ ദേശീയാടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് 150 ജില്ലകളെ തെരഞ്ഞെടുത്തു. നമ്മുടെ സംസ്ഥാനത്ത് വയനാടാണ് ഇക്കൊല്ലം തെരഞ്ഞെടുത്തത്. അവിടത്തെ ആദിവാസി സഹോദരങ്ങൾ, പാവപ്പെട്ടവർ, തകർന്ന കൃഷിക്കാർ, കർഷകത്തൊഴിലാളികൾ തുടങ്ങിയവർക്കുവേണ്ടിയുള്ള നാഷണൽ ഫുഡ് ഫോർ വർക്ക് എന്ന ഒരു പദ്ധതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇപ്പോൾ ഒരു ജില്ലയ്ക്ക് മാത്രമാണ് കിട്ടിയിരിക്കുന്നത്. അടുത്ത വർഷം കൂടുതൽ ജില്ലകൾ ഈ പദ്ധതിയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനും കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി അനുകൂലമായ ഒരു നിലപാടാണ് എടുത്തിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വർക്കല കഹാർ : സർ, ആർ.ഐ.ഡി.എഫ്.-ന്റെ സഹായത്തോടെ റോഡുകൾ പണിയുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആ റോഡുകളുടെ സെലക്ഷൻ എങ്ങനെയായിരിക്കും?

ശ്രീ. സി. എഫ്. തോമസ് : ബ്ലോക്ക് പഞ്ചായത്താണ് പ്രമേയം പാസ്സാക്കുന്നത്. ഒരു ആശയം കൂടി ആലോചിക്കുകയാണ്. ഗവൺമെന്റിന്റേയും മന്ത്രിസഭയുടേയും അനുവാദംകൂടി വേണം. അതായത് ഇപ്പോൾ 20 ശതമാനം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുകയാണെങ്കിലാണ് നമ്മൾ ഈ തുക കൊടുക്കുന്നത്. അതോടൊപ്പംതന്നെ എം.എൽ.എ.മാർ 20 ശതമാനം നൽകുകയാണെങ്കിൽ നബാർഡിൽ നല്ല റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ മന്ത്രിസഭയുടെ മുമ്പിൽ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. മന്ത്രിസഭ അനുകൂലമായ ഒരു തീരുമാനം എടുക്കുകയാണെങ്കിൽ വരുന്ന വർഷം ധാരാളം നല്ല റോഡുകൾ ഈ സ്കീമിൽ ഏറ്റെടുക്കാൻ സാധിക്കും. ധനകാര്യ വകുപ്പുമന്ത്രിയുടേയും മന്ത്രിസഭയുടേയും അനുമതി പ്രതീക്ഷിച്ചുകൊണ്ട് ഈ സ്കീം സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജനയും നബാർഡ് പദ്ധതികളും എസ്.ജി..ആർ.വൈ. പദ്ധതിയും കൂടിച്ചേരുമ്പോൾ നമ്മുടെ നാട്ടിൽ നല്ല നിലയിൽ റോഡുകൾ നിർമ്മിക്കാൻ കഴിയും. ഇതുപോലുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുകയും സംസ്ഥാന ഗവൺമെന്റ് നേരിട്ട് നടത്തുന്ന പദ്ധതികളിൽ അവിടെയും കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് നിന്ന് നടപ്പിലാക്കാനുള്ള മനോഭാവം വളർത്തിയെടുക്കാൻ നമുക്ക് ശ്രമിക്കാം. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തേയ്ക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് വെണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതിനാൽ വെണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതി നാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്ക പ്പെട്ടിരിക്കുന്നു.

സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.43-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly